Sri Chaitra Maharajah Granthavali No. 14.

പ്രതാപരുദ്രീയം

അഥവാ

സ്ത്രീസാഹസം.

കേരളസാഹിത്യ
അക്കാദമി

കെ. ചിദംബരവാധ്യാർ ബി. എ.

Sri Chaitra Maharajah Granthavali No. 14.

പ്രതാപരുദ്രീയം.

കേരള സാഹിത്യ അക്കാദമി

AN ADAPTATION FROM

SHAKESPEARE'S MACBETH

BY

K. CHIDAMBARA VADHYAR, B. A.

PUBLISHED BY

S. GNANASKANDA IYER.

1933. [PRICE Re. 1.

Copyright.

Printed at the Anantha Rama Varma Press,
South Street, Fort, Trivandrum.

പ്രസ്താവനാ.

ഷേക്‌സ്പീയർ മഹാകവിയുടെ നാടകങ്ങളെ മലയാള ഭാഷയിൽ വിപരിണമിച്ച് ഇംഗ്ലിഷ്ഭാഷാനഭിജ്ഞരായ ശ്രോതാക്കൾ അവയെ ആസ്വദിച്ചു ആനന്ദിക്കാൻ ഇടയാക്കണം എന്നുള്ള ആഗ്രഹം ചിരകാലമായി എന്നെ ബാധിച്ചിരിക്കുന്നു.

ഈ നാടകങ്ങളിൽ ചിലവയുടെ കഥാസംഗ്രഹങ്ങൾ Charles and Mary Lamb എന്നീ സഹോദരർ ചേൎന്ന് ഇംഗ്ലീഷിൽ ഗദ്യത്തിൽ എഴുതീട്ടുണ്ട്. അവയിൽനിന്നു 'As you Like it', The Winter's Tale' എന്നീ രണ്ടു കഥകൾ 'കാമാക്ഷീചരിതം', 'വൎഷകാലകഥാ' എന്നീ പേരുകളിൽ ൧൦൭൪-മാണ്ടും Measure for measure എന്ന കഥാ 'ഒരു പുതിയ സാവിത്രി' എന്ന പേരിൽ ൧൦൭൭-മാണ്ടിടയ്ക്കും ഞാൻ മലയാളത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. ഇവയിൽ ആദ്യത്തെ രണ്ടു പുസ്തകങ്ങളെ അഭിമാനിച്ച് നാടുനീങ്ങിയ വിശാഖം തിരുനാൾ മഹാരാജാ തിരുമനസ്സുകൊണ്ടു് കാളെജിൽ രണ്ടു വാൎഷികോത്സവാവസരങ്ങളിൽ കല്പിച്ചു ചെയ്ത പ്രസംഗങ്ങളിൽ ശ്ലാഘിച്ചു പറഞ്ഞിട്ടുണ്ട്. ഈ മൂന്നു പുസ്തകങ്ങളും നാടുനീങ്ങിയ വലിയകോയിത്തമ്പുരാൻ കേരളദേവരുടെ സവിശേഷാഭിനന്ദനത്തിനും പാത്രമായിട്ടുണ്ട്.

എന്നാൽ ഷേക്‌സ്പീയർ എഴുതീട്ടുള്ള നാടകരൂപത്തിൽ ആ നാടകങ്ങൾ മലയാളഭാഷയിൽ അധികമായി

തൎജ്ജമ ചെയ്യപ്പെട്ടിട്ടില്ല. ഉദ്ദേശം ൫൦ കൊല്ലങ്ങൾക്കു മുൻപ് Comedy of Errors എന്ന നാടകം ഒരു മഹാനുഭാവൻ മലയാളത്തിൽ ഗദ്യനാടകമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു ഷേക്സ്പീയരുടെ ഗുണവിശിഷ്ടത അറിയാൻ ഇടയില്ലാത്തതായ എന്റെ ബാല്യത്തിൽ ഞാൻ വായിച്ചിട്ടുണ്ട്. അതിൽപിന്നീട് Taming of the Shrew എന്ന നാടകം പരേതനായ സാഹിത്യപോഷകൻവർഗീസ് മാപ്പിളയും 'The Merchant of Venice', 'King Lear' എന്നിവ പരേതനായജസ്ടിസ് എ. ഗോവിന്ദപ്പിള്ള അവർകളും 'Hamlet' ഉത്തരകേരളത്തിലെ ഒരു പണ്ഡിതനും മൂലഗ്രന്ഥത്തെ അനുകരിച്ച് ഗദ്യപദ്യമയമായ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തീട്ടുണ്ടായിരുന്നു.

Julius Cæsar, Macbeth, Othello, എന്നീ നാടകങ്ങളിൽ ചില പ്രധാനഭാഗങ്ങൾ മാത്രം ചേൎത്തു 'മൂന്നു നാടകരങ്ഗങ്ങൾ,' എന്ന പേരിൽ ഞാൻ ഏതാനും കൊല്ലങ്ങൾക്ക് മുമ്പെ പ്രസിദ്ധപ്പെടുത്തി. ഇതു ഒന്നിലധികം തവണ ഇംഗ്ലീഷ് പാഠശാലകളിൽ പാഠ്യപുസ്തകമാക്കപ്പെട്ടും ഇരുന്നു.

ഷേക്സ്പീയരുടെ ആശയങ്ങളെ അതേരീതിയിൽ വായനക്കാൎക്കു പൂൎണ്ണമായി ഗ്രഹിക്കത്തക്ക വണ്ണം ശരിയായ മലയാളഭാഷാന്തരീകരണം സുസാധമല്ല; അതു നിൎവ്വഹിക്കാം എന്നുള്ള ആത്മപ്രത്യയവും എനിക്കില്ല. എന്നു വരികിലും എല്ലാ നാടകങ്ങളേയും മലയാളത്തിൽ ഗദ്യരൂപത്തിൽ ഭാഷാന്തരപ്പെടുത്തുവാൻ എന്റെ വിശ്രമകാലത്തെ ഞാൻ വിനിയോഗിക്കയായിരുന്നു. മിക്ക നാടകങ്ങളും ഇപ്പോൾ പൂൎത്തിയാക്കപ്പെട്ടിട്ടുണ്ട്. ഇവ

യിൽ മാക്ബെത് (Macbeth) നാടകം ഖണ്ഡശഃ നസ്രാണിദീപികാ പത്രത്തിൽ ൧൧൦൪-മാണ്ടു പ്രസിദ്ധപ്പെടുത്തി. ഇതിന്റെ വിമർശനം മിസ്ടർ സി. അന്തപ്പായി ബി.എ. ആ പത്രത്തിൽ തന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആ വിമർശനത്തിന്റെ പ്രഥമഖണ്ഡത്തിൽ അദ്ദേഹം പറഞ്ഞിരുന്ന ഒരു ആക്ഷേപം തർജ്ജമയിൽ സംസ്കൃതപദപ്രയോഗം അധികമായിരിക്കുന്നു എന്നുള്ളതാണ്. ഈ കുററം സമ്മതിച്ചേതീരു. പക്ഷെ ഇപ്രകാരം കാണുന്നതു് കവിയുടെ ആശയം ഇതിൽ പ്രയോഗിച്ചിരിക്കുംപോലെ സംസ്കൃതപദത്താൽ മാത്രമെ പൂർത്തിയായി വെളിവാക്കാൻ സാധിച്ചുള്ളു എന്നു എനിക്കു തോന്നിയതിനാൽ ആണു്. തർജ്ജമയുടെ ശരിയായ്മയെക്കുറിച്ചു് യാതൊരുവിധ ദോഷമോ ആക്ഷേപമോ ആ "ദോഷജ്ഞൻ" പറഞ്ഞിരുന്നില്ല.

Cymbeline നാടകത്തെ 'സിംഹവിക്രമൻ' എന്ന പേരിൽ ഗദ്യനാടകമായി ഞാൻ രണ്ടു കൊല്ലത്തിനു മുമ്പു് പ്രസിദ്ധപ്പെടുത്തി. മറെറാരു നാടകം കൂടി ആ പത്രത്തിൽ പ്രസിദ്ധപ്പെടുത്താൻ ഉദ്യമിച്ച അവസരത്തിൽ അതിലെ പ്രസാധകർ പറഞ്ഞതായ ഒരു സംഗതി ഈ ഗ്രന്ഥപ്രചരണത്തിൽ അധികം ഉപയോഗമായി തീർന്നിരിക്കുന്നു. വായനക്കാർക്കു നാടകങ്ങളും വായിക്കുന്നതിനേക്കാളും അധികമായ അഭിരുചി നാവൽ (ആഖ്യായിക) വായിക്കുന്നതിൽ ആണെന്നു് അദ്ദേഹം പറഞ്ഞു; മറെറാരു ഗ്രന്ഥപ്രചാരകൻ എന്നോടു പറഞ്ഞതും ഇതേ അഭിപ്രായംതന്നെയായിരുന്നു. ഇവർ ഇരുവരുടേയും അഭിപ്രായത്തെ ആദരിച്ചു് മാക്ബെത് നാടകത്തെത്തന്നെ ആഖ്യായികാരൂപത്തിൽ ആക്കണം എന്നു ഞാൻ നിശ്ച

യിച്ചു. മൂലഗ്രന്ഥത്തിൽ തീരെ അപ്രധാനങ്ങളായ ഏതാനും ചില വാക്യങ്ങളെ ഒഴിച്ചു ആ നാടകത്തിൽ ഉള്ള സകല ഭാഗങ്ങളേയും അതദ്രൂപത്തിൽ ഈ ഗ്രന്ഥത്തിൻ ഞാൻ ചേർത്തിരിക്കുന്നു.

കഥാ അനുസ്യൂതമായിപ്പറയുന്നതിനു അത്യാവശ്യം വേണ്ടിവരുന്ന ഭാഗങ്ങളെ മാത്രമേ ഞാൻ കൂടുതലായി ചേർത്തിട്ടൊള്ളു. മൂല നാടകം വായിക്കുമ്പോൾ ഗ്രഹിക്കാവുന്നതും ഗ്രഹിക്കേണ്ടതുമായ ഗുണങ്ങളിൽ യാതൊന്നും ഇതിൽ വിട്ടുകളഞ്ഞിട്ടില്ല. എന്നാൽ കഥാപാത്രങ്ങളുടേയും സ്ഥലവിശേഷങ്ങളുടെയും പേരുകളെ മാത്രം മാററി എഴുതുകയും തദനുരൂപമായി ചില വിവരങ്ങൾ കൂട്ടിച്ചേർക്കയും ചെയ്തിട്ടുണ്ടു്. ഈ വിധം രചിതമായ ഈ

പ്രതാപരുദ്രീയം

പുസ്തകത്തിന്റെ പകർപ്പവകാശം മുഴുവനും ഞാൻ മ-രാ-രാ എസ്. ജ്ഞാനസ്കന്ദയ്യർ അവർകൾക്കായി വിട്ടുകൊടുത്തിരിക്കുന്നു.

K. Chidambara Vadhyar.

പ്രതാപരുദ്രീയം.

അഥവാ

സ്ത്രീസാഹസം.

അദ്ധ്യായം ൧.

പ്രഥമ വിജയം.

പണ്ടു ചോളമണ്ഡലത്തിനും ചേരനാട്ടിനും മദ്ധ്യേ അരണ്യപഞ്ചകം എന്നു പേരായി പർവ്വതപ്രായമായ ഒരു ദേശം ഉണ്ടായിരുന്നു. അതിലെ ഓരോ വിഭാഗവും ഓരോ രാജാവിനാൽ ഭരിക്കപ്പെട്ടിരുന്നു. സർവ്വസസ്യാഢ്യങ്ങളായ ആ ദേശവിഭാഗങ്ങളിൽ 'വേദാരണ്യം' എന്നും 'ഏലാരണ്യം' എന്നും പേരുള്ളവ സകലവിധ നാഗരികതയ്ക്കും പ്രസിദ്ധപ്പെട്ടിരുന്നു. ക്ഷത്രിയസഹജമായ അസന്തുഷ്ടതാം പ്രദർശിപ്പിച്ചിരുന്ന ഈ അഞ്ചു ദേശങ്ങളിലേയും രാജാക്കന്മാർ പരസ്പരവിദ്വേഷികളും ശത്രുക്കളും ആയിരുന്നു. അക്കാലത്തു് വേദാരണ്യത്തിൽ ശാന്തിമൂർത്തി എന്ന അപരനാമാവായ ധർമ്മദേവൻ രാജ്യം വാണിരുന്നു: അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും ആണു് അക്കാലത്തെ നടപ്പനുസരിച്ചു് സേനാപതികളും സചിവന്മാരും ആയിരുന്നതു്. അവരിൽ പ്രതാപരുദ്രൻ സേനാനായകനും ഉഗ്രസേനൻ ഉപസേനാനായകനും ആയിരുന്നു. പ്രതാപരുദ്രൻ ശൗര്യവീര്യപരാക്രമാദികൾ

നിമിത്തവും രാജഭക്തി നിമിത്തവും രാജപ്രസാദത്തിനു പ്രഥമപാത്രമായി ഭവിച്ചിരുന്നു; മററു സചിവന്മാരും സകലപ്രജകളും പ്രതാപരുദ്രനെ മഹാരാജാവിനോളം ബഹുമാനിച്ചുവന്നിരുന്നു. അയൽ ദേശമായ് "ബോധനാരണ്യ"ത്തിലെ രാജാവു് വേദാരണ്യത്തെ ആക്രമിച്ചു കൈക്കലാക്കാൻ ശ്രമിച്ചു. ബോധനാരണ്യത്തിലെ ഉഗ്രവീരനായ രാജാവിനേയും സേനാപതിയേയും പ്രതാപരുദ്രൻ അനായാസേന തോല്പിച്ചു സ്വരാജ്യത്തെ രക്ഷിച്ചു. ഈ വിജയം പ്രതാപരുദ്രനെ രാജപ്രീതിക്കു പാത്രമാക്കിയ അനേകം വിക്രമങ്ങളിൽ ഒന്നേ ആയിരുന്നൊള്ളു.

ഈ യുദ്ധം നടന്നുവന്നിരുന്ന അവസരത്തിൽ അതിലെ ജയാപജയങ്ങളെ മുഹൂർത്തം തോറും അറിയുന്നതിനുള്ള ഉൽകണ്ഠയോടുകൂടി മഹാരാജാവു അനതിദൂരത്തായി ഒരു പടകുടീരത്തിൽ താമസിച്ചുകൊണ്ടു് സ്വസേനകളേയും സേനാധിപന്മാരേയും വിജയോത്സുകരാക്കി പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. സീമന്തപുത്രനും യുവരാജാവും ആയ കേരളദേവനും ഇളയ പുത്രൻ സ്കന്ദദേവനും രണശൂരൻ എന്ന സചിവനും ബോധനാരണ്യത്തിലെ രാജാവുമായി നടന്ന ഈ യുദ്ധത്തിൽ അവരവരുടെ ഭാഗം ശരിയായി വഹിച്ചു് തൽകാലവിശ്രമത്തിനായി മഹാരാജസന്നിധിയിൽ എത്തിയിരുന്നു. അപ്പോൾ ഒരു സേനാനി ദേഹം മുഴവനും രക്തം ഒലിച്ചുകൊണ്ടു് സ്വശിബിരത്തോട്ടുവരുന്നതു് രാജാവു കണ്ടു് സമീപത്തിരുന്ന പുത്രരോടും രണശൂരനോടും ഇപ്രകാരം ചോദിച്ചു:—

രാജാ:—രക്തം പ്രവഹിച്ചുകൊണ്ടിരിക്കുന്ന ആ മനുഷ്യൻ ആരു്? യുദ്ധത്തെക്കുറിച്ചു ഏറ്റവും നവ്യമായ വർത്തമാനം അറിയിക്കാൻ അവനു കഴിയും എന്നു അവന്റെ ഈ അവസ്ഥകൊണ്ടു കാണുന്നു.

കേരളദേവൻ:—എന്നെ ശത്രുക്കൾ പിടിക്കാൻ ഇടയാകാതെ യുദ്ധം ചെയ്ത രണവീരനായ നല്ല സേനാനിയാണിവൻ. ധീരനായ സ്നേഹിതാ സ്വാഗതം. അങ്ങ് യുദ്ധക്കളം വിട്ടുപോന്ന കാലത്ത് യുദ്ധം ഏതു നിലയിൽ ഇരുന്നു എന്നു അറിയാവുന്നത് തിരുമനസ്സറിയിക്കൂ.

സേനാനി:—നീന്തി ക്ഷീണിച്ചവരായ രണ്ടുപേർ തമ്മിൽ തമ്മിൽ കെട്ടിപ്പിടിച്ചുകൊണ്ടു് സ്വസാമത്ഥ്യത്തെ നിഷ്പ്രയോജനരാക്കും പോലെ അതു് സന്ദിഗ്ദ്ധദശയിൽ ഇരുന്നു. നിഷ്കരുണനായ് ആ ബോധനാരണ്യരാജാവിനു്, അസംഖ്യദുഷ്പ്രവൃത്തികളാലും ദുർഗ്ഗുണങ്ങളാലും പ്രകൃത്യാ പൂരിതനായ ആരാജദ്രോഹിക്കു്, പൂർവ്വദേശങ്ങളിൽനിന്നു് ഗുർവായുധരായ സൈനികരും പശ്ചിമദേശങ്ങളിൽ നിന്നു് ലഘ്വായുധരായ സൈനികരും സംഭൃതമായിട്ടുണ്ടു്; എന്നാൽ അവർ എല്ലാവരും ദുർബലർ, നിരുപയോഗികൾ; എന്തുകൊണ്ടെന്നാൽ രണധീരനായ പ്രതാപരുദ്രൻ—ആ വിശേഷണം അദ്ദേഹം അർഹിക്കുന്നുണ്ടു്—രാജദ്രോഹിയുടെ തൽകാലവിജയത്തെ ഗണിക്കാതെ ശത്രുശിരശ്ഛേദനത്താൽ ലഭിച്ചരക്തം പുരണ്ടു് പൂതിഗന്ധമായ അവൻെറ ജാജ്വല്യഖഡ്ഗത്തെ ധീരലക്ഷ്മിപോലെവീശിക്കൊണ്ടു് ആ അടിമയെ അഭിമുഖീകരിക്കുന്നതുവരെ, ഭടന്മാരുടെ ഇടയിൽക്കൂടിപാഞ്ഞു കയറിപ്പോയി. അവൻ ബോധനാരണ്യനെ, ജരാസന്ധനെ എന്നപോലെ, നാഭിമുതൽ ശിരസ്ത്രാക്കുവരെ പിളന്നു് അവൻെറ നഗരപ്രാകാരങ്ങളിൽ ഉറപ്പിച്ചുവച്ചതുവരെ മരണത്തെ പാണിഗ്രാഹം ആദരിക്കയാകട്ടെ ശത്രുവിനെ ആമന്ത്രിക്കയാകട്ടെ ചെയ്തില്ല.

മഹാരാജാ:—ഹാ! രണശൂരനായബന്ധു, പൂജ്യനായ ആൎയ്യൻ.

സേനാനി:—ലോകസവിതാവായ സൂൎയ്യദേവൻ അസ്തമിക്കുന്ന ദിക്കിൽനിന്നാണു് കപ്പലുകളെ ഉടച്ചു തകൎക്കുന്ന പ്രഭഞ്ജന മാരുതങ്ങളും നാശകരങ്ങളായ ഇടിയും തുടങ്ങി പ്രവൎത്തിക്കുന്നതു്. തദ്വൽ ഏതുദിക്കിൽനിന്നു് പ്രതാപരുദ്രന്റെ വിജയം നിമിത്തം സ്വാസ്ഥ്യം പൊങ്ങിവരുന്നതായി തോന്നിയോ അതേ ദിക്കിൽ നിന്നു് അസ്വാസ്ഥ്യം പൊങ്ങിവരുന്നതായി കാണുന്നു. തൃക്കൺപാൎക്കണേ, മഹാരാജാവേ, നോക്കണേ; ധീരതയാകുന്ന ആയുധം ധരിച്ചു് നീതിദേവി, ഈ ചാടിപ്പോകുന്ന സൈനികരെ പ്രാണരക്ഷണത്തിനായിഓടിപ്പോകാൻ ഇടയാക്കിയ ഉടനെ തന്നെ, രന്ധ്രം നോക്കിയിരുന്ന ബോധനാരണ്യൻ ശത്രുരക്തം പുരളാത്ത ഖഡ്ഗങ്ങളോടും നവസൈനികരോടും കൂടി ഒരു പുതിയ ആജിയോഗം ആരംഭിച്ചു.

മഹാരാജാ:—നമ്മുടെ സേനാനായകരായ പ്രതാപരുദ്രനും ഉഗ്രസേനനും ഇതു കണ്ടു് ഭയപ്പെട്ടില്ലയോ?

സേനാനി:—അതേയതേ, കിളികൾ പരുന്തുകളേയും മുയൽ സിംഹത്തേയും കണ്ടാൽ എന്നപോലെ! എന്നാൽ സത്യം അറിയിക്കേണ്ടതാണല്ലോ. അവർ ദ്വിഗുണശബ്ദം പുറപ്പെടുവിക്കാൻ വേണ്ട മരുന്നു് ഇടിച്ചടച്ചുവച്ചിട്ടുള്ള പീരങ്കികൾക്കു് തുല്യർ ആയിരുന്നു. അതുകൊണ്ടു് അവർ ശത്രുവിന്മേൽ ദ്വിഗുണം പ്രഹരിച്ചു; അവർ പ്രവഹിക്കുന്ന ശത്രുരക്തങ്ങളിൽ സ്നാനം ചെയ്യണം എന്നോ മറെറാരു പ്രശസ്തയുദ്ധക്കളം ആക്കണം എന്നോ സങ്കല്പിച്ചു. അയ്യോ!

എനിക്കു സംസാരിക്കാൻ ശക്തിയില്ലേ. എനിക്കു ക്ഷീണം നിന്നു് മോഹാലസ്യം ജനിക്കുന്നു. എന്റെ ദീർഘക്ഷതങ്ങൾ സഹായത്തിനായി വിളിക്കുന്നു.

മഹാരാജാവു—തന്റെ വചനങ്ങൾ തന്റെ മുറിവുകളോളം തനിക്കു ഉചിതങ്ങളും അനുരൂപങ്ങളും ആയിരിക്കുന്നു. രണ്ടും ബഹുമതിവിഹീനങ്ങൾ.

സേനാനിക്കു തൽക്കാലോചിതമായി അത്യാവശ്യമായ ചികിത്സ നടത്തുവാൻ കല്പിച്ചു. ആ സേനാനി സഹായികളോടൊന്നിച്ചു പോയ ആ അവസരത്തിൽ രാജവല്ലഭൻ എന്ന സചിവൻ യുദ്ധവിജയവാർത്ത അറിയിക്കാനായി തന്റെ നേർക്കു വരുന്നതുകണ്ടു് മഹാരാജാവു് അതാരാണെന്നു ചോദിച്ചു.

കേരളദേവൻ:—പൂജ്യനായ പ്രഭു.

രണശൂരൻ:—അദ്ദേഹത്തിന്റെ നയനങ്ങളിൽ എന്തോ ബദ്ധപ്പാടു കാണുന്നു. അസാധാരണകാര്യങ്ങൾ പറയാൻ പോകുന്നവൻപോൽ ഇരിക്കുമ്പോൾ ഈ പ്രകാരം കാണേണ്ടതു തന്നെ.

രാജവല്ലഭൻ:—ജയതു ജയതു മഹാരാജഃ.

മഹാരാജാവു്:—നിങ്ങൾ എവിടെനിന്നു വരുന്നു, പൂജ്യപ്രഭോ!

വല്ലഭൻ:—തമ്പുരാനേ! ദേവർകുളത്തിൽ നിന്നു്; അവിടെ ബോധനരാജന്റെ പതാകകൾ സ്വൈരമായി വായുമണ്ഡലത്തിൽ ഉല്ലസിച്ചു നർത്തനം ചെയ്തും നമ്മുടെ ആളുകൾക്കു ശീതളദായിയായി ഉപകരിച്ചുകൊണ്ടും ഇരിക്കുന്നു. ബോധനരാജാവു്, അസംഖ്യേയസൈന്യസമേതനായും അത്യന്തം രാജദ്രോഹിയായ ആ കാടൻപ്രഭുവിനാൽ സഹായിക്കപ്പെട്ടും, ഭയ

കരയുദ്ധംനേരിട്ട് ആരംഭിച്ചു. ഒടുവിൽ ശത്രുശസ്ത്രങ്ങൾക്കു ദുഷ്പ്രവേശമായ കവചം ധരിച്ച ആ ശൌര്യശ്രീനാഥൻ ഹസ്താഹസ്തിയായും ഖഡ്ഗാഖഡ്ഗിയായും ബൊധനനുമായി ബാഹുബലം പരീക്ഷിച്ച് ആ രാജാവിൻെറ അമായ്യാദമായ ഔദ്ധത്യത്തെ നിയന്ത്രിച്ചു. കിംബഹുനാ, വിജയം നമുക്കു ലഭിച്ചു.

മഹാരാജാ:—മഹാനന്ദം, മഹാഭാഗ്യം.

വല്ലഭൻ:—തന്നിമിത്തം ബൊധനരാജൻ സമാധനപ്പെട്ടു് സന്ധിക്കായി സവിനയം യാചിക്കുന്നു. നമ്മുടെ സൈന്യങ്ങളുടെ ഉപയോഗത്തിനായി അവൻ പതിനായിരം സ്വർണ്ണവരാഹൻ രാജടങ്കശാലയിൽ തരുന്നതുവരെ സൈനികരുടെ പ്രേതങ്ങൾ സംസ്കരിക്കുവാൻ നാം അനുവദിച്ചുകൂടാ.

മഹാരാജാ.—ആ കാടൻപ്രഭു നമ്മുടെ ഹൃദയപ്രിയമായ അഭിലാഷങ്ങളെ മേലാൽ വഞ്ചിക്കയും ഇല്ല. ആ പ്രഭു മരിച്ചുപോയതായി പ്രഖ്യാപിക്കൂ. അവൻെറ സ്ഥാനം നാം പ്രതാപരുദ്രനു നല്കിയിരിക്കുന്നു. താനും ശൃംഗനാഥനുംകൂടി വേഗേനചെന്നു പ്രതാപരുദ്രനെ കണ്ടു് നമ്മുടെ അഭിനന്ദനത്തെ അറിയിക്കൂ.

വല്ലഭനും ശൃംഗനാഥനും ഉടൻതന്നെ വിടവാങ്ങി പ്രതാപരുദ്രൻെറ ദുർഗ്ഗത്തിലേക്കു പോയി.

അദ്ധ്യായം ൨.

വരദാനം.

യുദ്ധം നേടിയ പ്രതാപരുദ്രൻ ആകട്ടെ ദ്വിതീയഃസേനാനിയായ ഉഗ്രസേനനോടൊന്നിച്ച് യുദ്ധകളത്തിൽനിന്നു സ്വഗൃഹത്തിലേക്കു ജയപതാകയോടുകൂടി പോകുംവഴി ദേവികളത്തിലെ പേച്ചിച്ചോല കടന്നു പോകേണ്ടിയിരുന്നു. അതു കാളിയും കൂളിയും പേച്ചിയും യക്ഷിയും പതിവായി നൎത്തനം ചെയ്തുവന്നിരുന്ന ശൃംഗാരോദ്യാനം ആയിരുന്നു. ഈ സേനാനികളെ ഈ മദ്ധ്യേവനം മൂന്നു അമാനുഷമൂൎത്തികൾ കണ്ടു് തടഞ്ഞു നിൎത്തി. മഹാസൈന്യങ്ങളെ എളുപ്പത്തിൽ തോല്പിച്ചുവരുന്നവരായ തന്നേയും ഉഗ്രസേനനേയും തടഞ്ഞു നിൎത്താൻ ഇവർ തുനിഞ്ഞതിനെകുറിച്ചു പ്രതാപരുദ്രനു വിസ്മയം തോന്നി. എല്ലും തൊലിയും മാത്രം ശേഷിച്ചിരുന്ന ആ ദേഹികൾ സ്ത്രീകൾ ആയിരുന്നു എന്നുവരികിലും അവൎക്കു മീശയും താടിയും വളൎന്നിരുന്നു. അവർ കേവലം ഭൂലോകവാസികൾ അല്ല എന്നു പ്രതാപരുദ്രൻ അവരെ കണ്ടമാത്രയിൽ നിശ്ചയിച്ചു. ദുൎദ്ദേവതകളും ഘോരരാക്ഷസികളും കാമരൂപികൾ ആയി മനുഷ്യരെ കൊന്നു ഭക്ഷിക്കുക പതിവാണ്. എന്നിരുന്നാലും പ്രതാപരുദ്രൻ സഹജസിദ്ധമായ നിൎഭീകതയോടുകൂടി ഇവരുമായി സധൈൎയ്യം സംസാരിക്കാൻ തുടങ്ങി. ഇതുകേട്ടു് കുപിതരായതുപോലെ ആ യോഗിനികളിൽ ഓരോരുത്തിയും—അവർ രാക്ഷസികൾ അല്ല, യോഗിനികൾ ആയിരുന്നു.—“മിണ്ടരുതു്” എന്നു ആജ്ഞാപിക്കുമാറു് അവരുടെ വിരലുകൾ കൊണ്ടു് സ്വോഷ്ഠങ്ങളെ പൊത്തി ആംഗ്യം കാണിച്ചു. ആ യോഗിനീഗണത്തി

ലെ "ശ്രേഷ്ഠത്തി" പ്രതാപരുദ്രനെനോക്കി, "ജയ, വിജയീഭവ പ്രതാപരുദ്ര; ജലാലപ്രഭോ ജയ!" എന്നു ആശീർവ്വദിച്ചു. മുൻപു കണ്ടുപോലും പരിചയം ഇല്ലാത്ത ഈ അത്ഭുതമൂർത്തി, തന്നെ ആരെന്നറിഞ്ഞു വിളിച്ചതിൽ പ്രതാപരുദ്രൻ വിസ്മിതനായി.

രണ്ടാമത്തെ യോഗിനി അദ്ദേഹത്തിനെ "ജയപ്രതാപരുദ്ര! വിജയീഭവ! കാടൻ പ്രഭോ" എന്നു അഭിസംബോധനം ചെയ്തു: "പണ്ടേതന്നെ, വംശക്രമാഗതനായി ഞാൻ ജലാലപ്രഭുവാണ്, കാടൻപ്രഭുവായതെങ്ങനെ" എന്നു അദ്ദേഹം ആലോചിച്ചുകൊണ്ടിരിക്കവേ, മൂന്നാമത്തെ യോഗിനി, "ജയ! പ്രതാപരുദ്ര! ഭവിഷ്യന്നൃപതേ! വിജയീഭവ" എന്നു ആശീർവാദം ചെയ്തു. "വേദാരണ്യാധിപൻ ആയ മഹാരാജാവു ജീവിച്ചിരിക്കുന്നു; അദ്ദേഹത്തിനു രാജ്യാവകാശികളായ രണ്ടുപുത്രരും ജീവിച്ചിരിക്കുന്നു. അവരിൽ മൂത്തവൻ ഇപ്പോഴത്തെ യുവരാജാവായി അഭിഷിക്തനും ആയിരിക്കുന്നു. ആ സ്ഥിതിക്കു രാജാവായി ഭവിക്കാൻ യാതൊരു സംഭാവ്യതയും താൻ കാണുന്നില്ല. അതുകൊണ്ടു് ഒടുവിലത്തെ ആശീർവ്വാദം അദ്ദേഹത്തിനെ വല്ലാതെ പരിഭ്രമിപ്പിച്ചു.

ഇതെല്ലാം കേട്ടുകൊണ്ടിരുന്ന ഉഗ്രസേനൻ, "ധന്യരായ സ്നേഹിതാ, ഈ വിധം മംഗളപദപ്രയുക്തമായ കാര്യങ്ങൾ കേട്ടു് അങ്ങു വിറയ്ക്കുകയും ഭീതരായി തോന്നുകയും ചെയ്യുന്നതു് എന്തുകൊണ്ടു്?" എന്നു പ്രതാപരുദ്രനോടു ചോദിച്ചുകൊണ്ടുതന്നെ യോഗിനികളെ അഭിസംബോധനം ചെയ്തു:—"നിങ്ങൾ കേവലം ഭാവനാരൂപങ്ങളോ അതോ വെളിയിൽ കാണുംപോലെ വാസ്തവത്തിൽ ഉള്ള ജീവികളോ? സ

ത്യംപറയുവിൻ. എന്റെ പൂജ്യനായ സംഘചരനെനിങ്ങൾ ഇപ്പോഴത്തെ സ്ഥാനമാനം ചൊല്ലി ഉപചരിച്ചു; ഭാവിയിൽ കൂടുതൽ സ്ഥാനിയായും രാജ്യപാലനായും ഭവിക്കും എന്നും നിങ്ങൾ മുൻപിൽകൂട്ടി പറയുന്നു. അതുകേട്ടു അദ്ദേഹം ആനന്ദപരകോടിഗതനായി, ഹർഷനിർഭരനായി, തീൎന്നിരിക്കുന്നു. എന്നോടു നിങ്ങൾ സാസാരിക്കുന്നും ഇല്ല. കാലബീജങ്ങളെ നന്നായി നോക്കിയറിഞ്ഞു് അവയിൽ ഏവ വിതച്ചാൽ മുളയ്ക്കും, ഏവ മുളയ്ക്കയില്ല, എന്നു പറയാൻ നിങ്ങൾക്കു സാധ്യം ആണെന്നു വരികിൽ നിങ്ങളുടെ അനുഗ്രഹത്തിനായി പ്രാൎത്ഥിക്കയൊ നിങ്ങളുടെ വിരോധത്തെ ഭയപ്പെടുകയോ ചെയ്യാതിരിക്കുന്ന എന്നോടു സംസാരിക്കൂ.''

ഇതുകേട്ടു് അവർ ഉഗ്രസേനനെ ഇപ്രകാരം ആശീൎവാദം ചെയ്തു:—

പ്രഥമാ- വിജയീഭവ.

ദ്വിതീയാ- വിജയീഭവ.

തൃതീയാ- വിജയീഭവ.

പ്രഥമാ- പ്രതാപരുദ്രനെ അപേക്ഷിച്ചു് അല്പതരനും എന്നിരുന്നാലും മഹത്തരനും ആയി ഭവിക്കുക.

ദ്വിതിയാ- അവനോളം ആനന്ദവാൻ അല്ലാതിരുന്നാലും ആനന്ദവത്തരനായി ഭവിക്കുക.

തൃതിയാ:—അങ്ങു രാജാവാകയില്ലാ എന്നിരുന്നാലും രാജാക്കളായ സന്തതികൾ അങ്ങേക്കു ലഭിക്കും. നിങ്ങളിരുവൎക്കും മംഗളം, സൎവ്വമംഗളം.

പ്രഥമാ:—പ്രതാപരുദ്രരേ! ഉഗ്രസേനരേ! സൎവ്വമംഗളങ്ങളും

പ്രതാപരുദ്രൻ:—അപൂൎണ്ണഭാഷിണികളേ, നില്പിൻ. കൂടുതൽ ഉള്ളതുകൂടി എന്നോടു പറയുവിൻ! പിതൃമം

ണാനന്തരം ഞാൻ ജലാലപ്രഭുവായി ഭവിച്ചിരിക്കുന്നു; അതു സത്യം തന്നെ. കാടൻ പ്രഭുവായതു് എങ്ങനെ! കാടൻപ്രഭു ജീവിച്ചിരിക്കുന്നുണ്ടു്; ഉത്തരോത്തരം ശ്രേയസ്വിയായും ഇരിക്കുന്നു. രാജാവായി ത്തീരുക എന്നുള്ളതു കാടൻ പ്രഭുവായി തീരുന്നതു പോലെ തന്നെ അവിശ്വസനീയം. ഈ വിചിത്രവാർത്ത നിങ്ങൾക്കു് എവിടേന്നു കിട്ടി. ഈ ചോലയിൽ ഞങ്ങളെ മാർഗ്ഗനിരോധനം ചെയ്തു് ഏതാദൃശ ഭവിഷ്യദ്വാദങ്ങൾ പറഞ്ഞു് ഞങ്ങളെ ഉപചരിക്കാൻ കാരണം എന്തു്? പറയുവിൻ. ഞാൻ നിങ്ങളോടു ആജ്ഞാപിക്കുന്നു.''

ഇതിനു മറുപടിയൊന്നും പറയാതെ യോഗിനികൾ അന്തർദ്ധാനം ചെയ്തു.

ഉഗ്രസേനൻ:—കുമിളകൾ ജലത്തിനു ഉള്ളതുപോലെ ധരയ്ക്കും ഉണ്ടു്; ഇവർ അവയിൽ നിന്നു ജനിച്ചവർ. ഇവർ അന്തർദ്ധാനം ചെയ്തു് എവിടെപ്പോയി?

പ്രതാപരുദ്രൻ:—അന്തരീക്ഷത്തിൽ; ശരീരിണി എന്നു തോന്നിയതു് വായുമണ്ഡലത്തിനുള്ളിൽ ശ്വാസം എന്നപോലെ ലയിച്ചുപോയി. ഹാ! അവർ സ്വല്പ കാലംകൂടി താമസിച്ചിരുന്നാൽ എന്തെല്ലാമോ അറിയാമായിരുന്നു.

ഉഗ്രസേനൻ:—നാം സംഭാഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ അവർ ഇവിടെ ഉണ്ടായിരുന്നുവോ? അതല്ല, നാം നമ്മുടെ ബുദ്ധിശക്തിയെ നിഷ്പ്രയോജനമാക്കിത്തീർത്തു് ബുദ്ധിഭ്രമം ജനിപ്പിക്കുന്ന ഘോരവിഷമൂലം നാം സേവിച്ചിട്ടുണ്ടോ?

പ്രതാപരുദ്രൻ:—നിങ്ങളുടെ സന്താനങ്ങൾ രാജാക്കളാകും.

ഉഗ്രസേനൻ:—നിങ്ങൾ രാജാവായി ഭവിക്കും.

പ്രതാപരുദ്രൻ:—കാടൻ പ്രഭുവും ആകും, അങ്ങനെയല്ലെ പറഞ്ഞതു്?

ഉഗ്രസേനൻ:—അതേ സ്വരവും വാക്കും തന്നെ.

ഈ വിധം വിസ്മയാശ്ചര്യഭരിതരായി തങ്ങൾക്കു ലഭിച്ച വരങ്ങളെ കുറിച്ചു് ഇവർ നിർല്ലോഡനംചെയ്തു കൊണ്ടിരുന്നപ്പോൾ രാജാജ്ഞയും ശിരസാവഹിച്ചു് വല്ല ഭപ്രഭുവും ശൃംഗനാഥൻ പ്രഭുവും അവിടെ വന്നെത്തി. അവർ പ്രതാപരുദ്രനെ കണ്ടു സന്തോഷിച്ചു. തൽകാലോചിതങ്ങൾ ആയ അഭിവാദങ്ങളും സൽകാരങ്ങളും ചെയ്തതിൽ പിന്നീടു് വല്ലഭപ്രഭു പ്രതാപരുദ്രനോടു ഇപ്രകാരം പറഞ്ഞു:—

"പ്രതാപരുദ്രപ്രഭോ! അങ്ങേടെ വിജയവാർത്ത കല്പിച്ചറിഞ്ഞു് മഹാരാജാവു് തിരുമേനി ആനന്ദഭരിതരായിരിക്കുന്നു. ആ രാജദ്രോഹിയുമായുള്ള യുദ്ധത്തിൽ നിങ്ങൾ നിങ്ങളുടെ ദേഹത്തേയും പ്രാണനേയും ഗണിക്കാതെ യുദ്ധംചെയ്ത കഥ തിരുമേനി അറിഞ്ഞപ്പോൾ നിങ്ങളുടെ പരാക്രമത്തെക്കുറിച്ചു അവിടുത്തേക്കുള്ള വിസ്മയവും അതിനെ വെളിവാക്കി പ്രകടിപ്പിക്കുന്നതായ സ്തുതിവാക്കുകളും തമ്മിൽ അവിടുത്തെ മനസ്സിൽ അഹമഹമികയാ പ്രവേശനത്തിനായി കലഹിച്ചിരുന്നു. തന്നിമിത്തം വാക്കുകൾ വെളിക്കുപുറപ്പെടാതെ തിരുമേനി സ്തബ്ധരായി ഭവിച്ചു. അന്നേ ദിവസം നടന്ന മററു യുദ്ധകാര്യങ്ങളെ തിരുമേനി ഗ്രഹിച്ചതിൽ നിങ്ങൾ, ധീരനും സ്ഥിരനും ആയ ബോധനരാജന്റെ സൈന്യങ്ങളുടെ ഉള്ളിൽ, പ്രവേശിച്ചു എന്നും നിർഭീകനായി അനേകം വധങ്ങൾ നടത്തി എ

ന്നും കല്പിച്ചറിഞ്ഞു. ഈ വർത്തമാനം ശിലാവൃഷ്ടിപോലെ കട്ടിയായി ഓരോ വാർത്താഹരനും കൊണ്ടുവന്നു. അവിടുത്തെ രാജ്യം ശത്രുക്കൾക്കു അധീനപ്പെട്ടുപോകാതെ അതിനെ രക്ഷിച്ചതിൽ നിങ്ങൾ പ്രവർത്തിച്ച സാഹസകൃത്യങ്ങൾക്കായി നിങ്ങളെ അധികരിച്ചുള്ള പ്രശംസാവാക്യങ്ങളെ ഓരോരുത്തനും രാജസന്നിധിയിൽ വർഷിച്ചു.

ശൃംഗനാഥൻ—നിങ്ങൾ ചെയ്ത മഹോപകാരത്തിനായി നമ്മുടെ സ്വാമിയായ തിരുമേനിയുടെ കൃതജ്ഞതയും അഭിനന്ദനവും നിങ്ങളെ അറിയിക്കാൻ ഞങ്ങളെ നിയോഗിച്ചയച്ചിരിക്കുന്നു. നിങ്ങൾ തിരുമേനിയെ കാണ്മാൻ ചെല്ലണം എന്നും കല്പനയായിരിക്കുന്നു.

വല്ലഭൻ—ഇപ്പഴത്തിലും ഉൽകൃഷ്ടമായ ഒരു ബഹുമതി കല്പിച്ചു നല്കും എന്നുള്ള ഉറപ്പിലേക്കായും അതിനുള്ള പൂർവ്വഭുക്തിയായും തിരുമേനി നിങ്ങളെ കാടനിലെ പ്രഭുവാക്കിയിരിക്കുന്നു. ആ സ്ഥാനപ്പേരിനാൽ തിരുമേനിയുടെ പ്രതിനിധിയായി ഞാൻ ആഹ്വാനം ചെയ്ത് നിങ്ങൾക്കു മംഗളം ആശംസിക്കണം എന്നും കല്പനയായിരിക്കുന്നു. പൂജ്യതമരായ കാടൻ പ്രഭോ, നിങ്ങൾക്കു ഭാവുകം ഭവിക്കട്ടെ! ഈ സ്ഥാനം നിങ്ങളുടേതു തന്നെ.

ഉഗ്രസേനൻ:—(സ്വഗതം) എന്തു്! പിശാചിനു സത്യം പറയാൻ കഴിയുമോ !

പ്രതാപരുദ്രൻ:—കാടൻ പ്രഭു ജീവിച്ചിരിക്കുന്നു. പരാഗതമായ വസ്ത്രങ്ങൾ ധരിപ്പിച്ചു് എന്നെ അലങ്കരിപ്പിക്കുന്നതെന്തിനു് ?

ശൃംഗനാഥൻ:—കാടൻ പ്രഭുവായിരുന്നയാഠം ഇപ്പഴം ജീവിച്ചിരിക്കുന്നുണ്ടു്; പക്ഷെ ഗുരുവായ ശിക്ഷാവിധി അനുസരിച്ച് അവന്നു് നഷ്ടമാകേണ്ടതായ പ്രാണനെ അവൻ ധരിച്ചിരിക്കുന്നതേയുള്ളു. അവന്നു് ബോധന്തരിലെ സൈന്യങ്ങളുമായി കൂട്ടുകെട്ടുണ്ടായിരുന്നുവോ അല്ലെങ്കിൽ അവൻ ആ രാജ്യദ്രോഹിക്കു സഹായവും അവസരവും ഗൂഢമായി നല്കി ബലപ്പെടുത്തിയിരുന്നുവോ, അതല്ലാ, രാജ്യനാശത്തിനായി ഈ ദ്വിവിധസഹായവും നല്കി അവൻ പ്രയത്നിച്ചിരുന്നുവോ എന്നു് എനിക്കു അറിഞ്ഞുകൂടാ. മഹത്തായ രാജദ്രോഹ കമ്മങ്ങഠം അവൻ ചെയ്തിട്ടുള്ളതായി അവൻ ഏററുപറകയും അതു തെളിയുകയും ചെയ്തു. ഠംവ അവനെ സ്ഥാനഭ്രഷ്ടനാക്കി.

ആ യോഗിനികഠം പറഞ്ഞ ഭവിഷ്യദ്വാദങ്ങളിലെ പ്രഥമഭാഗം ഇത്രവേഗത്തിൽ സത്യമായിഭവിച്ചതിൽ അത്ഭുതാവിഷ്ടനായി തീൎന്ന പ്രതാപരുദ്രൻ ഈ രാജദൂതന്മാരോടു് അനുരൂപമായ മറുപടി പറയാൻപോലും അശക്തനായി സ്തംഭിച്ചുനിന്നുപോയി. മൂന്നാമത്തെയോഗിനിനല്കിയ വരവും ഇതേവിധം സത്യമായി ഭവിച്ചേക്കും എന്നും താൻ ഒരുകാലത്തു് വേദാരണ്യത്തിലെ മഹാരാജാവായി വാഴും എന്നും ഉള്ള ആശ അവന്റെ മനസ്സിൽ അങ്കുരിച്ചുവിളങ്ങിത്തുടങ്ങി. രാജദൂതർഅത്രത്തോളം ക്ലേശിച്ചുവന്നു് രാജാജ്ഞയെ അറിയിച്ചതിനായി അവരോടുള്ള കൃതജ്ഞതയെ സബഹുമാനം വേഗേന അറിയിച്ചു കൊണ്ടു് പ്രതാപരുദ്രൻ സഖാവായ ഉഗ്രസേനനോടു് ഇപ്രകാരം പറഞ്ഞു.:—"ഏകാന്തത്തിൽ എനിക്കു കാടൻ പ്രഭുസ്ഥാനം അനുഗ്രഹിച്ചവർ നിങ്ങളുടെ കുഞ്ഞുങ്ങഠംക്കു

രാജസ്ഥാനം നല്കിയിരിക്കയാൽ അവർ രാജാക്കളായി ഭവിക്കും എന്നു നിങ്ങൾ ആശംസിക്കുന്നില്ലയോ?

ഉഗ്രസേനൻ:—ആ വാഗ്വിശേഷത്തെ പൂർണ്ണമായിവിശ്വസിക്കുന്നതായാൽ അതുനിങ്ങളെ കാടൻ പ്രഭുവാക്കിയതിനും പുറമേ രാജകിരീടം വഹിക്കാനായി ഉദ്ദീപിപ്പിക്കും. ഇതു ആശ്ചര്യമായിരിക്കുന്നു. എന്നാൽ ഈ വേതാളങ്ങൾ നമ്മെ ആപത്തിലേക്കു നയിപ്പിക്കാനായി നേരായ ചില ചില്ലറകാര്യങ്ങൾ പറഞ്ഞു് നമ്മെവിശ്വസിപ്പിക്കയും പിന്നീടു് അത്യഗാധമായദുരന്തഗർത്തത്തിൽ ഉരുട്ടിത്തള്ളുകയും ചെയ്യുക പതിവാണു്. അളിയരേ, നിങ്ങളോടു ഒരുവാക്കുപറയുവാൻ സമ്മതിക്കണേ.

പ്രതാപരുദ്രൻ ഭാവിപദവി നിമിത്തം ജനിച്ച ആഹ്ലാദത്തിൽ മതിമറന്നു് ചിന്താവിഷ്ടനായി ഇടയ്ക്കിടെ രാജദൂതരെ നോക്കി ഒന്നു രണ്ടു വാക്കുകൾ പറയാതിരുന്നും ഇല്ല. എന്നിരുന്നാലും അവൻ സമീപവർത്തികളുടെ കഥ മറന്നുപോയോ എന്നുകൂടി തോന്നിപ്പോയി. അവൻ ഇപ്രകാരം ചിന്തിച്ചു:—

"രാജകാര്യത്തെ അധികരിച്ചുള്ള മഹാനാടകത്തിന്റെ ആനന്ദകരമായ പ്രസ്താവനയായി സത്യമായ രണ്ടു സംഗതികൾ പറയപ്പെട്ടു. ഈ അമാനുഷമായ ഉത്തേജനം ദോഷകരമായിരിക്കാൻ ഇടയില്ല, ഗുണകരമായിരിക്കാനും ഇടയില്ല. ദോഷകരം ആണെന്നുവരികിൽ ഒരു സത്യമായ കാര്യത്തിൽ ആരംഭിച്ചു് അതു് വിജയത്തിനുള്ള ഉറപ്പു് എനിക്കു് നല്കിയതെന്തിനു്! ഞാൻ കാടൻ പ്രഭുവായി തീർന്നിരിക്കുന്നു. ഗുണകരം ആണെന്നുവരികിൽ ആ

പ്രലോഭത്തെക്കുറിച്ചുള്ള ഭയാനകചിന്ത എന്റെ രോമങ്ങളെ വിറപ്പിക്കയും എന്റെ സ്ഥിരഹൃദയത്തെ പ്രകൃതിവിരുദ്ധമായി വാരിയെല്ലുകളുടെ നേക്ക് ചെന്നടിക്കാൻ ഇടയാക്കയും ചെയ്യുന്നതായിരിക്കുമ്പോൾ ആ പ്രലോഭത്തിന് ഞാൻ കീഴടങ്ങുന്നതെന്തിന്? വാസ്തവത്തിൽ ഉള്ള ആപത്തുകളും ആശങ്കകളും ആകട്ടെ ഭാവനാജാതകളും മനഃക്ലൃപ്തിതങ്ങളും ആയ കാൎയ്യങ്ങളോളം ഭീതിദങ്ങൾ അല്ല. കേവലം ഭാവനയാൽ നശ്യമായ എന്റെ ചിന്താപൌരുഷത്തിന്റെ അഭിന്നാവസ്ഥയെ ചലിപ്പിക്കുന്നതുകൊണ്ടു് എന്റെ മനസ്സിനെ ആക്രമിച്ചിരിക്കുന്ന ഭയങ്കരഭാവനകൾ പ്രവൃത്തിശക്തിയേയും ചിന്തയേയും അതിക്രമിച്ചിരിക്കുന്നു; തന്നിമിത്തം വാസ്തവങ്ങൾക്കു സത്യവത്വം ഇല്ലാതായി തീൎന്നിരിക്കുന്നു. ഞാൻ രാജാവാകുന്നതു് സംഭാവ്യം ആണെങ്കിൽ എന്റെ പ്രയത്നം ഇല്ലാതെ തന്നെ കിരീടധാരണം എനിക്കു ലഭിക്കും. ഭാവ്യമായ എന്തുതന്നെ സംഭവിക്കുന്നതായാലും കാലം ഉഗ്രദിനത്രൂപേണ ഓടിപ്പോകുന്നു."

ഇദ്ദേഹത്തിന്റെ തൽക്കാലാവസ്ഥയറിഞ്ഞു് ഉഗ്രസേനൻ ഇപ്രകാരം പറഞ്ഞു. "പൂജ്യരെ ഞങ്ങൾ നിങ്ങളുടെ അവസരം കാത്തു നിൽക്കുന്നു. ഒരുത്തനു നവബഹുമതികൾ ലഭിക്കുമ്പോൾ അവ പതിവായുള്ളതല്ലാത്ത ഉടുപ്പുകൾ എന്നപോലെ ആദ്യം അവന്നു് യോജിക്കാത്തവയായിരിക്കും; എന്നാൽ ഉപയോഗിച്ചു പഴകുന്തോറും കാലക്രമേണ നന്നായി യോജിച്ചവയായും ഭവിക്കും."

പ്രതാപരുദ്രൻ:—ക്ഷമിക്കണേ. എന്റെ മന്ദബുദ്ധി വിസ്മൃതകാൎയ്യങ്ങൾ കൊണ്ടു് ഭ്രാന്തമായിക്കിടക്കുന്നു. ദയാലുക്കളായ മാന്യരേ, നിങ്ങളുടെ ശ്രമങ്ങൾ, ഞാൻ ദിവസേന വായിക്കാൻ തുറന്നുവെക്കുന്ന പത്രത്തിന്

ഒത്തതായഎന്റെ ഓൎമ്മയിൽ എഴുതി മുദ്രവെക്കപ്പെട്ടിരിക്കുന്നു. നമുക്ക് രാജസന്നിധിയിൽ ചെല്ലാം. സംഭവിച്ച കാൎയ്യങ്ങളെ ആലോചിക്കു. അവയുടെ ഗുണദോഷങ്ങളെ വേണ്ടും വണ്ണം തുലനം ചെയ്തതിൽ പിന്നീട് നമ്മുടെ മനോഗതങ്ങളെ നിർബാധമായി തുറന്നു സംസാരിക്കാം.

ഉഗ്രസേനൻ:— വളരെ സന്തോഷം.

പ്രതാപരുദ്രൻ:— അതുവരെ ഇത്രയും മതി. സ്നേഹിതരേ വരിക.

എല്ലാവരും മഹാരാജസന്ദൎശനത്തിനായി ചെന്നു.

കേരള സാഹിത്യ അക്കാദമി

അദ്ധ്യായം ൩.

ഡർബാർ

സ്വപാദങ്ങളെ ശരണംപ്രാപിച്ച വിഭീഷണനെ ശ്രീരാമൻ ലങ്കാധിപനാക്കി അനുഗ്രഹിച്ചതു് സാക്ഷാൽ ലങ്കാധിപത്വം രാവണൻ അന്യൂനമായി നിർവ്വഹിച്ചുവന്നിരുന്ന കാലത്തായിരുന്നുവല്ലൊ. അതുപോലെതന്നെ കാടൻ പ്രഭു ജീവിച്ചിരുന്ന കാലത്തുതന്നെ മഹാരാജാവു് പ്രതാപരുദ്രനെ കാടൻ പ്രഭുവാക്കി. രാജദ്രോഹിയായ കാടന്റെ ശിരശ്ഛേദനം ചെയ്വാൻ രാജാവു ആജ്ഞാപിച്ചിരുന്നു; കല്പനപോലെ നടത്തിയൊ എന്നറിയാൻ ഉള്ള ഉൽക്കണ്ഠയാൽ മഹാരാജാവു സമീപവർത്തിയായ യുവരാജാവിനോടു "മരണശിക്ഷനടത്താൻ അധികൃതരായ ആരാച്ചാർ ഇതേവരെ മടങ്ങിവന്നില്ലേ?" എന്നു ചോദിച്ചു.

യുവരാജൻ:—സ്വാമിൻ, അവർ ഇനിയും മടങ്ങിവന്നിട്ടില്ല. എന്നാൽ അവൻ മരിക്കുന്നതു കണ്ടതായ ഒരുവനുമായി ഞാൻ സംസാരിച്ചു. കാടൻ സ്വരാജദ്രോഹകർമ്മങ്ങളെ സമ്മതിച്ചു ഏററുപറഞ്ഞുവെന്നും തിരുമനസ്സിനോടു മാപ്പിനായി പ്രാൎത്ഥിച്ചുവെന്നും അഗാധമായ പശ്ചാത്താപം കാണിച്ചതായും അവൻ എന്നോടു പറഞ്ഞു. അവന്റെ ജീവിതദശയിൽ യാതൊന്നും ആ ജീവനെ വിട്ടകാലത്തെപ്പോലെ അവനു ഭൂഷണം ആയിരുന്നില്ല. അവൻ സ്വന്തമായി ധരിച്ചിരുന്ന പ്രിയതമമായ ദ്രവ്യത്തെ തീരെ വിലപിടിക്കാത്ത നിസ്സാരസാധനത്തിനോടൊപ്പം

മരണകാലത്തു ദൂരെ കളയുന്നതിന്ന ചിരകാലം അഭ്യസിച്ചിരുന്നവൻപോലെ അവൻ മരിച്ചു.

മഹാരാജാ:—അവൻെറ മനസ്ഥിതി എന്താണെന്നു അവൻെറ വദനത്തിൽ നിന്നു അറിയുവാൻ യാതൊരുകലയ്ക്കും ശക്യമായിരുന്നില്ല. അവൻെറ പേരിൽ പൂൎണ്ണവിശ്വാസം ഞാൻ നിക്ഷേപിച്ചിരുന്നു; അവൻ അത്രത്തോളം മഹാൻ ആയിരുന്നു.

യോഗിനികളുടേ നിൎദ്ദേശങ്ങൾ പ്രതാപരുദ്രൻെറ മനസ്സിൽ അഗാധമായി പതിഞ്ഞു് വേഗേന മുളച്ചു ശാഖോപശാഖയായി വളരാൻ തുടങ്ങി. അതുകൊണ്ടു് ആത്മമിത്രമായ ഉഗ്രസേനൻെറ ഗുണദോഷവചനങ്ങൾക്കു അവൻെറ മനസ്സിൽ കടക്കുവാൻ ഇടയില്ലാതായി. ആ ക്ഷണംമുതൽ പ്രതാപരുദ്രൻെറ ഏകചിന്ത വേദാരണ്യത്തിലെ സിംഹാസനം കൈക്കലാക്കി ചേരനാട്ടിൽ ഏകഛത്രാധിപത്യം വഹിക്കുന്നതിന്ന വേണ്ട ചുരുക്കവഴി കണ്ടുപിടിക്കുന്നതിനെക്കുറിച്ചായിരുന്നു. ഇതിലേക്കായി "രാജാവിനെ വധിക്കണം" എന്നു അവൻ നിശ്ചയിച്ചുറച്ചു് വിവരം എല്ലാം സ്വഭാൎയ്യയെ ഒരു് ലേഖനംമൂലം അറിയിച്ചു. ആ ലേഖനത്തിൽ മററനേകം കാൎയ്യങ്ങളോടുകൂടി ഇപ്രകാരം എഴുതിയിരുന്നു:—"വിജയം നേടിയ ദിവസം അവർ എന്നെ കണ്ടു. മൎത്ത്യൎക്കുള്ളതിൽ കൂടുതൽ ജ്ഞാനം അവൎക്കു ഉണ്ടെന്നു അത്യന്തം വിശ്വസനീയമായ അറിവു് എനിക്കു കിട്ടിയിരിക്കുന്നു. ഞാൻ അവരോടു വീണ്ടും വീണ്ടും പ്രശ്നം ചെയ്യുന്നതിനുള്ള ആഗ്രഹത്താൽ തപ്തനായപ്പോൾ അവർ വായുരൂപികളായി മാറി അദൃശ്യകൾ ആയി തീൎന്നു. അതുകണ്ടു് ഞാൻ വിസ്മയസ്തബ്ധനായി നിന്നുപോയി. അപ്പോഴാണു് മഹാരാജാവിൻെറ ദൂതൻ

വന്നു് കാടനിലെ പ്രഭോ'' എന്നു അവൻ എന്നെ സംബോധനം ചെയ്തതു്. ഈ പദങ്ങൾ പ്രയോഗിച്ചിട്ടാണ് ആ യോഗിനികൾ എന്നെ അഭിവാദനം ചെയ്തതും "അങ്ങു് വിജയിയായി ഭവിക്കുക, അങ്ങു് മഹാരാജാവായി ഭവിക്കും'' എന്നു ആശീർവ്വചനങ്ങളാൽ അവർ ഭവിഷ്യത്തിനെ സൂചിപ്പിച്ചതും. എന്റെ വൈഭവത്തിന്റെയും ഐശ്വര്യത്തിന്റെയും സഹഭാഗിനിയായ പ്രിയതമേ, ഭവതിക്കു ഏതുവിധമായ ഐശ്വര്യം ലഭിക്കാൻ പോകുന്നു എന്നു് ഭവതി അറിയാത്തതു നിമിത്തം ഭവതിയുടെ പങ്കിനുള്ള ആഹ്ലാദം അനുഭവിക്കാതിരിക്കരുതു് എന്നു കരുതി ഈ വിവരം ഉടനെ ഞാൻ അറിയിക്കുന്നതാണു്. ഇതു മനസ്സിൽ വച്ചുകൊൾക. ശുഭമസ്തു.''

നാമത്താൽ മാത്രം കുലോത്തമയായിരുന്ന ആ ദുർഗ്ഗേശീ സ്വതഃ ദുഷ്ടയും ദുർമ്മോഹക്കാരിയും ആയിരുന്നു. ഈ കത്തു് വായിച്ചു തീരുമ്മുമ്പേ ഭർത്താവിനു രാജപദവിയും തനിക്കു രാജ്ഞീപദവിയും കഴിയുന്നത്ര വെഗത്തിൽ ലഭിക്കുവാൻ ചതുരുപായങ്ങളും പ്രയോഗിക്കണം എന്നു അവൾ തീർച്ചപ്പെടുത്തി. അതിലേക്കായി രാജഹത്യ ചെയ്യുന്നതു് ന്യായം അത്രേ എന്നു അവൾക്കു തോന്നി. അസന്തുഷ്ടത്വവും ഉപര്യുപരി ഉൽകർഷ വാഞ്ഛയും ക്ഷത്രിയധർമ്മം ആണെന്നു അവൾ ഗണിച്ചു. അതുകൊണ്ടു ചതിപ്രയോഗത്താൽ രാജഹത്യ നടത്തിയേ തീരൂ എന്നു അവൾ തീർച്ചപ്പെടുത്തി ഇപ്രകാരം ചിന്തിച്ചു: "നാഥാ, അങ്ങു് ജനനാൽ ലാംഗലദുർഗ്ഗത്തിലെ പ്രഭുവാണു്. ഇപ്പോൾ കാടനിലെ പ്രഭുവും ആയി. അങ്ങേക്കു ലഭിക്കുമെന്നു പറഞ്ഞിട്ടുള്ള പദവിയും അങ്ങേക്കു കിട്ടുന്നതാണു്. എന്നിരുന്നാലും അങ്ങേടെ പ്രകൃതിയെ കുറിച്ചു എനിക്കു ശങ്കയുണ്ടു്. എന്തെന്നാൽ

കേരള സാഹിത്യ അക്കാദമി

അതു എത്രയും അട്ടത്തവഴി പോകാതിരിക്കുന്നതിനു ഇടയാക്കാതിരിക്കത്തക്കവിധത്തിൽ അത്യധികം മനുഷ്യകാരുണ്യപ്പാൽകൊണ്ടു നിറഞ്ഞിരിക്കുന്നു. അങ്ങേക്കു ഉന്നതസ്ഥാനത്തു ഇരിക്കാൻ മനസ്സുണ്ടു്. എന്നാൽ അതു പ്രാപിക്കാൻ വേണ്ട സാഹസികമായ മനോനിശ്ചയം അങ്ങേക്കു ഇല്ല. അങ്ങു ആഗ്രഹിക്കുന്ന ഉന്നതസ്ഥാനം മാന്യവും നിഷ്ക്കളങ്കവും ആയ മാർഗ്ഗേണ ലഭിക്കും എന്നു അങ്ങു വിചാരിക്കുന്നു. കപടംകാണിക്കാൻ അങ്ങേയ്ക്കു മനസ്സില്ലാ. എന്നാൽ കപടംകൊണ്ടു മാത്രം ലഭ്യമാകുന്ന പദവിയിൽ അങ്ങേക്കു മോഹം ഉണ്ടുതാനും, 'തനിക്കു ഇതുവേണം എങ്കിൽ താൻ ഇപ്രകാരം ചെയ്യണം' എന്നു വിളിച്ചുപറയുന്ന പദവിയെ, മഹാനായ ജലാലപ്രഭോ! പ്രാണപ്രിയാ! അങ്ങു് ആഗ്രഹിക്കുന്നുണ്ടു്, അതു ചെയ്യാൻ അങ്ങു ഭയപ്പെടുകയും ചെയ്യുന്നു. അതു നടത്തരുതെന്നു വിചാരിക്കുന്നതിൽ അധികം അതു നടത്താൻ ഭയപ്പെടുകയാണു് അങ്ങു് ചെയ്യുന്നതു്. അതിനാൽ ഇവിടെ എളുപ്പം വന്നുചേരണം; വന്നുചേർന്നാൽ എന്റെ സത്വത്തെ അങ്ങേടെ ശ്രവണദ്വാരങ്ങളിൽ ഞാൻ ഒഴിച്ചുതരാം. വേഗേന വന്നെത്തുകതന്നെ. ഏതു കിരീടം അങ്ങു ധരിക്കണം എന്നു വിധിയും അമാനുഷവാക്കും വ്യക്തമായി ഉദ്ദേശിച്ചിരിക്കുന്നുവോ ആ സുവർണ്ണകിരീടം ധരിക്കുന്നതിനു പ്രതിബന്ധമായി നിൽക്കുന്നതിനെ എല്ലാം എന്റെനാവിന്റെ ശക്തികൊണ്ടു ഞാൻ അടിച്ചോടിക്കുന്നുണ്ടു്."

പ്രതാപരുദ്രൻ ആകട്ടെ മഹാരാജാവയച്ച ദൂതന്മാരെ യഥാവിധി സൽക്കരിച്ചു് ബഹുമാനിച്ചിട്ടു് തനിക്കു നല്കിയ ബഹുമതിക്കായുള്ള കൃതജ്ഞതയെ നേരിട്ടുകണ്ടറിയിക്കാനായി ഉഗ്രസേനനോടും രാജദൂതന്മാ

രോടുംകൂടി മഹാരാജസന്നിധിയിൽ ചെന്നു അഭിവാദനം ചെയ്തു. പ്രതാപരുദ്രദർശനത്താൽ ആനന്ദതുന്ദിലനായ മഹാരാജാവു് പ്രതാപരുദ്രനോടു ഇപ്രകാരം അരുളിച്ചെയ്തു:—"അത്യന്തം പൂജ്യരായബന്ധോ, എന്റെ കൃതഘ്നതാപാതകം ഇപ്പോഴും എന്റെ മേൽ ഗുരുഭാരമായി കിടക്കുന്നു. പ്രതിഫലത്തിന്റെ അതിത്വരമായ ചിറകു നിങ്ങളോടൊന്നിച്ചു് എത്താൻ ശക്യമാകാതെ മന്ദമായി തീരത്തക്കവണ്ണം അങ്ങു മുമ്പിൽ കൂട്ടി അത്ര ദൂരത്തു കടന്നുപോയി. നമ്മുടെ കൃതജ്ഞതയും നിഷ്കൃതിയും രണ്ടും നിങ്ങളുടെ യോഗ്യതയ്ക്കു അനുരൂപമായി ഭവിക്കത്തക്കവണ്ണം ആ യോഗ്യത കുറഞ്ഞതായിരുന്നാൽ കൊള്ളായിരുന്നു. നമുക്കു തരാൻ ശക്തിയുള്ള സകലത്തേയുംകാൾ അധികം ലഭിക്കുവാൻ നിങ്ങൾ പാത്രീഭവിച്ചിട്ടുണ്ടു്, എന്നുമാത്രമേ നമുക്കു പറയാനുള്ളു."

പ്രതാപരുദ്രൻ:—ഞാൻ തിരുമേനിക്കു ചെയ്യേണ്ടതായ സേവനവും എനിക്കു തിരുമേനിയുടെ നേർക്കുള്ള ഭക്തിയും ഹേതുവായി ഈ വിധം പ്രവർത്തിക്കേണ്ടതു എന്റെ ധർമ്മം ആകുന്നു. എന്റെ കൃത്യ നിർവ്വഹണം തന്നെയാണു് എനിക്കുള്ള പ്രതിഫലം. തിരുമേനിയുടെ ധർമ്മം ഞങ്ങളുടെ ഭക്തികൃത്യങ്ങളെ അംഗീകരിച്ചു് അഭിനന്ദിക്കണം എന്നുള്ളതാണു്. ഞങ്ങളുടെ ധർമ്മങ്ങൾ ആകട്ടെ തിരുമനസ്സിലെ സിംഹാസനത്തിന്റെ നേർക്കും രാജസ്ഥാനത്തിന്റെ നേർക്കും ഭൃത്യരുടെ നേർക്കും നിർവ്വഹിക്കപ്പെടേണ്ടവയത്രേ. ഞങ്ങളുടെ സകലധർമ്മങ്ങളേയും യഥാശക്തി നിർവ്വഹിക്കുന്നതുതന്നെയാകുന്നു തിരുമേനിയുടെ നേർക്കു ഞങ്ങൾക്കുള്ള ഭക്തിബഹുമാനങ്ങളെ സമർപ്പിക്കുന്ന മാർഗ്ഗം.

മഹാരാജാ:—ഈ രാജഗൃഹത്തിൽ നിങ്ങൾക്ക സ്വാഗതം. നാം നിങ്ങൾക്ക നല്കേണ്ടതായ ബഹുമതികൾക്ക വിത്തു വിതച്ചിട്ടേയുള്ളു. അതു പൂണ്ണവളച്ചയിൽ എത്തി പുഷ്പ ഫലാഢ്യങ്ങളാക്കിക്കാൻ സർവ്വഥാ നാം യത്നിക്കും. ആര്യനായ ഉഗ്രസേനാ, അങ്ങെടെ അർഹതയും ഇതിൽ കുറവായിട്ടുള്ളതല്ല. നാം ഇപ്പോൾ നല്കീട്ടുള്ളതിൽ നിന്ന കുറവായ ബഹുമതിയല്ല, നിങ്ങൾക്കും നല്കേണ്ടതു്. നാം നിങ്ങളെ സ്വാന്തമനാ ഹൃദയത്തിൽ ബന്ധിച്ചിരിക്കും.

ഉഗ്രസേനൻ:—അതു അവിടെ കിടന്നു് വളരുന്നതായാൽ അതിലെ കൊയ്ത്തു തിരുമേനിക്ക ചേന്നതായിരിക്കും.

മഹാരാജാ:—നമ്മുടെ ആനന്ദപൌരുഷ്കല്യം കരകവിഞ്ഞൊഴുകി ബാഷ്പരൂപേണ സ്വയം വെളിയിൽ വരാൻ ശ്രമിക്കുന്നു. പുത്രരേ! ബന്ധുക്കളേ! അമാത്യരേ! നമുക്ക അടുത്തതായ സ്ഥാനങ്ങൾ വഹിക്കുന്ന മഹാത്മാക്കളേ! നാം നമ്മുടെ സീമന്ത പുത്രനായ കേരളദേവനെ നമ്മുടെ അനന്തരാവകാശിയായ യുവരാജാവാക്കി അഭിഷേകം ചെയ്തിട്ടുണ്ടല്ലോ. അവന്നു് നാം ശ്രീശൈലരാജാവുഎന്ന സ്ഥാനനാമധേയവും നല്കിയിരിക്കുന്നു. ഈ ബഹുമതി അവന്നു മാത്രമല്ലാ അനുചരമായിരിക്കുന്നതു്. വിശിഷ്ടസ്ഥാനമാനാർഹരായി ഭവിച്ചിട്ടുള്ളവക്കെല്ലാം യഥോചിതം സ്ഥാനങ്ങളും ഉന്നതപദങ്ങളും ലഭിക്കുന്നതാണു്; അവർ ആചന്ദ്രമസ്സിനു ചുററുമുള്ള നക്ഷത്രങ്ങളായി പ്രശോഭിക്കും. പ്രതാപഭദ്രാ, അല്ലാ, കാടൻപ്രഭോ! നാം ഇന്നു വാരണാപുരിക്കപോകുന്നു. ഇന്നു രാത്രി നിങ്ങ

ളുടെ ഭവനത്തിൽ നയിപ്പിക്കാൻ സങ്കല്പിച്ചിരിക്കുന്നു. നിങ്ങളുടെ സൽകാര കൎമ്മങ്ങളാൽ അല്ല, ഉപകാരക്രിയകളാൽ, എന്നെ അധികമധികം കടപ്പെട്ടവനാക്കിത്തീൎക്കണേ.

പ്രതാപരുദ്രൻ:—തിരുമേനിക്കു വേണ്ടി ഉപയോഗിക്കപ്പെടാത്ത വിശ്രമം എനിക്കു ക്ഷയകരമത്രേ. ഞാൻ തന്നെ അഗ്രദൂതനായിരുന്നു് തിരുമേനി ഇന്നു രാത്രി എഴുന്നരുളുന്നുണ്ടെന്നുള്ള ആനന്ദവാൎത്തയെ എൻെറ ഭാൎയ്യയെ ധരിപ്പിക്കാം. അതിലേക്കായി ഞാൻ വിടകൊള്ളട്ടെ.

അഭീഷ്ടപൂൎത്തിക്കു അവിചാരിതമായി ലഭിച്ച ഈ അവസരത്തെ ഫലപ്രദം ആക്കണം എന്നു പ്രതാപരുദ്രൻ നിശ്ചയിച്ചുകൊണ്ടു് സ്വഗൃഹത്തിലേക്കു പോകുംവഴി ഇപ്രകാരം ചിന്തിച്ചു:—യുവരാജാവിനെ പിൻവാഴ്ചക്കാരനായി പ്രതിഷ്ഠിക്കാനായുള്ള പ്രഥമപ്രവേശം ആണല്ലൊ മഹാരാജാവു ആജ്ഞാപിച്ചതു്. ആ സ്ഥാനം എൻെറ ഉപചയമാൎഗ്ഗത്തിനു പ്രതിബന്ധമായി കിടക്കുന്നതുകൊണ്ടു് അതിനെ അതിലംഘിച്ചു് ഞാൻ ചാടിയില്ലെന്നു വരികിൽ അതിനു അടിമപ്പെട്ടു തന്നെ കിടക്കേണ്ടിവരും. നക്ഷത്രങ്ങളെ, നിങ്ങളുടെ ജ്യോതിസ്സ് ഒളിച്ചുവെക്കുക; എൻെറ നിന്ദ്യങ്ങളും ഘോരങ്ങളും അഗാധങ്ങളും ആയ അഭിലാഷങ്ങളിൽ നിങ്ങളുടെ വെളിച്ചം തട്ടാതിരിക്കണേ; നേത്രം പാണിക്രിയയെ കാണാത്തതുപോലെ അടങ്ങിയിരിക്കട്ടേ. എന്നിരുന്നാലും ക്രിയ പൂൎത്തിയാക്കിയതിൽ പിന്നീടു് തദ്ദൎശനംപോലും നേത്രത്തിനു ഭീകരമായിരിക്കു , ആദാരുണകൎമ്മം ചെയ്തേ തീരൂ.

പ്രതാപരുദ്രൻ തന്നെ ഉപചരിക്കാനായി അത്യുത്സാഹത്തോടുകൂടി മുൻ കൂട്ടി പോയതിൽ അയാളുടെ ഭക്തിശ്രദ്ധാവിശേഷങ്ങളെ അഭിനന്ദിച്ച് മഹാരാജാവ് പാൎശ്വവൎത്തികളായ സചിവന്മാരോടു ഇപ്രകാരം അരുളിച്ചെയ്തു:—

"സത്യം, യോഗ്യനായ അദ്ദേഹം ശൗൎയ്യനിധി; അദ്ദേഹത്തിന്റെ പ്രശസ്തി നമുക്കു ഉദരപൂൎത്തിവരുത്തിയിരിക്കുന്നു. അതു നമുക്കു മിഷ്ടാന്നഭോജനം. നമുക്കു അദ്ദേഹത്തിനെ അനുഗമിക്കാം. നമ്മെ ഉപചരിക്കാനായി അദ്ദേഹം മുൻപിൽ കൂട്ടി പോയിരിക്കുന്നു. അദ്ദേഹത്തിന്റെ ശ്രദ്ധാവിശേഷം നോക്കുക. അദ്ദേഹം നിരുപമനായ ബന്ധു."

അദ്ധ്യായം ൮.

വധബീജം.

മഹാരാജാവിന്റെ വിരുന്നിനു വേണ്ട ഒരുക്കങ്ങൾ ദ്രുതമായി നടത്തുന്നതിനായി ഒരു ശ്വേതവാഹനനെ വേഗേന അയച്ചതിൽ പിന്നീടാണ് പ്രതാപരുദ്രൻ സ്വഗൃഹത്തേക്കു തിരിച്ചതു്. ദുർഗേശി ഈ ദൂതങ്കൽ നിന്നു രാജാഗമനവാർത്ത ഗ്രഹിച്ചപ്പോൾ സ്വകാര്യലബ്ധിക്കുള്ള അവസരം സ്വയമേവ വന്നെത്തിയതിനെക്കുറിച്ചു അവൾക്കും ഭർത്താവിനെപ്പോലെ തന്നെ സന്തോഷം ജനിച്ചു.

“എന്റെ കോട്ടയ്ക്കകത്തുള്ള അരമനയിൽ മഹാരാജാവിന്റെ മരണകരമായ പ്രവേശത്തെ സൂചിപ്പിക്കുന്ന കാകന്റെ കരച്ചിൽ പോലും ശ്രവണാരുന്തുദമായല്ലേ ഇരിക്കയുള്ളൂ. മർത്ത്യവിചാരങ്ങളെ ശുശ്രൂഷിച്ചു പോറ്റുന്ന ദേവതമാരേ! ഇക്കാര്യത്തിൽ എന്നെ ഉഗ്രപുരുഷനായി മാറ്റുവിൻ! എന്റെ തല മുതൽ കാൽവരെ അത്യന്തം ദാരുണങ്ങളായ ക്രൂരകർമ്മങ്ങളെക്കൊണ്ടു നിറയ്ക്കുവിൻ. എന്റെ രക്തത്തെ അലിവില്ലാതാക്കുവിൻ! പ്രകൃത്യാ ഉള്ള പശ്ചാത്താപചിന്തകൾ കയറിവന്നു എന്റെ ക്രൂരവിചാരത്തെ വിഘടിപ്പിക്കയും കർമ്മത്തിനും ഫലത്തിനും നടുക്കു ശമത്തെ സ്ഥാപിക്കയും ചെയ്യാതിരിക്കത്തക്കവണ്ണം അനുതാപത്തിനുള്ള ദ്വാരങ്ങളെ എല്ലാം അടയ്ക്കുവിൻ! മനുഷ്യരിൽ സഹജമായി കാണുന്ന മനുഷ്യജീവിതത്തിനു ഹാനി വരുത്തുന്ന കാര്യങ്ങളിൽ സർവ്വത്ര അദൃശ്യരൂപികളായി കാത്തു നിന്നു രക്ഷിച്ചുപോരുന്ന ഘാതകസഹായരായ ദേവതകളേ! നിങ്ങൾ എന്റെ അടുക്കൽ

വന്നു എന്റെ മുലപ്പാലിനെ വിഷമാക്കുവിൻ. എനിക്കുള്ള ദയാദാക്ഷിണ്യാദിയായ മൃദുലസ്വഭാവത്തെ മാററി തൽസ്ഥാനത്തു് എന്നിൽ ക്രൂരസ്വഭാവത്തെ ഉറപ്പിച്ചു തരുവിൻ! ഗാഢാന്ധകാരമായ രാത്രിയേ! നീ എന്റെ തീക്ഷ്ണധാരമായ കത്തികൊണ്ടുപോലും അതു ഉളവാക്കുന്ന മുറിവിനെ കാണ്മാൻ പാടില്ലാത്ത വിധത്തിലും സ്വർലോകം തന്നെയും ഇരുൾ തൂകുന്ന പുതപ്പിൽ കൂടിനോക്കി 'അരുതരുതു്' എന്നു വിളിച്ചു പറയാതിരിക്കത്തക്കവണ്ണവും നരകപ്പുകകൊണ്ടു മൂടിപ്പുതച്ചിരുന്നുകൊള്ളുക."

ദുർഗേശി ഈ വിധം ചിന്തിച്ചുകൊണ്ടു് രാജസൽക്കാരത്തിനുള്ള സാമഗ്രികൾ സംഭരിപ്പിക്കുന്നതിൽ വ്യഗ്രയായിരുന്നു. അപ്പോൾ ദുർഗേശനായ നാഥനും വന്നെത്തി. ഭർത്തൃസമാഗമം കൊണ്ടുള്ള ആഹ്ലാദം അവളുടെ ഉത്സാഹത്തേയും ദ്വിഗുണീകരിച്ചു: അവൾ ഭർത്താവിനെ ഉപചരിച്ചിരുത്തി ഇപ്രകാരം പറഞ്ഞു:—

"മഹാനായ ലാംഗലപ്രഭോ, പൂജ്യനായ കാടൻപ്രഭോ, ഈ രണ്ടു സ്ഥാനങ്ങളേയും അപേക്ഷിച്ചു ഉയന്നതായപദവി അനുഭവിക്കാൻ പോകുന്ന നാഥാ, അവിടത്തെ കണ്ടു് ഭാവിജ്ഞാനം തീരെ ഇല്ലാത്ത വത്തമാനകാലത്തിനപ്പുറം ഉള്ള അവസ്ഥയിലേക്കു എന്നെ നയിച്ചിരിക്കുന്നു. ആ ഭാവ്യവസ്ഥ ഇക്ഷണത്തിൽ തന്നെവന്നിരിക്കുന്നതായി ഞാൻ അനുഭവിക്കയും ചെയ്യുന്നു."

പ്രതാപരുദ്രൻ:—പ്രിയതമേ, മഹാരാജാവു ഇന്നു രാത്രി ഇവിടെ എഴുന്നള്ളും.

ദുർഗേശി:— എന്നു് മടങ്ങിഎഴുന്നെള്ളും?

പ്രതാപരുദ്രൻ:—നാളെ പ്രഭാതത്തിൽ എന്നാണ് കല്പിച്ചിരിക്കുന്നത്.

ദുർഗേശി:—അപ്രകാരമുള്ള പ്രഭാതത്തെ സൂര്യൻ ജനിപ്പിക്കാതിരിക്കട്ടേ. നാഥാ അവിടുത്തെ മുഖം ജനങ്ങൾക്കു സാധാരണകാര്യം വായിച്ചറിയാവുന്ന പുസ്തകം എന്നപോലെ ആയിരിക്കുന്നു. ലോകത്തെ തോല്പിക്കുന്നതിനായി കാലോചിതമായ ഭാവം ധരിച്ചുകൊൾക. അവിടുത്തെ കണ്ണിലും അവിടുത്തെ കയ്യിലും അവിടുത്തെ നാവിലും സത്കാരങ്ങളെ വഹിച്ചുകൊൾക! എന്നാൽ അതിനുള്ളിൽ അങ്ങ് ഒരു ഘോരസർപ്പമായിത്തന്നെ ഇരിക്കേണ്ടതുമാണ്. വരുന്നയാളുകളുടെ വകയ്ക്കു വേണ്ടതെല്ലാം ഒരുക്കണം. വേണ്ടതായ മഹോദ്യമം എല്ലാം എന്റെ ചുമതലയിൽ വിട്ടുതരണം. ഈ ഏകരാത്രിയിലെ ഉദ്യമം നമ്മുടെ ഭാവിയിലെ എല്ലാരാത്രികളിലും എല്ലാപകലുകളിലും നമുക്കു ഏകാധിപത്യത്തേയും അളവററ അധികാരത്തേയും നല്കുന്നതാണ്.

പ്രതാപരുദ്രൻ:—മേൽ വേണ്ടകാര്യം പിന്നീടു ആലോചിക്കാം.

ദുർഗേശി:—മുഖം മാത്രം പ്രസന്നമായിരിക്കട്ടെ. മുഖഭാവത്തെ അടിക്കടി മാററുന്നതു ഭീരുതയാണ്. ശേഷം എല്ലാം എനിക്കു വിട്ടേക്കണം.

അധ്യായം ൫.

രാജോപചാരം.

ധർമ്മദേവമഹാരാജാവു പുത്രരോടും സചിവന്മാരോടും പതിവുള്ള മററു പരിചാരകരോടും കൂടി പ്രതാപരുദ്രന്റെ ദുർഗ്ഗത്തിൽ സായാഹ്നം വന്നെത്തി. നാലു ദിക്കിലും നിത്യശാദ്വലങ്ങളായ വൃക്ഷാഗ്രങ്ങൾ നയനത്തിനു ആഹ്ലാദകരമായിരുന്നു. അവയിലെ പുഷ്പങ്ങളിൽ കൂടി സഞ്ചരിച്ചു മന്ദമായി വീശുന്ന ശുദ്ധവായു മാർഗ്ഗശ്രമംകൊണ്ടു ഖിന്നനായ മഹാരാജാവിന്റെ ശ്രാന്തങ്ങളായ ഇന്ദ്രിയങ്ങൾക്കു പീയൂഷമായിഭവിച്ചു. എഴുന്നള്ളത്തു സംബന്ധിച്ചു വിശേഷാൽ അലങ്കാരങ്ങളും പുഷ്പമണ്ഡപങ്ങളും നിർമ്മിക്കപ്പെട്ടിരുന്നു. മഹാരാജാവു ഗോപുരത്തിൽ എത്തും മുമ്പേ അവിടത്തെ യഥോചിതം സൽക്കരിക്കാനായി ദുർഗ്ഗേശി അവിടെ കാത്തിരിക്കയായിരുന്നു. തൽക്കാലയോഗ്യമായ പൂജകൾ നടത്തി ആ പ്രഭ്വി മഹാരാജാവിനെ ഗൃഹാന്തർഭാഗത്തു സജ്ജമാക്കിയിരുന്ന സ്ഥാനത്തേക്കു നയിപ്പിച്ചു. മഹാരാജാവും ആ ഗൃഹിണിയുംകൂടി ഏതാനും നിമേഷങ്ങൾ ഇപ്രകാരം സംഭാഷണം ചെയ്തു.

രാജാ:—അല്ലേ മനസ്വിനി! സ്നേഹം എന്നതു മഹത്തായ സത്ഗുണം തന്നെ. എന്നാൽ ചിലപ്പോൾ അതു മൂലം വലിയ ഉപദ്രവങ്ങളും കഷ്ടപ്പാടുകളും സഹിക്കേണ്ടിവരും. സ്നേഹമൂലം ഉണ്ടാകുന്ന ഉപദ്രവങ്ങളേ നാം അഭിനന്ദിക്കേണ്ടതായും ഇരിക്കുന്നു. സംഗതികൾ ഈ വിധം ഇരിക്കകൊണ്ടു് നിങ്ങൾ നമുക്കു

വേണ്ടി അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്കായി നിങ്ങളെ അനുഗ്രഹിക്കുന്നതിലേക്കു ഈശ്വരനോടു പ്രാൎത്ഥിക്കേണ്ട വിധം ഇന്നതാണെന്നും നമുക്കുവേണ്ടി അനുഭവിക്കുന്ന ഉപദ്രവത്തിനായി നമ്മോടു കൃതജ്ഞതയോടുകൂടിയിരിക്കയല്ലാതെ നമ്മെ കുററപ്പെടുത്തരുതെന്നും നാം നിങ്ങളെ ഉപദേശിക്കുന്നു.

ദുർഗേശി:— തിരുമേനി ഇവിടെ എഴുന്നള്ളി ഞങ്ങളുടെ ഈ ഗൃഹത്തെ പാവനമാക്കി അലങ്കരിക്കുന്നതു നിമിത്തം ഇതിൽ കല്പിച്ചുവഷിച്ചിരിക്കുന്ന അഗാധവും വിശാലവും ആയ ബഹുമതികളോട് താരതമ്യപ്പെടുത്തിനോക്കുമ്പോൾ, ഞങ്ങൾ ചെയ്യുന്ന ഓരോ ഉപചാരവും ചതുർഗ്ഗുണമായിരുന്നാൽ പോലും കേവലം തുച്ഛമത്രേ. ഇതിന് മുമ്പിൽ തന്നെ ഞങ്ങൾക്കു തന്നിട്ടുള്ളതും സമീപകാലത്തു കൂട്ടതലായി ചൊരിഞ്ഞിട്ടുള്ളതും ആയ സ്ഥാനമാനങ്ങളാൽ അനുഗൃഹീതരായിരിക്കുന്ന ഞങ്ങൾ അവിടത്തെ സൎവ്വോൽക്കഷ്ത്തിനും യും ഉത്തരോത്തരം ഐശ്വൎയ്യാഭിവൃദ്ധിക്കായും സദാ ഈശ്വരനെ പ്രാൎത്ഥിച്ചു കാലം കഴിക്കാൻ കടപ്പെട്ടവരായി ഭവിച്ചിരിക്കുന്നു.

മഹാരാജാ:—കാടൻനായകൻ എവിടെ? നാം അദ്ദേഹത്തിനോടടുപ്പിച്ചു സവാരിചെയ്തു. അദ്ദേഹത്തെ പുറകിലാക്കി ഞങ്ങൾക്ക് ഇവിടെ മുമ്പെ എത്തണം എന്നായിരുന്നു ഞങ്ങളുടെ മോഹം. എന്നാൽ അദ്ദേഹം നല്ല സവാരിക്കാരൻ ആണ്. കുതിരയെ ഓടിക്കാനുള്ള ചെരിപ്പുമുള്ളുപോലെ തീക്ഷ്ണമായ അദ്ദേഹത്തിന്റെ സ്നേഹം സഹായമായി നിന്നതിനാൽ ഞങ്ങൾക്കു മുമ്പേ സ്വഗൃഹത്തിൽ എത്താൻ അദ്ദേഹ

ത്തിന് കഴിഞ്ഞു. ഉത്തമയും സുന്ദരിയും ആയ നിങ്ങളുടെ അതിഥിയായി നാം ഇന്നുരാത്രി ഇവിടെ താമസിക്കയാണ്.

ദുർഗേശി:— ഞങ്ങൾ എന്നന്നേക്കും തിരുമേനിയുടെ ദാസർ തന്നെ. ഈ ദാസരും ഇവരുടെ ദാസരും ഇവരുടെ വകയായ സകലതും തിരുമേനിയുടെ വകയാണ്. ഇവയെ ഞങ്ങൾ വിശ്വാസമായി ഏല്പിക്കപ്പെട്ടിരിക്കുന്ന സ്വത്തെന്നപോലെ തിരുമേനിക്കുവേണ്ടി സൂക്ഷിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. അതുകൊണ്ട് കല്പിച്ചാവശ്യപ്പെടുമ്പോൾ എല്ലാം അതുകളുടെ കണക്കുകൾ ബോധ്യപ്പെടുത്തേണ്ടതും അതുകൾ തിരിയെ ഏല്പിക്കേണ്ടതും തന്നെ.

മഹാരാജാ:—കൈ തരിക; കാടൻ നായകൻ ഇരിക്കുന്നേടത്തു നമ്മെക്കൊണ്ടു പോവുക. നമുക്ക് പ്രഭുവിനോട് വലുതായ സ്നേഹം ഉണ്ട്. മേൽ മേൽ വേണ്ട ബഹുമതികൾ നാം അദ്ദേഹത്തിന് കൊടുത്തുകൊണ്ടിരിക്കും. നമുക്കുപോകാം.

അദ്ധ്യായം ൩.

മന്ത്രവിജയം.

പ്രതാപചന്ദ്രൻ ഇതിനിടയ്ക്കു സദ്യയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിൽ വ്യഗ്രനായിരുന്നു. യഥാകാലം മഹാരാജാവും രാജകുമാരന്മാരും സചിവാദികളും ഊണു കഴിക്കാൻ തുടങ്ങി. രാജോപചാരത്തിൽ ദുർഗേശി പ്രതിനിമേഷം പ്രദർശിപ്പിച്ചിരുന്ന ശ്രദ്ധയും രാജപ്രസാദലബ്ധിക്കായുള്ള ഉൽകണ്ഠയും അനിർവചനീയം തന്നെ. അനിതരസാധാരണമായ കാപട്യം അവൾക്കു സഹജസിദ്ധം ആയിരുന്നു. അതുകൊണ്ടു് "മഹാരാജവധം" ആകുന്ന ഏകോദ്ദേശസിദ്ധിക്കായി വേണ്ട സകലവിധ സൌകര്യങ്ങളും അവൾ ഇതേകാലത്തുതന്നെ ചെയ്തുവന്നിരുന്നു. പരസ്പരവിരുദ്ധങ്ങളായ ഈ രണ്ടു മാർഗ്ഗങ്ങളിലും ഉള്ള അവളുടെ ജാഗ്രതയെ ആർക്കും അറിയാൻ കഴിഞ്ഞില്ല. പാമ്പിൻകാലു പാമ്പിനല്ലേ അറിയാവൂ. അതിദാരുണമായ മഹാപാതകം ചെയ്യുന്നതിനുള്ള കരുതലിനെ അത്യന്തം ഭക്തിപ്രേമപ്രസന്നമായ മുഖത്താൽ അവൾ ഗാഢമായി മറച്ചുവച്ചിരുന്നു. സദാശ്രദ്ധായുക്തവും സോൽകണ്ഠവും ആയ വീക്ഷണവും അതിഥിവർഗ്ഗത്തിൽ ചെന്നു ഓരോരുത്തനും ആവശ്യമുള്ള സംഭാരങ്ങൾ ഉണ്ടാക്കി അവരെ ആരാധിക്കുന്നതിലും പ്രീണിപ്പിക്കുന്നതിലും അവൾ പ്രകടിപ്പിച്ച ജാഗരൂകതയും ഒരിക്കലും കുറയാത്ത മന്ദഹാസവും അവളുടെ ആതിഥ്യത്തെ ശതഗുണമാക്കി. അത്യുൽകടവിഷമുള്ള ഘോ

രസപ്പൂത്തെ ഉള്ളിൽ ധരിച്ചിരിക്കുന്ന അതിസുന്ദരവും സ്വാകർഷണീയവും ആയ വിശിഷ്ടപുഷ്പംപോലെയായിരുന്നു അവളുടെ മുഖം. അവളും പ്രതാപരുദ്രനും മാറി മാറി ഭോജനാഗാരത്തിൽ അങ്ങുമിങ്ങും നടന്നു വിരുന്നൂട്ടിച്ചു. ഈ ദമ്പതികളിൽ സ്ത്രീയോളം കാപട്യം കാണിക്കാൻ പുരുഷനു കഴിഞ്ഞില്ല. അതിൽ ആശ്ചര്യപ്പെടാനും ഇല്ല. പ്രതാപരുദ്രന്റെ മനസ്സാകട്ടെ ഏതാനും നിമേഷം ഇപ്രകാരം അന്തർവാദകലുഷത്താൽ കളങ്കിതമായി. "അതു ചെയ്തുകഴിഞ്ഞാൽ ദോഷം ഒന്നും കൂടാതെ അവസാനിക്കും എന്നുവരികിൽ നല്ലതു് അതു് വേഗത്തിൽ ചെയ്യുന്നതാണു്. വധം അതിന്റെ ദോഷഫലങ്ങളെ തടഞ്ഞുനിറുത്തുകയും ആ ദോഷഫലങ്ങൾ എല്ലാം ഇല്ലെന്നുവന്നാൽ എനിക്കു ജയഫലം പിടിച്ചു തരികയും ചെയ്യുന്നതായാൽ ഈ ഒരു വെട്ടുമാത്രം തന്നെ സംഗതിയുടെ ആദിയും അന്തവും ആയിതീരുമെന്നുള്ളതാണു്. ഭൂതം, ഭാവി എന്നീ ആദ്യന്തരഹിതമായ കാലങ്ങൾ ആകുന്ന മഹാസമുദ്രങ്ങളുടെ ഇടയ്ക്കു വർത്തമാനകാലം ആകുന്ന മണൽക്കരയിടുക്കിൽ നിന്നുകൊണ്ടു് പരലോകത്തേയും അവിടെ നമുക്കു വച്ചിട്ടുള്ളവയേയും നിസ്സാരങ്ങളായി ഗണിച്ചു ഉപേക്ഷിച്ചേക്കാം. എന്നാൽ ഇത്തരം കാര്യങ്ങളിൽ എന്തുതന്നെ ആയാലും ഇവിടെയും വിചാരണ ചെയ്തു നമുക്കു ശിക്ഷ നല്കുന്നതാണല്ലോ. ഈ പ്രവൃത്തികളാൽ മരണകർമ്മപാഠങ്ങളെ നാം മററുള്ളവരെ അഭ്യസിപ്പിക്കയാണു് ചെയ്യുന്നതു്. ആ പാഠം തിരിച്ചടിച്ചു് ഗുരുവിനെത്തന്നെ പിടികൂടുന്നതുമാണു്. ഈ പക്ഷഭേദമററുള്ള നീതി അന്യർക്കു കൊടുക്കാനായി നാം വിഷം കലക്കിവച്ചിട്ടുള്ള പാനീയത്തെ നാം തന്നെ കുടി

ക്കാൻ ഇടയാകുന്നു. അദ്ദേഹം ആകട്ടെ ഇവിടെ ഉഭയഥാ വിശ്വാസസംപൂൎണ്ണ വന്നു താമസിക്കുന്നയാൾ ആണു്. ഒന്നാമതു്, ഞാൻ അദ്ദേഹത്തിന്റെ ബന്ധുവും അദ്ദേഹത്തിന്റെ പ്രജയും ആകുന്നു. ഈ രണ്ടു കാരണങ്ങളും ഈ പ്രവൃത്തിക്കു വിരുദ്ധം ആകുന്നു. രണ്ടാമതു, ഞാൻ അദ്ദേഹത്തെ വധിക്കാൻ വരുന്നവരെ എതിൎത്തുനിന്നു് അദ്ദേഹത്തെ രക്ഷിക്കാൻ കടപ്പെട്ടവനായിരിക്കുന്നതല്ലാതെ ഞാൻ തന്നെ വധത്തിനായി ഖഡ്ഗം ധരിച്ചു പോകരുതാത്തതാണു്; എന്നുതന്നെയുമല്ല ഈ ധൎമ്മദേവൻ അന്വൎത്ഥനാമാവു്; അനേകസത്ഗുണസമ്പന്നൻ; തീരെ ഗൎവ്വിതനല്ല; അഹങ്കാരവിഹീനൻ; അതിശാന്തൻ; സ്വധൎമ്മനിൎവ്വഹണത്തിൽ നിഷ്കളങ്കൻ. അതുകൊണ്ടു് തത് പ്രാണചോരണം ആകുന്ന ഈ മഹാപാതകത്തിനു പ്രതിക്കൂലമായി അദ്ദേഹത്തിന്റെ സത്ഗുണങ്ങൾ ഭേരീനാദമുള്ള നാവുകളോടുകൂടി അദ്ദേഹത്തിനു വേണ്ടി വാദിക്കും; എന്നുതന്നെയുമല്ല അദ്ദേഹം കരുണാവാരിധി; ആ കരുണ ഇപ്പോൾ ജനിച്ച ശിശുപോലെ ജ്ഞാനേന്ദ്രിയങ്ങളിൽ അറിയപ്പെടാതെയും പദാൎത്ഥസംബന്ധം ഇല്ലാതെയും പാഞ്ഞോടിപ്പോകുന്ന ഈശ്വരചൈതന്യം ആകുന്ന തപാൽക്കുതിരകളിൽ കയറി എല്ലാവൎക്കും ഈ ക്രൂരകൎമ്മത്തെപ്പറ്റിയുള്ള അറിവുകൊടുത്തു് അവരുടെ നേത്രങ്ങളിൽനിന്നു് അശ്രുധാര പൊഴിപ്പിക്കും. എന്റെ ഉദ്ദേശം ആകുന്ന കുതിരകളുടെ ഇരുവശത്തും കുത്തിഓട്ടിക്കുന്നതിനുവേണ്ട ചെരിപ്പുമുള്ളുകൾ എനിക്കു് ഇല്ല. എന്നാൽ ഉച്ചപദമോഹംമാത്രം അതിമാത്രം ഉണ്ടത്രേ. ആ ഉച്ചപദത്തിലേയ്ക്കു് ആ അതിക്രമമായ മോഹംകൊണ്ടു് ചാടിച്ചെല്ലുമ്പോൾ ഞാൻ എവിടെ ചെന്നെ

ണ്ടും എന്നു നിശ്ചയമില്ല. ആ ചാട്ടത്തിൽ പക്ഷെ മറു വശത്തു വീണു മരിക്കാനാണ് എളുപ്പം.''

ഈ ചിന്തയോടുകൂടി അവൻ ഭോജനശാലയുടെ നടയ്ക്കുവെളിയിൽ നിന്നിരുന്ന ഭാൎയ്യയുടെ സമീപത്തറിയാതെ എത്തി: ''മഹാരാജാവു് അമൃതേത്തു കഴിഞ്ഞു് എഴിക്കാറായിരിക്കേ രാജസമീപം വിട്ടു് വെളിയിൽ വന്നതെന്തിനു്'' എന്നു് അധിക്ഷേപരൂപത്തിൽ ദുൎഗ്ഗേശി ഭൎത്താവിനോടു ചോദിച്ചു. ശിലാകഠിനം അല്ലാത്ത അവൻെറ മനസ്സ് ഉദ്ദിഷ്ടകാൎയ്യത്തെ വിചാരിച്ചു വിചാരിച്ചു് ദ്രവിച്ചലിഞ്ഞുപോയ്പോയേക്കും എന്നു് വലുതായ ആശങ്ക അവൾക്കുണ്ടായിരുന്നു. അവളുടെ ചോദ്യത്തിനു മറുപടിയായി പ്രതാപരുദ്രൻ ഇപ്രകാരം പറഞ്ഞു:—''ഇക്കാൎയ്യത്തിൽ നാം ഇനി ഒന്നും നടത്തരുതു്. അദ്ദേഹം അടുത്ത കാലത്താണു് കൂടുതൽ സ്ഥാനമാനങ്ങൾ എനിക്കു നല്കിയതു്. സകലവിധജനങ്ങളും എന്നെ സ്തുതിച്ചു ശ്ലാഘിക്കുന്നു. ഈ ശ്ലാഘയേയും കീൎത്തിയേയും നൂതനകാന്തിയോടുകൂടി നാം ധരിക്കയല്ലാതെ അത്ര വേഗത്തിൽ ഉരിഞ്ഞെറിഞ്ഞു കളയരുതു്.''

ദുൎഗ്ഗേശി:—അങ്ങു ധരിച്ചിരുന്നതായ ആശ കേവലം കള്ളു കുടിച്ചവൻെറ ആശപോലെയായിരുന്നുവോ? കഷ്ടം! അങ്ങയുടെ ധൈൎയ്യം എല്ലാം ഒരു കുടിയൻെറ ധൈൎയ്യത്തിലും താണതായിപ്പോയോ? ഉറക്കം ഉണൎന്നു് ഇതാ എണീററപ്പോൾ മുൻപു് അതു നിരങ്കുശമായി പ്രവൎത്തിച്ചിരുന്നതിനെ വിചാരിച്ചു പേടിച്ചിരിക്കുന്നുവോ? അങ്ങേക്കു് എൻെറപേരിൽ ഉള്ള സ്നേഹം ഇപ്രകാരം ഉള്ളതത്രെ എന്നു ഞാൻ ഈ നിമേഷംമുതൽ ഗണിക്കാം. അങ്ങേടെ ആഗ്രഹത്തിൻെറ വലു

പ്പംപോലെ നെഞ്ചുറപ്പോടുകൂടി പ്രവൃത്തിയിലും വലുപ്പം കാണിക്കാൻ അങ്ങു പേടിച്ചിരിക്കയാണോ? അങ്ങേ ജീവിതത്തിന് അലങ്കാരമായി അങ്ങു ഗണിക്കുന്ന സാധനത്തിനായി അങ്ങു മോഹിക്കുന്നുണ്ടല്ലോ; പിന്നെ മോഹവിചാരം ഉണ്ടായിരിക്കേ ഈ സാഹസം പ്രയാസം എന്നു ചെവിയിൽ മന്ത്രിക്കുന്ന അധമമായ ഭീരുതയെക്കൊണ്ടു് എനിക്കുവേണം എന്നു വിളിച്ചു പറയുന്ന മഹത്തായ മോഹത്തെ കീഴടക്കിച്ചു് എന്നെന്നേക്കും തന്റെ ദൃഷ്ടിയിൽ സ്വയമേവ ഒരു ഭീരുവായി കഴിച്ചുകൂട്ടുവാനാണോ അങ്ങു് ഭാവിച്ചിരിക്കുന്നതു്? നഖം നനയ്ക്കാതെ തത്ത പിടിക്കണം എന്നാണോ വിചാരം!

പ്രതാപരുദ്രൻ:—ശരി, പതുക്കെ പറയൂ. മനുഷ്യോചിതം സകലതും ചെയ്യാൻ ഞാൻ തയ്യാറാണു്. അതിലധികം പ്രവർത്തിക്കയില്ല ആരും.

ദുർഗ്ഗേശി:—അങ്ങു് എന്തു ജന്തുവായിരുന്നു ഈ പ്രവൃത്തിയേപ്പററി എന്നോടു് ആദ്യമായി ആലോചിക്കാൻ! ഇതു ചെയ്യാനുള്ള ധീരതയുണ്ടെന്നു പറഞ്ഞപ്പോൾ അങ്ങു് ഒരു മനുഷ്യൻ ആയിരുന്നു. മുമ്പിലത്തേതിൽ കൂടുതൽ സത്വം ഉണ്ടായിരിക്കുന്നതു് അങ്ങേ കൂടുതലായി ആണാക്കുന്നതായിരുന്നു. അന്നു് കാലമൊ ദേശമൊ യോജിക്കാതിരുന്നു. അങ്ങനെയിരുന്നിട്ടും അവരണ്ടിനേയും ശരിപ്പെടുത്തണം എന്നു് അങ്ങു വിചാരിച്ചു. ഇപ്പോൾ കാലവും ദേശവും സ്വയം യോജിച്ചുവന്നിരിക്കുന്നു. ആ യോജിപ്പു് ഇപ്പോൾ അങ്ങേ കൊള്ളരുതാത്തവൻ ആക്കിയിരിക്കുന്നു. ഞാൻ കുട്ടിക്കു് മുലകൊടുത്തു വളർത്തിട്ടുണ്ടു്. എന്റെ പാൽ

കുടിച്ചുവളരുന്ന ആ കുട്ടിയെ സ്നേഹിക്കുന്നതു് എത്ര കരുണയോടുകൂടിയാണെന്നു് എനിക്കു് അറിയാം. അങ്ങു് ഇക്കാൎയ്യത്തിൽ ശപഥം ചെയ്തിരുന്നതുപോലെ ഞാൻ ആ എന്റെ കുട്ടിയെക്കൊല്ലും എന്നു് ശപഥം ചെയ്തിരുന്നു എന്നുവരികിൽ കുഞ്ഞു് മുലകുടിച്ചു് എന്റെ മുഖം നോക്കി പുഞ്ചിരി തൂകിക്കൊണ്ടിരിക്കവേ തന്നെ എന്റെ മുലക്കണ്ണിനെ അതിന്റെ പല്ലില്ലാത്ത ഊനിൽനിന്നു് പറിച്ചെടുത്തു് അതിനെ തലമാറി പിടിച്ചു് നിലത്തടിച്ചു തകൎത്തുകളയുമായിരുന്നു; നിശ്ചയം.

പ്രതാപരുദ്രൻ:—ഇതിൽ നമുക്കു് തോല്വിവന്നാലോ?

ദുർഗ്ഗേശി:—നാം തോല്ക്കുകയൊ? അങ്ങ ധീരതയെ അതു് ഉറയ്ക്കേണ്ട സ്ഥലത്തു മുറുക്കി ഉറപ്പിച്ചുവയ്ക്കൂ. എന്നാൽ നമുക്കു് തോല്വി വരികയില്ല. ഇന്നത്തെ യാത്രയിൽ ഉണ്ടായ കായക്ലേശം നിമിത്തം തിരുമേനിക്കു് ഗാഢനിദ്ര ജനിക്കുന്നതാണു്. പിന്നെ രണ്ടു് തവണക്കാർ ഉണ്ടു്. അവൎക്കു് ഞാൻ വേണ്ടമദ്യം കൊടുത്തു് അവരുടെ തലച്ചോറിലെ കാവൽ കാക്കുന്ന ഓൎമ്മയെ ആവിയാക്കിയും ബുദ്ധിയുടെ ആശയത്തെ ആ ആവിപോകാനുള്ള യന്ത്രം ആക്കിയും ചെയ്തു് അവരെ ശവപ്രായം ആക്കുന്നുണ്ടു്. തവണക്കാർ അങ്ങനെ പന്നികളെപ്പോലെ കിടക്കുമ്പോൾ അരക്ഷിതനായി ഗാഢനിദ്രയിൽ കിടക്കുന്ന മഹാരാജാവിനെ അങ്ങേക്കും എനിക്കും എന്തുതന്നെ ചെയ്യാൻ പാടില്ല.

പ്രതാപരുദ്രൻ:—നീ പെറുന്നതെല്ലാം ആൺകുട്ടികൾ ആയിരിക്കണം. എന്തെന്നാൽ ആൺകുട്ടികൾക്കല്ലേ

നിന്റെ ഈവിധമുള്ള ഒന്നിലും—ക്രൂസൽ—അശേഷമില്ലാത്ത ധൈര്യം പകൎന്നുവെച്ചിരിക്കേണ്ടതു്. ഈ തവണക്കാരുടെ കൃപാണങ്ങളെത്തന്നെ ഉപയോഗിച്ചു് ഇവരുടെ ഉടുപ്പിലും മററും രക്തം തളിച്ചു ലക്ഷ്യപ്പെടുത്തുന്നതായാൽ ഇവർതന്നെ ഈ കൃത്യം ചെയ്തതായി ലോകം വിശ്വസിക്കയില്ലയോ?

ദുൎഗ്ഗേശി:—അങ്ങനെ അല്ല എന്നു പറയാൻ ആൎക്കു ധൈര്യം ഉണ്ടാകും. അദ്ദേഹത്തിന്റെ മരണത്തെപ്പററി നമുക്കു് അനുശോചിക്കാം, മുറവിളി കൂട്ടാം, ലഹള കൂട്ടാം. അപ്പോൾ നമ്മെ ആരു് സംശയിക്കും!

പ്രതാപരുദ്രൻ:—എന്റെ സംശയങ്ങൾ എല്ലാം തീൎന്നു; ഞാൻ തീൎച്ചപ്പെടുത്തിക്കഴിഞ്ഞു, ഉറച്ചു. ഈ ഭയങ്കരമായ പ്രവൃത്തി ചെയ്വാൻ എന്റെ സൎവ്വാംഗങ്ങളേയും, ഓരോ കരണത്തേയും, ഞാൻ വിനിയോഗിക്കും. അതുകൾ തയ്യാറായിരിക്കുന്നു; ഇതാ പുറപ്പെടുന്നു. സന്തോഷവും ദയവും ഉണ്ടെന്നു് മുഖത്തു് കാണിച്ചു് ചുററുമുള്ള ലോകത്തെ പററിച്ചുകൊണ്ടിരുന്നുകൊൾക. കപടമായുള്ള ഉള്ളു് അറിയുന്നതിനെ കപടമായുള്ള മുഖം കൊണ്ടു് ഒളിച്ചുവച്ചിരിക്കുക, എന്നാൽ ജയം, ജയം!

അധ്യായം ൧.

വധകൎമ്മം.

മഹാരാജാവാകട്ടെ യാത്രാക്ലേശത്താൽ വളരെ ക്ഷീണിച്ചിരുന്നതുകൊണ്ടു് ഊണു കഴിഞ്ഞു് അധികം താമസിക്കാതെതന്നെ പള്ളിക്കുറുപ്പായി. കൂടെ വന്നിരുന്നവരെല്ലാം അവരവരുടെ ശയ്യാസ്ഥാനങ്ങളിൽ കിടന്നുറങ്ങി. ഉഗ്രസേനസചിവൻ ഇവരെല്ലാവരും സുസ്ഥരായി ഉറക്കമായതിൽ പിന്നീടു സമീപത്തുള്ള സ്വഭവനത്തേക്കു പോയി. അതിഥികൾക്കു ശയ്യോപഭോഗാദികൾ ഇനിയും വേണ്ടിയിരിക്കുന്നുവോ എന്നും അവർ സുഖമായി ഉറങ്ങുന്നുണ്ടോ എന്നും അറിയുന്നതിനായി പ്രതാപരുദ്രൻ അതിഥിമന്ദിരത്തിലേക്കു തിരിച്ചു. അപ്പോൾ അവിടുന്നു് സപുത്രനായി മടങ്ങി വരുന്ന ഉഗ്രസേനനെ കണ്ടുമുട്ടി. അവർ തമ്മിൽ ഇപ്രകാരം സംഭാഷണം ചെയ്തു.

ഉഗ്രസേനൻ:—എന്താ ഇനിയും ഉറങ്ങാൻ പോയില്ലേ? തിരുമേനി പള്ളിക്കുറുപ്പാണു്. തിരുമേനി അസാമാന്യം ആനന്ദം അനുഭവിച്ചു. നിങ്ങളുടെ ഭൃത്യന്മാൎക്കു വലിയ ഇനാമുകൾ നല്കി. അത്യന്തം കാരുണ്യവതിയായ ആതിഥ്യകാരിണിയാകയാൽ അവിടുത്തെ ഗൃഹിണിക്കു ഈ വജ്രം കല്പിച്ചു സമ്മാനിച്ചിരിക്കുന്നു. തിരുമേനി അപരിമിതസന്തുഷ്ടിയോടുകൂടി നിദ്രാസുഖം അനുഭവിക്കുന്നു.

പ്രതാപരുദ്രൻ:—രാജോപചാരത്തിന വേണ്ടതൊന്നും ഒരുക്കീട്ടില്ലായിരുന്നു; അതുകൊണ്ടു വിചാരിച്ചതുപോലെ ഒന്നും സാധിച്ചിട്ടില്ല. അനേകം കുറവുകൾ സംഭവിച്ചിട്ടുണ്ട്. എൻെറ മനസ്സ് ന്യൂനതകൾക്കു കീഴ്പെട്ടുപോയി. അങ്ങനെ ഭവിക്കാതിരുന്നാൽ ധാരാളമായി വേണ്ടതെല്ലാം ഒരുക്കാമായിരുന്നു.

ഉഗ്രസേനൻ:—സകലതും നന്നായി. ഇന്നലെ രാത്രി ഞാൻ ആ കുശ്രൂഷിണികളായ സഹോദരികളെ—യോഗിനികളെ—കുറിച്ച് സ്വപ്നം കണ്ടു. അങ്ങേക്കു അവർ തന്ന അനുഗ്രഹത്തിൽ ചിലതു സത്യമായിത്തീൎന്നിട്ടുണ്ട്.

പ്രതാപരുദ്രൻ:—ഞാൻ അവയെക്കുറിച്ചു വിചാരിക്കുന്നേയില്ല. എന്നിരുന്നാലും നമുക്കു തക്ക വിശ്രമനേരം കിട്ടുമ്പോൾ അങ്ങേക്കു സമയമുണ്ടെങ്കിൽ അക്കാൎയ്യത്തെപ്പററി നമുക്കു സംസാരിച്ചുകൊണ്ടിരിക്കാം.

ഉഗ്രസേനൻ:—അവിടത്തേക്കു നേരം ഉള്ളതുപോലെ.

പ്രതാപരുദ്രൻ:—അങ്ങു ശരിയായ കാലം വരുമ്പോൾ എൻെറ ഉപദേശം അനുസരിച്ചു നടക്കുന്നതായാൽ അങ്ങേക്ക് ബഹുമതി ലഭിക്കും.

ഉഗ്രസേനൻ:—അതിനെ വൎദ്ധിപ്പിക്കാൻ യത്നിക്കുന്നതിൽ എനിക്ക് യാതൊരുവിധ നഷ്ടവും നേരിടുകയില്ലെന്നുവരികിൽ അങ്ങയുടെ ഉപദേശം അനുസരിച്ചു നടക്കാം; എന്നാൽ എൻെറ അന്തഃകരണത്തേയും രാജഭക്തിയേയും നിൎമ്മലമായും അനവദ്യമായും വച്ചുകൊണ്ടിരിക്കയും വേണം.

പ്രതാപരുദ്രൻ:—അതിനിടയ്ക്കു് നിങ്ങൾക്കു സുഖനിദ്ര ലഭിക്കട്ടെ.

ഉഗ്രസേനൻ:—അനുഗ്രഹം; അങ്ങേക്കും തഥാവിധ സൌഖ്യം ലഭിക്കട്ടെ.

ഇരുവരും അവരവരുടെ വഴിക്കുപോയി. നേരം അൎദ്ധരാത്രിയായി. ഭൂലോകത്തിൽ പകുതിഭാഗത്തും പ്രകൃതി മൃതപ്രായമായിരിക്കയായിരുന്നു. ഉറങ്ങിക്കിടക്കുന്നവരുടെ ചിത്തങ്ങൾ ദുസ്സ്വപ്നങ്ങളാൽ പീഡിതങ്ങൾ ആയിരുന്നു. മൃഗങ്ങളും ചെന്നായും മനുഷ്യഘാതകനും മാത്രമേ ജാഗ്രദവസ്ഥയിൽ ഇരുന്നിരുന്നൊള്ളു. ഏവംവിധകാലത്താണു് മഹാരാജാവിനെ വധിക്കേണ്ടതു് എന്നു് ദുൎഗ്ഗേശി ആലോചിച്ചുറച്ചിരുന്നതു്; അവൾ ഭീരുവല്ല; എന്നാൽ സ്ത്രീസഹജമായ കാരുണ്യം അവൾക്കില്ലാതിരുന്നില്ല. എന്നവരികിലും ഈ ദാരുണകൎമ്മത്തിനായി അവൾ തുനിഞ്ഞതു് ഐശ്വൎയ്യമോഹം ഒന്നുകൊണ്ടു് മാത്രമാണു്. പ്രതാപരുദ്രൻ ആകട്ടെ യുദ്ധക്കളത്തിൽ മനുഷ്യഗളങ്ങളെ വാഴപ്പിണ്ടികളെ എന്നപോലെ അനായാസേന വെട്ടിക്കളയുന്ന ശീലമുള്ളവൻ ആയിരുന്നിട്ടും ആ പ്രവൃത്തി സ്വധൎമ്മപാലനത്തിനായി മാത്രമായിരുന്നതുകൊണ്ടു് ആ ശീലം അവനെ കഠിനഹൃദയൻ ആക്കാൻ പൎയ്യാപ്തം ആയിരുന്നില്ല. അവൻ പ്രകൃത്യാ കൃപാൎദ്രചിത്തൻ; നല്ലപോലെ കരുതിക്കൂട്ടി വധം ചെയ്യുക എന്നുള്ളതു് അവൻെറ സഹജഗുണത്തിനു വളരെ വിരുദ്ധം. ഉദ്ദിഷ്ടവധം താൻതന്നെ നടത്തിയേക്കാം എന്നു് അവൻ ഒരിക്കൽ ഏററുപറഞ്ഞിരുന്നു. ഐഹികോച്ഛ്രായപദവി ലഭിക്കണം എന്നുള്ള മോഹവും കരുണാൎദ്രമനസ്കതയും തമ്മിൽ ഉള്ള അന്തരം വളരെ വിശാലം ആണല്ലൊ. അതുകൊണ്ടു് ഇക്കാൎയ്യത്തിൽ പ്ര

താപരുദ്രന്റെ സങ്കല്പദാർഢ്യത്തെ ദുർഗ്ഗേശി വിശ്വസിച്ചില്ല. കാൎയ്യം നടത്തേണ്ട അവസരം വരുമ്പോൾ പ്രതാപരുദ്രൻ സ്വനാമത്തിന് അനൎഹനായി ഭവിച്ചേക്കും എന്നും ശത്രുസംഹാരത്തിനായി സൎവ്വഥാ ഉദ്യുക്തനായി യുദ്ധരംഗത്തെ പ്രവേശിച്ച മുഹൂൎത്തത്തിൽ അൎജ്ജുനന്നു ജനിച്ച നിലയെ പ്രാപിച്ചേക്കും എന്നും ഉള്ള ആശങ്ക അവളെ ബാധിച്ചിരുന്നു. അതുകൊണ്ടു് ദുൎമ്മോഹിയായ ആ സ്ത്രീ സാഹസപ്രവൃത്തിക്കായി തുനിഞ്ഞു; പള്ളിയറയിലെ പ്രധാനനടയിൽ കാവൽ നിന്നിരുന്ന രണ്ടു ഭടാഗ്രേസരന്മാൎക്കു് അവൾ വിഷദൂഷിതമായ മൈരേയം ധാരാളമായി മുമ്പിലേ കൊടുത്തിരുന്നു; അവർ മദ്യമത്തരായി സ്വകൃത്യത്തെമറന്നു് പ്രേതപ്രായരായി ഉറങ്ങിപ്പോയി. അവൾ ഖഡ്ഗപാണിയായി അൎദ്ധരാത്രി രാജാവിന്റെ ഉറക്കറയിൽ നിൎബ്ബാധം പ്രവേശിച്ചു. മഹാരാജാവാകട്ടെ അധ്വഖേദംകൊണ്ടും അതിമിഷ്ടമായ വിശിഷ്ടഭോജ്യങ്ങൾ അമിതമായി ഭക്ഷിച്ചതുകൊണ്ടും ഗാഢമായി ഉറങ്ങുകയായിരുന്നു. നിദ്രാലുവായ ആ തിരുമേനിയുടെ മുഖശ്രീയെ അവൾ സൂക്ഷിച്ചു് ഒന്നു നോക്കിയക്ഷണത്തിൽ അന്യാദൃശപ്രസന്നമുഖൻ എന്നു പ്രസിദ്ധമായിരുന്ന സ്വപിതാവിന്റെ മുഖശ്രീ ഹഠാൽ അവളുടെ മനസ്സിൽ ഉദിക്കയും തച്ഛ്രീഹരണം പിതൃഹത്യാപാപത്തിനു തുല്യമാണെന്നു അവൾ സങ്കല്പിക്കയും ചെയ്തതു് ഏകപദേ കഴിഞ്ഞു. അവളുടെ ഉജ്ജ്വലത്തായ സാഹസധൈൎയ്യം പൊടുന്നനവേ തണുത്തുപോയി. അതുകൊണ്ടു് അവൾ ആ, ഉറക്കറവിട്ടു വേഗേന വെളിയിൽ പാഞ്ഞുചെന്നു് ഭൎത്താവുമായി ആലോചിക്കാനായി സ്വശയ്യാഗൃഹത്തെ ഭീതഭീതയായി പ്രവേശിച്ചു. അപ്പോൾ ഭൎത്താവിനെ അവിടെ കണ്ടില്ല. അദ്ദേഹം വധോദ്യുക്തനായി മഹാരാജാവിന്റെ

പള്ളിയറയിൽ ചെന്നിരിക്കണം എന്ന് അവൾ ഊഹിച്ച്, ചിന്താപരവശയായി ഇപ്രകാരം തന്നത്താൻ പറഞ്ഞു:—

"അവരെ മദ്യപാനത്താൽ ബോധരഹിതരായി തീൎത്ത വസ്തു എന്നെ ധൃഷ്ടയാക്കിയിരിക്കുന്നു. അവരുടെ ഉഷ്ണത്തെ ശീതളീകരിച്ചു സ്തംഭിപ്പിച്ചവസ്തു എനിക്കു തിഗ്മത നല്കിയിരിക്കുന്നു. കേൾക്കു. ശാന്തം. മരണമണി അടിക്കുന്നവനായ ഉലൂകം കരഞ്ഞതാണ്. ആ ശബ്ദം അൎദ്ധരാത്രി പൂൎത്തിയായി എന്ന് ദ്യോതിപ്പിക്കുന്നു. അദ്ദേഹം അതു് പ്രവൎത്തിക്കുന്നതായിരിക്കണം. കതകുകൾ തുറന്നിരിക്കുന്നു. മൂക്കുമുട്ടെ കള്ളുകുടിച്ചിട്ടുള്ള ഈ ഭൃത്യർ അവരുടെ ക്രുക്കൻശബ്ദത്താൽ സേവാദ്ദേശത്തെ തീരെ വിഗണിച്ചു ലംഘിക്കുന്നു അവർ ജീവിച്ചിരിക്കണമൊ മരിക്കണമൊ എന്നു നിൎണ്ണയിക്കുന്നതിനായി പ്രകൃതിയും മരണവും പരസ്പരം മത്സരിച്ചുകൊണ്ടിരിക്കത്തക്കവണ്ണം അവരുടെ പാനീയങ്ങളിൽ വേണ്ട ഔഷധം ഞാൻ ചേൎത്തു കുടിപ്പിച്ചിട്ടുണ്ടു്. അയ്യോ അവർ ഉണൎന്നു എന്നും കാൎയ്യം നടത്തീട്ടില്ലാ എന്നും ഞാൻ ശങ്കിക്കുന്നു. കൎമ്മം അല്ലാ അതിലേക്കുള്ള ശ്രമമാണു് നമ്മെ ഭ്രമിപ്പിക്കുന്നതു്. കേൾക്കു—ഞാൻ അവരുടെ കരവാളുങ്ങളെ ഒരുക്കിയിട്ടുകഴിഞ്ഞു. അദ്ദേഹത്തിന് അവയെ തെററിധരിക്കാൻ ഇടയില്ല. അദ്ദേഹം ഉറങ്ങിക്കിടക്കുന്ന എൻെറ പിതാവിനെപ്പോലെ തോന്നിയിരുന്നില്ലെന്നുവരികിൽ ഞാൻ തന്നെ അതു നടത്തിയിരിക്കുമായിരുന്നു. എൻെറ നാഥൻ!''

ഇതിനിടയ്ക്കു പ്രതാപരുദ്രൻ മന്ദംമന്ദം മഹാരാജാവിൻെറ പള്ളിയറയിലേക്കു പോയി. പോകും വഴി ഇപ്രകാരം ചിന്തിച്ചു:—

" ഇതാ എന്റെ മുൻപാകെ എന്റെ കൈക്ക് എതിരായി പിടിയോടുകൂടി കിടക്കുന്നത് ഒരു കൃപാണം ആണൊ? വരു, ഞാൻ നിന്നെ പിടിച്ചുകൊള്ളട്ടെ, നീ എനിക്ക ഹസ്തഗതം ആയില്ല. എന്നിരുന്നിട്ടും ഞാൻ നിന്നെ കാണുന്നുണ്ട്. മരണകരമായ ദൎശനമേ, നീ സ്പൎശനീയവും ദൎശനീയവും അല്ലയോ? നീ വാസ്തവത്തിൽ ഉള്ള ദ്രവ്യം ആണെന്നു എന്റെ നേത്രങ്ങൾ പറയുന്നു. മററിന്ദ്രിയങ്ങൾ വിപരീതവും പറയുന്നു. അതല്ലാ, നീ കേവലം മനസ് സൃഷ്ടമായ കൃപാണമോ? ഉഷ്ണപീഡിതമായ ചിന്തയിൽനിന്നു വെളിപ്പുറപ്പെട്ട കുസൃഷ്ടിയൊ? എന്നിരുന്നാലും ഞാൻ ഇപ്പോൾ ഊരി എടുക്കുന്നതായ ഖഡ്ഗംപോലെ സാരവത്തായ ഒന്നായിത്തന്നെ ഞാൻ നിന്നെ കാണുന്നു. നീ ഞാൻ പൊയ്ക്കൊണ്ടിരുന്ന വഴിയിൽ എന്നെ നയിപ്പിക്കുന്നു. താദൃശായുധം ആകുന്നു ഞാൻ പ്രയോഗിക്കേണ്ടിയിരിക്കുന്നതു്. എന്റെ നേത്രങ്ങൾ മററിന്ദ്രിയങ്ങൾക്ക പരിഹാസപാത്രമാക്കപ്പെട്ടിരിക്കുന്നു. അങ്ങനെയായിരുന്നില്ലെങ്കിൽ അവ മറെറല്ലാ ഇന്ദ്രിയങ്ങളിലും നിന്നു കിട്ടുന്ന ജ്ഞാനത്തോളം വിലപിടിച്ചതായിരിക്കും. എന്റെ നയനങ്ങൾ പറയുന്നതുതന്നെ നേരായുള്ളതു്; മററിന്ദ്രിയങ്ങൾ പറയുന്നതെല്ലാം തെററുതന്നെ. നിന്റെ പിടിയിലും അലകിലും രക്തത്തുള്ളികൾ ഉണ്ടു്. അവ മുൻപു് അവിടെ ഉണ്ടായിരുന്നില്ല, അങ്ങനെയൊരുകാൎയ്യവും ഇല്ല. അതിദുഷ്ടമായ രക്തമോചകക്രിയയാണ് എന്റെ നേത്രങ്ങളെ ഈ വിധം അറിയിക്കുന്നതു്. ഇപ്പോൾ ഇഹലോകവാസികളിൽ പകുതിയിലധികം പേരും മൃതപ്രായരായി തോന്നുന്നു. ദുസ്സ്വപ്നങ്ങൾ കൊതുകുവലയാൽ ചുററപ്പെട്ട കിടക്കയിൽ കിടന്നുറങ്ങുന്നവനെ ദുഷ്കൃത്യങ്ങൾക്ക പ്രേരിപ്പിക്കുന്നു. യോ

ഗിനികൾ യക്ഷിക്കു ബലികൾ നല്കുന്നു. വേതാളതുല്യമായ വധം, സ്വാംഗരക്ഷകനും യാമമറിഞ്ഞു് കുരയ്ക്കുന്നവനും ആയ ചെന്നായാൽ ഉണർത്തപ്പെട്ടു്, ചോരനെപ്പോലെ മന്ദം മന്ദം നടന്നു് ബലാദപഹരണം നടത്തുന്നതിനായി പ്രേതംപോലെ ഉദ്ദിഷ്ടസ്ഥലത്തേക്കു ഗമിക്കുന്നു. സ്ഥിരയായ ധരാദേവി! എന്റെ കാലടികളുടെ ശബ്ദം നീ ശ്രവിക്കരുതേ! അവ ഏതുവഴി നടന്നാലും നിന്റെ കല്ലു് ഉണ്ടായിരിക്കും എന്നു ഭയപ്പെട്ടു് ഞാൻ ഇന്ന സ്ഥലത്തിരിക്കുന്നു എന്നു പ്രലപിക്കുന്നതായി എനിക്കു തോന്നുന്നു. ഇതു് ഉദ്ദിഷ്ടദാരുണകർമ്മത്തിനു് അത്യുചിതകാലമായിരിക്കേ, ആ കർമ്മത്തെ മറ്റൊരു നേരത്തേക്കു മാററിവയ്ക്കാൻ കാലടിശബ്ദം ഇടയാക്കുന്നു. ഞാൻ ഭയപ്പെട്ടിരിക്കുന്ന കാലത്തോളം അദ്ദേഹം സജീവനായിരിക്കും. വാക്കുകൾ ക്രിയകളുടെ പ്രചണ്ഡതയെ ശമിപ്പിക്കുന്നതിനുള്ള ശീതളശ്വാസം ആണു്."

അപ്പോൾ നാഴികമണി അടിക്കുന്നതു കേട്ടിട്ടു വീണ്ടും സ്വയം പറഞ്ഞു. "ഞാൻ പോകുന്നു. അതു നടന്നു; മണിനാദം എന്നെ വിളിക്കുന്നു. പൊന്നുതമ്പുരാനേ, അങ്ങു് അതു ശ്രവിക്കേണ്ട; അതു് അങ്ങയെ പരലോകത്തിലേക്കു ചെല്ലുവാൻ വിളിക്കുന്നതായ ഘണ്ടാനാദം ആണു്."

ഈ വിധം വിചാരിച്ചു് പ്രതാപരുദ്രൻ ഉദ്ദിഷ്ടമായ അതിപാതകം നടത്തിയ നിമേഷത്തിൽതന്നെ അവന്റെ ധൈര്യം മഹാരാജാവിന്റെ പ്രാണനു് സഹചരമായി വെളിയിൽ ചാടി ഓടി വീണ്ടും മടങ്ങിവരാതവണ്ണം പൊയ്ക്കളഞ്ഞു. അവൻ ഭ്രാന്തചിത്തനായി തന്റെ ഉറ

കറയിൽ വളരെ പണിപ്പെട്ടു മടങ്ങിയെത്തി അവിടെ നിർന്നിദ്രയായി അക്ഷമയായി കിടന്നിരുന്ന ഭാര്യയോടു വിവരം അറിയിച്ചു. "ഞാൻ കാര്യം നടത്തിക്കഴിഞ്ഞു. ഭവതി ഒരു ശബ്ദം കേട്ടില്ലയോ!"

ദുർഗ്ഗേശി:—മൂങ്ങ കരയുന്നതും ചിൽവണ്ടു ചിലയ്ക്കുന്നതും ഞാൻ കേട്ടു, അവിടുന്ന് വല്ലതും പറഞ്ഞില്ലയോ!

പ്രതാപരുദ്രൻ:—എപ്പോൾ?

ദുർഗ്ഗേശി:—ഇപ്പോൾ.

പ്രതാപരുദ്രൻ:—ഞാൻ ഇറങ്ങിവന്നപ്പോഴോ?

ദുർഗ്ഗേശി:—അതേ.

പ്രതാപരുദ്രൻ:—കേൾക്കൂ. രണ്ടാമത്തെ അറയിൽ ആരു് കിടക്കുന്നു.

ദുർഗ്ഗേശി:—രണ്ടാമത്തെ രാജകുമാരൻ.

പ്രതാപരുദ്രൻ:—(സ്വപാണികളിൽ നോക്കിക്കൊണ്ടു്) ഇതു വ്യസനകരമായ കാര്യം.

ദുർഗ്ഗേശി:—വ്യസനകരമായ കാര്യം എന്നു പറയുന്നതു് മൂഢ വിചാരം.

പ്രതാപരുദ്രൻ:—ഒരുത്തൻ ഉറക്കത്തിൽ ചിരിച്ചു, മറെറാരുവൻ "കൊല്ലുന്നേ" എന്നു വിളിച്ചു. ഈവിധം ഇരുവരും പരസ്പരം ഉണർത്തി. ഞാൻ അവിടെ നിന്നു കേട്ടുകൊണ്ടിരുന്നു. അവർ ഈശ്വരപ്രാർത്ഥന ചൊല്ലി വീണ്ടും കിടന്നുറങ്ങിയതേയുള്ളൂ.

ദുർഗ്ഗേശി:—അവർ രണ്ടുപേരും ചേർന്നു കിടപ്പുണ്ടു്.

കേരള സാഹിത്യ അക്കാദമി

പ്രതാപരുദ്രൻ:—'ഈശ്വരാ ഞങ്ങളെ അനുഗ്രഹിക്കണേ' എന്നു ഒരുത്തൻ പറഞ്ഞു. 'തഥാസ്തു' എന്ന് മറേറവനും പറഞ്ഞു. ആരാച്ചാരുടെ കൈകളോടുകൂടിയ എന്നെ അവർ കണ്ടേക്കുമോ എന്നു ശങ്കിച്ച് അവരുടെ ഭയവിഹ്വലശബ്ദങ്ങൾ ശ്രവിച്ചതുകൊണ്ടു അവർ 'ഈശ്വരാ ഞങ്ങളെ അനുഗ്രഹിക്കണെ' എന്നു പറഞ്ഞപ്പോൾ 'തഥാസ്തു' എന്ന പദം എന്റെ കണ്ഠം വരെവന്നു വെളിയിൽ വരാതെ അവിടെ തടഞ്ഞുപോയി!

ദുർഗ്ഗേശി:—അതിനെക്കുറിച്ച് അത്ര ഗാഢമായി ചിന്തിക്കേണ്ട.

പ്രതാപരുദ്രൻ:— തഥാസ്തു എന്നു പറയുവാൻ എന്തുകൊണ്ടു് ഞാൻ ശക്തനായിരുന്നില്ല. ഈശ്വരാനുഗ്രഹം എനിക്ക് അത്യാവശ്യം ആയിരുന്നു. തഥാസ്തു എന്ന പദം എന്റെ കണ്ഠത്തിൽ തട്ടിയിരിക്കുകയും ചെയ്തു.

ദുർഗ്ഗേശി:—ഈ കർമ്മങ്ങളെക്കുറിച്ച് ഈ വിധം ചിന്തിക്കയേ അരുത്. അങ്ങനെയായാൽ അതു നമുക്കു ചിത്തഭ്രമം ജനിപ്പിക്കും.

പ്രതാപരുദ്രൻ:—ഇപ്രകാരം ആരോ ഉച്ചത്തിൽ പറഞ്ഞതുപോലെ എനിക്കു തോന്നി. "ഉറങ്ങരുതേ. മേലാൽ ഉറങ്ങരുതേ, പ്രതാപരുദ്രൻ ഉറങ്ങിക്കിടക്കുന്നവരെ, സുഖനിദ്രചെയ്യുന്നവരെ, വധിക്കുന്നുണ്ട്; വധിക്കുന്നുണ്ട്; നിദ്രയാകട്ടെ പകലിൽ വിവിധചിന്തകളാലും ഉൽക്കണ്ഠയാലും വ്യാകുലീകൃതമായ മനസ്സിനു

ശാന്തിനല്കുന്നു. ദൈനംദിനജീവിതത്തിന്റെ മരണവും ക്ലേശിച്ചു നടത്തുന്ന പണിക്കുള്ള സ്നാനവും പീഡിതമനസ്സുകൾക്കുള്ള താപഹാരിയായ തൈലവും പ്രകൃതിയുടെ ദിനംപ്രതിയുള്ള ഭക്ഷണവിഭവങ്ങളിൽ രണ്ടാമത്തെ ഭക്ഷണദ്രവ്യവും പ്രാണനുള്ള ആഹാരസാധനങ്ങളിൽ പുഷ്ടികസാധനവും ആയ നിദ്രയെ അവൻ ഹനിക്കുന്നു.

ദുർഗ്ഗേശി:—അവിടുന്നെന്താ പറയുന്നതു്.

പ്രതാപരുദ്രൻ:—'ഇനിമേൽ ആരും ഉറങ്ങരുതേ' എന്നു കൂടി അതു ഗൃഹത്തിലുള്ളവരോടെല്ലാം വിളിച്ചു പറഞ്ഞു.

ദുർഗ്ഗേശി:—അങ്ങനെ വിളിച്ചുപറഞ്ഞതാരു്? എന്താ പൂജ്യരായ നാഥാ! ഏതാദൃശമായ പിച്ചു് ഉൽഭ്രാന്തമായ മനസ്സിൽനിന്നു ജനിച്ചതത്രേ എന്നു കരുതിക്കൊണ്ടു് നിങ്ങളുടെ ശ്ലാഘനീയബലത്തെ വിനമ്രമാക്കി വെക്കുക. കുറെ വെള്ളം കൊണ്ടുവന്നു നിങ്ങളുടെ പാണിയിൽനിന്നു് ഈ നിന്ദ്യമായ സാക്ഷ്യത്തെ കഴുകിക്കളയൂ. ഈ കൃപാണങ്ങളെ അവ കിടന്ന സ്ഥലത്തുനിന്നു കൊണ്ടുവന്നതെന്തിനു്? അവ അവിടത്തന്നെ കിടക്കേണ്ടതാണു്. അവയെ എടുത്തുകൊണ്ടുപോവുക, ഉറങ്ങിക്കിടക്കുന്ന ഭടന്മാരുടെ ദേഹത്തിൽ രക്തം പുരട്ടൂ.

പ്രതാപരുദ്രൻ:—ഇനി ഞാൻ അവിടെ ചെല്ലുകയില്ല. എന്റെ പ്രവൃത്തിയെക്കുറിച്ചുള്ള ചിന്ത എന്നെ ഭീതിപ്പെടുത്തുന്നു. അതു് ഒരിക്കൽക്കൂടി നോക്കുക എന്നുള്ളതിനു ഞാൻ തുനിയുന്നതല്ല.

ദുർഗ്ഗേശി:—സ്ഥിരകാര്യനല്ലാത്ത ദേഹം! കൃപാണങ്ങൾ എന്റെ കയ്യിൽ തരിക. ഉറങ്ങുന്നവരും മരിച്ചവരും കേവലം ചുമരിൽ എഴുതിയ ചിത്രങ്ങൾ അത്രേ. പിശാചിന്റെ ചിത്രം ചായമിട്ടു ധച്ചിരിക്കുന്നതു കണ്ടു് ഭയപ്പെടുന്നതു് ശിശുനേത്രം ആണു്. അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നു രക്തം വിനിർഗമിക്കുന്നതായാൽ ഞാൻ അതെടുത്തു രക്ഷിഭടന്മാരുടെ മുഖത്തു തളിക്കും, അതു് അവർ നടത്തിയ പാതകം ആയി തോന്നിക്കണം''.

ഇത്രയും പറഞ്ഞു് അവൾ രാജശയനഗൃഹത്തിൽ ചെന്നു കതകു തട്ടി അകത്തു പ്രവേശിച്ചു. ആ തട്ടുകേട്ടു പ്രതാപരുദ്രൻ ഭീതനായിഃ ഇപ്രകാരം ചിന്തിച്ചു:

''ആ തട്ടു് എവിടേന്നു്? ഇതെന്തു കഥ, ഓരോ ശബ്ദവും എന്നെ ബാധിക്കുന്നു! ഇവിടെ ആരുടെ പാണികൾ ഉണ്ടു്. അയ്യോ! അവ എന്റെ കണ്ണുകളെ വെളിയിൽ പറിച്ചെടുക്കുന്നു. വരുണദേവന്റെ സകലസമുദ്രങ്ങളും ചേർന്നാലും എന്റെ കയ്യിൽ നിന്നു് ഈ രക്തത്തെ നന്നായി കഴുകിയെടുത്തു പാണിയെ ശുചിപ്പെടുത്താൻ ശക്തമാകുമോ? ഇല്ല. പക്ഷേ, ഈ എന്റെ പാണി അമേയമായ പാരാവാരത്തിലെ ശാദ്വലവർണ്ണത്തെ രക്തവർണ്ണമാക്കുവാൻ ശക്തമായിരിക്കും''.

ദുർഗ്ഗേശി മടങ്ങി വന്നു ഭർത്തൃസമീപം എത്തി ഇപ്രകാരം അറിയിച്ചു:—

''എന്റെ കൈകൾ അവിടുത്തെ കൈകളോടു സവർണ്ണമായിരിക്കുന്നു. എന്നാൽ അവിടുത്തെ ഹൃദയംപോലെ ഭീതഭീതയായ വിളറിയ ഹൃദയം ധരിക്കാൻ എനിക്കു ലജ്ജ

യുണ്ടു്. തെക്കേ നടയിൽ ആരോ കതകു തട്ടുന്നതു് കേൾക്കുന്നു. നമുക്കു നമ്മുടെ ശയ്യാഗൃഹത്തിൽ പൊയ്ക്കളയാം. സ്വല്പം വെള്ളം നമ്മുടെ പാണികളെ ശുചിയാക്കും. പിന്നെ എന്തെളുപ്പമായി! അത്രഭവാന്റെ സ്ഥൈര്യം അത്രഭവാനെ ത്യജിച്ചോടിക്കളഞ്ഞു. കതകു തട്ടുന്നതു് ഇനിയും കേൾക്കുന്നു. രാത്രികാലത്തു ഉപയോഗിക്കാറുള്ള വസ്ത്രം ധരിച്ചുകൊൾക. അങ്ങിനെ ചെയ്യില്ലെന്നുവരികിൽ ഈ അവസരം നമ്മെ നാം ഉറക്കൊഴിഞ്ഞിരിക്കുന്നവരാണെന്നു കാണിക്കയും ചെയ്യും; അവിടുന്നു ചിന്താമഗ്നരായി ഭവിക്കാതിരിക്കണേ.”

പ്രതാപരുദ്രൻ തന്റെ കർമ്മത്തെക്കുറിച്ചു ബോധമുള്ളവനായിരിക്കുന്നതിൽപ്പരം തന്റെ ചിന്തകളിൽ മഗ്നനായിക്കിടന്നു് സർവ്വവും വിസ്മരിച്ചിരിക്കുന്നതു നല്ലതു് എന്നു നിശ്ചയിച്ചു. അകത്തു വീണ്ടും കതകുതട്ടു കേട്ടു്, 'കതകിൽ തട്ടി മഹാരാജാവിനെ ഉണർത്തുന്നുവോ? തനിക്കു അദ്ദേഹത്തെ ഉണർത്തുന്നതു് ശക്യമാണെങ്കിൽ കൊള്ളായിരുന്നു' എന്നു തന്നത്താനെ അദ്ദേഹം പറഞ്ഞു.

അദ്ധ്യായം ൬.

പലായനം.

ഈ ദമ്പതിമാർ ഈവിധ സാഹസകൃത്യം നടത്തിയ രാത്രി കാളരാത്രിയായിത്തന്നെ കഴിച്ചുകൂട്ടി. നേരം പ്രഭാതം ആകാറായി: ധീരശാന്തപ്രഭു, രണശൂരപ്രഭു എന്നീ രണ്ടു സചിവന്മാരും തമ്പുരാൻ ഉണരുംമുമ്പെ യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനായി അവിടെ വന്നെത്തി. പ്രതാപരുദ്രന്റെ ഉറക്കറ തുറന്നിരുന്നില്ല. അവിടെ ഉറങ്ങിക്കിടന്ന ദ്വാരപാലകന്മാരെ വളരെ പണിപ്പെട്ടു് അവർ ഉണർത്തി യജമാനൻ ഉണർന്നുവോ എന്നു ചോദിച്ചു. ആ അവസരത്തിൽ പ്രതാപരുദ്രനും സ്വയമേവ ഉണർന്നു് അവരുടെ സമീപത്തെത്തി.

രണശൂരൻ:—സുപ്രഭാതം മാന്യരേ!

പ്രതാപരുദ്രൻ:—സുപ്രഭാതം ഇരുവൎക്കും.

ധീരശാന്തൻ:—പൂജ്യരായ പ്രഭോ! തമ്പുരാൻ പള്ളിയുണർന്നുവോ?

പ്രതാപരുദ്രൻ:—ഇനിയും ഉണർന്നില്ല.

ധീരശാന്തൻ:— നേരത്തെ ഞാൻ ഇവിടെ വരണം എന്നു് കല്പിച്ചിരുന്നു. സമയം അതിക്രമിച്ചുപോയി എന്നു ഞാൻ വിചാരിച്ചു.

പ്രതാപരുദ്രൻ:—ഞാൻ നിങ്ങളെ തിരുമുമ്പിൽ കൊണ്ടാക്കാം.

ധീരശാന്തൻ:—ഇതു ഭവാന്നു് ആനന്ദപൂൎണ്ണമായ ഉപദ്രവം ആണെന്നു് എനിക്കറിയാം, എന്നിരുന്നാലും ഉപദ്രവംതന്നെ.

പ്രതാപരുദ്രൻ:—നമ്മുടെ ഉപദ്രവം നമുക്കു സന്തോഷകരമായിരുന്നാൽ ഉപദ്രവത്തിനു പരിഹാരമാണല്ലൊ! ഇതാണു നട.

ധീരശാന്തൻ:—ഞാൻ വിളിച്ചുണൎത്താൻ ധൈൎയ്യപ്പെടാം. ഇതു കല്പനയായിട്ടുള്ള കാൎയ്യമാണല്ലോ.

തമ്പുരാൻ ഉറങ്ങിക്കിടന്ന അറയിലേക്കു ധീരശാന്തൻ പോയി. പ്രതാപരുദ്രനും രണശൂരനും അവിടത്തന്നെ നിന്നുകൊണ്ടു് സംഭാഷണം തുടൎന്നു.

രണശൂരൻ:— തമ്പുരാൻ ഇന്നു് ഇവിടന്നു് എഴുന്നരുളുന്നുണ്ടോ?

പ്രതാപരുദ്രൻ:— അങ്ങനെയാണു് മുമ്പിലെ നിശ്ചയിച്ചിട്ടുള്ളതു്.

രണശൂരൻ:—കഴിഞ്ഞരാത്രി ഗൎജ്ജനവത്തായിരുന്നു. ഞങ്ങൾ കിടന്നിരുന്നേടത്തു് പുകക്കുഴലുകൾ അടിച്ചു പറന്നുപ്പോയി. ലോകർ പറയുമ്പോലെ ആകാശത്തിൽ വിലാപങ്ങൾ കേട്ടിരുന്നു. ഇവ, മരണം ഹേതുവായുള്ള അസാധാരണ കരച്ചിലും നിലവിളിയും നഗരങ്ങളിൽ തീപിടിത്തവും പ്രജാപ്രക്ഷോഭങ്ങളും വിപ്ലവങ്ങളും ഭയാനകകാലത്തിന്നനുരൂപമായ പുതിയ തരം സന്ത്രാസകാരണങ്ങളും ജനിക്കും എന്നു്, ഉഗ്രവചനങ്ങളാൽ മുമ്പിൽക്കൂട്ടി അറിയിക്കുന്നുണ്ടു്. ആ പിശുനനായ മൂങ്ങ രാത്രി മുഴുവനും മൂളിക്കൊണ്ടിരുന്നു. ഭൂമിതന്നെയും ജ്വരപീഡിതയാ

യിരിക്കുംപോലെ വിളിച്ചുകൊണ്ടിരുന്നു എന്നു ചിലർ പറയുന്നു.

പ്രതാപരുദ്രൻ:—ഇതു കാളരാത്രി തന്നെയായിരുന്നു.

രണശൂരൻ:—ഏതത്തുല്യമായ രാത്രികാലം എന്റെ ചെറുപ്പകാലത്തിൽ ഉണ്ടായിട്ടുള്ളതായി ഞാൻ ഓക്കുന്നില്ല.

ധീരശാന്തൻ പള്ളിയറയിൽ ചെന്നു; അതിലെ കതകു തുറന്നിരുന്നു. ദ്വാരപാലകർ ആകട്ടെ അർദ്ധനിദ്രാലുക്കളായി കിടന്നിരുന്നു. അവരുടെ ദേഹത്തിലും ഖഡ്ഗത്തിലും രക്തം പുരണ്ടിരുന്നു. മഹാരാജാവു് ശയിച്ചിരുന്ന മഞ്ചത്തിൽ നോക്കി; അവിടെ കണ്ട കാഴ്ച അതിലുമധികം ഭയങ്കരം! മഹാരാജാവു ഛിന്നശിരസ്കനായി കിടന്നിരുന്നു. കഷ്ടം! എന്തു മഹാപാതകം! ഈ കാഴ്ച ആൎക്കു സഹിക്കാൻ കഴിയും! ആ വിശ്വസ്തസചിവൻ ഇതികൎത്തവ്യതാമൂഢനായി സംഭ്രമത്തോടുകൂടി വെളിയിൽവന്നു് "അയ്യോ! അത്യാഹിതം! മഹാപാതകം! ഭയങ്കരം! മഹാഭയങ്കരം!! കഷ്ടം! മഹാകഷ്ടം!! നാവിനൊ ചിത്തത്തിനൊ അതു് ഉച്ചരിക്കയൊ സ്മരിക്കയൊ ചെയ്യുന്നതുപോലും അശക്യം! അത്യാഹിതം!!" എന്നു് ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു് ഗൃഹപതിയായ പ്രതാപരുദ്രൻ മുതലായവർ നിന്നിരുന്നേടത്തു് ഓടിയെത്തി. ഈ സംഭ്രമത്തിനുള്ള കാരണം എന്തെന്നു് അവർ ഉൽഭ്രമത്തോടുകൂടി ചോദിച്ചു.

ധീരശാന്തൻ:—നിരുപമമായ സംഹാരവും പ്രണാശവും നടന്നിരിക്കുന്നു. ദേവസ്വാപഹാരരൂപത്തിൽ ഘോരതരമായ മഹാപാതകം! ദേവാലയത്തെ ഹരാൽ

വെട്ടിപ്പിളൎന്ന് അതിൽനിന്ന് ആ ആഗാരപ്രാണനെ കവൎന്നുകൊണ്ടു പോയിരിക്കുന്നു.

പ്രതാപരുദ്രൻ:—അങ്ങ് എന്താ പറയുന്നത്?

രണശൂരൻ:—തിരുമേനി എന്നാണൊ അങ്ങ് പറയുന്നതു്?

ധീരശാന്തൻ:—പള്ളിയറയ്ക്കടുത്തു ചെല്ലു. അവിടെ ദ്രഷ്ടാവിനെ ശിലീഭവിപ്പിക്കുന്നതായ ഒരു ദൎശനം കണ്ടു് നിങ്ങളുടെ ദൃഷ്ടിയെ നശിപ്പിക്കുവിൻ! പറയാൻ എന്നോട് ആജ്ഞാപിക്കേണ്ടാ—നോക്കു. പിന്നീട് നിങ്ങൾ സ്വയമേവ അറിയും. ഇതുകേട്ടു് പ്രതാപരുദ്രനും രണശൂരനും ഉദ്വിഗ്നരായി അവിടെനിന്നുപോയി.

"ഉണൎത്തു, ഉണൎത്തു! ഭയസൂചകമായ മണിയടിക്കു—വധം—കൊലപാതകം—രാജഹത്യ! ഉഗ്രസേനാ! ഇളയതമ്പുരാനെ, രാജകുമാരനെ, ഉണൎത്തു! മരണപ്രായമായ ഈ മൂഢനിദ്രയെ കുടഞ്ഞുകളയൂ. എഴുനീക്കു, എഴുനീക്കു വാസ്തവത്തിൽ ഉള്ള മരണത്തെ തന്നെ ദൎശിക്കു. പ്രളയകാലത്തിൽ ഉള്ള വിചാരണ ദിവസത്തിലെ വിഗ്രഹം ദൎശിക്കു. യുവരാജാവേ, ഉഗ്രസേനാ, നിങ്ങളുടെ പ്രേതക്കുഴികളിൽനിന്നെന്നപോലെ എഴുനീക്കുവിൻ—ഈ ദാരുണകൃത്യത്തിന്, അനുരൂപമായി, പ്രേതതുല്യരായി, നടപ്പിൻ. മണിയടിക്കു" എന്നെല്ലാം ധീരശാന്തൻ വീണ്ടും നിലവിളിച്ചു ആരോടെന്നറിയാതെ പറഞ്ഞു.

ഈ തുമുലം കേട്ടു് ഗൃഹനായിക ശയനഗൃഹത്തിൽനിന്നോടിവന്നു്, "എന്താ സംഗതി! ഇത്ര ഘോരഭീഷണമായ ഭേരീനാദം ഈ ഗൃഹത്തിൽ ഉറങ്ങുന്നവരെ കൂടിയാലോചനക്കായി വിളിക്കുന്ന കാൎയ്യം എന്തു്! പറയൂ,

പറയൂ." എന്നു് ചോദിച്ചു. "ശാന്തയായ ആൎയ്യേ ഞാൻ പറയേണ്ടതായ കാൎയ്യം ഭവതിക്കു ശ്രാവ്യം അല്ല. സ്ത്രീ ശ്രോത്രത്തിൽ അതു് ആവൎത്തിച്ചു പറയുന്നതായാൽ ഓരോ വാക്കും പതിക്കുംപഴേ അതു് അവരെ ഹനിക്കും" എന്നു് ധീരശാന്തൻ പറഞ്ഞു: ആ അവസരത്തിൽ അവിടെ നിന്നിരുന്ന ഉഗ്രസേനനെ നോക്കി "ആൎയ്യാ നമ്മുടെ നാഥനായ മഹാരാജാവു് ഹനിക്കപ്പെട്ടിരിക്കുന്നു" എന്നു അദ്ദേഹത്തിനോടു ധീരശാന്തൻ പുലമ്പുന്നവൻ പോലെ പറഞ്ഞു.

ദുൎഗ്ഗേശി:—കഷ്ടം! അയ്യോ! എന്തു് ഞങ്ങളുടെ ഗൃഹത്തിലോ?

ഉഗ്രസേനൻ:—എവിടെ ആയിരുന്നാൽ എന്തു്? അതികഠിനം! പ്രിയനായ ധീരശാന്ത! നിങ്ങൾ പറഞ്ഞതു അസത്യമായിപ്പോയി എന്നു പറയൂ. ഇതു നടന്നിട്ടില്ലെന്നു പറയൂ.

സത്യസ്ഥിതിയറിയാൻ മഹാരാജാവിൻെറ പള്ളിയറയിലേക്കുപോയിരുന്ന ഗൃഹനാഥനും രണശൂരനും അവിടെ മടങ്ങിയെത്തി: ഗൃഹനാഥൻ ഇപ്രകാരം പറഞ്ഞു:—"അയ്യോ ഇതു നടന്നതിനു ഒരു മുഹൂൎത്തത്തിനു് മുമ്പിലായി ഞാൻ മരിച്ചിരുന്നുവെങ്കിൽ എൻെറ ജീവിതം എത്രഭാഗ്യവത്തായിരുന്നേനേ. എന്തുകൊണ്ടെന്നാൽ ഈ ക്ഷണം മുതൽ ഈ മൎത്ത്യലോകത്തിൽ ജീവിതാപേക്ഷകമായി പ്രധാനപ്പെട്ട യാതൊന്നും എനിക്കു ഇല്ല. സൎവ്വവും കേവലം ക്ഷണപ്രഭമായ കളിപ്പാട്ടം അത്രേ. കീൎത്തിയും ശ്രീയും ഹതകളായി. ജീവിതമധു മുഴുവനും വാറ്റിയെടുക്കപ്പെട്ടുപോയി. ഈ ലോകത്തിൽ അഭിമാനകരമായ സ്വത്തായി ഇനികിടപ്പുള്ളതു മണ്ടിമാത്രമേയുള്ളൂ."

ഉത്തരക്ഷണത്തിൽ പ്രതാപരുദ്രൻ ഓടി മടങ്ങിച്ചെന്ന് ദ്വാരപാലകരെ സ്വഖഡ്ഗത്തിനു ഇരയാക്കി. അടുത്ത അറയിൽ ശയിച്ചിരുന്ന രാജകുമാരർ ഇരുവരും ഈ അതികഠിനവാർത്ത കേട്ടണന്നെഴുന്നേററു ബദ്ധപ്പെട്ടു വെളിയിൽ വന്നു:

രാജകുമാരൻ:—എന്തുദോഷം സംഭവിച്ചു?

പ്രതാപരുദ്രൻ:—അങ്ങുതന്നെ ദോഷപ്പെട്ടുപോയി. അതറിയേണ്ട. അവിടത്തെ ഉത്പത്തിസ്ഥാനം, ശിരസ്സ്, ഭവദ്രക്തപ്രഭാവം, നിറുത്തപ്പെട്ടുപോയി. അതിന്റെ ആദിമൂലസ്ഥാനം അടയ്ക്കപ്പെട്ടുപോയി.

ധീരശാന്തൻ:—അവിടത്തെ പിതാവായ മഹാരാജാവിനെ ഹനിച്ചിരിക്കുന്നു.

യുവരാജാ:—അയ്യോ! ആരു് ഹനിച്ചു?

ധീരശാന്തൻ:—തിരുമേനിയുടെ പള്ളിയറ കാവലായിരുന്ന ഭടർ ചെയ്തിട്ടുള്ളതായി തോന്നുന്നു. അവരുടെ പാണികളും വദനങ്ങളും എല്ലാം രക്തമയമായിരിക്കുന്നു. അവ കഴുകാതെ അവർ അവരുടെ കിടക്കയിൽ കിടക്കുന്നതു ഞാൻ കണ്ടു. അവർ സംഭ്രാന്തരായി മിഴിച്ചുനോക്കി, പിന്നീട് ആകുലരായി. യാതൊരു മനുഷ്യന്റേയും ജീവിതം അവരെ വിശ്വസിച്ചു ഏല്പിച്ചുകൂടാ.

പ്രതാപരുദ്രൻ:—അയ്യോ! എന്നിരുന്നാലും ഞാൻ അവരെ കൊന്നുവെച്ചു. എന്റെ ആവേശത്തെക്കുറിച്ച് ഞാൻ അനുതപിക്കുന്നുണ്ട്.

ധീരശാന്തൻ:—അങ്ങ് അപ്രകാരം ചെയ്തതെന്തിന്!

പ്രതാപരുദ്രൻ:—ആക്കുതന്നെ ഏകകാലത്തു വിവേകിയും സംഭ്രാന്തനും ആയും, ഏകകാലത്തു ശാന്തനും ഉഗ്രനും ആയും, ഏകകാലത്തു പ്രജാവത്സലനും ന്യായാധീശവിൽ ഉദാസീനനായും ഇരിക്കാൻ കഴിയും ? യാതൊരു മനുഷ്യനും സാദ്ധ്യം അല്ല. എന്റെ ത്വരിതമായ ഉഗ്രഭക്തി മന്ദഗതിയായ വിവേചനത്തെക്കടന്ന് ഓടുന്നു. പള്ളിക്കുറപ്പു ഇവിടെയായിരുന്നു. തിരുമേനിയുടെ രജതവർണ്ണമായ ത്വക്കിൽ സുവർണ്ണരക്തംകൊണ്ടു് രേഖകൾ ജനിച്ചിരിക്കുന്നു. അവിടത്തെ പിളർന്ന വായുള്ള മുറിവുകൾ മരണദേവതയുടെ പ്രവേശനദ്വാരംപോലെ കാണുന്നു! അതാ, ഘാതകർ, അവരുടെ തൊഴിലിനടുത്ത വർണ്ണത്തിൽ മുങ്ങിയും അവരുടെ കൃപാണങ്ങൾ അനുചിതമായി രക്തംപുരണ്ടും കിടക്കുന്നു. സ്നേഹിക്കേണ്ടതായ ഹൃദയവും ആ ഹൃദയത്തിൽ സ്നേഹത്തെ അറിയിക്കാനുള്ള ധൈര്യവും ഉള്ള ഏവന്നു് ഇവരെ കൊല്ലാതിരിക്കാൻ കഴിയും ?

ഭോജനമഹോത്സവാവസരത്തിൽ സർവ്വസമ്മോഹനമായ പ്രസന്നമുഖവും ചന്ദനശീതളമായ ഉപചാരവാക്കുകളും പ്രയോഗിച്ചിരുന്ന ആവഞ്ചഹൃദയാകട്ടെ ഈ വാർത്തയെല്ലാം കേട്ടതിൽ നാലാമത്തെ ദുഷ്ടലക്ഷണം എന്നപോലെ അസഹനീയദുഃഖാക്രാന്തയായി ബോധം കെട്ടു് നിലത്തു വീഴാൻ ഭാവിച്ചു. അവൾ അന്തഃപുരത്തിലേക്കു നയിപ്പിക്കപ്പെട്ടു. പിതൃവധം ഏതോ ഒരു തരം അസൽ പ്രതീകാരം ആണു് എന്നു് യുവരാജാവും രാജകുമാരനും നിശ്ചയിച്ചു് തീർച്ചപ്പെടുത്തി.

യുവരാജാ:—ഈ വിഷയം നമ്മുടെ വകയാണെന്ന് അവ കാശപ്പെടേണ്ടതായിരിക്കേ, നാം നാക്കടക്കി വച്ചിരിക്കുന്നതെന്തിന്?

രാജകുമാരൻ:—നമ്മുടെ വിധി ഒരു ഗൂഢസ്ഥലത്തു ഒളിച്ചു വെക്കപ്പെട്ടിരിക്കുന്ന ഇവിടെ നാം എന്തു് പറയേണ്ടതുണ്ടു്. നമ്മുടെ വിധി ഓടിവന്നു് നമ്മെയും അക്രമിച്ചു് പിടികൂടിയേക്കാം. നമുക്കു പൊയ്ക്കളയാം. നമ്മുടെ കണ്ണുനീരു് ഇനിയും വാർത്തിട്ടില്ല.

യുവരാജാ:—പ്രവർത്തനസന്നദ്ധമായിരിക്കുന്ന ദുഃഖവും വെളിയിൽ പ്രവഹിച്ചിട്ടില്ല. നാം വേണ്ടിടത്തോളം വസ്ത്രം ധരിച്ചിട്ടില്ല. ഈ സ്ഥിതിയിൽ കാററുതട്ടിയാൽ തരക്കേടുണ്ടു്. ശരിയായ വസ്ത്രധാരണം ചെയ്തതിൽ പിന്നീടു് നമുക്കു ഒന്നിച്ചിരുന്നു് ഈ അതിഗർഹ്യമായ അഭിദ്രോഹത്തിൻെറ വസ്തുത അറിയുന്നതിനായി വേണ്ടതാലോചിക്കാം. ഭയവും ആശങ്കകളും നമ്മെ വിറപ്പിക്കുന്നു. ദേവദേവൻെറ മഹാപാണിയിൽ ഞാൻ അഭയം പ്രാപിച്ചിരിക്കുന്നു. ഈ ഘോരമായ രാജദ്രോഹത്തിനു് ഇടയാക്കിയ ഗൂഢോദ്ദേശ്യങ്ങളെ എതിൎത്തു ഞാൻ യുദ്ധം ചെയ്യും.

ഈ ആലോചനയിൽ ധീരശാന്തനും യോജിച്ചനുകൂലിച്ചു. "ഞാനും അങ്ങിനെ ചെയ്യാം" എന്നുപറഞ്ഞു. അവിടെ നിന്നിരുന്ന എല്ലാവരും അപ്രകാരം തന്നെ എന്നുസമ്മതിച്ചു.

ധീരശാന്തൻ:—നാം വേഗേന വേണ്ട ഉപകരണങ്ങൾ ധരിച്ചുകൊണ്ടു യുദ്ധത്തിനു ഒരുങ്ങിയിരിക്കാം. അതി

ലേക്കായി ഈ ആസ്ഥാനമണ്ഡപത്തിൽ നമുക്കു ഒന്നിച്ചു കൂടാം.

എല്ലാവരും അങ്ങനെതന്നെ; എന്നുസമ്മതിച്ചു പിരിഞ്ഞുപോയി. രാജകുമാരന്മാർ മാത്രം ഗൂഢമായി വീണ്ടും ആലോചിച്ചു.

യുവരാജാ:—നീ എന്തുചെയ്യാൻപോകുന്നു! നമുക്കു ഇവരോടൊന്നിച്ചിരിക്കേണ്ട. അനുഭൂതമായ വ്യസനംപ്രകടിപ്പിക്കുന്നതു കപടമനുഷ്യന്നസുസാധ്യം. ഞാൻ ഏലാരണ്യത്തിൽ അനന്തപുരനഗരത്തേക്കു ഓടിപ്പോകും.

രാജകുമാരൻ:—വേണാട്ടിലേക്കു ഞാനും- ഈവിധം പിരിഞ്ഞുപോകുന്ന നമ്മുടെഭാഗ്യം നമ്മെ ഇരുവരേയും അധികം സുരക്ഷിതരാക്കും. നാം ഇപ്പോൾ ഇരിക്കുന്നേടത്തു ജനങ്ങളുടെ മന്ദസ്മിതങ്ങളിൽ കൃപാണങ്ങളുണ്ട്. ഒരുത്തന് രക്തബന്ധം അടുത്തിരിക്കുന്തോറും അവനിൽ രക്തമോചകാഭിലാഷവും അടുത്തിരിക്കുന്നു.

യുവരാജാവ്:—ഇപ്പോൾ പ്രയോഗിച്ച മാരണാസ്ത്രം ഇതുവരെ ലക്ഷ്യത്തിൽ കൊണ്ടടച്ചിട്ടില്ല. നമ്മുടെ അത്യന്തം സുരക്ഷിതമായ മാൎഗ്ഗം അതുതട്ടാതെ ഒഴിഞ്ഞുകളയുന്നതാണ്. അതുകൊണ്ടു് കുതിരയിൽ കയറാം. ഇവിടെയുള്ളവരോട് ചോദിക്കാതെ പോയാലോ എന്നുപോലും ശങ്കിക്കേണ്ട; വേഗേന ഓടിക്കളയാം. ഇരക്കം തീരെ ഇല്ലാതിരിക്കുമ്പോൾ ആരുമറിയാതെ ഒളിച്ചോടിപ്പോകുന്നതായ ചോരണം നീതിയായിരിക്കും.

ഇപ്രകാരം തീൎച്ചപ്പെടുത്തി രാജകുമാരന്മാർ ഗൂഢമായി ഓടിപ്പോയി.

അധ്യായം ൻ.

അഭിഷേകം.

ഇതിനിടയ്ക്കു രാജവധവാൎത്താ കാട്ടുതീപോലെ രാജ്യം ഒട്ടുക്കു പടൎന്നുകയറി. ഘാതകൻ ആരാണെന്നറിവാൻ സകലരും ഉൽകണ്ഠിതരായി. സത്യം ലോകൎക്കു് അറിയാനും കഴിഞ്ഞില്ല. പ്രത്യക്ഷത്തെളിവു ലഭ്യമല്ലല്ലൊ. കൃത്യം ചെയ്തവർ സ്വയമേവകുററം ഏററുപറയുമോ? അനുമാന പ്രമാണം ലോകരെ അയഥാൎത്ഥത്തിലേക്കു് നയിപ്പിച്ചു, ജനങ്ങൾ പ്രതാപരുദ്രന്റെ ഗോപുരത്തിൽ തിങ്ങിക്കൂടി നിറഞ്ഞു. കൂട്ടത്തിനുള്ള സത്യസ്ഥിതി മുഴുവനും അറിയാതെ നിന്നിരുന്ന ഒരു വൃദ്ധനും വല്ലഭപ്പുഭവും തമ്മിൽ ഇ പ്രകാരം ഒരു മൂലയിൽനിന്നു സംസാരിച്ചു കൊണ്ടിരുന്നു:—

വൃദ്ധൻ—എനിക്കു ശതാഭിഷേകം കഴിഞ്ഞിരിക്കുന്നു വിംശതിത്രയവും പത്തും കൊല്ലം എനിക്കു നല്ല ഓൎമ്മയുണ്ടു. ഇക്കാലത്തിനിടയ്ക്കു ഭയങ്കരമുഹൂൎത്തങ്ങളും അസാധാരണ കാൎയ്യങ്ങളും ഞാൻ കണ്ടിട്ടും ഉണ്ടു്. എന്നാൽ ഈ ബീഭത്സരാത്രി മുൻ അറിഞ്ഞിട്ടുള്ള കാൎയ്യങ്ങളെയെല്ലാം നിസ്സാരങ്ങളാക്കിയിരിക്കുന്നു.

വല്ലഭൻ—അയ്യോ, അപ്പൂപ്പാ. ആകാശം, മാനുഷപ്രവൃത്തിയാൽ പീഡിതമായിരിക്കും പോലെ, തന്നാടകശാലയായ രക്തം പുരണ്ട ഇഹലോകത്തെ ഭീതിപ്പെടുത്തുന്നു: നോക്കൂ, നേരം വെളുത്തു; എന്നിട്ടും സദാ പ്രത്യുടജ്ജ്യോതിസ്സായ ഭാസ്വാനെ തമോമയമായ രാത്രി

പിടിച്ചു ശ്വാസം മുട്ടിക്കുന്നു. ജാജ്വല്യത്തായ വെളിച്ചം ഭ്രൂമുഖത്തെ ചുംബനം ചെയ്തുകൊണ്ടിരിക്കേണ്ട കാലത്തു ആ മുഖം അന്ധകാരാവൃതമായി തീന്നിരിക്കുന്നതു്, അന്ധന്തമമായ രാത്രികാലം ദിനത്തെ അധഃകരിച്ചു് വിജയം നേടിയിരിക്കുന്നതുകൊണ്ടോ? അതല്ലാ ദിനേശൻ സ്വതേജസ്സിനെ വെളിയിൽ കാണിക്കാൻ ലജ്ജിച്ചിരിക്കുന്നതുകൊണ്ടോ?

വൃദ്ധൻ:—ഇതു് നടന്ന കൃത്യം പോലെ തന്നെ, പ്രകൃതിവിരുദ്ധം. കഴിഞ്ഞ ചൊവ്വാഴ്ച ഖഗാന്തകനായ ഒരു ശ്യേനൻ അവന്റെ അത്യുച്ഛ്രായ നിലയിൽ ചുററി പറന്നു കൊണ്ടിരിക്കവേ എലിപിടിക്കാൻ പോയ ഒരു മൂങ്ങ അതിന്റെ ചിറകിൽ കൊത്തി അതിനെ തിന്നു.

വല്ലഭൻ:—മറെറാരത്ഭുതം; അസാധാരണം-വാസ്തവത്തിൽ നടന്ന കഥ; ധർമ്മദേവ മഹാരാജന്റെ കുതിരകൾ സുന്ദരങ്ങളും ത്വരിതഗതികളും ആയുള്ളവ— ആ വഗ്ഗത്തിലെ വല്ലഭർ; അവ പെട്ടെന്നു് അകാരണമായി ഉന്മത്തങ്ങളും ഭ്രാന്തപ്രകൃതികളും ആയിത്തീന്നു; ലായത്തിൽ കെട്ടിയിരുന്ന കയറു പൊട്ടിച്ചു; വെളിയിൽ ഓടി; അടക്കിനിറുത്തുവാൻ എത്രതന്നെ ആളുകൾ ശ്രമിച്ചിട്ടും ഫലിച്ചില്ല. മനുഷ്യലോകത്തെ എതിത്തു യുദ്ധം ചെയ്യാൻ ഒരുങ്ങിയിരിക്കും പോലെ അവ ഓടിക്കൊണ്ടിരുന്നു.

വൃദ്ധൻ:—അവർ തമ്മിൽ തമ്മിൽ കടിച്ചതിന്നു എന്നു് പറയുന്നുണ്ടു്.

വല്ലഭൻ:—അതേ, അത്യാശ്ചര്യം! എന്തു് വിസ്മയം. എന്റെ കണ്ണുകൊണ്ടു് കണ്ടതാണു്.

അപ്പോൾ ദുൎഗ്ഗാന്തൎഭാഗത്തിൽ നിന്നു് ധീരശാന്തപ്രഭു വെളിയിൽവന്നു. "എന്തു് വൎത്തമാനം സ്നേഹിതാ" എന്നു വല്ലഭൻ ചോദിച്ചു.

ധീരശാന്തൻ:—എന്തു് അങ്ങു കാണുന്നില്ലേ.

വല്ലഭൻ:—ഈ അത്യാഹിതം നടത്തിയതാരെന്നു് വെളിപ്പെട്ടുവോ?

ധീരശാന്തൻ:—പ്രതാപരുദ്രനാൽ ഹതരായവർ.

വല്ലഭൻ:—കഷ്ടം! ഏതുഗുണത്തെ ലക്ഷീകരിച്ചാണു് അവർ അങ്ങനെ പ്രവൎത്തിച്ചതു്?

ധീരശാന്തൻ:—അതിലേക്കു ധനം മുതലായവകൊടുത്തു് അവരെ ആരോ പ്രേരിപ്പിച്ചു. രാജ്യാവകാശികളായ രണ്ടുരാജകുമാരന്മാരും ആരുമറിയാതെ ഓടിക്കളഞ്ഞിരിക്കുന്നു; ഇതു ഈ കൎമ്മത്തെക്കുറിച്ചുള്ള സംശയത്തെ അവരുടെമേൽ ഉറപ്പിക്കുന്നു.

വല്ലഭൻ:—അതും പ്രകൃതിവിരുദ്ധം. അമിതമോഹമേ! നീ നിൻെറ ജീവനു് ഹേതുഭൂതമായുള്ളതിനെ കൊള്ളയിടുമോ? എന്നാൽ രാജസ്ഥാനം പ്രതാപരുദ്രനു ലഭിക്കും എന്നുള്ളതു അത്യന്തം സംഭാവ്യം അത്രേ.

ധീരശാന്തൻ:—അദ്ദേഹത്തിനെ രാജാവായി വരിച്ചുകഴിഞ്ഞു; അദ്ദേഹം രാജ്യാഭിഷേകത്തിനായി ചിദംബരാശ്രമത്തിലേക്കു പോവുകയുംചെയ്തു.

വല്ലഭൻ:—ധൎമ്മദേവമഹാരാജൻെറ ശരീരം എവിടെ?

ധീരശാന്തൻ:—അദ്ദേഹത്തിൻെറ ശരീരം പൂൎവ്വരെ സംസ്കരിച്ചു വച്ചിരിക്കുന്ന വന്ദ്യസ്ഥാനമായ കൊങ്കില്ലിലേ വിഹാരത്തിലേക്കു കൊണ്ടുപോകപ്പെട്ടു.

വല്ലഭൻ:—നഗരത്തിലേക്കു ചെല്ലാം.

ധീരശാന്തൻ:—അവിടെ നടക്കുന്നതെല്ലാം അങ്ങേക്കു നല്ല പോലെ ധരിക്കാം. നമ്മുടെ പഴയവസ്ത്രങ്ങൾ നൂതനവസ്ത്രങ്ങളെ അപേക്ഷിച്ച് ലഘീയസ്സുകളായി ഭവിക്കാതിരിക്കാനായി ഈശ്വരൻ നിങ്ങൾക്കു മാൎഗ്ഗസഹായിയായിരിക്കട്ടെ.

വല്ലഭൻ:—മുത്തശ്ശ, ഞാൻ പോയ്വരട്ടേ.

വൃദ്ധൻ:—ദൈവാനുഗ്രഹം തുണയായിരിക്കട്ടെ. ദുഷ്ടരെ സത്തുക്കളും ശത്രുക്കളെ മിത്രങ്ങളും ആക്കുന്നവൎക്കും തുണയായിരിക്കട്ടെ.

കേരള സാഹിത്യ അക്കാദമി

അദ്ധ്യായം ൰.

ദ്വിതീയോദ്യോഗം.

ദ്വാരപാലകരെ കുറിച്ചുള്ള സംശയവും തെളിവും ബലവത്തായിരുന്നു എന്നുവരികിലും, പ്രതാപരുദ്രനും തത്പത്നിയും ശോകസാഗരമഗ്നതയെ വിജയവത്തായി നടിച്ചു ലോകരുടെ കണ്ണിൽ മണ്ണുവാരി ചൊരിഞ്ഞിരുന്നു എന്നുവരികിലും, ഗുണദോഷങ്ങളേയും കാൎയ്യകാരണങ്ങളേയും യഥാപ്രകാരം ചിന്തിക്കാൻ ശക്തരും ആകപ്പാടെ ചുററുപാടുമുള്ള കിടപ്പുകൾ അറിഞ്ഞിട്ടുള്ളവരും ആയ മിക്കധീമാന്മാരും പ്രതാപരുദ്രനെത്തന്നെ ഘാതകനായി ശങ്കിച്ചിരുന്നതേയുള്ളൂ. മഹാരാജവധത്താൽ ഈ സാധുക്കളായ ദ്വാരപാലന്മാൎക്കു് സാധ്യമായ കാൎയ്യം എന്തു്? ഈ ദാരുണകൎമ്മത്താൽ പ്രതാപരുദ്രനു ലഭ്യം ആയ കാൎയ്യം ആകട്ടെ അതിപ്രബലം.

യുവരാജാവും കനീയാനായ രാജകുമാരനും ഒളിച്ചോടിപ്പൊയ്ക്കളഞ്ഞുവല്ലോ. ദേശം അരാജകമായി. അരാജകത്വദോഷത്തെ ഉടനടി നീക്കേണ്ടതു അത്യാവശ്യമായി ഭവിച്ചു. അടുത്ത രാജ്യാവകാശി പ്രതാപരുദ്രൻ തന്നെയാണെന്നു പൌരവൃദ്ധന്മാർ യോഗം ചേൎന്നു് തീൎച്ചപ്പെടുത്തി. അദ്ദേഹവും ദുർഗ്ഗേശിയും യഥാവിധി അഭിഷിക്തരായി. കിരീടധാരണച്ചടങ്ങുകൾ യഥാവിധി നടത്തിയവരായ പൌരവൃദ്ധന്മാരാലും സചിവന്മാരാലും സേനാപതിമാരാലും അനുയാതനായി പുതിയരാജാവും മഹിഷിയും ആസ്ഥാനമണ്ഡപത്തിൽ എത്തി ഡർബാർ നടത്തി. ഉററ

ബന്ധുവായ ഉഗ്രസേനൻ ഝടിതി യോഗിനീസമാഗമത്തെ സ്മരിച്ച് ഇപ്രകാരം ചിന്തിച്ചു:—

"തനിക്കു ഇപ്പോൾ കിട്ടീ രാജത്വം. ആ യോഗിനികൾ അനുഗ്രഹിച്ചതുപോലെ സകലതും. അതിലേക്കു താൻ അത്യന്തം നിന്ദ്യമായവിധം പ്രവത്തിച്ചു എന്നു ഞാൻ ആശങ്കിക്കുന്നു. എന്നു വരികിലും അതു തൻെറ സന്തതികൾക്കു ലഭിക്കയില്ലാ എന്നും എന്നാൽ ഞാൻ അനേകരാജാക്കന്മാരുടെ മൂലവും പിതാവും ആയിരിക്കും എന്നും അവർ പറഞ്ഞു. അവർ ദീൎഘദൎശിത്വേന പറഞ്ഞവ, പ്രതാപരുദ്രാ! തൻെറ കാൎയ്യത്തിൽ ഫലിച്ചിട്ടുള്ളതുപോലെ സകലതും ശോഭനമായി ഭവിക്കയാണെങ്കിൽ, തനിക്കു നന്മലഭിച്ചു സത്യമായി ഭവിച്ചതുപോലെ, അവ എൻെറ കാൎയ്യത്തിലും ഈശ്വരേച്ഛയെ എന്നെ അറിയിക്കുന്ന ആകാശവാണിയായി തീൎന്ന് എൻെറ ആശകളിൽ എന്നെ പ്രതിഷ്ഠിക്കയില്ലയോ? മനമേ, അടങ്ങിയിരിക്കു! ഇതിലധികം ഒന്നും പറയേണ്ടാ".

ഡർബാറിൽ ആദ്യമായി ഉപചാരം ലഭിച്ചതു ഉഗ്രസേനനു തന്നെയായിരുന്നു; രണശൂരപ്പട്ട പ്രഥമസേനാനിയായി പ്രഖ്യാപനം ചെയ്യപ്പെട്ടു.

അഭിലഷിതമായ മഹോന്നതപദവി ലഭിച്ചിട്ടും പ്രതാപരുദ്രന് സ്വാസ്ഥ്യം ഉണ്ടായിരുന്നില്ല. യോഗിനികൾ കൊടുത്ത അനുഗ്രഹങ്ങളിലും ഭവിഷ്യദ്വാദങ്ങളിലും അതേവരെയുള്ളതെല്ലാം സത്യമായി ഭവിച്ചതു കൊണ്ടു് അതിനടുത്ത പടിയായി പറഞ്ഞകാൎയ്യവും സാധിക്കയേയുള്ളു എന്നുള്ള ചിന്താ അദ്ദേഹത്തിനെ വ്യാകുലപ്പെടുത്താൻ തുടങ്ങി. എന്തുകൊണ്ടെന്നാൽ താൻ രാജാവാകും. എന്നു വരികിലും തൻെറ കാലം കഴിഞ്ഞു് തൻെറ പുത്ര

ന്മാർ രാജാവായി വാഴുകയില്ലാ എന്നും ഉഗ്രസേനന്റെ പുത്രർ രാജ്യം ഭരിക്കും എന്നല്ലേ അവർ പറഞ്ഞിരുന്നതു്.

ഇതിനെത്തന്നെ രാജാഭിഷിക്തൻ വീണ്ടും വീണ്ടും നിർലോഡനം ചെയ്തു.

“ഈ അവസ്ഥയിൽ എത്തിയതുകൊണ്ടൊന്നും ആയില്ല. ഈഅവസ്ഥയിൽ സുസ്ഥനായി ഭവിക്കണം. അതാണു് വേണ്ടതു്. ഉഗ്രസേനനെക്കുറിച്ചുള്ള നമ്മുടെ ഭീതികൾ അഗാധമായി പുതഞ്ഞുകിടക്കുന്നു. ഈ രാജസ്ഥാനലബ്ധിയിൽ ആണു് ഭയപ്പെടേണ്ടകാര്യം ആരംഭിക്കുന്നതു്. അവൻ മഹാസാഹസികൻ. തന്റെ നിർഭീകചിത്തതയോടു് ചേർന്നു തന്റെ വീര്യത്തെ സുരക്ഷിതമായി നയിപ്പിക്കുന്നതായ വിവേചനശക്തിയും അവനുണ്ടു്. അവൻ ജീവിച്ചിരിക്കുന്നുവല്ലോ എന്നുമാത്രമേയുള്ളു എനിക്കു് ഭയഹേതു. മററാരേയും ഞാൻ പേടിക്കുന്നില്ല. ഭീമൻ നിമിത്തമായി ദുര്യോധനന്റെ അന്തഃകരണം എന്നവണ്ണം അവൻ നിമിത്തം എന്റെ അന്തഃകരണം പീഡിതമായിരിക്കുന്നു. ആ യോഗിനികൾ എന്റെമേൽ രാജനാമം പ്രഥമമായി ധരിപ്പിച്ചപ്പോൾ അവരെ അവൻ അധിക്ഷേപിക്കയും അവനോടു സംസാരിക്കാൻ ആജ്ഞാപിക്കയും ചെയ്തു. അപ്പോൾ അവർ ദീർഘദർശികൾ എന്നപോലെ രാജപരമ്പരയുടെ ജനകൻ ആകും എന്നു അവനെ അനുഗ്രഹിച്ചു. എന്റെ ശിരസ്സിൽ അവർ നിഷ്ഫലമായ കിരീടംവച്ചു; എന്റെ പാണിയിൽ വന്ധ്യമായ ചെങ്കോലും തന്നു. എന്റെപുത്രൻ അവയ്ക്കു അവകാശിയാകുകയില്ല എന്നും പറഞ്ഞു. അങ്ങിനെയാണെന്നു വരുകിൽ ഉഗ്രസേനന്റെ സന്താനങ്ങൾക്കു വേണ്ടി ഞാൻ എന്റെ ചിത്തത്തെ പാതക

ഹതമാക്കി. അവൾക്കുവേണ്ടി കരുണാനിധിയായ ധമ്മദേവനെ ഞാൻ കൊന്നിരിക്കുന്നു. എൻെറ ശാന്തിപോതത്തെ വിദ്വേഷം കൊണ്ടു നിറച്ചു. അതും അവൾക്കുവേണ്ടിമാത്രമാണ്. എൻെറ ശാശ്വത രത്നമായ ആ മർത്ത്യാത്മാവിനെ മനുഷ്യന്റെ പൊതുവായുള്ള ശത്രുവിനു നല്കിയതു് അവരെ രാജാക്കന്മാരാക്കുന്നതിനും ഉഗ്രസേനൻ രാജവംശത്തിൻെറ ബീജം നട്ടുവളർത്തുന്നതിനും ഉപകരിച്ചു. ഇപ്രകാരം സംഭവിപ്പിക്കുന്നതിനു പകരം വിധിയേ വരു എന്നു കണക്കിൽ ക്രീടിച്ചുകൊ; ആ മരണം യുദ്ധം ചെയ്യാൻ എന്നെ പ്രേരിപ്പിക്കു".

"അയ്യോ രാജഹത്യ, മിത്രദ്രോഹം, അവിശ്വാസഘാതകത്വം, എന്തിന്, സകലവിധ പാപകമ്മങ്ങളിലും വച്ചു് അത്യന്തം നിന്ദ്യമായ കമ്മങ്ങൾ ചെയ്തു് എൻെറ പാണികളെ കളങ്കിതമാക്കി അതിപാതകച്ചട്ട ഞാൻ ധരിച്ചതു് ഉഗ്രസേനൻെറ പുത്രരെക്കൊണ്ടു രാജലക്ഷ്മീ സ്വയംവരം നടത്തിക്കാനായിട്ടാണോ? ഒരിക്കലും അല്ല. യോഗിനികളുടെ വാക്കിനെ ഇക്കാര്യത്തിൽ വിഫലമാക്കണം." എന്നു് രാജാവു് വിചാരിച്ചുറച്ചു. കശാപ്പുകാരൻ ആർദ്രചിത്തനായി ഭവിക്കുമോ? അവൻെറ ഹൃദയം അധികമധികം വജ്രകഠിനമായി തീരുകയല്ലേയുള്ളു. പ്രാണിവധത്തെ ദൈനന്ദിന കമ്മമായി അനുഷ്ഠിക്കുന്നവന്നു് മനുഷ്യവധം നിസ്സാരമല്ലേ.

ഉഗ്രസേനനേയും അവൻെറ ഏക പുത്രനേയും കൊല്ലുന്നതിനുള്ള അവസ്ഥ ഉണ്ടാക്കുന്നതിലേക്കായി രാജാവു് ഒരു ഭോജനോത്സവം നടത്താൻ നിശ്ചയിച്ചു. കിരീടധാരണോത്സവത്തിൻെറ ആനുഷംഗിക ച്ചടങ്ങായി സങ്ക

ക്ലിപ്പിക്കപ്പെട്ട ഈ സദ്യയ്ക്കു് പ്രധാനാമാത്യന്മാരേയും ഉഗ്രസേനനേയും തത്പുത്രനേയും രാജാവു് ക്ഷണിച്ചു. ആ ക്ഷണപത്രം ലഭിക്കും മുമ്പെ ഉഗ്രസേനൻ അന്നു് അപ്രതീക്ഷിതമായി അരൺമനയിൽ എത്തി. അദ്ദേഹം ദൃഷ്ടിപഥത്തിൽ ആയപ്പോഴെ മഹിഷിയുടേയും രാജാവിൻേറയും കണ്ണുകൾക്കു മഹത്തായ വികാസം ജനിച്ചു. അവർ അധികസന്തോഷം നടിച്ചു.

"ഇതാ വന്നല്ലോ നമ്മുടെ പ്രധാനാതിഥിയായിരിക്കേണ്ട ഉഗ്രസേനപ്രഭു: അദ്ദേഹത്തിനു് അഗ്രസ്ഥാനം നല്കണം" എന്നു രാജാവു് പറഞ്ഞു.

ദുശ്ശീ:—ഇദ്ദേഹം ഇതു വിസ്മരിച്ചിരുന്നാൽ നമ്മുടെ മഹോത്സവത്തിൽ ഒരുവലിയ കുറവായിരിക്കും, സർവ്വഥാ അനുചിതമായും ഇരിക്കും.

പ്രതാപരുദ്രൻ:—അയ്യാ, ഇന്നുരാത്രി ഒരു ഭോജനോത്സവം ഞങ്ങൾ നടത്തുന്നു. അവിടന്നും വരണം എന്നു് അപേക്ഷിക്കുന്നു. ക്ഷണപത്രം കയ്യിൽ കിട്ടും മുമ്പേ അയ്യൻ ഗൃഹം വിട്ടുതിരിച്ചു എന്നു തോന്നുന്നു.

ഉഗ്രസേനൻ:—കല്പനപോലെ. "കല്പിച്ചെങ്കില റാനെന്നല്ലാതിപ്പുരിഷയ്ക്കുങ്ങുരിയാടാമൊ". തിരുമനസ്സിലെ ആജ്ഞകളുമായി എൻെറ കൃത്യങ്ങൾ അഭേദ്യമായി എന്നന്നേക്കും ബന്ധിക്കപ്പെട്ടിരിക്കുന്നു.

പ്രതാപരുദ്രൻ:—ഇന്നുച്ചയ്ക്കുമേൽ വല്ലേടത്തും സവാരിയുണ്ടോ?

ഉഗ്രസേനൻ:—അതേ സ്വാമിൻ,

പ്രതാപരുദ്രൻ:—അങ്ങനെയല്ലായിരുന്നുവെങ്കിൽ ചില കാൎയ്യങ്ങളെ കുറിച്ച് നിങ്ങളുടെ ഉപദേശം വേണ്ടിയിരിക്കുന്നു. ആ ഉപദേശം ഗുരുവും ഐശ്വൎയ്യപ്രദവും ആയിരിക്കും എന്ന് നമുക്ക് നിശ്ചയം ഉണ്ട്, അക്കഥ നാളെയാക്കാം. സവാരി വളരെ ദൂരെയാണോ?

ഉഗ്രസേനൻ:—ഇതിനും അത്താഴത്തിനും ഇടയ്ക്കുള്ള നേരം കൊണ്ട് പോയ്വരാവുന്ന ദൂരമേയുള്ളു. എന്റെ കുതിര പതിവിലധികം നല്ലപോലെ ഗമിക്കാതിരുന്നാൽ മടങ്ങി എത്തുന്നതിനു ഇരുട്ടി ഒന്ന് രണ്ട് മണിക്കൂറായിപ്പോകും.

പ്രതാപരുദ്രൻ:—അത്താഴത്തിനു എത്താതിരിക്കരുത്.

ഉഗ്രസേനൻ:—സ്വാമിൻ, എത്താതിരിക്കയില്ല.

പ്രതാപരുദ്രൻ:—നൃശംസരായ ആ രാജകുമാരർ അവരുടെ ഘോരമായ പിതൃഹത്യയെ ഏററു പറയാതെയും അസംഭാവ്യമായ കള്ളക്കഥകൾ സൃഷ്ടിച്ച് വെളിയിൽ പറഞ്ഞുകൊണ്ടും അനന്തപുരത്തെക്കും മററും ഓടിക്കളഞ്ഞതായി നാം കേൾക്കുന്നു. അതിനെക്കുറിച്ച് നാളെ രാജ്യകാൎയ്യങ്ങൾ ആലോചിക്കുന്ന കൂട്ടത്തിൽ നാം ഇരുവരും ഒന്നിച്ചിരുന്ന് തീർച്ചപ്പെടുത്താം. കുതിരയിൽ കയറിപ്പൊയ്ക്കൊൾക. രാത്രി മടങ്ങിയെത്തുന്നതു വരെ സ്വസ്തി. പുത്രനും കൂടെ യാത്രയുണ്ടോ?

ഉഗ്രസേനൻ:—അതേ, സ്വാമിൻ! ഞങ്ങൾക്കു ഒരു കാൎയ്യം അവിടെ ചെന്നു സാധിക്കാനുണ്ട്.

പ്രതാപരുദ്രൻ:—നിങ്ങളുടെ അശ്വങ്ങളും ദ്രുതഗതികളായും സ്ഥിരപാദങ്ങളായും ഭവിക്കട്ടെ. നിങ്ങളും അവയുടെ പുറത്തുകയറി വേഗേന ക്ഷേമമായി പോയ്ക്കരിക.

ഉഗ്രസേനൻ വിടവാങ്ങിപോയതിൽ പിന്നെ പ്രതാപരുദ്രരാജാവു ജനസംവാസത്തെ മധുരമാക്കുന്നതിലേക്കായി അത്താഴകാലംവരെ താൻ കേളീ ഗൃഹത്തിൽ ഏകാകിയായി കഴിച്ചുകൂട്ടണം എന്നു സങ്കല്പിച്ചിരിക്കുന്നതായി അവിടെ കൂടിയിരുന്ന സകലരെയും അറിയിച്ചുകൊണ്ടു അവരും അക്കാലംവരെ സ്വേച്ഛം വിഹരിച്ചുകൊള്ളുന്നതിനായി പറഞ്ഞയച്ചു.

അദ്ദേഹം വിജനത്വം നേടിയതു മറെറാരു കാര്യത്തിനുആയിരുന്നു. വിരുന്നൂണിനായി വരുന്ന ഉഗ്രസേനനെ മദ്ധ്യേ മാർഗ്ഗം തടഞ്ഞുനിർത്തി കൊല്ലുന്നതിനായി രണ്ടു ഘാതകന്മാരെ ഏർപ്പാടുചെയ്തിരുന്നു. അവർ സ്വാജ്ഞയെ വേണ്ടും വണ്ണം നിർവഹിക്കുമോ എന്നു ബോധ്യപ്പെട്ടുകൊള്ളുന്നതിനായി അവരെ സ്വസന്നിധിയിൽ ഗൂഢമായി ഈ രഹസ്ഥലത്തു വരുത്തി അവരോടു രാജാവു അവരോടു സംഭാഷിച്ചു:—

"ഇന്നലെയല്ലയോ നാം തമ്മിൽ സംസാരിച്ചതു്."

ഒന്നാമത്തെ ഘാതകൻ:—അടിയൻ.

രാജാ:—എന്നാൽ നാം പറഞ്ഞതിനെക്കുറിച്ചു നിങ്ങരം ആലോചിച്ചുവോ? കഴിഞ്ഞ കാലത്തു് നിങ്ങളുടെ ഐശ്വര്യത്തെ ഹനിച്ചതു അവൻ ആയിരുന്നു എന്നു ധരിച്ചുകൊരംക. നിരാപരാധിയായ നാം ആണു് അങ്ങനെ ചെയ്തതെന്നു നിങ്ങരം വിചാരിച്ചിരുന്നു. ഈ സംഗതി

കഴിഞ്ഞതവണ നാം സന്ധിച്ചപ്പോൾ നാം നിങ്ങളെ വ്യക്തമായിബോധ്യപ്പെടുത്തി. നിങ്ങൾ ഏതുവിധത്തിൽ വഞ്ചിതരായി എന്നും ഏതു വിധത്തിൽ നിങ്ങളുടെ പ്രയത്നം വിഫലീകൃതമായി എന്നും ആയുധങ്ങൾ പ്രയോഗിച്ചതു ആരായിരുന്നു എന്നും മററും എല്ലാം നിങ്ങൾക്കു സ്പഷ്ടമാക്കി തെളിയിച്ചു തന്നു. അതുകൊണ്ടു് നിങ്ങളെ ദോഷപ്പെടുത്തിയതു ഉഗ്രസേനൻ തന്നെ എന്നു് അല്പമെങ്കിലും ബുദ്ധിയുള്ളവൻ പറയുന്നനിലയിൽ ആയി.

ഒന്നാമത്തെ ഘാതകൻ- അതേ, തിരുമേനി, ഞങ്ങളെ ബോദ്ധ്യപ്പെടുത്തി.

പ്രതാപരുദ്രൻ:—അതേ നാം ബോദ്ധ്യപ്പെടുത്തിത്തന്നു; എന്നുതന്നെയുമല്ല, ഇനി നമ്മുടെ ഈ ദ്വിതീയ സമാഗമത്തിലെ വിഷയം പറയാം. ഇതു കിടക്കട്ടെ എന്നു ഉപേക്ഷയാ വിട്ടേക്കാൻ തക്കവണ്ണം പ്രകൃത്യാ അത്യധികം ക്ഷമാശക്തിയെ പ്രധാന ഗുണമായി വഹിച്ചിരിക്കുന്നവരാണോ നിങ്ങൾ? ഈ മനുഷ്യന്റെ ശക്തിമത്തായ ഹസ്തം നിങ്ങളെ ശവക്കുഴിയിൽ പിടിച്ചുതള്ളുകയും നിങ്ങളെ എന്നന്നേക്കും യാചകരാക്കയും ചെയ്തിരിക്കേ, അത്ര നല്ല മനുഷ്യന്റെയും അവന്റെ സന്തതികളുടേയും ക്ഷേമത്തിനായി ഈശ്വരനോടു് പ്രാത്ഥിക്കത്തക്കവണ്ണം വേദവാക്യത്തെ പ്രമാണീകരിച്ചു പ്രവത്തിക്കുന്നവരാണോ നിങ്ങൾ?

ഒന്നാമൻ:—തമ്പുരാനേ, ഞങ്ങൾ മനുഷ്യർ തന്നെയല്ലേ.

പ്രതാപരുദ്രൻ:—സാധാരണനിലയിൽ നിങ്ങൾ ആ ഗണത്തിൽ ഉൾപ്പെട്ടവർ തന്നെ. വേട്ടനായ്,

ചെന്നായ്, പറപ്പട്ടി, ചിടപ്പട്ടി ഇവയെല്ലാം നായ് എന്നുതന്നെയാണു് അറിയപ്പെട്ടിരിക്കുന്നതു്. എന്നാൽ ഓരോന്നിന്റെ യോഗ്യതയനുസരിച്ചു അതാതിന്നു് തരാതരംപോലെ വിലയും ഉണ്ടു്. ചിലതു് ദ്രുതഗതിയുള്ളതു്; ചിലതു മന്ദം; ചിലതു് വീട്ടുകാവലിനു് നല്ലതു്; ചിലതു് വേട്ടയ്ക്കു ഉതകും. ഓരോന്നിലും പ്രകൃത്യാ ചിലഗുണങ്ങൾ സംഗ്രഹിതങ്ങൾ ആണു്. ആ ഗുണം അനുസരിച്ചു് ഓരോന്നിനും വിലമതിക്കാറുണ്ടു്. അതുപോലെ തന്നെ മനുഷ്യരും. നിങ്ങൾക്കു് മനുഷ്യഗണത്തിൽ വല്ല സ്ഥാനവും ഉണ്ടെന്നുവരികിൽ അതു എത്രയും അധമമായ നില അല്ലെന്നുവരികിൽ, പറയൂ. അപ്പോൾ നിങ്ങളുടെ ശത്രുവിനെ ദൂരതഃ തള്ളിക്കളയുന്നതും നിങ്ങളെ നമ്മുടെ ദൃഢമായ പ്രീതിബന്ധത്തിന്നു് പാത്രമാക്കുന്നതും ആയ ഒരു കാര്യ്യം നിർവ്വഹിക്കാനായി നിങ്ങളെ ഏല്പിക്കാം. അതു് സാധിപ്പിക്കാൻ ശക്തി നിങ്ങൾക്കുണ്ടു്. നമ്മുടെ ആരോഗ്യവും കുശലവും ആകട്ടെ അവൻ ജീവിച്ചിരിക്കുന്ന കാലത്തോളം അപൂർണ്ണവും ന്യൂനവത്തും ആണു്; അവന്റെ മരണം നിമിത്തം അതു് പൂർണ്ണവും അന്യൂനവും ആയി ഭവിക്കയും ചെയ്യും.

രണ്ടാമത്തെ ഘാതകൻ- തമ്പുരാനേ, അടിയൻ ലോകത്തെ ദ്രോഹിക്കാനായി ഏതു കാര്യ്യവും നിർവ്വിചാരം ചെയ്യാൻ തുനിയത്തക്കവണ്ണം ഇഹലോകത്തിലെ ദുഷ്ട പ്രഹരങ്ങളും മുഷ്ടിപ്രഹരങ്ങളും അടിയനേ ഉത്തേജിപ്പിച്ചിട്ടുണ്ടു്.

പ്രതാപരുദ്രൻ:—ഉഗ്രസേനൻ നിങ്ങളുടെ ശത്രുവായിരുന്നു എന്നു് നിങ്ങളിരുവർക്കും അറിയാം.

രണ്ടാമൻ- സത്യം തന്നെ, പൊന്നുതമ്പുരാനേ.

പ്രതാപരുദ്രൻ:—അവൻ നമ്മുടേയും ശത്രുതന്നെ. അവൻ ജീവിച്ചിരിക്കുന്ന ഓരോ നിമേഷവും നമ്മുടെ ജീവശക്തികളെ ഉഗ്രമായി പ്രഹരിക്കും വിധം അവൻ അത്രവലിയ ആപൽകാരിയായ ശത്രുവത്രെ. നമ്മുടെ അധികാരം മാത്രം പ്രയോഗിച്ച് അവനെ നമ്മുടെ ദൃഷ്ടിയിനു ദൂരീകരിച്ച് മറയത്തു കളയുന്നതിനും ആ പ്രവൃത്തിയെ 'നമ്മുടെ ഇഷ്ടം' എന്നു പറഞ്ഞു സാധുവാക്കുന്നതിനും നമുക്ക് കഴിയും. എന്നുവരികിലും നാം അങ്ങനെ ചെയ്തുകൂടാ. നമുക്കും അവനും ഇരുവൎക്കും മിത്രങ്ങളായ ചിലർ ഉണ്ട്. അവരുടെ പ്രീതി നാം ഇളച്ചു കൂടാത്തതാണ്. നാം തന്നെ അവനെ വധിച്ചാൽ അവൻെറ മരണവാൎത്ത ശ്രവിച്ചു നാം കരയാതിരിക്കാനും നിവൃത്തിയില്ല. അതുകൊണ്ടത്രെ നിങ്ങളുടെ സഹായം നാം കാംക്ഷിക്കുന്നത്. ഗുരുവായ അനേകം കാരണങ്ങളാൽ ഇക്കാൎയ്യം സാധാരണ ജനദൃഷ്ടിയിൽനിന്ന് ഒളിച്ച് വെക്കേണ്ടതായും ഇരിക്കുന്നു.

രണ്ടാമൻ- കല്പനപോലെ ചെയ്യാൻ ഞങ്ങൾ തയ്യാറാണ്.

ഒന്നാമൻ- ഞങ്ങളുടെ ജീവനേപ്പോലും-

പ്രതാപരുദ്രൻ:—നിങ്ങളുടെ ധീരത നിങ്ങളുടെ ദേഹം വഴി പ്രകാശിക്കുന്നു. നിങ്ങൾ എവിടെ ഒളിച്ചു കാത്തു നില്ക്കണം എന്നു, കഷ്ടിച്ച് ഒരു മണിനേരത്തിനുള്ളിൽ, പറയാം. നിരീക്ഷണം കൊണ്ടു് ഗ്രഹിക്കാ

വുന്നിടത്തോളം തത്സംബന്ധമായ സകലാവസ്ഥക ളും നിങ്ങളെ ധരിപ്പിക്കാം. അതു ഇന്നുരാത്രി നടത്തി യേതീരൂ. അതു അരമനയിൽനിന്നു് അല്പം അകലെ വച്ചായിരിക്കണം. നമ്മെ ആരും സംശയിക്കാൻ ഇ ടയാകരുതു് എന്നുള്ളതു് സർവ്വപ്രധാനമാകയാൽ ഓ രൊ പ്രവൃത്തിയിലും ആ വിചാരം മുൻനിറുത്തി വച്ചു കൊള്ളണം. അവനോടു് ചെയ്യുന്ന പ്രവൃത്തിയിൽ യാതൊന്നും കുറവുവച്ചേക്കരുതു്. തെററിപ്പോകയും അരുതു്. അവന്റെ പുത്രൻ അവനോടൊന്നിച്ചു് പോയിരിക്കുന്നു. അവന്റെ അഭാവവും പിതാവി ന്റെ അഭാവത്തെ അപേക്ഷിച്ചു് നമുക്കൊട്ടും അപ്ര ധാനമല്ല. അവനും ആ അന്ധന്തമമായ മഹാ രൗര വത്തിലെ സുഖം അനുഭവിക്കുമാറാകണം. തനിച്ചു് ഒതുങ്ങിയിരുന്നു് ധൈര്യപ്പെട്ടു് തീർച്ചപ്പെടുത്തിക്കൊ ൾക. നാം ഉടൻ വരുന്നുണ്ടു്.

രണ്ടാമൻ:—അടിയങ്ങൾ ഉറച്ചുകഴിഞ്ഞു.

ഈ കശാപ്പുകാരുടെ ദുഷ്ടസങ്കല്പത്തിൽ പ്രതാപരുദ്ര ന്നു് വിശ്വാസം ജനിച്ചു. "ഹാ! ഉദ്ദിഷ്ടകാര്യം സിദ്ധമായി: ഉഗ്രസേനാ, നിന്റേ ആത്മാവിന്റെ പലായനത്തിൽ അ തു് പരലോകത്തിൽ എത്തും എന്നുവരികിൽ ഇന്നുരാത്രി അതു എത്തിത്തീരും" എന്നു് അദ്ദേഹം സ്വയം പറഞ്ഞു പോയി. എന്നുവരികിലും കുററം ചെയ്യുന്നവന്റെ മന സ്സിനുണ്ടോ സ്വാസ്ഥ്യം? അവന്റെ ചിന്താകുലത ക്ഷണേ ക്ഷണേ വർദ്ധിച്ചു വന്നതേയുള്ളൂ. രാജവധം സ്ത്രീ സാഹ സമായിത്തന്നെയിരുന്നിരിക്കേ ഉദ്ദിഷ്ട മിത്രവധത്തിൽ സഹധർമ്മിണിയെ യഥാർത്ഥനായകിയാക്കേണ്ട എന്നു അ ദ്ദേഹം കരുതി.

അദ്ധ്യായം ൨൨.

ഉഗ്രസേനവധം.

മഹിഷി ഭോജനോത്സവത്തിന് വേണ്ടഒരുക്കങ്ങൾ ചെയ്യുന്നതിൽ തൽപരമായിരുന്നുവെങ്കിലും അവൾക്കും ചിന്താകുലത ഇല്ലാതിരുന്നില്ല. അഭീപ്സിതരാജപദവി, മനശ്ശാന്തിയില്ലാതെ ലഭിച്ചതാണല്ലോ. 'ഒന്നിനെ നശിപ്പിച്ചുതൽഫലമായി സന്ദിഗ്ദ്ധമായ ആനന്ദം അനുഭവിക്കുന്നതിൽ പരം നാം നശിപ്പിക്കുന്ന അതേ സാധനമായിത്തന്നെയിരിക്കുന്നതു വരം" എന്നു അവൾക്കു തോന്നിയിരുന്നു. വിരുന്നുകാർ വരുംമുമ്പ ഭർത്താവിനെ കണ്ടു ചില കാര്യങ്ങൾ ആലോചിക്കാനായി അവൾ രാജാന്തഃപുരത്തിൽചെന്നു. ഭർത്താവിന്റെ തൽക്കാലനിലയെ കണ്ടു ഇപ്രകാരം പറഞ്ഞു:—"എന്താ നാഥാ! അത്യന്തം ദുഃഖകാരികളായ ഊഹങ്ങളെ മാത്രം അവിടത്തെ സഹചാരികളാക്കിക്കൊണ്ടു വിജനമായിരിക്കുന്നതെന്ത്? നിശ്ചയമായും നശിച്ചിരിക്കേണ്ടതായ ചിന്തകളെ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതെന്തിന്? അവ മനഃപീഡയെ ജനിപ്പിക്കും. അപരിഹരണീയകാര്യങ്ങളെ കൂട്ടാക്കുകയേ അരുത്; ചിന്തിക്കയേയരുത്. നടത്തിയതു നടത്തിയതുതന്നെ.

പ്രതാപരുദ്രൻ:—നാം സർപ്പത്തെ സ്വല്പം ഉപദ്രവിച്ചതേയുള്ളു, കൊന്നിട്ടില്ല. അതു വേഗേന ചുരുണ്ടു വന്നു സ്വസ്ഥിതിയിൽ ആകും. അപ്പോൾ ക്ഷീണിച്ചു വിദ്വേഷത്തോടു കൂടിയ നാം അതിന്റെ പകയ

വിഷപ്പല്ലു തട്ടുന്നതായ ആപത്തിൽ അകപ്പെട്ടു കിടക്കും. ലോകബന്ധം, ഭൂലോകപ്രാസാദം-ശിഥില മായി പൊളിഞ്ഞു വീഴട്ടെ. നാം നമ്മുടെ ആഹാരം ഭയാകുലരായി ഭക്ഷിക്കും മുമ്പേ, നമ്മെ രാത്രിതോറും ചലിപ്പിക്കുന്നതായ ഈ മഹാഭയങ്കരസ്വപ്നങ്ങ ളാൽ നമ്മുടെ നിദ്ര പീഡിതമാകും മുമ്പേ. ഇഹപര ലോകങ്ങൾ രണ്ടും കഷ്ടതകൾ അനുഭവിക്കട്ടെ. നമു ക്കു ക്ഷേമലബ്ധിക്കായി നാം നിത്യശാന്തി ലഭിച്ചവ രായ മൃതരോടൊന്നിച്ചു വാഴുന്നതു അനവസ്തമായ യാതന അനുഭവിച്ചു കൊണ്ടും നമ്മുടെ ചിത്തത്തെ കഴുവിൽ വച്ചുകൊണ്ടും കിടക്കുന്നതിനെ അപേക്ഷി ച്ചു നല്ലതത്രെ. ധർമ്മദേവമഹാരാജാവു മണ്ണിലടിഞ്ഞു കിടക്കുന്നു. സംക്ഷുബ്ധമായി ജീവിതകാലം നയിപ്പി ച്ചതിൽ പിന്നീടു സുഖനിദ്ര അദ്ദേഹം അനു ഭവിക്കുന്നു. രാജദ്രോഹം അതിൻെറ ആത്യന്തിക ദോഷം നടത്തിക്കഴിഞ്ഞിരിക്കുന്നു. ഉരുക്കു കൊ ണ്ടുണ്ടാക്കിയ അസിലത ആകട്ടെ കാളക്കൂടം ആ കട്ടെ ഗാർഹികവഞ്ചനയാകട്ടെ ശത്രുസേനയാകട്ടെ യാതൊന്നും തന്നെ മേലാൽ അദ്ദേഹത്തെ ഇതിൽ പരം ബാധിക്കയില്ല.

മഹിഷി:—വരൂ എൻെറ മഹനനാഥാ! അവിടത്തെ മുഖവൈവർണ്യത്തിൻെറ ക്രൗര്യത്തെ മൃദുവാക്കൂ. ഇ ന്നുരാത്രി അതിഥിമദ്ധ്യേ പ്രസന്നവദനനും ആനന്ദ ഭരിതനും ആയിരിക്കണേ.

പ്രതാപരുദ്രൻ:—'പ്രേമമേ' ഞാൻ അപ്രകാരംതന്നെയാ യിരിക്കും. ഭവതിയും അപ്രകാരം തന്നെയായിരിക്ക

ണെ. ഉഗ്രസേനനെ പ്രത്യേകം ഓൎമ്മിച്ചു കൊള്ളണം. അവനെ അതിഥികളിൽ അഗ്രഗണ്യനാക്കി കടാക്ഷം കൊണ്ടും ജിഹ്വകൊണ്ടും ഉദാരമായി ഉപചരിക്കണം. നാം അരക്ഷിതരായിരിക്കകൊണ്ടു പ്രശംസാപ്രവാഹങ്ങളിൽ നമ്മുടെ മാനങ്ങളെ ക്ഷാളനം ചെയ്യണം. നമ്മുടെ മഹിമ ശങ്കാസ്ഥാനത്തുനിന്നു് അകന്നിരിക്കത്തക്കവണ്ണം സ്തുതിവാക്യങ്ങൾ പ്രയോഗിച്ചുകൊണ്ടു് നമ്മുടെ വദനങ്ങൾ നമ്മുടെ യഥാൎത്ഥ്യത്തെ മറച്ചുവയ്ക്കട്ടെ.

മഹിഷി:—നാഥാ! ഇതു് പരിത്യജിക്കണേ.

പ്രതാപരുദ്രൻ—: പ്രിയതമെ എന്റെ മനം തേൾവിഷം കൊണ്ടു നിറഞ്ഞിരിക്കുന്നു. ഉഗ്രസേനനും അവന്റെ ഏകപുത്രനും ജീവിച്ചിരിക്കുന്നുണ്ടെന്നു ഭവതിക്കറിയാമല്ലോ.

മഹിഷി—: എന്നാൽ അവരിൽ ദൈവചൈതന്യമായ പ്രാണൻ ശാശ്വതമല്ല.

പ്രതാപരുദ്രൻ:— നമുക്കു മേലും ആശ്വാസകാരണം ഉണ്ടു്. അവർ അഭിയോജ്യരാണു്. എന്നാൽ ഭവതി പ്രഹൃഷ്ടയായിരിക്കു. വാവൽ തൂങ്ങിക്കിടക്കുന്നേടത്തുനിന്നു പറക്കാൻ തുടങ്ങും മുമ്പേ, രാത്രിയുടെ പ്രഥമയാമം പൂൎത്തിയാകും മുമ്പേ, അതിബീഭത്സകൎമ്മം ഒന്നു നടത്തപ്പെടും.

മഹിഷി:— എന്താണാവോ നടക്കാൻ പോകുന്നതു്.

പ്രതാപരുദ്രൻ—: പ്രാണപ്രിയേ, ഭവതി ആ പ്രവൃത്തി നടന്നതറിഞ്ഞു് അഭിനന്ദിച്ചു എന്നെ ശ്ലാഘിക്കും

മുമ്പ അതേതാണെന്ന് അറിയാതിരിക്കുക. നേത്ര നിമീലനകാരിയായ രാത്രിയേ വരൂ. കൃപാപൂരിതമായ പകലിൻെറ കരുണാർദ്രമായ ചക്ഷുസ്സിനെ പൊതിഞ്ഞുകെട്ടു. എന്നെ വിവൎണ്ണനാക്കുന്നതായ ആ മഹാബന്ധത്തെ- ഉഗ്രസേനൻെറ ജീവബന്ധത്തെ- രക്തം കൊണ്ടു പുരണ്ട അദൃശ്യമായ നിൻെറ പാണി കൊണ്ടു അഴിച്ചു ഖണ്ഡംഖണ്ഡമായി ഛേദിച്ചു കളയൂ. ദീപത്തിനു പ്രകാശം അധികരിക്കുന്നു. കാകം കാട്ടിലേക്കുട്ടിലേക്കു പറന്നുപോകുന്നു. പകലിലെനല്ലകാൎയ്യങ്ങൾ ഉറങ്ങി വീഴുന്നു. അതേകാലത്തു തന്നെരാത്രിയിലെ അധമപ്രവൎത്തകരായ വാവൽ, ചെന്നായ്, ഘാതകർ മുതലായവർ തങ്ങളുടെ ഇര തേടാനായി ജാഗ്രതപ്പെടുന്നു. പ്രിയേ, ഭവതി എൻെറവാക്കു കേട്ടു വിസ്മയപ്പെടുന്നുണ്ട്. എന്നാൽ സ്വല്പനേരംകൂടി അടങ്ങിയിരിക്കൂ. ദുഷ്പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞാൽ സ്വയമേവ ബലവത്തരങ്ങളായി തീരുന്നു. എന്നോടൊന്നിച്ചുവരണേ.''

രാജദമ്പതികൾ ഭോജനശാലയ്ക്കു പോകാനായി തിരിച്ചു.

ഇതിനിടയ്ക്കു പ്രതാപരുദ്രനാൽ പ്രേരിതരായ ഘാതകർ കല്പിച്ച് നിർദേശിച്ചിരുന്ന സംഘടനസ്ഥാനത്തുജാഗരൂകരായി ഉഗ്രസേനൻെറ വരവും കാത്തു നിന്നിരുന്നു. അതു് ഒരു ഊടുവഴിയായിരുന്നു. ഇരുവശത്തും ശാഖോപശാഖകളോടുകൂടിയ ചാലവൃക്ഷങ്ങൾ നിബിഡമായി വളൎന്നിരുന്നു. നേരം ഇരുട്ടി. ആ പാത നാരകാന്ധതാമിസ്രമായി തോന്നി. വളരെ അകലെയായി ഏതോ കുതിരകൾ

വേഃഗന വരുന്ന ശബ്ദം കേൾക്കപ്പെട്ടു. അതു വധ്യപുരുഷരുടെ വരവുതന്നെ എന്നു അവർ നിശ്ചയിച്ച് പതുങ്ങി സന്നദ്ധരായിനിന്നു. ഉഗ്രസേനനും പുത്രനും വളരെ സമീപിച്ചപ്പോൾ അവർ ഏകപദേ പെട്ടെന്നു ചാടി ഉഗ്രസേനനെ കുത്തിക്കൊന്നു. അതു കണ്ടു് അദ്ദേഹത്തിന്റെ പുത്രൻവായുവേഗത്തിൽ എവിടെയോ ഓടിപ്പോയി അന്തൎദ്ധാനം ചെയ്തു രക്ഷപ്പെട്ടു.

കേരളസാഹിത്യ
അക്കാദമി

അധ്യായം ൰൨.

ഭോജനോത്സവാമങ്ഗളം.

രാജമന്ദിരത്തിൽ ഉത്സവകോലാഹലം തുടങ്ങി: സംഗീതമേളം നടന്നുകൊണ്ടിരുന്നു. അതിഥികൾ ഓരോരുത്തരായി വന്നെത്തി. മഹിഷി അവരെ പ്രേമപ്രസന്നമുഖത്തോടും പ്രീതിപൂൎണ്ണദൃഷ്ടിയോടും ശീതകിരണോജ്ജ്വലമായ മന്ദഹാസത്തോടുംകൂടി യഥോചിതസ്ഥാനങ്ങളിൽ ഇരുത്തി ഉപചരിച്ചു. മഹിഷിയുടെ സൽക്കാരവിശേഷം ഓരോരുത്തനിലും പ്രതാപരുദ്രന്റെ നേൎക്കുള്ള ബഹുമതിയെയും ആദരത്തെയും സ്നേഹത്തെയും ദ്വിഗുണീഭവിപ്പിച്ചു.

തന്റെ ആജ്ഞയെ ഘാതകർ വേണ്ടപോലെ നിൎവ്വഹിച്ചുവൊ ഇല്ലയോ എന്നു അറിയാൻ ഉള്ള ഉൽകണ്ഠ രാജാവിനു അധികരിച്ചുതുടങ്ങി. വിരുന്നുകാർ വന്നു ഊണുതുടങ്ങുംമുമ്പെ ഘാതകർ സ്വസമീപത്തെത്തി വിവരം അറിയിക്കണം എന്നായിരുന്നു ശാസനം. അവർ താമസിച്ച ഓരോനിമിഷവും പ്രതാപരുദ്രന്റെ അസ്വാസ്ഥ്യത്തിനു മൂൎച്ചകൂട്ടിയതേയുള്ളു.

ഊണുതുടങ്ങുന്നതിനുള്ള മിനിട്ടും അടുത്തു. അതിഥികളായ അമാത്യരെ നേരിട്ടു സൽക്കരിക്കേണ്ടതായ ധൎമ്മം നിൎവ്വഹിക്കുന്നതിനെ ഈ അസ്വാസ്ഥ്യം വിഘ്നപ്പെടുത്താൻ ഇടയാക്കാതെ രാജാവു കഴിയുന്നതും കരുതലോടുകൂടിയിരുന്നു. ഏതായാലും ഭോജനശാലയിൽ എത്തിയേ തീരു എന്നു നിശ്ചയിച്ചു പ്രതാപരുദ്രൻ അവിടെ

എഴുന്നള്ളി. അതേനിമേഷത്തിൽ ഈ ഘാതകരും ഭോജനാഗാരത്തിന്റെ വെളിയിൽ നിർദ്ദിഷ്ടമായ കോണിൽ ചെന്നെത്തിയതു അദ്ദേഹം കണ്ടു. അതിപ്രബലങ്ങൾ ആയ രണ്ടു ശക്തികൾ അദ്ദേഹത്തിനെ പരസ്പരവിപരീതങ്ങളായ രണ്ടുമാർഗങ്ങളിൽ തുല്യശക്തിയോടുകൂടി ആകർഷിച്ചിരുന്നു. പ്രതാപരുദ്രൻ ആദ്യമായി അതിഥികളെ ഉപചരിക്കാൻ തുടങ്ങി.

പ്രതാപരുദ്രൻ:—എന്റെ പൂജ്യരായ അമാത്യരേ! നിഷ്കളങ്കമിത്രങ്ങളേ! നിങ്ങളുടെ സ്ഥാനങ്ങൾ നിങ്ങൾക്കു അറിയാമല്ലോ. യഥാസ്ഥാനം ഇരിക്കുക. ആദിയിലും അന്ത്യത്തിലും സർവദാ നിങ്ങൾക്കു ഹാർദ്ദമായ സ്വാഗതം.

അമാത്യർ:—ഞങ്ങൾ അനുഗൃഹീതരായി.

പ്രതാപരുദ്രൻ:—നാം നിങ്ങളുടെ കൂട്ടത്തിൽ ചേർന്നിരുന്നുകൊണ്ടു സാധുവായ ആതിഥ്യകൃത്തിന്റെ കൃത്യങ്ങൾ യഥാശക്തി നിർവ്വഹിക്കാം. ആതിഥ്യകാരിണിയായ നമ്മുടെ ഗൃഹിണി മാന്യസ്ഥാനത്തിരിക്കും. ശരിയായ സമയത്തു അവർ നിങ്ങളെ ഉപചരിക്കാനായി നാം പറയും.

മഹിഷി:—പ്രാണനാഥാ, എനിക്കു വേണ്ടി, എന്റെ ആളായി നമ്മുടെ ഈ എല്ലാ സ്നേഹിതരേയും ഉപചരിക്കണേ. എന്റെ സ്വാഗതം അവർക്കു നല്കണേ.

പ്രതാപരുദ്രൻ:—നോക്കുക. രാജ്ഞി അവളുടെ ഹൃദയോൽഭൂതമായ കൃതജ്ഞതാവാക്യത്താൽ നിങ്ങളുടെ പ്രവൃത്തിക്കു പ്രത്യുത്തരം പറയുന്നു. നോക്കുക. ഇരുവശത്തും തുല്യമായ എണ്ണം ആസനങ്ങൾ ഇട്ടിട്ടു

ണ്ട്. നാം ഇവിടെ നടക്കു ഇരിക്കും. പ്രമോദം ഉദാരമായും അനിയമന്ത്രിതമായും പ്രദശിപ്പിച്ചു കൊണ്ടിരിക്കണേ. ഇപ്പോഠംതന്നെ ഒരു ചഷകം മധു എല്ലാവരുംകൂടി സേവിക്കാം.

ഈ വിധം ഭോജനത്തിനുള്ള പ്രാരംഭമായി മധുപാനംനടത്തി. പ്രതാപരുദ്രൻ ഇവരെ ഉപചരിക്കാനായുള്ള ഏതോ കാൎയ്യം നടത്താനാണെന്നുള്ള ഭാവത്തിൽ ഘാതകരുടെ വാൎത്തയറിയുന്നതിനായി വേഗേന അവർ നിന്നിരുന്ന മൂലയിൽ എത്തി. കല്പനപ്പടി ആൎക്കും കാണാൻ പാടില്ലാത്തവിധം വെളിയിൽ നിന്നിരുന്ന പ്രധാന ഘാതകനോടായി "എടാ നിൻെറ മുഖത്തു് രക്തക്കറയുണ്ടു്" എന്നു പറഞ്ഞു.

ഘാതകൻ:—എന്നാൽ അതു ഉഗ്രസേനൻേറതാണു്.

പ്രതാപരുദ്രൻ:—അവൻ ഈ ഭോജനശാലയ്ക്കകത്തു ഉണ്ടായിരിക്കുന്നതിനെക്കാഠം അധികം നല്ലതാണു് നീ കതകിനു വെളിയിൽ നിൽക്കുന്നതു്. അവനെ അയച്ചു കഴിഞ്ഞുവോ!

ഘാതകൻ:—അവൻെറ കഴുത്തുവെട്ടിക്കളഞ്ഞു. ഞാനാ അതു ചെയ്തതു്.

പ്രതാപരുദ്രൻ:—നീ ഗളച്ഛേദകരിൽവച്ചു അതിസമൎത്ഥൻ തന്നെ. എന്നിരുന്നാലും ഇതേവിധി ഔഗ്രസേനിക്കു ജനിപ്പിച്ചവൻ ആണു് സമൎത്ഥതരനും നല്ലവനും; അതു ചെയ്തവനും നീയാണെങ്കിൽ നീ അനുപമൻ.

ഘാതകൻ:—പൊന്നുതിരുമേനി, ഔഗ്രസേനി ഒളിച്ചോടി രക്ഷപെട്ടു.

പ്രതാപരുദ്രൻ:—(സ്വഗതം) എന്നാൽ ചിത്തഭ്രമം എനിക്കു വീണ്ടും ജനിക്കുന്നു. സംഗതി അങ്ങനെയായിരുന്നില്ലെങ്കിൽ ഞാൻ അന്യൂനൻ-പാറപോലെ സ്ഥിരപ്രതിഷ്ഠിതൻ-ചുററുമുള്ള വായുമണ്ഡലംപോലെ അനിയന്ത്രിതൻ-സ്വച്ഛാവിഹാരി ആയിരിക്കുമായിരുന്നു. ഇപ്പോഴൊ ആകട്ടെ ഘോരാശങ്കകളാലും ഭീതികളാലും ബന്ധിക്കപ്പെട്ടും അവയ്ക്കു അടിമപ്പെട്ടും കിടക്കുന്നു. അതിരിക്കട്ടെ. (പ്രകാശം) ഉഗ്രസേനന്റെ കഥ നിരുപദ്രവം ആണല്ലോ.

ഘാതകൻ:—അതേ, പൊന്നുതമ്പുരാനേ! മണ്ടയിൽ ഇരുപതുവെട്ടുണ്ട്. ആ മണ്ടയെ അകിഴമായി കുഴിച്ചു കുഴിയിൽ ഇട്ടു മൂടി; അവൻ അവിടെ സുരക്ഷിതൻ ആയി കിടക്കുന്നു. ആ വെട്ടുകളിൽ എത്രയും ചെറുതായ ഒന്നു മതിയാകും അവന്റെ പ്രാണനെ അപഹരിക്കാൻ.

പ്രതാപരുദ്രൻ:—അതു ചെയ്തതു ഉപകാരമായി നീ പൊയ്ക്കോ. നാളെ നാം വീണ്ടും ഇക്കഥ ഒന്നുകൂടി വിസ്തരിച്ചുകേട്ടുകൊള്ളാം.

ഇവരെ പറഞ്ഞയച്ചിട്ടു പ്രതാപരുദ്രൻ അതിഥികളുടെ കൂട്ടത്തിൽ എത്തി. കാളകൂടവിഷസർപ്പം അതാ ഭൂമിക്കുള്ളിലായി എന്നറിഞ്ഞതിൽ സംപ്രീതനായ അദ്ദേഹം ഓടിപ്പോയ കൃമിപ്രായമായ അനന്തശിശു ഉഗ്രവിഷഭരിതമായിതീരുന്ന പ്രകൃതിയുള്ളതാണെന്നു വിചാരിച്ചു ശങ്കിതനായിഭവിക്കാതിരുന്നില്ല. രാജമുഖം ഝടിതി മ്ലാനമായി. അതുകണ്ടു മഹിഷിയും വിഷണ്ണയായിഭവിച്ചു ഇപ്രകാരം പറഞ്ഞു:—

'പ്രാണവല്ലഭനായ ദേവവല്ലഭ! അവിടുന്ന് പ്രസന്ന വദനായി കാണുന്നില്ല. ഈ ഭോജനോത്സവത്തിൻ മദ്ധ്യേ ഗൃഹസ്ഥൻ ഉപചാരവാക്യങ്ങളാലും ആനന്ദപ്രദസം ഭാഷണങ്ങളാലും അതിഥികളെ ഉപചരിച്ചുകൊണ്ടേയിരിക്കുന്നില്ലെന്നുവരികിൽ അതു വിലകൊടുത്തുവാങ്ങിക്കുന്ന ഊണായി ഗണിക്കപ്പെടും. അവനവന്റെ ഗൃഹത്തിൽ കഴിക്കുന്ന ഊണാണ് അത്യുത്തമം.—"അപിശാകം പചാനസ്യ ഗൃഹാ ഏവ സുഖാവഹാഃ". അതിനുവെളിയിൽ ആയാൽ ഭോജനത്തെ അതിമധുരവും ഹൃദ്യവും സ്വാദുതരവും ആക്കുന്നതിനു ചില ഉപചാരങ്ങൾ എല്ലാം വേണ്ടതാണ്. ഈ ഉപചാരങ്ങൾ ഇല്ലെന്നുവരികിൽ സ്നേഹിതന്മാർ ഒരേടത്തു സമ്മേളിക്കേണ്ട ആവശ്യമേയില്ല.

മഹാരാജാവു അമാത്യരോടൊന്നിച്ചു ഊണുകഴിക്കാനായി സിംഹാസനത്തിൽ എഴുന്നരുളുണേ എന്നു രണശൂരപ്രഭു അപേക്ഷിച്ചു. അതുകേട്ട്, "ഇപ്പോൾ ഈ ഭവനത്തിൽ ഈ രാജ്യത്തുള്ള സകല പൂജ്യജനങ്ങളും സമ്മേളിച്ചിരിക്കുന്നു. കൃപാലുവായ ഉഗ്രസേനനെമാത്രം ഇവിടെ കാണുന്നില്ല, എന്തോ യദൃച്ഛാസംഭവം നിമിത്തം ഇവിടെ വരാൻ ഇടയായില്ല എന്നു ഗണിക്കുന്നതിനുപകരം അദ്ദേഹത്തിനു നമ്മുടെനേക്ക് കൃപതോന്നിയില്ല എന്നു ഞാൻ കരുതപ്പെടുത്തുകതന്നെ വേണ്ടതു്" എന്ന് പ്രതാപരുദ്രൻ അരുളിച്ചെയ്തു. അദ്ദേഹത്തിന്റെ അഭാവം അദ്ദേഹത്തിന്റെ വാക്കിനേയും പ്രതിജ്ഞയേയും കളവാക്കുന്നുഎന്നു ഒരു അമാത്യൻ പറഞ്ഞു.

ഇവർ ഈവിധം സംസാരിച്ചുകൊണ്ടിരുന്നതിനിടയ്ക്കു ഒരു അത്ഭുതകർമ്മം സംഭവിച്ചു. ഉഗ്രസേനന്റെ

പ്രേതം സകലൎക്കും അദൃശ്യമായി ആ ശാലയിൽ പ്രവേശിച്ചു് രാജസിംഹാസനത്തിൽ കയറി ഇരിപ്പായി.

പ്രതാപരുദ്രൻ സ്വസ്ഥാനത്തേക്കു നോക്കിയപ്പോൾ അതിൽ ഒരാൾ ഇരിക്കുന്നതായിതോന്നി. അതാരു്? ഉഗ്രസേനൻതന്നെ. തൽപ്രേതത്തെകണ്ടു് രാജാവു ഭീതഭീതനായി വല്ലാതെ അന്ധാളിച്ചു നിന്നുപോയി! രാജാവു് ധീരപുരുഷനായിരുന്നിട്ടും ഘോരരായ രാക്ഷസാദികളെ കണ്ടാൽ പോലും ക്രൂസലില്ലാത്ത പ്രകൃതിയായിരുന്നിട്ടും ഈ പ്രേതരൂപത്തെ കണ്ടതിൽ അദ്ദേഹത്തിന്റെ മുഖം പെട്ടെന്നു വിളറിപ്പോയി. "ഉഗ്രസേനൻ ഹതനായി. ഘാതകർ സ്വപ്രതിജ്ഞകളെ ശരിയായി നിൎവ്വഹിച്ചു." എന്നുള്ള ബോധം ഉണ്ടായിരുന്നിട്ടും അദ്ദേഹം ചലിതഹൃദയനായിതീൎന്നു. മരിച്ചവരുണ്ടോ തിരിച്ചുവരുന്നു എന്നു ദൃഢമായി സങ്കല്പിക്കാൻപോലും അദ്ദേഹം ശക്തനായില്ല: ആദ്ദേഹം "നടുങ്ങി മിഴിയിണ കലങ്ങി വിവശതയിൽ മുങ്ങി". അസൽപ്രതീകാരത്തിനായി ഉഗ്രസേനന്റെ പ്രേതം തന്റെ സിംഹാസനത്തിൽ കയറിയിരിക്കുകയാണെന്നേ അദ്ദേഹം കരുതിയുള്ളു. "ഞാൻ ആണു് തന്നെകൊല്ലിച്ചതു് എന്നു തനിക്കു തീൎത്തു പറയാൻ കഴിയുകയില്ല. തന്റെ രക്തം പുരണ്ട തലമുടി എന്റെ നേൎക്കു ആട്ടികുലുക്കേണ്ടാ" എന്നു അദ്ദേഹം തന്നെത്താനെ പറഞ്ഞുപോയി. പക്ഷേ അവിടെ സമ്മേളിച്ചിരുന്നവരാരും ആ വാക്കുകൾ കേട്ടില്ല.

ആൾ ഇരുന്നിട്ടില്ലാത്തതും രാജാവിന്നായി സങ്കല്പിച്ചുവച്ചിരുന്നതും ആയ ആ ആസനത്തിൽ തന്നെ ബദ്ധദൃഷ്ടിയായി സ്തംഭിച്ചു നിന്ന രാജാവിനെ കണ്ടു് അതിഥികൾ ആയ അമാത്യർ എല്ലാവരും അദ്ദേഹത്തിനു

എന്തോ ചിത്തഭ്രമം ജനിച്ചിരിക്കുന്നതായി ഗണിച്ചു "തിരുമേനിക്കു സുഖമില്ല. നമുക്കു എഴുന്നേല്ക്കാം". എന്നു വല്ലഭപ്രഭു പറഞ്ഞു. പ്രത്യുല്പന്നമതിയായ മഹിഷി അതിഥികളെ ഒരുവിധം സമാധാനപ്പെടുത്തി.

"മാന്യബന്ധുക്കളെ ഇരിപ്പിൻ. എന്റെ നാഥൻ പലപ്പോഴും ഈ വിധം ഇരിക്കാറുണ്ടു്. ബാല്യം മുതല്ക്കേ യുണ്ടു്. നിങ്ങൾ സ്വാസനങ്ങളിൽ ഇരിക്കണേ. ഈ ഭ്രമം ക്ഷണികമത്രേ. സ്വല്പനേരത്തിനുള്ളിൽ അവിടുന്നു സുസ്ഥനാകും. നിങ്ങൾ തിരുമേനിയെ കുറിച്ചു നോക്കുന്നതായാൽ അതു തത്രഭവാന്റെ കോപത്തെ ജ്വലിപ്പിക്കും; ഈ മൂർഛയെ ഉത്തേജിപ്പിച്ചു ദീർഘിപ്പിക്കയും ചെയ്യും. ഊണു കഴിക്കുക. അദ്ദേഹത്തിനെ ഗണിക്കേണ്ടാ". എന്നു മഹിഷി പറഞ്ഞുകേൾപ്പിച്ചു.

അതിഥികൾ ഊണു കഴിക്കാൻ തുടങ്ങി. മഹിഷി രാജാവിനെ അവിടെന്നു അകററികൊണ്ടുപോയി, 'ആര്യൻ പുരുഷനാണോ! അവിടത്തെ പൗരുഷം പമ്പകടന്നുവോ! എന്താ ഈ വിധം മൗഢ്യം കാണിക്കാൻ" എന്നും മററും പറഞ്ഞു ഭർത്സനം ചെയ്തു.

പ്രതാപരുദ്രൻ:—അതേ ഒരു ധീരപുരുഷൻ, പിശാചിനെപ്പോലും പേടിപ്പിക്കുന്ന സാധനത്തെ നിർഭയമായി നോക്കുന്ന ധീരൻ.

മഹിഷി:—ഇതു നല്ലകഥ; ഇതു് അത്ര ഭവാന്റെ ഭീതിയുടെ ചിത്രമേയുള്ളൂ. ഇതു തന്നെയാണു് രാജാവിന്റെ നേക്കു ആര്യനെ നയിപ്പിച്ചുകൊണ്ടുപോയതായി പറഞ്ഞ ആകാശചാലിതമായ ഖഡ്ഗം. അയ്യോ! ഈ ഭയപ്രകമ്പനകളും ഞെട്ടക്കങ്ങളും വാസ്ത

വത്തിലുള്ള ഭീതിഹേതുവെ ഗണിക്കുമ്പോൾ ഛദ്മങ്ങളും വഞ്ചകങ്ങളും ആകയാൽ പഴക്കംചെന്ന കിഴവിയമ്മമാരു പെൺകുട്ടികളോടു പറഞ്ഞു കരപ്പിക്കുന്ന കള്ളക്കഥയെപ്പോലത്തവയാണു്. ലജ്ജയില്ലയൊ അങ്ങേക്കു്? ഈ വിധം മുഖം ചുളുക്കുന്നതെന്തിനു്? എല്ലാം ചെയ്തുകഴിഞ്ഞപ്പോൾ ആര്യൻ പിച്ചനെപ്പോലെ ആസനത്തിൽ ഇരിക്കുന്നയുള്ളു.

പ്രതാപരുദ്രൻ:—അയ്യോ, അതാ ഒന്നു നോക്കണേ! 'നീ എന്തു പറയുന്നു? എനിക്കെന്താ വലിയ കാര്യം? നിനക്കു തല കുനിക്കാൻ കഴിയും എങ്കിൽ സംസാരിച്ചോട്ടെ. ശവക്കുഴികൾക്കുള്ളിൽ അടക്കീട്ടുള്ളവരെ മടക്കിയയച്ചു തരു എന്നുണ്ടെങ്കിൽ നമ്മുടെ ശരീരങ്ങൾ പരുന്തുകൾക്കു ഇരയായിരിക്കും

മഹിഷി:—എന്താ, മൌഢ്യത്താൽ തീരെ പൌരുഷവിഹീനനായിപ്പോയോ?

പ്രതാപരുദ്രൻ:—ഞാൻ ഇവിടെ നിൽക്കുന്നുണ്ടു് എന്നുള്ളതു് സത്യം ആണെങ്കിൽ ഞാൻ അവനെ കണ്ടു എന്നുള്ളതും സത്യം തന്നെ.

മഹിഷി:—ഛീ, ലജ്ജയില്ലേ.

പ്രതാപരുദ്രൻ:—ഇതിനു മുമ്പു പ്രാചീനകാലങ്ങളിലും മനുഷ്യർ ധർമ്മശാസ്ത്രങ്ങൾ നിർമ്മിച്ചു് ദുഷ്ടരെ ശിക്ഷിച്ചു് ശിഷ്ടരാക്കിത്തുടങ്ങിയ കാലത്തിനു മുൻപും മനുഷ്യരക്തം പ്രവഹിക്കപ്പെട്ടിട്ടുണ്ടു്. അതിൽ പിന്നീടും ശ്രവണാരുന്തുദങ്ങളായ വധങ്ങൾ നടത്തപ്പെട്ടിട്ടുണ്ടു്. മുൻകാലത്തു് തല പൊട്ടി മസ്തിഷ്കം വെളി

യിൽ ചാടിയാൽ മനുഷ്യൻ ചാകും: അതോടുകൂടി എല്ലാം അവസാനിക്കും. ഇക്കാലത്താകട്ടെ മനുഷ്യൻെറ ശിരസ്സിൽ മരണകരമായ ഇരുപത്തു വെട്ട് ഏററിരുന്നാലും തന്നിമിത്തം ഇരുപത്തു ക്ഷതങ്ങൾ ജനിച്ചിരുന്നാലും അവൻ ശവക്കുഴിയിൽ നിന്നു എഴിച്ചുവരികയും നമ്മെ നമ്മുടെ ആസനങ്ങളിൽനിന്നു് വലിച്ചുതള്ളുകയും ചെയ്യുന്നു. ഇതു് താദൃശഹത്യയെക്കാൾ അധികം ആശ്ചര്യം അത്രേ".

പ്രാണപ്രിയൻെറ ഭീതി ഒരുവിധം തൽകാലത്തേക്കു കുറഞ്ഞു എന്നു കണ്ടപ്പോൾ മഹിഷി അതിഥികളുടെ കഥ ഓർമ്മപ്പെടുത്തി. ആ പൂജ്യമിത്രങ്ങളുടെ കൂട്ടത്തിൽ തിരുമേനി ചേർന്നിരിക്കാത്തതുകൊണ്ടു് അവർ ഖേദിക്കുന്നതായി അറിയിച്ചു. അതുകേട്ടു് 'രാജാവു് അയ്യോ ഞാൻ അതു മറന്നുപോയല്ലോ' എന്നു് പറഞ്ഞു ആര്യയെ സമാധാനപ്പെടുത്തികൊണ്ടു് ഭോജനോത്സവശാലയിൽ ചെന്നു അവരെ ഇപ്രകാരം അഭിസംബോധനം ചെയ്തു:—

മാന്യസ്നേഹിതരേ, എന്നെ കണ്ടു ഭ്രമിക്കേണ്ടാ. എനിക്കു ഒരു അസാധാരണമായ രോഗം ഉണ്ടു്. അതു അറിഞ്ഞിട്ടുള്ളവർക്കു സാരമില്ല. വരിക, സകലർക്കും ആരോഗ്യവും സ്നേഹവും വർദ്ധിക്കുമാറാകട്ടെ ഈശ്വരാ. ഇനി ഞാൻ ഇവിടെ ഇരിക്കാം. എനിക്കു കുറെ മധു തരൂ. ചഷകം നിറച്ചുതരൂ. ഞാൻ ഇതു ഈ മേശയ്ക്കു ചുററും ഇരിക്കുന്ന എല്ലാവർക്കും, പ്രത്യേകിച്ചും ഇന്നു ഇവിടെ വന്നിട്ടില്ലാത്ത നമ്മുടെ പ്രിയമിത്രം ഉഗ്രസേനനും, ആയുരാരോഗ്യൈശ്വര്യസമൃദ്ധിക്കായി ഈശ്വരനെ പ്രാർത്ഥിച്ചുകൊണ്ടു പാനം ചെയ്യുന്നു. ഹാ, അദ്ദേഹം ഇവിടെ വന്നി

ന്നാൽ എത്ര സന്തോഷം ഉണ്ടായിരുന്നേനെ; സകലക്കും, നാം ആത്തിയോടുകൂടി കാണ്മാൻ കൊതിച്ചിരിക്കുന്ന അദ്ദേഹത്തിനും, മനഃപൂർവ്വമായ മംഗളാശംസകൾ ഞാൻ നല്കുന്നു''.

അതുകേട്ട് അഥിതികളായ അമാത്യരും തിരുമനസ്സിലേ നേക്കുള്ള ഭക്തിബഹുമാനങ്ങൾ സമപ്പിച്ചു.

രാജാവു ഈവിധം മിത്രവൃന്ദവുമായി സരസസംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നതിനിടയ്ക്കു ഉഗ്രസേനന്റെ പ്രേതം വീണ്ടും അടുത്തുചെന്നിരിക്കുന്നതായി രാജാവിനു തോന്നി; ചിത്തഭ്രമം ഝടിതി വീണ്ടും ജനിക്കയാൽ ഇപ്രകാരം പുലമ്പി. "ദൂരെപ്പോ, മാറിപ്പോ, എന്റെ ദൃഷ്ടിപഥം വിട്ടുപോ; ഭൂമി നിന്നെ ഒളിച്ചുവയ്ക്കട്ടെ. നിന്റെ അസ്ഥികൾ മേദോവിഹീനങ്ങൾ. നിന്റെ രക്തം തണുത്തുപോയി; നിന്റെ നയനങ്ങൾക്കു ദർശനശക്തിയില്ല. നീ നേത്രവാനായിരുന്നിട്ടും അന്ധനായിരിക്കുന്നു. ഏതു മനുഷ്യൻ തുനിയുന്നു! ഞാൻ തുനിയുന്നു. നീ കക്കശനായ റഷ്യാക്കരടി അല്ലെങ്കിൽ തടിച്ചതോലുള്ള കാണ്ടാമൃഗം അല്ലെങ്കിൽ ഹക്കായിലെ കടുവാ എന്നപോലെ എന്നെ അടുക്കുന്നു; ഇതൊഴിച്ചു എന്തു രൂപം നീ ധരിച്ചാലും നിന്റെ സ്ഥിരങ്ങളായ ഞരമ്പുകൾ ഒരിക്കലും ചലിക്കയില്ല; അല്ലെങ്കിൽ വീണ്ടും സജീവനായിവന്ന് ഖഡ്ഗപാണിയായി എന്നെഎതിക്കാൻ തുനിയൂ; അപ്പോൾ ഞാൻ ഭീതഭീയായി വിറച്ചുകൊണ്ടിരിക്കുന്നതായാൽ ഞാൻ ആണത്തം ഇല്ലാത്തവൻ എന്നു ഉത്ഘോഷിക്കൂ. ദാരുണമായ ഘോരഛായേ, ഇവിടം വിട്ടു ഓടിപ്പോ: അവാസ്തവമായ കപടരൂപമേ, ഇവിടെന്നു പോ!''

ഇതുകേട്ട് മഹിഷിപോലും പേടിച്ചു. ധൎമ്മദേവ മഹാരാജാവിൻെറ വധം ഏതുവിധം നടന്നു എന്നുള്ള വസ്തുത പ്രതാപരുദ്രൻെറ മുഖത്തു നിന്നുവെളിപ്പെടാൻ ഇടയായേക്കുമോ എന്നുള്ളമഹാഭീതി മഹിഷിക്കു ജനിച്ചു തുകൊണ്ടു അഥിതികളെവേഗേന പറഞ്ഞയക്കുന്നതു് തന്നെനല്ലതെന്നു അവൾ കരുതി. ഇതിനിടയ്ക്കു പ്രേതം വീണ്ടും അന്തർദ്ധാനം ചെയ്തപ്പോൾ പ്രതാപരുദ്രൻ തൽക്കാലം സ്വാസ്ഥ്യചിത്തനായി. "ഹാ അതുപോയി. ഞാൻ വീണ്ടും പുരുഷനായിതീൎന്നിരിക്കുന്നു" എന്നു രാജാവു പറഞ്ഞു.

അപ്പോൾ മഹഷി:—ആയ്യൻ അത്യന്തം വിസ്മയദമായ ആകുലതത്താൽ ആനന്ദത്തെ ദൂരീകരിക്കയും സത്സമ്മേളനത്തെ ഭിന്നിക്കയും ചെയ്യുന്നു.

പ്രതാപരുദ്രൻ:—താദൃശകാൎയ്യങ്ങൾസംഭവിക്കുകയും ജീവിച്ചിരിക്കയും കാർമേഘംപൊലെ നമ്മെ മൂടിഭ്രമിപ്പിക്കയും ചെയ്യുമ്പോൾ അസാധാരണമായ വിസ്മയംജനിക്കയില്ലയൊ? മാന്യബന്ധുക്കളേ,താദൃശ കാഴ്ചയാൽ എൻെറ കപോലം വിവർണ്ണമായിതീൎന്നിരിക്കയും താദൃശകാഴ്ചകൾ കാണുന്നതിനും നിങ്ങളുടെ കപോലങ്ങളിലെ പ്രകൃത്യാഉള്ള അരുണിമ മായാതെ വച്ചുകൊണ്ടിരിക്കുന്നതിനും നിങ്ങൾ ശക്തരായിരിക്കയും ചെയ്യുമ്പോൾ എൻെറ പ്രകൃതിയെ അസാധാരണ പ്രകൃതിയായി ഞാൻ കരുതി കൊള്ളേണ്ടിയിരിക്കുന്നു.

വല്ലഭൻ:—എന്തു കാഴ്ചകളാണു്, തിരുമേനി.

മഹഷി:—നിങ്ങൾ യാതൊന്നും സംസാരിക്കാതിരിക്കണേ. ആയ്യന്നു് രോഗം വൎദ്ധിച്ചുവരുന്നു. നിങ്ങൾ പ്രശ്നം

ചെയ്യുന്തോറും കോപവും ജ്വലിക്കും. ഉടൻതന്നെ എല്ലാവരും പൊയ്ക്കൊൾക. അദ്ദേഹത്തിൻെറ വിട വാങ്ങിക്കാൻ കാത്തിരിക്കേണ്ട. പൊയ്ക്കൊൾക.

രണ്ടാമൻ:—അത്രഭവതിക്കു സുരാത്രം ഭവിക്കട്ടെ. തിരുമനസ്സിലേക്കു പൂർണ്ണസൗഖ്യം ഉണ്ടാകട്ടെ.

മഹിഷി:—എല്ലാവർക്കും സുരാത്രം.

അതിഥികളെ പറഞ്ഞയച്ചിട്ടു ദമ്പതികൾ ശയനഗൃഹത്തിൽ ചെന്നു. ഉറങ്ങാൻ ശ്രമിച്ചു. പ്രേതപ്രവേശനം രാജനിദ്രയ്ക്കു കൂടക്കൂടെ ഭംഗം വരുത്തി; സുഖനിദ്രയുണ്ടായാൽ മാത്രമല്ലേ രോഗശാന്തി ഭവിക്കയുള്ളു. രാജാവിനു സുഖനിദ്ര ഉണ്ടാകാത്തതിനെ കുറിച്ച് മഹിഷിക്കും വലുതായ ക്ലേശം ഉണ്ടായി. ഭോജനോത്സവത്തിൽ അതിഥികളെ വേണ്ടും വിധം ഉപചരിക്കാതിരുന്നതിനായി രാജാവിനെ മഹിഷി ശാസിച്ചു എന്നു വരികിലും ഉറക്കമില്ലായ്കയാൽ തീരാവ്യാധിയും മഹത്തായ ആപത്തും അവിടുത്തേക്കു ജനിച്ചേക്കും എന്നുള്ള ആശങ്ക അവളെ ബാധിച്ചിരുന്നു. നേരംവെളുക്കാറായി. പ്രതാപരുദ്രൻ വീണ്ടും പുലമ്പാൻ തുടങ്ങി. "അതിനു രക്തംവേണം. രക്തത്തിനു പകരം രക്തം എന്നു പറയാറുണ്ട്. ശിലകൾ ചലിക്കുന്നതായും വൃക്ഷങ്ങൾ സംസാരിക്കുന്നതായും പറയാറുണ്ട്. ഭവിഷ്യൽകാര്യങ്ങളെ അറിയിക്കുന്ന ലക്ഷണശാസ്ത്രത്തിൻെറയും അക്കാര്യങ്ങളുടേയും അവയെമുൻകൂട്ടി അറിയിക്കുന്ന ലക്ഷണങ്ങളുടേയും ഇവ തമ്മിൽ ഉള്ളബന്ധത്തിൻേറയും ശരിയായ വിജ്ഞാനവും അത്യന്തം ഗൂഢമായി നടത്തപ്പെട്ടിട്ടുള്ള വധങ്ങളെപ്പോലും കാകാദിപക്ഷികൾ വഴിയായി വെളിപ്പെടുത്തീട്ടുണ്ടുപോലും. പ്രിയേ രാത്രി നേരം എന്തായി."

മഹിഷി:—പ്രഭാതമാകാറായി. ഏതേതാണെന്നു തിരിച്ചറിയത്തക്കവെളിച്ചമായി.

പിന്നീടുണ്ടായ രാജദമ്പതിമാരുടെ സംഭാഷണത്തിനിടയിൽ ധീരശാന്തപ്രഭു ഉത്സവത്തിനു വരാതിരുന്നതിനുള്ള കാരണത്തെക്കുറിച്ച് അവർ വീണ്ടും ചിന്തിച്ചതിൽ ആപ്രഭുവിനെക്ഷണിച്ചിട്ടുണ്ടായിരുന്നുഎന്നും ആ പ്രഭു ആദ്യം മുതൽക്കേ ശത്രുത ഭാവിച്ചു വരികയാണെന്നും ധർമ്മദേവമഹാരാജാവിൻെറ പുത്രരെ തെരക്കിപ്പിടിച്ച് അവരെ വീണ്ടും ക്രമാഗതമായ സിംഹാസനത്തിൽ പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നുണ്ടെന്നും അവൾ തനിത്തനിയായി അറിവുകിട്ടീട്ടുള്ളതായി ഇരുവരും പറഞ്ഞു. രാജകുമാരന്മാരുടെ കക്ഷി പ്രബലപ്പെട്ടുവരുന്നതായും അവർധരിച്ചു. ആ പ്രഭുവിൻെറ ഓരോ പ്രവൃത്തിയേയും ഗൂഢമായി നല്ലപോലെ ഗ്രഹിച്ച് തന്നെ ഉടനടിഅറിയിക്കുന്നതിനായി ആപ്രഭുവിൻെറ വിശ്വസ്തഭൃത്യരിൽ ചിലൎക്ക രാജാവു പ്രത്യേകം ഗൂഢവേതനം കൊടുത്തു ഏൎപ്പാടു ചെയ്തു. ചാരചക്ഷുസ്സല്ലേരാജാവ്. ധീരശാന്തൻ തൻെറ ശ്രേയോഭിവൃദ്ധിക്കുപ്രതിബന്ധമായി നിൽക്കുന്നതായാൽ അവനും ധർമ്മദേവൻെറ ഗതിനല്കണം എന്നുപ്രതാപരുദ്രൻ നിശ്ചയിച്ചു. ശത്രുസംഹാരം ക്ഷത്രിയ ധർമ്മങ്ങളിൽ പ്രഥമഗണനീയമാണല്ലോ. അതുകൊണ്ടു് രാജാവുമഹിഷിയെ ഇപ്രകാരം അറിയിച്ചു. "എൻെറ ഭാവിശ്രേയഃ പിശുനകളായി തീൎന്നിരിക്കുന്ന ആ യോഗിനികളെ ചെന്നു കാണാം. അവർക്കൂടുതൽ കാൎയ്യങ്ങൾ പറഞ്ഞുതരും. ആത്യന്തികമായ ദോഷം സംഭവിക്കുന്നതായാലുംസകലതും അറിഞ്ഞുതീരു എന്നുള്ള ബദ്ധപ്പാട്ടിൽ ഇരിക്കയാണു് ഞാൻ. സകലതും എൻെറ ആത്മഗുണത്തിനു ഹേതു

ഭൂതമായിരിക്കും. ഞാൻ രക്തവാഹിനിയിൽ ഇറങ്ങി ഏതാനും ദൂരം നടന്നു പോയിക്കഴിഞ്ഞു. ഇനി ശേഷമുള്ള ദൂരം കൂടി അതിലൂടെ നടന്നു പോയില്ലെന്നു വരികിൽ മടങ്ങിവരുന്നതു മറുകരയിലെത്തുന്നിടത്തോളം ദുർഘടവും ദുഷ്കരവും ആയിരിക്കും. എന്റെ തലയിൽ ചില വിശേഷപ്പെട്ട കാൎയ്യങ്ങൾ ആലോചനയിൽ കിടക്കുന്നു. അവയെ മററുള്ളവർ സൂക്ഷ്മമായി പരിശോധിച്ചു ഗ്രഹിക്കും മുമ്പെ ഞാൻ നിശ്ചിതകാൎയ്യം നടത്തിത്തീരണം.

മഹിഷി:—സകലപ്രകൃതികളേയും സുസ്ഥിതിയിൽ ആക്കിവെക്കുന്നതായ നിദ്ര അത്ര ഭവാന്നു് ഇല്ലാതിരിക്കുന്നു.

കേരളസാഹിത്യ അക്കാദമി

പ്രതാപരുദ്രൻ:—വരു. നമുക്കു ഉറങ്ങാൻ പോകാം. ഞാൻ അസാധാരണപ്രകൃതി കാണിച്ചതു നടാടെ ദുഷ്കൎമ്മം പ്രവൎത്തിക്കുന്നവൎക്കു സ്വയമേവ ജനിക്കാറുള്ള ഭീതി നിമിത്തം ഉണ്ടായതാണു്; പാതകങ്ങൾ ചെയ്തു് മനസ്സിനു ശിലാദാർഢ്യം ജനിപ്പിക്കുമ്പോൾ അതു മാറും. നാം പാപകൎമ്മങ്ങൾ തുടങ്ങീട്ടെയൊള്ളു.

അദ്ധ്യായം ൧൩.

ഗൂഢാലോചന.

ധർമ്മദേവന്റെ പുത്രരെ വീണ്ടും വാഴിക്കുവാൻ യത്നിക്കുന്ന കക്ഷി പ്രബലപ്പെട്ടു വരുന്നതായി രാജാവു് അറിയാനിടയായി. വിശ്വസ്തനാണെന്നു പ്രതാപരുദ്രർ കരുതിയിരുന്ന രണശൂരപ്രഭുവും മറെറാരു പ്രഭുവുംകൂടി ഒരു പെരുവഴിയിൽ വച്ചു സംസാരിച്ചുകൊണ്ടിരുന്ന വർത്തമാനം ഒരു ചാരൻ അറിയിച്ചു:—ആ സംഭാഷണം ഇപ്രകാരം ആയിരുന്നു:—

രണശൂരൻ:—എന്റെ പൂർവ്വസംഭാഷണം നിങ്ങളുടെ ചിന്തകളെ പരാമർശിച്ചതേയുള്ളു. മററുദാഹരണങ്ങൾ കാണിക്കുവാനും ,അവയ്ക്കു കഴിയും. കാര്യങ്ങൾ അസാധാരണമായ വിധം നടത്തപ്പെടുന്നു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. കരുണാവാരിധിയായ ധർമ്മദേവമഹാരാജന്റെ നേർക്കു പ്രതാപരുദ്രനു സ്നേഹവും കനിവും തോന്നിയിരുന്നു. ആ തിരുമേനി ചത്തു. അതിധീരനായ ഉഗ്രസേനൻ കാലം തെററി നടന്നു. അദ്ദേഹത്തിനെ ഏകസഹചാരിയായിരുന്ന സ്വപുത്രൻ കൊന്നു എന്നു നിങ്ങൾ പറയുമായിരിക്കാം; ഔഗ്രസേനൻ ഓടിക്കളകയും ചെയ്തു: കേരളദേവനും കൊച്ചുതമ്പുരാനും സ്വപിതാവിനെ കൊന്നതു് എത്ര ഭയാനകവും അസംഗതവും ആണെന്നു വിചാരിക്കപോലും സാധ്യം ആണൊ? ഏകപദേ പിതൃഹത്യയും രാജഹത്യയും- അതിനിന്ദിതകർമ്മം. അതിൽ പ്രതാപരുദ്രനു ജനിച്ച

വ്യസനം വിശേഷം തന്നെ. മദ്യപാനം ചെയ്തു് പ്രജ്ഞാവിഹീനരായി നിദ്രയ്ക്കു അടിമപ്പെട്ടു കിടന്നിരുന്ന രണ്ടു പാതകികളെ, അദ്ദേഹം രാജവധജമായ ക്രോധാവേശത്താൽ ഉടൻതന്നെ വെട്ടിക്കൊന്നില്ലേ! അതു ശ്ലാഘ്യപ്രവൃത്തിയല്ലേ! അഃത, വിവേകവത്തായും നടത്തപ്പെട്ടു. അവർ ഈ പാതകം ചെയ്തിട്ടില്ലെന്നു നിഷേധിക്കുന്നതായാൽ ആ വിവരം കേൾക്കുന്ന ഏതു ജീവസ്വരൂപനേയും ക്രുദ്ധിപ്പിക്കുമായിരുന്നു. അതുകൊണ്ടു കേട്ടോ, അദ്ദേഹം സകല കാൎയ്യവും വേണ്ടും വിധം നടത്തീട്ടുണ്ടു്. ധൎമ്മദേവപുത്രർ തദധീനരായിരുന്നാൽ—ഈശ്വരാജ്ഞ അപ്രകാരം ആയിരുന്നാൽ—അദ്ദേഹം അപ്രകാരം ചെയ്യുകയില്ല. പിതൃഹത്യാഫലം അവർ നിശ്ചയമായും അനുഭവിക്കുമായിരുന്നു. ഔഗ്രസേനനും അങ്ങനെ തന്നെ. അതിരിക്കട്ടെ. ധീരശാന്തൻ അപ്രീതനായി ജീവിച്ചിരിക്കുന്നു എന്നു ജനപ്രവാദത്തിൽ നിന്നും അദ്ദേഹം മഹാരാജാവിന്റെ ഭോജനോത്സവത്തിനു വരാതിരുന്നതിൽ നിന്നും ഞാൻ അറിയുന്നു. രാജകുമാരർ എവിടെ പാൎക്കുന്നു എന്നു പറഞ്ഞു തരാമോ!

പ്രഭു:—ഈ നൃശംസനായ രാജാവു, ഏവന്റെ രാജാവകാശം അപഹരിച്ചു് ധരിച്ചിരിക്കുന്നുവോ ആ യുവരാജാവു്, ധൎമ്മദേവന്റെ സീമന്തപുത്രൻ, അനന്തപുരത്തിലെ തമ്പുരാനെ ശരണം പ്രാപിച്ചിരിക്കുന്നു. ആ തമ്പുരാൻ യുവരാജനു് അഭയദാനം നല്കി സകലവിധ രാജോപഭോഗങ്ങളും കൊടുത്തു സ്വഗൃഹത്തിൽ താമസിപ്പിച്ചിരിക്കുന്നു. രാജലക്ഷ്മിയും ഭാഗ്യശ്രീയും തന്നെ ഉപേക്ഷിച്ചിട്ടില്ലാ എന്നുള്ള

നിലയിൽ ഈദൃശോപചാരങ്ങൾ നിമിത്തം ആ യുവരാജാവു് പ്രത്യാശാഭരിതനായി ജീവിക്കുന്നു. അദ്ദേഹം സോത്സാഹം ശത്രുസംഹാരയത്നം നടത്തിവരുന്നു. തന്നെ സഹായിക്കാൻ രണധീരനായ സേനാധീശൻ ഉഗ്രപാണ്ഡ്യദേവനേയും മററു സേനാനികളേയും ഉത്സാഹിപ്പിക്കുന്നതിനും ആ നിഷ്കളങ്കനായ യുവരാജന്റെ ഉദ്യമത്തെ ഉജ്ജ്വലിപ്പിക്കുന്നതിനും ആയി ധീരശാന്തപ്രഭു അനന്തപുരത്തേക്കു പോയിരിക്കുന്നു.

ഇവരുടെ സഹായത്താലും സർവ്വനിയന്താവിന്റെ കാരുണ്യത്താലും നമുക്കു ഒരിക്കൽ കൂടി മനസ്സടങ്ങി ഊണു കഴിക്കയും രാത്രി നിശ്ചിന്തരായി ഉറങ്ങുകയും രക്തംപുരണ്ട വാളലകുകളുടെ യഥേച്ഛഭോജനങ്ങളിൽ നിന്നു വിമുക്തരായി ന്യായാവകാശിയായ രാജാവിനെ ഭക്തിപൂർവ്വം തൊഴുതുമാനിക്കയും സ്വതന്ത്രരും നിരപരാധികളും ആയ പ്രജകൾക്കു ന്യായമായി ലഭിക്കേണ്ട ബഹുമതികൾ ലഭിപ്പിക്കയും ചെയ്യാൻ കഴിയും. ഇവയെല്ലാവററിനും ആകുന്നു നാം ഇപ്പോൾ ഉത്സുകരായി സോൽകണ്ഠം അഭിലഷിക്കുന്നതു്. ഈ വർത്തമാനം പ്രതാപരുദ്രരാജാവിനെ ക്രമത്തിലധികം സംക്ഷോഭിപ്പിക്കയാൽ അവിടുന്നു യുദ്ധോദ്യോഗങ്ങൾ സ്വല്പമായി നടത്തിത്തുടങ്ങിയിരിക്കുന്നു.

രണശൂരൻ:—അവിടുന്നു ധീരശാന്തനെ ആളയച്ചു ക്ഷണിച്ചുവോ!

പ്രഭു:— അതേ, വിളിപ്പിച്ചു. മൂർഖൻ ആയ ആ ദൂതൻ എന്നെ കണ്ടിട്ടു് "ഞാൻ നിങ്ങളെ ക്ഷണിക്കുന്നില്ല" എന്നു പറഞ്ഞുകൊണ്ടു് പൃഷ്ഠം തിരിഞ്ഞു പൊയ്ക്കളഞ്ഞു. "ഇതിനു പ്രത്യുത്തരഭാരം എന്നിൽചുമത്തിയ

നേരത്തേക്കുറിച്ച് അങ്ങേക്ക വ്യസനിക്കേണ്ടിവരും എന്നുപറയുന്നവൻപോലെ അവൻ മൂളിക്കൊണ്ടു പോയി.

രണശ്ശൂരൻ:—അവൻെറ വിവേചന ശക്തിക്കു തക്കവണ്ണം അവൻ അകന്നിരിക്കുന്നതു നിമിത്തം അവൻ വളരെ കരുതൽ കാണിക്കേണ്ടതുതന്നെ യായിരുന്നു. പാവനശക്തികളായ വല്ല സൽത്വവതകളും എല്ലാരണ്യത്തിലെ രാജധാനിയിൽ ഓടിച്ചെന്നു ഒരു ശപ്തമായ പാണിനിമിത്തം കഷ്ടം അനുഭവിക്കുന്ന നമ്മുടെ ഈ രാജ്യത്തിനു ഈശാനുഗ്രഹം വേഗേന വീണ്ടും ലഭിക്കാൻ ഇടയുണ്ടു എന്നുള്ള വാൎത്ത ആ യുവരാജാവു ഇവിടെ വരുമ്മുമ്പേ ആ തിരുമേനിയെ അറിയിക്കുമാറാകണേ.

പ്രഭു:—ഞാൻ ഏതാദൃശപ്രാൎത്ഥനകൾ അദ്ദേഹത്തിനു അയക്കാം.

അധ്യായം ൧൪.

ഘോരദൎശനം.

മഹിഷിയുടെ അനുമതിയോടുകൂടി പ്രതാപരുദ്രൻ യോഗിനീദൎശനത്തിനായി മഹാരണ്യത്തിൽ അൎദ്ധരാത്രി എത്തി. അതു അവർ ആഭിചാരകൎമ്മത്തിനു വേണ്ട കരാള കൎമ്മങ്ങൾ നടത്തിവന്നിരുന്ന അവസരം ആയിരുന്നു. അവർ പഴയ ചങ്ങാതിയെ സൽക്കരിച്ചു.

പ്രതാപരുദ്രൻ:— എന്തൊഹേ, ഗൂഢപ്രവൃത്തികൾ നടത്തുന്ന കരാളരായ രാത്രിസഞ്ചാരികളേ, നിങ്ങൾ എന്തു ചെയ്യുന്നു.

എല്ലാവരും—ഒരു പേരില്ലാക്കാൎയ്യം.

പ്രതാപരുദ്രൻ:— ഏതുവിധം നിങ്ങൾ അറിയുന്നതായാലും, എന്റെ പ്രശ്നത്തിനു മറുപടി പറയണേ എന്നു നിങ്ങളുടെ വൃത്തിവിശേഷത്തെ കൊണ്ടു ആണയിട്ടു ഞാൻ പ്രാൎത്ഥിക്കുന്നു. നിങ്ങൾ മരുത്തുക്കളുടെ കെട്ടഴിച്ചു് ദേവാലയധ്വംസനത്തിനായി അവയെ അയക്കുന്നതായാലും നുരയും പതയും ചേൎന്നു പൎവ്വതപ്രായമായി പൊങ്ങിവരുന്ന തിരമാലകളായി ഭവിച്ചു കപ്പലുകളെ നശിപ്പിച്ചു വിഴുങ്ങിക്കളയുന്നതായാലും പക്വമായ കതിരുകൾ അടിഞ്ഞു നിലംപതിക്കയും മഹാമരങ്ങൾ സമൂലച്ഛിന്നമായി താഴെ വീഴുകയും ചെയ്യുന്നതായാലും ദുർഗപ്രാസാദങ്ങൾ ഇടിഞ്ഞു അവയുടെ പാലകരുടെ തലകളിൽ പതിക്കുന്നതായാലും രാജഗൃഹങ്ങളും ചൈത്യങ്ങളും

അടിവാനത്തിൽ നിന്നു ചാടഞ്ഞുപോകുന്നതായാലും ധൎമ്മരാജൻ പോലും പ്രവൃത്തികളാൽ ക്ഷീണനായി ഭവിച്ചുപോയോ എന്നു തോന്നുമാറു സകല ജീവികളുടേയും ബീജങ്ങളായ പഞ്ചമഹാഭൂതങ്ങൾ തന്നെയും ആശാവിഹീനമായി നശിപ്പിക്കപ്പെടുന്നതായാലും നിങ്ങൾ ഞാൻ ചോദിക്കുന്നതിനുത്തരം പറയുക.

പ്രഥമ- പറയൂ.

ദ്വിതീയാ—ചോദിക്കൂ.

തൃതീയാ— ഞങ്ങൾ ഉത്തരംപറയാം.

പ്രഥമാ- അതു ഞങ്ങളുടെ വദനത്തിൽനിന്നു കേൾക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ അതല്ല ഞങ്ങളുടെ നായിക പറഞ്ഞുകേൾക്കാൻ ഇച്ഛിക്കുന്നുവോ?

പ്രതാപരുദ്രൻ:— ആ മഹതിയെ വിളിക്കൂ; ഞാൻ അവരെ കാണട്ടെ.

പ്രഥമാ—തൻെറ ഒൻപതു കുട്ടികളെ തിന്നതായ പന്നിയുടെ രക്തം ഒഴിക്കൂ. തൂക്കമരത്തിൽനിന്നു ഇററിററുവീണതായ കൊഴുപ്പിനെ ഹോമിക്കൂ.

എല്ലാവരും— മേലാവിലുള്ളവരും കീഴിലുള്ളവരും സൎവരും വരുവിൻ. നിങ്ങളുടേ ദേഹത്തേയും സ്ഥാനത്തേയും സമൎത്ഥമായി കാണിപ്പിൻ:

ഈ ആജ്ഞകേട്ട് ഇടി, ഒന്നാമത്തെഭൂതം. ആയുധം ധരിച്ച ഒരു തല, ഇവ അവിടെ വന്നെത്തി.

'എടാ അജ്ഞാതമായ ശക്തിയേ, എന്നോടുപറയൂ' എന്നുരാജാവു ചോദിച്ചു.

പ്രഥമാ:—അവന്നു നിങ്ങളുടെ വിചാരം അറിയാം. അവൻെറ പ്രസംഗം കേൾക്കൂ. നിങ്ങൾ യാതൊന്നും ഉച്ചരിച്ചുപോകരുതു്.

ഒന്നാമത്തെ ഭൂതം:—"പ്രതാപരുദ്രാ, പ്രതാപരുദ്രദേവാ, പ്രതാപരുദ്രരാജാവേ," എന്നു ആഹ്വാനം ചെയ്തു കൊണ്ടു 'ധീരശാന്തപ്രഭുവിനെക്കുറിച്ചു കരുതലോടിരിക്കൂ'; എന്നുപറഞ്ഞു മാറിപ്പോയി.

പ്രതാപരുദ്രൻ:—നീ ആരുതന്നെയായിരുന്നാലും നീ നല്ല മുൻകരുതൽ ഉപദേശിച്ചതു് ഉപകാരം തന്നെ, അതിലേക്കു വന്ദനം. നീ എൻെറ ശങ്കയെ ശരിയായി സ്പർശിച്ചു. എന്നാൽ ഒരുവാക്കുകൂടി.

പ്രഥമാ:—അദ്ദേഹത്തിനോടു ആജ്ഞാപിച്ചുകൂടാ. ഇതാ മറെറാരാൾ. ഒന്നാമത്തവനെക്കാൾ ശക്തിമത്തരൻ.

രണ്ടാമത്തെ ഭൂതം:—പ്രതാപരുദ്രാ,

പ്രതാപരുദ്രൻ:—എനിക്കു മൂന്നുചെവികൾ ഉണ്ടെങ്കിൽ അവയെല്ലാം ഉപയോഗിച്ചു നിങ്ങളുടെ വാക്യം ശ്രവിക്കാം.

രണ്ടാമത്തെ ഭൂതം:—രക്തമോചകപ്രിയനും ധീരനും സ്ഥിരചിത്തനും ആയിരിക്കൂ. മനുഷ്യശക്തിയെ അപഹസിക്കൂ. എന്തെന്നാൽ സ്ത്രീജാതനായയാതൊരാളും പ്രതാപരുദ്രനെ ഹനിക്കയില്ല.

പ്രതാപരുദ്രൻ:—എന്നാൽ, ധീരശാന്താ! ജീവിച്ചിരുന്നുകൊൾക. തന്നെഞാൻ ഭയപ്പെടുന്നതെന്തിനു്? എന്നിരുന്നാലും ഉറപ്പിനെ ദ്വിഗുണമായി ഉറപ്പിച്ചു

കേരള സാഹിത്യ അക്കാദമി

കൊള്ളാം. വിധിയുടെ പക്കൽ നിന്നു ജാമ്യം വാങ്ങിച്ചേക്കാം. നീ ജീവിച്ചിരിക്കരുതു്. ശങ്കാവിഷ്ടമായ എന്റെ മനസ്സിനോടു ഇതു കളവാണെന്നു് പറഞ്ഞേക്കാം.

മൂന്നാമത്തെ ഭൂതം, തലയിൽ കിരീടവും പാണിയിൽ ഒരു വൃക്ഷവും ധരിച്ച ഒരു ശിശു, അപ്പോൾ സഭാമദ്ധ്യേ വന്നെത്തി.

പ്രതാപരുദ്രൻ:—ഒരു രാജസന്താനംപോലെ പൊങ്ങിവരുന്നതെന്താണു്. ഈ ശിശു രാജാഭരണങ്ങളും ശിരസ്സിൽ രാജകിരീടവും ധരിച്ചിരിക്കുന്നു.

"ഇവൻ പറയാൻ പോകുന്നതു ശ്രദ്ധിച്ചുകേൾക്കൂ. ഇവനോടൊന്നും പറയരുതു" എന്നു എല്ലാവരും രാജാവിനെ അറിയിച്ചു. അപ്പോൾ മൂന്നാമത്തെ ഭൂതം രാജാവിനെ നോക്കി ഇങ്ങനെപറഞ്ഞു:—

"സിംഹവിക്രമനായിരിക്കൂ; ഉന്നതനായിരിക്കൂ; ഏവൻ ക്ഷോഭിക്കുന്നു, ഏവൻ കോപിക്കുന്നു, രാജദ്രോഹാലോചന എവിടെ നടക്കുന്നു, എന്നൊന്നും കൂട്ടാക്കേണ്ടാ. വാരണമഹാരണ്യത്തിലെ ഉടുമ്പൻചോല രാജധാനിയിലോട്ടു ചെന്നു് എതിർക്കുന്നതായാൽ അല്ലാതെ പ്രതാപരുദ്രൻ ഒരിക്കലും പരാജിതൻ ആകയില്ല." ഇത്രയും പറഞ്ഞു അവൻ മറഞ്ഞു.

പ്രതാപരുദ്രൻ:—അതൊരിക്കലും ഉണ്ടാവുകയില്ല, വനത്തെ നിർബന്ധിച്ചു് ഭടവൃത്തി നടത്തിക്കാനും ഭൂരുഹത്തെ ധരക്കുടിയിലുള്ള അതിന്റെ വേരിനെ വേർപെടുത്താൻ ആജ്ഞാപിക്കാനും ആർക്കു കഴിയും? ഇവ മധുരവും ഹൃദ്യവും ആയ ഭാവികഥനങ്ങൾ. വാര

ണവനം പൊങ്ങി ചലിച്ചുവരുന്നതുവരെയും ഉന്നത സ്ഥാനാലങ്കാരഭ്രുതനായ നമ്മുടെ പ്രതാപരുദ്രൻ പൂൎണ്ണായുഷ്കാലം ജീവിച്ചിരുന്നതിൽപിന്നീട് സ്വപ്രാണനെ മൎത്ത്യാചാരം അനുസരിച്ച് കാലകാലനെ ഏല്പിക്കുന്നതുവരെയും, രാജ്യവിപ്ലവമേ! നീ തലപൊക്കാതിരിക്കൂ. എന്നിരുന്നാലും ഒരു കാൎയ്യം അറിയാൻ എന്റെ മനസ്സു കൊതിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ശാസ്ത്രത്തിനു അത്രത്തോളം പറയാൻ ശക്തിയുണ്ടോ? പറയൂ. ഉഗ്രസേനന്റെ സന്താനംഎപ്പോഴെങ്കിലുംഈ രാജ്യംഭരിക്കുമോ?"

എല്ലാവരും:—ഇതിൽ കൂടുതലായി യാതൊന്നും അറിയാൻ അഭിലഷിക്കരുതു്.

പ്രതാപരുദ്രൻ:—ഞാൻ തൃപ്തിപ്പെട്ടിരിക്കാം. ഇക്കാൎയ്യം എന്നോടു പറയാതിരുന്നാൽ ശാശ്വതമായ ശാപം നിങ്ങളുടെ തലയിൽ പതിക്കട്ടെ. ആ പാചക പാത്രം താഴെ മടിഞ്ഞുപോകുന്നതെന്തുകൊണ്ടു? ഇതെന്തു ശബ്ദം!

പ്രഥമാ—കാണിക്കൂ.

ദ്വിതീയാ—കാണിക്കൂ.

തൃതീയാ—കാണിക്കൂ.

"അവന്റെ കണ്ണുകൾ കാണട്ടെ, മനസ്സു ഖേദിക്കട്ടെ, ഛായപോലെ വരിക; നമുക്കു പോകാം." എന്നു പറഞ്ഞുകൊണ്ടു ഈ മൂവരും മാറിനിന്നു. സംഗീതംപോലെ ഹൃദയാവൎജ്ജകമായ മധുരസ്വനംകേട്ടു. രാജരൂപത്തിൽ ഉള്ള എട്ടു ഛായകൾ ഓരോന്നായി വെളിയിൽ വന്നു രാജാവിന്റെ മുൻവശത്തുകൂടി പോയി. അവരുടെ പുറകെ ഉഗ്രസേനന്റെ പ്രേതവും ദൃശ്യമായി. ആ സ്ഥ

യം ആ പ്രേതത്തിൽനിന്നു ആപാദചൂഡം രക്തം ഒലിച്ചു വന്നിരുന്നു. അതു തലയിൽ ഒരു വജ്രകിരീടം ധരിച്ചിരുന്നു. ആ കിരീടത്തിൽ അനേകം മനുഷ്യരൂപങ്ങൾ ദൃശ്യങ്ങൾ ആയി. ഈ വികൃതി രൂപത്തിൽ ഉള്ള ഉഗ്രസേനപ്രേതം പ്രതാപരുദ്രന്റെ നേരെ ചെന്ന് മന്ദഹാസത്തോടുകൂടി മുൻ കടന്നുപോയ എട്ടു രൂപങ്ങളെ ചൂണ്ടിക്കാണിച്ചുകൊടുത്തു. ഇവർ താൻ മരിച്ചതിൽ പിന്നീട് വേദാരണ്യരാജ്യം ഭരിക്കുന്നവരായ ഉഗ്രസേനന്റെ എട്ടു തലമുറക്കാരാണെന്നു പ്രതാപരുദ്രൻ ധരിച്ചു. ഈ ഛായകൾ അദൃശ്യരായി. യോഗിനികളും ജയഘോഷരൂപത്തിൽ വാഴ്‌വ് പാടികൊണ്ടും രാജാവിനോടു യാത്ര പറയും വിധത്തിൽ ആംഗ്യങ്ങൾ കാണിച്ചുകൊണ്ടും അന്തർദ്ധാനം ചെ[illegible]

ഇക്ഷണംമുതൽ പ്രതാപരുദ്രന്റെ ചിന്തകൾ സർവ്വും ഭയാനകവും വധോദ്യമോത്തേജകങ്ങളും ആയിരുന്നു.

യോഗിനീദർശനാനന്തരം രാജഗൃഹത്തിൽ മടങ്ങി എത്തിയതിൽ പിന്നീടു അദ്ദേഹം കേട്ടതായ ആദ്യത്തെ വർത്തമാനം ധീരശാന്തപ്രഭുവിന്റെ പ്രവൃത്തിയെക്കുറിച്ചായിരുന്നു. പ്രഭാതത്തിൽ രണശൂരൻ പതിവുപോലെ രാജദർശനത്തിനായി ചെന്നു. എല്ലാരണ്യത്തിലെ രാജാവിനെ അഭയം പ്രാപിച്ചിരുന്ന—ധർമ്മദേവന്റെ സീമന്തപുത്രനായ— യുവരാജാവിനെ കാണുന്നതിനായി ധീരശാന്തൻ രാജധാനിക്കു പോയിരിക്കുന്ന വിവരം രാജാവിനെ അറിയിക്കാനായി ധീരശാന്തന്റെ ഉററഭൃത്യരായ രാജചാരന്മാരും അവിടെ വന്നെത്തി. അവരെകണ്ടു് മഹാരാജാവു് ഇപ്രകാരം ചിന്തിച്ചു:"കാലമേ നീ എന്റെ ഭയാനകങ്ങളും

മരണകരങ്ങളും ആയ പരാക്രമങ്ങളെ വിഘ്നപ്പെടുത്തുന്നു. മനസ്സുകൊണ്ടു് ഉദ്ദേശിക്കുന്ന കാൎയ്യത്തെ ഉടനടി പ്രവൃത്തി രൂപമായി വെളിപ്പെടുത്തിയില്ലെങ്കിൽ അതു ഒരിക്കലും നിൎവ്വഹിക്കപ്പെടുകയില്ല. ഈ നിമിഷംമുതൽ എന്റെ മനസ്സിൽ ഉദിക്കുന്ന സകലതും തന്നിമേഷത്തിൽ എന്റെ പാണിയുടേയുംപ്രഥമ പ്രവൃത്തിയായിരിക്കും. ഇപ്പോൾ തന്നെയും എന്റെ വിചിന്തകളെ പ്രവൃത്തിരൂപേണ സഫലീഭവിപ്പിക്കുന്നതിനു ചിന്തയും പ്രവൃത്തിയും ഏക പദേസംഭവിക്കട്ടെ. ധീരശാന്തന്റെ ദുൎഗ്ഗത്തെ ഞാൻ അപ്രതീക്ഷിതമായിവളഞ്ഞു വശപ്പെടുത്തും, ആ നാട്ടിനെ പിടിച്ചടക്കും. അവന്റെ കുഞ്ഞുങ്ങളേയും അവന്റെ സന്ത തികളായി ഭവിക്കാവുന്ന ഭാഗ്യഹീനരായ സകലരേയും ഞാൻ എന്റെ നിശിത ഖഡ്ഗധാരയ്ക്കു ഇരയാക്കും. ഞാൻ മൂഢനെപ്പോലെ ആത്മസ്തുതി ചെയ്യുകയില്ല. ഈ ചിന്ത യ്ക്കുള്ള ഉത്തേജനം ക്ഷീണിക്കാൻ തുടങ്ങും മുമ്പേ ഈ പ്രവൃത്തി ഞാൻ നിശ്ചയമായും ചെയ്യും. എന്നാൽ ഏതാ ദൃശദൎശനങ്ങൾ—മേലാൽ സഹ്യങ്ങൾ അല്ല,''

ധീരശാന്തൻ എന്തിനായി അനന്തപുരത്തേക്കു പോ കുന്നു എന്നു സ്വഭാൎയ്യയെപ്പോലും അറിയിച്ചിരുന്നില്ല. നവരാജാവിനെ പേടിച്ചു ഭാൎയ്യയേയും കുഞ്ഞുങ്ങളേയും അനാഥകളാക്കിത്തള്ളി നാടുവിട്ടു ഓടിപ്പോയിരിക്കുന്നു എന്നു മാത്രമേ അവരും സ്വമീപസ്ഥരും ധരിക്കാനിടയാ യുള്ളു.

അദ്ധ്യായം ൧൭.

ഇരട്ടക്കൊല.

ചാരമുഖത്തിൽ നിന്നു ധീരശാന്തന്റെ പലായന കഥ അറിഞ്ഞ ഉടൻ കോപാവിഷ്ടനായ രാജാവു ധീര ശാന്തപ്രഭുവിന്റെ ഭാൎയ്യയേയും കുഞ്ഞുങ്ങളേയും ഏക പദേ വധിക്കാൻ 'യമകിങ്കരർ' എന്നു അന്വൎത്ഥനാമരായ ഘാതകരെ നിയോഗിച്ചയച്ചു. അവർ ധീരശാന്തന്റെ ദുർഗത്തിൽ പ്രവേശിച്ച അവസരത്തിൽ വല്ലഭപ്രഭു അവിടെയെത്തി ധീരശാന്തന്റെ ഭാൎയ്യയെ സാന്ത്വനപ്പെ ടുത്തുകയായിരുന്നു. ഈ സാന്ത്വനം അവൾക്കു തീരെ രസിച്ചില്ല. ധീരശാന്തൻ അത്ര പെട്ടെന്നു അന്തൎദ്ധാനം ചെയ്തതിനുള്ള വാസ്തവകാരണം വല്ലഭൻ ഗ്രഹിച്ചിരു ന്നില്ല. അതു സൎവ്വഥാ ഗോപ്യമായിരുന്നുവല്ലൊ.

പ്രഭ്വി:—എന്റെ നാഥൻ ഈ നാടുവിട്ടുപോകേണ്ടിയി രിക്കത്തക്കവണ്ണം അദ്ദേഹം എന്തപരാധം ചെയ്തു.

വല്ലഭൻ:— അത്രഭവതി സ്വല്പം ക്ഷമിച്ചിരിക്കൂ.

പ്രഭ്വി:— അദ്ദേഹം യാതൊരപരാധവും ചെയ്തിട്ടില്ല. അദ്ദേഹം ഓടിപ്പോയതു കേവലം ഭ്രാന്തു്. നമ്മുടെ പ്രവൃത്തികൾ നമ്മെ രാജദ്രോഹികൾ ആക്കാതി രിക്കെ നമ്മുടെ ഭീതികൾ നമ്മെ തഥാവിധർ ആക്കുന്നുണ്ടു്.

വല്ലഭൻ:— അങ്ങനെ ചെയ്തതു് അദ്ദേഹത്തിന്റെ വിവേ കമോ ഭീതിയോ എന്നു നിങ്ങൾക്കു അറിഞ്ഞുകൂടാ.

പ്രഭാ:— വിവേകമൊ! സ്വഭാൎയ്യയെ 'ഉപേക്ഷിച്ചുച്ചു പൊയ്ക്കളക, തന്റെ കുഞ്ഞുങ്ങളെ തള്ളിയേച്ചു പോവുക, രാജോചിതമായ സ്വഗൃഹത്തേയും തന്റെ വകയായ സകല ദ്രവ്യങ്ങളേയും ഉപേക്ഷിച്ചു തന്റെ നാടുവിട്ടോടിപ്പോവുക, എന്നുള്ളതു വിവേകമാണോ? അദ്ദേഹത്തിനു ഞങ്ങളുടെ നേൎക്കു സ്നേഹം ഇല്ല. അദ്ദേഹം സഹജാവബോധവിഹീനൻ. നോക്കു. പക്ഷികളിൽവച്ചു എത്രയും ചെറുതായ കുരുവി പോലും കൂട്ടിൽകിടക്കുന്ന സ്വശിശുക്കളെ ഭക്ഷിക്കാൻ ചാടിവരുന്ന മൂങ്ങയുടെ അതിക്രമത്തെ തടുത്തു നിന്നു സ്വശിശുക്കളെ പരിരക്ഷിക്കുന്നുണ്ടു്. അദ്ദേഹത്തിനു സൎവ്വദത്തമായ ഗുണം ഭീതിയത്രെ; സ്നേഹം അല്ല; സകലവിധ യുക്തിക്കും വിരുദ്ധമായി പലായനം ചെയ്യുന്നേടത്തു വിവേകത്തിനു തീരെ അവകാശവും സ്ഥാനവുമില്ല.

വല്ലഭൻ:—എന്റെ പ്രിയഭഗിനി! ശാന്തമായി ആലോചിച്ചു നോക്കണേ! അവിടത്തെ നാഥൻ ആകട്ടെ കുലീനൻ, ധീരോദാത്തൻ, ബുദ്ധിമാൻ, വിവേകി, കാലോചിതം ഏതാണെന്നു അദ്ദേഹത്തിനു നന്നായി അറിയാം. പെട്ടെന്നവേ അകാരണമായി, കാലാനുചിതമായി, വല്ലതും സംഭവിക്കുമ്പോൾ അതു ഇന്ന കാരണത്താൽ ആയിരിക്കണമെന്നു പരിച്ഛേദിച്ചറിയാനുള്ള ശക്തി അദ്ദേഹത്തിനുണ്ടു്. ഇതിലധികം ഞാൻ സംസാരിക്കുന്നില്ല. കാലഗതിനോക്കുക. നാം വിശ്വാസഘാതകർ ആണെന്നു അറിയാതെ തന്നെ അപ്രകാരമായി ഗണിക്കപ്പെട്ടിരിക്കുന്നു. ആ ദൃഷ്ട്യാ ധീരശാന്തൻ നിങ്ങളുടെ നേൎക്കുവിശ്വാസഘാതകി ആയിരിക്കാം. നമ്മുടെ ഭീതി അഹേതുക

ങ്ങളായ വദന്തികളെ സ്വയം ജനിപ്പിക്കുന്നു. അത്രഭവതി അപ്രകാരം ചെയ്യുകയത്രേ. എന്നിരുന്നാലും നമ്മുടെ ഭീതികൾ അനിശ്ചിതങ്ങളും അസ്പഷ്ടങ്ങളും സന്ദിഗ്ധങ്ങളും ആയിരിക്കുന്നു. ഉഗ്രമായ തരംഗമാലകളാൽ അങ്ങോട്ടിങ്ങോട്ടടിച്ചു തള്ളപ്പെട്ട് ജലത്തിന്മീതെ മുതക്കുന്ന തടി എന്നപൊലെ ഭീതിജങ്ങളായ കിംവദന്തികളാൽ നമ്മുടെ ചിത്തം ഉഡോളായമാനമായിരിക്കുന്നു. ഞാൻ പോകട്ടെ. അധികം താമസിക്കാതെ മടങ്ങിവരാം. ഇപ്പോൾ അധസ്തമമായി കിടക്കുന്ന സാധനങ്ങൾ നശിക്കും. അല്ലെങ്കിൽ പൂർവ്വവൽച്ചസ്ഥാനത്തു കയറിപ്പോകും. ആര്യേ, അവിടത്തേക്കു ഈശ്വരാനുഗ്രഹം സിദ്ധിക്കട്ടെ.

പ്രഭ്വി:—അദ്ദേഹം പിതാവായി ഭവിച്ചിരിക്കുന്നു. എന്നിട്ടും പിതൃഹീനനായും ഇരിക്കുന്നു.

വല്ലഭൻ:—"ഞാൻ ഇതിലധികം നേരം ഇവിടെ താമസിക്കുന്നതായാൽ എനിക്കു അപമാനവും വ്യസനഹേതുവും ആര്യയ്ക്കു സൗഖ്യഹീനതയും സംഭവിക്കും. അതുകൊണ്ടു ഞാൻ ഇവിടെ നിൽക്കുന്നതു മൗഢ്യം; ഇതാ ഞാൻ വിടകൊള്ളുന്നു" എന്നുപറഞ്ഞുകൊണ്ടു അദ്ദേഹം പോയി. അപ്പോൾ കൊപവ്യസനനിരാശാദിവികാരങ്ങളാൽ ആക്രാന്തയായ ആ പ്രഭ്വി സ്വപുത്രനെ വിളിച്ചു "എടാ നിന്റെ അച്ഛൻ ചത്തുപോയി. ഇനി നീ എന്തുചെയ്യും? എങ്ങനെ കഴിച്ചുകൂട്ടും". എന്നു ചോദിച്ചു.

പുത്രൻ:—പക്ഷികൾ ഉപജീവിക്കുംപോലെ, അമ്മേ.

പ്രഭ്വി:—എന്തു! പുഴുവും ഈച്ചകളും തിന്നു ജീവിക്കുമെന്നോ?

പുത്രൻ:—കിട്ടുന്നതുകൊണ്ടു എന്നാണ് ഞാൻ പറഞ്ഞതിന്റെ സാരം. അമ്മയും അങ്ങനെയാണല്ലൊ.

പ്രഭ്വി:—പാവപ്പെട്ട പക്ഷി! നീ വലയേയൊ പക്ഷിപ്പശയേയൊ ആകട്ടെ കണ്ണിയേയൊ കുഴിയേയൊ ആകട്ടെ തീരെ പേടിക്കയില്ല.

പുത്രൻ:—അമ്മേ, ഞാൻ എന്തിനായി പേടിക്കണം. പാവപ്പെട്ട പക്ഷികളെ പിടിക്കാൻ ആരും കണ്ണി വെക്കയില്ല. അമ്മ എന്തുപറയുന്നതായാലും ശരി. എന്റെ അച്ഛൻ മരിച്ചിട്ടില്ല. ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ട്.

പ്രഭ്വി:—അദ്ദേഹം നിശ്ചയമായും മൃതനായി. അച്ഛനെ ലഭിക്കാൻ നിനക്കു എന്തു ചെയ്യാൻ കഴിയും?

പുത്രൻ:—അതിരിക്കട്ടെ. ഭർത്താവു ലഭിക്കാൻ അമ്മയ്ക്കു എന്തുചെയ്യാൻ കഴിയും?

പ്രഭ്വി:—ഏതു ചന്തയിൽ ചെന്നാലും കാശിനു ഇരുപതു വീതം വിലയ്ക്കുകിട്ടും.

പുത്രൻ:—എന്നാൽ അമ്മ അവരെ വിലയ്ക്കു കൊള്ളുന്നതു വീണ്ടും അവരെ വില്ക്കാൻ ആണല്ലോ.

പ്രഭ്വി:—നിനക്കുള്ള ബുദ്ധി മുഴുവനും പ്രയോഗിച്ചു നീ സംസാരിക്കുന്നു എന്നു വരികിലും നിന്റെ പ്രായത്തിനു തക്കതായ ബുദ്ധി വൈഭവം അതിൽ കാണുന്നുണ്ട്.

പുത്രൻ:—എന്റെ അച്ഛൻ വിശ്വാസഘാതകൻ ആയിരുന്നുവോ അമ്മേ?

പ്രഭ്വി:—അതേ നിശ്ചയമായും ആ വിധം ആയിരുന്നു.

പുത്രൻ:— വിശ്വാസഘാതകൻ എന്നാൽ എങ്ങിനെയുള്ളവൻ.

പ്രഭി:—ഈശ്വരനെക്കൊണ്ടു് ആണയിടുകയും തദ്വിരുദ്ധമായി പ്രവൎത്തിക്കയും ചെയ്യുന്നവൻ.

പുത്രൻ:—അങ്ങനെ ചെയ്യുന്നവരെല്ലാം വിശ്വാസഘാതകരാണോ?

പ്രഭി:—അങ്ങനെ ചെയ്യുന്ന ഓരോരുത്തനും വിശ്വാസഘാതകൻ തന്നെ. അങ്ങനെയുള്ളവനെ തൂക്കിലിട്ടു കൊല്ലണം.

പുത്രൻ:— ആണയിടുകയും തദ്വിരുദ്ധമായി പ്രവൎത്തിക്കയുംചെയ്യുന്നവരെയെല്ലാം തൂക്കിക്കൊല്ലേണമോ?

പ്രഭി:—എല്ലാവരേയും.

പുത്രൻ:—ആരു് അവരേ തൂക്കിലിടും.

പ്രഭി:—നേരുള്ളവർ.

പുത്രൻ:—എന്നാൽ അസത്യം പറയുന്നവരും ആണയിടുന്നവരും മൂഢരത്രെ. എന്തുകൊണ്ടെന്നാൽ നേരുള്ളവരെ അടിച്ചു തോല്പിച്ചു തൂക്കിക്കൊല്ലുത്തക്ക സാമൎത്ഥ്യം ഉള്ള അസത്യവാദികളും അസത്യപ്രതിജ്ഞരും വേണ്ടുവോളം ഇവിടെയുണ്ടു്.

പ്രഭി:—കൊച്ചുകുരങ്ങേ, ഈശ്വരൻ നിന്നെ സഹായിക്കട്ടെ. അതു കിടക്കട്ടെ. അച്ഛനെ ലഭിക്കാനായി എന്തുചെയ്യാൻ നിനക്കു കഴിയും.

പുത്രൻ:—അദ്ദേഹം മരിച്ചുപോയിട്ടുണ്ടെന്നു വരികിൽ നിങ്ങൾ അദ്ദേഹത്തെ വിചാരിച്ചു കരയും. നിങ്ങൾ

കരയുകയില്ലാ എന്നു വരികിൽ ആ അവസ്ഥ വേഗേന എനിക്കു നവപിതാവു് ലഭിക്കും എന്നുള്ള തിനു നല്ല ചിഹ്നമാണു്.

പ്രഭാ:—പാവപ്പെട്ട ചല്യപ്പൻ! നീ എന്തെല്ലാം വാദിക്കുന്നു.

ധീരശാന്തൻെറ ഗൃഹം ഈവിധം ദുഃഖബഹുളമായിരുന്ന അവസരത്തിൽ ഒരുത്തൻ അപ്രതീക്ഷിതനായി പ്രഭായുടെ സന്നിധിയിൽ ചെന്നു ഇപ്രകാരം അറിയിച്ചു:—

"അത്ര ഭവതിക്കു മങ്ഗളം. അവിടത്തെ സ്ഥാനമാനങ്ങൾ എനിക്കു നല്ലപോലെ അറിയാം എന്നുവരികിലും ആൎയ്യക്കു ഞാൻ പരിചിതനല്ല. അത്ര ഭവതിയെ ഏതോ ആപത്തു് സമീപിക്കുന്നതായി ഞാൻ ആശങ്കിക്കുന്നു. ഒരു സാധുവായ വിനീതൻെറ ഹിതോപദേശം ആൎയ്യ കൈക്കൊള്ളും എന്നു വരുകിൽ ആൎയ്യയെ ഇവിടെ കാണരുതു്. കുഞ്ഞുങ്ങളോടൊന്നിച്ചു് ഇവിടേനു അതിശീഘ്രം ഗമിച്ചാലും. ഈവിധം ആൎയ്യയെ പേടിപ്പിക്കുന്നതു അശിഷ്ടം ആണെന്നു എനിക്കു തോന്നുന്നു. ഭാവിയായ ആപത്തിനെക്കുറിച്ചു അറിയിക്കാതെ അതിൽ കുറവായി ആൎയ്യയോടു പറയുന്നതു് അതിഘോരമായ ക്രൗൎയ്യം ആയിരിക്കും. ആ ക്രൗൎയ്യം ഇപ്പഴേ അത്ര ഭവതിക്കടുത്തു കിടക്കുന്നു. ഈശ്വരൻ അത്ര ഭവതിയെ സംരക്ഷിക്കട്ടെ. ഇതിലധികം കാലം ഞാൻ ഇവിടെ താമസിച്ചുകൂടാ."

ഇത്രയും അറിയിച്ചുകൊണ്ടു ആ അപരിചിതൻ വെളിയിൽ ഇറങ്ങിപ്പോയി. പ്രഭായുടെ തൽകാലാവസ്ഥ

എന്തു ശോചനീയം: "അയ്യോ പാപം കളിച്ചും ചെറുതു ബത പിഴച്ചീലഹോ ദൈവമേ ഞാൻ'' എന്നുപറഞ്ഞു അവൾ വാവിട്ടുകരഞ്ഞു.

"ഞാൻ എവിടേക്കു ഓടിപ്പോകട്ടെ; ഞാൻ യാതൊരപരാധവും ചെയ്തിട്ടില്ലല്ലോ. എന്നാൽ ദോഷകൃത്യം പലപ്പോഴും പ്രസംശനീയമായി ഭവിക്കുന്നതും സൽകൎമ്മവും ഉപകാരവും ആപൽക്കരമായ മൌഢ്യമായി ഗണിക്കപ്പെടുന്നതും ആയ ഈ ഇഹലോകത്തിലാകുന്നു ഞാൻ വസിക്കുന്നത് എന്നു ഇപ്പോൾ ഞാൻ സ്മരിക്കുന്നു. ആ സ്ഥിതിക്കു ഞാൻ യാതൊരപരാധവും ചെയ്തിട്ടില്ലാ എന്നു പറയുന്നതായ സ്ത്രൈണ സമാധാനവും സ്ത്രൈണ പ്രത്യുത്തരവും, അയ്യോ, ഞാൻ എന്തിനായി സ്വീകരിക്കണം'' എന്നിപ്രകാരം അവൾ ചിന്തിച്ചു വിലപിച്ചിരുന്നു.

ഈ തക്കം നോക്കി രാജപ്രേരിതരായ പാതകർ അവളുടെ മുൻപാകെ പ്രത്യക്ഷരായി. ധാർഷ്ട്യത്തോടുകൂടി "നിങ്ങളുടെ ഭൎത്താവെവിടെ''എന്നുചോദിച്ചു.

"നിങ്ങൾ കണ്ടറിയാവുന്നതായി അത്ര അപവിത്രീകൃതമായ യാതൊരേടത്തും ഇല്ലാ'' എന്നു അവൾ മറുപടി പറഞ്ഞു. അദ്ദേഹം ഒരു രാജദ്രോഹിയാണെന്നു അവർ പറഞ്ഞതിൽ പിതൃഭക്തനായ ആ പ്രഭുപുത്രൻ അവരെ ഭൎത്സിച്ചു: "എന്തെടാ കുക്കുടാണ്ഡമേ, രാജദ്രോഹബീജമേ'' എന്നു അധിക്ഷേപിച്ചുകൊണ്ടു അവർ അവന്റെ ദേഹത്തിൽ അലക് മറുപുറത്തു പായത്തക്കവണ്ണം ബലമായി വാൾ കുത്തിയിറക്കി. ബാലൻ ആകട്ടെ

"അമ്മേ, ഈ ദ്രോഹി എന്നെ കുത്തിക്കൊന്നു. അമ്മ ഓടിപ്പൊയ്ക്കൊള്ളണേ" എന്നു വിളിച്ചുപറഞ്ഞു. പ്രഭ്വി, "കൊല്ലുന്നേ ഇവിടേ കൂട്ടക്കൊലനടത്തുന്നേ" എന്നു വിളിച്ചുംകൊണ്ടേ ഓടിപ്പോയി. ഘാതകർ അവളുടെ പിന്നാലേ ഓടി അവളേയും വെട്ടിക്കൊന്നു. ധീരശാന്തനുമായി ഏതെങ്കിലും വിധത്തിൽ ചാർച്ചയൊ ചേർച്ചയൊ സ്നേഹമോ ഉള്ള സകലരേയും ഈ വിധം ഹനിക്കണം എന്നുള്ള രാജാജ്ഞയെ ഈ "യമകിങ്കരർ" അനുക്ഷരം സസന്തോഷം നിർവഹിച്ചു.

കേരള സാഹിത്യ അക്കാദമി

അദ്ധ്യായം ൧൩.

സചിവമന്ത്രണം.

ഏതാദൃശകർമ്മങ്ങളാൽ പ്രധാനസചിവന്മാരിൽ മിക്കവരും പ്രതാപരുദ്രനെ മനസാ വാചാ കർമ്മണാ തിരസ്കരിച്ചു. യുവരാജാവിനെ രാജാവാക്കി പ്രതിഷ്ഠിക്കാൻ ഉത്സുകനായിരുന്ന ധീരശാന്തനോടു ചേരുന്നതിനായി ഏലാരണ്യത്തിലേക്കു പോകാൻ ശക്തിയുള്ളവർ അപ്രകാരം ചെയ്തു. പ്രതാപരുദ്രനെ പേടിച്ചിരുന്ന മററു ചില പ്രമാണപുരുഷന്മാർ എതിർ കക്ഷികളെ ഗൂഢമായി സഹായിച്ചു. കൈകേയി ഹേതുവായി ബഹിഷ്കൃതനാക്കപ്പെട്ട ശ്രീരാമന്റെ പുനരാഗമനത്തിനായികാത്തിരുന്ന അയോദ്ധ്യാവാസികൾ പ്രദർശിപ്പിച്ചതിനൊത്തഔത്സുക്യം സകലപൗരന്മാരുടേയും മനസ്സിൽ ഉദിച്ചു. ധർമ്മദേവന്റെ ഭക്തരായ ചില സേനാനികൾ യുവരാജാവിനെ സഹായിക്കുനായി ഉദ്യോഗിച്ച് ഒരു ദിവസം ഈ വിധം കൂടിയാലോചന നടത്തി. ഇവരുടെ കൂട്ടത്തിൽ പുതിയ സേനാനി രണശൂരനും ഉണ്ടായിരുന്നു.

മാനവരൻ:—ഏലാരണ്യത്തിലെ സേനാ കേരളദേവനാലും അവിടുത്തെ അമ്മാവനും സേനാധിശനും ആയ ഉഗ്രപാണ്ഡ്യദേവനാലും ഗുണവാനായ ധീരശാന്തനാലും നീതയായി സമീപത്തെത്തിയിരിക്കുന്നു. അവരിൽ പ്രതീകാരബുദ്ധി ഉജ്ജ്വലിച്ചു കത്തുന്നു. എന്തുകൊണ്ടെന്നാൽ അവരുടെ ചിത്തക്ഷോഭത്തിനു ഇടയാക്കിയതും അവൻ അത്യന്തം മർമ്മസ്പൃക്കായി ധരി

ച്ചിരിക്കുന്നതും ആയ കാരണങ്ങൾ പരരക്തമോച നത്തിനിടയാക്കും. ഭയാനകവും ഉഗ്രവും ആയ യുദ്ധ വീരാഘാനം സാഹസികരെ ഉത്തേജിപ്പിക്കും.

ശൃംഗദേവൻ:—വാരണവനത്തിനടുത്തു നമുക്കു അവരെ എളുപ്പത്തിൽ സന്ധിക്കാം. ആ വഴിയാണു അവർ വരുന്നതു്.

കേതകീദേവൻ:—രാജകുമാരൻ യുവരാജാവിനോടൊന്നി ച്ചുണ്ടോ എന്നു വല്ലവക്കും അറിയാമോ?

രണശ്ശൂരൻ:—ഇല്ല; നിശ്ചയം തന്നെ. സേനാനികളായി വരുന്ന പ്രഭുക്കളുടെ പേരുവിവരപ്പട്ടിക എന്റെ കയ്യിലുണ്ടു്. ഇക്കൂട്ടത്തിൽ ഉഗ്രപാണ്ഡ്യദേവന്റെ പുത്രനും പൌരുഷവയസ്സിൽ കേവലം പ്രവിശത്തു കളായ അനേകം അനാശ്രുഢശ്മശ്രുക്കളും ഉണ്ടു്.

മാനവരൻ:—ആ ഘാതകൻ എന്തു ചെയ്യുന്നു!

കേതകീദേവൻ:—അദ്ദേഹം വലിയ ദുർഗ്ഗത്തെ കോട്ട കെട്ടി ബലപ്പെടുത്തുന്നു. അദ്ദേഹത്തിനു ചിത്തഭ്രമമു ണ്ടെന്നു ചിലർ പറയുന്നു. അത്യധികം അദ്ദേഹ ത്തിന്റെ നേക്കു വൈരസ്യം ഇല്ലാത്ത മററുള്ളവർ അതിനെ ഉഗ്രമായ കോപാവേശം എന്നു പറയുന്നു. എന്നാൽ അദ്ദേഹത്തിന്റെ വിഘടിതരായ അനു ചരരെ നിയന്ത്രിച്ചു് ഭരിക്കാൻ ഉള്ള ശക്തി അദ്ദേഹ ത്തിനില്ല എന്നുള്ളതു് നിശ്ചയം.

ശൃംഗദേവൻ:—അദ്ദേഹത്തിന്റെ ഗൂഢവധങ്ങൾ അദ്ദേ ഹത്തിന്റെ പാണികളിൽ നിന്നു മാറാതെ ഒട്ടിക്കിട ക്കുന്നതായി അദ്ദേഹത്തിനു ബോധ്യം വന്നിരിക്കുന്നു.

അവ സ്വസ്വാമിദ്രോഹത്തെ അധികരിച്ച് അദ്ദേഹത്തെ ഓരോ നിമേഷവും അധിക്ഷേപിക്കുന്നതായി അദ്ദേഹം വിചാരിക്കുന്നു. അദ്ദേഹത്തിൻെറ ആജ്ഞാനുവൎത്തികൾ ഭക്തികൊണ്ടല്ലാ, ആജ്ഞാലംഘനത്തിനുള്ള ശിക്ഷയെ പേടിച്ചു മാത്രമേ, സ്വധൎമ്മങ്ങൾ നടത്തുന്നുള്ളൂ. ഒരു ഭീമകായൻെറ ഉടുപ്പു ഒരു ഹ്രസ്വകായൻെറ ദേഹത്തിൽ തൂങ്ങിക്കിടക്കുംപോലെ അദ്ദേഹത്തിൻെറ സ്ഥാനമാനാദികൾ അദ്ദേഹത്തിന്മേൽ കിടക്കുന്നു എന്ന് അദ്ദേഹത്തിനു തോന്നുന്നു.

മാനവരൻ—അവൻെറ അന്തഃകരണവൎത്തികളായ സകലതും ആ സ്ഥാനത്തിൽ വസിക്കേണ്ടിവന്നതിനെക്കുറിച്ചു സ്വയം നിന്ദിച്ചുകൊണ്ടിരിക്കെ അവൻെറ സമ്പീഡിതങ്ങൾ ആയ ഇന്ദ്രിയങ്ങൾ അവനെത്തന്നെ പീഡിപ്പിക്കുന്നതിൽ വല്ലവരേയും കുററപ്പെടുത്താനുണ്ടോ?

കേതകീദേവൻ—നന്നായി. നമ്മുടെ അനുസേവനം ആൎക്കു നാം നല്കേണ്ടതുണ്ടോ ആ സ്ഥാനത്തിൽ അതു നല്കുന്നതിനായി നമുക്കു യാത്ര ചെയ്യാം. രോഗഗ്രസ്തമായ രാജ്യയോഗക്ഷേമത്തിനുള്ള ഔഷധത്തെ നമുക്കു സന്ധിക്കാം; അദ്ദേഹത്തിനോടൊന്നിച്ചു നമ്മുടെ ഓരോ രക്തത്തുള്ളിയേയും നമ്മുടെ രാജ്യത്തിൽ നിന്നു ആ നൃശംസനെ വിസൎജ്ജിക്കാനായി നമുക്കു ഒഴിക്കാം.

രണശ്ശൂരൻ—അല്ലെങ്കിൽ ആ രാജകുമാരപുഷ്പത്തെ നനച്ചു പുഷ്ടിപ്പെടുത്തുന്നതിനും കളകൾ പറിച്ചെടുക്കുന്നതിനും ആവശ്യമുള്ളിടത്തോളം തുള്ളികൾ നമുക്കൊഴിക്കാം. നമുക്കു വാരണവനത്തിലേക്കു പോകാം.

പ്രതാപരുദ്രൻ യോഗിനികളുടെ വാക്കുകളുടെ ശരിയായ അൎത്ഥം ഗ്രഹിക്കാൻ ശക്തനാകാതെ അവയ്ക്കു സ്വമനോരഥാനുരൂപമായ അൎത്ഥം കല്പിച്ചിരുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ യുദ്ധസന്നാഹം വളരെ കുറവായും മന്ദമായും ഇരുന്നു. സകല പ്രജകളും ആ നൃശംസനെ വിദ്വേഷിച്ചു വെറുത്തു. യാതൊരുത്തനും അദ്ദേഹത്തിന്റെ നേൎക്കു ബഹുമാനമോ ഭക്തിയോ ഇല്ലാതായി. എന്നാൽ എല്ലാവരും അദ്ദേഹത്തെക്കുറിച്ചു ശങ്കിതരായും ഇരുന്നു. തങ്ങളുടെ നേൎക്കു അടുത്ത നിമേഷത്തിൽ സകലവിധ വഞ്ചകപ്രവൃത്തിയും ക്രൌൎയ്യവും രാജാവു ആചരിക്കും എന്നേ പ്രജകൾ ധരിച്ചിരുന്നൊള്ളു. വിപ്ലവം ആസന്നമായി. രാജാവിനു തന്നെയും സ്വാവസ്ഥ അചിരേണ കഷ്ടമായി തോന്നി. ഇഹലോകജീവിതം—പ്രത്യേകം ക്ലേശപ്പെട്ടു് മഹാപാതകകൎമ്മങ്ങളാൽ ആൎജ്ജിച്ചതായ രാജത്വം—ഭാരാവഹം എന്നു മാത്രമല്ലാ ദുഃഖഭൂയിഷ്ഠം ആണെന്നും അദ്ദേഹത്തിനു ബോധ്യം വന്നു. തന്നാൽ ഹതനായ ധൎമ്മദേവമഹാരാജന്റെ അവസ്ഥയെ വിചാരിച്ചു് വിചാരിച്ചു് അവൻ അസൂയാലുവായി. ആ പരേതൻ ശാശ്വതസുഖനിദ്ര—നിത്യശാന്തി—അനുഭവിച്ചുകൊണ്ടിരിക്കുന്നു. തനിക്കോ അതു ലഭ്യം അല്ല. രാജദ്രോഹകൎമ്മത്താൽ സാധ്യമായ ആത്യന്തികാപത്തു് ആ മഹാരാജാവു അനുഭവിച്ചുകഴിഞ്ഞിരിക്കുന്നു. അതിനിശിതമായ ഖഡ്ഗമോ കാളകൂടവിഷമോ ആകട്ടെ സ്വരാജ്യത്തിലെ വിപ്ലവമോ സ്വപ്രജകളുടെ ദ്രോഹബുദ്ധിയോ വിദേശീയരുടെ ആക്രമണമോ ആകട്ടെ ആ മഹാനുഭാവനായ ശാന്തനെ മേലാൽ ഉപദ്രവിക്കയില്ലല്ലോ. തദ്ദേശനിത്യശാന്തിക്കും തന്റെ പ്രതിനിമേഷം ഉള്ള ഭീതഭീതാവസ്ഥയ്ക്കും തമ്മിൽ ഉള്ള അന്തരത്തെ ചിന്തിച്ചു് പ്രതാപരുദ്രൻ മിക്കസമയവും ഭ്രാന്തമതിയായി ഇരുന്നുപോയി.

അദ്ധ്യായം ൧൭.

മഹിഷീമരണം.

പ്രതാപരുദ്രദേവരാജൻെറ അവസ്ഥ ഏതാദൃശയായിരിക്കേ അദ്ദേഹത്തിൻെറ സഹധൎമ്മചാരിണിയുടെ കഥ എന്തായിരുന്നു? "സഹധൎമ്മചാരിണി" എന്ന പദം സ്മൃതികാരകന്മാർ എന്തൎത്ഥത്തിൽ തന്നെ ഉപയോഗിച്ചിരുന്നാലും ഇവളുടെ സഹധൎമ്മചരത്വം രാജാവിൻെറ നൃശംസത്വോദ്ദീപനത്തിനായി പരിണമിച്ചിരുന്നതേയുള്ളൂ. അക്കാരണത്താലും ഈ മഹിഷിക്ക് ഈ പേര് അന്വൎത്ഥം തന്നെ. മനുഷ്യന്നു ശരീരസുഖത്തോളം നിഷ്കളങ്കമായ ആനന്ദം മറെറാന്നും ഇല്ലല്ലൊ. ജീവിതത്തിൽ സുഖവും ദുഃഖവും സമ്മേളിച്ചിരിക്കയേയുള്ളൂ. ഒരുത്തൻെറ സുഖത്തിലും ദുഃഖത്തിലും തന്നോടൊപ്പം പങ്കുകൊള്ളുന്നതാണ് യഥാൎത്ഥ സഹധൎമ്മചരത്വം. ഈ വിധം സഹധൎമ്മാചരണം ഹേതുവായി അനുഭവിക്കുന്ന ദാമ്പത്യസുഖം തന്നെയാണ് സ്വൎഗ്ഗസുഖം; മററുവിധത്തിലുള്ളതു് നരകജീവിതം. ഭാൎയ്യാ എന്നും ഭൎത്താ എന്നും ഉള്ള രണ്ടു പദങ്ങളുടെ ധാത്വൎത്ഥത്തെമാത്രം അനുസരിച്ചു പ്രവൎത്തിക്കുന്നതു് ഗുണഭൂയിഷ്ഠം അല്ല; ദമ്പതികൾ പരസ്പരഗുണദോഷങ്ങളെ നല്ലപോലെ ആലോചിച്ച് വേണ്ട ഹിതോപദേശം പരസ്പരം നല്കി ജീവിതം നയിപ്പിച്ചില്ലെങ്കിൽ പരിണാമം ദുഃഖാവഹമായിരിക്കയേയുള്ളൂ.

മഹിഷിയാകട്ടെ പ്രതാപരുദ്രനെ ഘാതകകൎമ്മങ്ങളിൽ ഉദ്യോഗിപ്പിച്ചവൾ ആയിരുന്നാലും അവളുമായുള്ള

സാഹചര്യത്തിൽ അദ്ദേഹത്തിനു മനശ്ശാന്തി ജനിക്കാതിരുന്നില്ല. രാത്രിതോറും പ്രേതദർശനങ്ങളും ഘോരദുസ്സ്വപ്നങ്ങളും രാജാവിനെ ഭയാവിഷ്ടനാക്കിയിരുന്നു. ആ പീഡിതാവസ്ഥയിൽ താൽകാലികം ആയിട്ടെങ്കിലും ഉപശമനം പ്രാണപ്രേയസിയുടെ സാഹചര്യത്തിൽനിന്നു ലഭിക്കാറുണ്ടായിരുന്നു. അതും ക്രമേണ കുറഞ്ഞുതുടങ്ങി. എന്തുകൊണ്ടെന്നാൽ അത്യുൽകടപാപകർമ്മത്തിനുള്ള ഫലം മഹിഷി ഇഹലോകത്തിൽ തന്നെ വേഗേന അനുഭവിച്ചുതുടങ്ങി. ധർമ്മദേവമഹാരാജാവിനെ വധിപ്പിച്ചതു് താൻ ആണു് എന്നുള്ള സത്യാവസ്ഥ പ്രജകൾ അറിയാൻ ഇടയാകുന്നു എന്നുള്ള ഭീതി ഹേതുവായി അവൾക്കു വലിയ ആധി ജനിച്ചു. പ്രജകൾ ഭർത്താവായ രാജാവിനെ വെറുത്തതോടൊപ്പംതന്നെ രാജ്ഞിയെയും വെറുത്തു. രാജ്ഞി രോഗഗ്രസ്തയായി. രുഗ്ണദശയിൽ ജനിക്കാറുള്ള പുലപ്പങ്ങളുടെ ഇടയിൽ പൂർവ്വകഥാസ്മരണം ഉണ്ടായി കാര്യത്തിന്റെ സത്യാവസ്ഥ വെളിപ്പെട്ടു പോകുന്നതു് സാധാരണമാണല്ലൊ. രാജ്ഞിയുടെ ചികിത്സക്കായി രാജ്യത്തിലുള്ള വൈദ്യശാസ്ത്രവിദഗ്ദ്ധന്മാരെല്ലാം വേണ്ടതു ശ്രമിച്ചു. ഒന്നും ഫലിച്ചില്ല. എന്തുകൊണ്ടെന്നാൽ അവൾക്കു പിടിപെട്ടിരുന്ന രോഗം കായികം അല്ല മാനസികം ആണു്. രോഗനിദാനം അറിയാതെ എന്തുതന്നെ ചികിത്സിച്ചാലും ഫലം എന്തു്? ആ 'നിദാനം' ഗ്രഹിക്കാൻ ആർക്കും ഇടയായില്ല. പ്രധാനരോഗം ആയി വെളിയിൽ കാണപ്പെട്ടതു് ചിത്തഭ്രമം ആയിരുന്നു. രാജ്ഞി എന്തൊ കരുതിക്കൊണ്ടു് അർദ്ധരാത്രിയിൽ പലപ്പോഴും ശയ്യയിൽ നിന്നു എഴിച്ചു് ജാഗ്രദവസ്ഥയിൽ ഇരിക്കുംപോലെ ഏതെല്ലാമോ പ്രവർത്തിച്ചു വരാറുള്ളതായി പ്രധാനചേടി വൈദ്യ

കലാനിധിയായ രാജവൈദ്യനെ അറിയിച്ചു. ഇതിന്റെ യഥാൎത്ഥകാരണം എന്തെന്നും സ്വപ്നദൎശനങ്ങൾ മധ്യേ ജനിക്കുന്ന ജാഗ്രദാഭാസദശയിൽ രാജ്ഞി എന്തെല്ലാം പ്രവൃത്തിക്കാറുണ്ടെന്നും അറിയാനായി ഈ ഭിഷഗ്വരൻ രാജ്ഞിയുടെ സമീപത്തുതന്നെയിരുന്ന് അവളുടെ സകല ചേഷ്ടകളേയും സശ്രദ്ധം സൂക്ഷ്മമായി പരിശോധിക്കാം എന്ന് നിശ്ചയിച്ചു. അദ്ദേഹം പ്രധാന ചേടിയോടു ക്രാസ് എക്സാമിനേഷൻ നടത്തി.

വൈദ്യർ:—രണ്ടു രാത്രി ഞാൻ നിങ്ങളോടൊന്നിച്ചു സൂക്ഷിച്ചു വീക്ഷിച്ചിരുന്നു എന്നിട്ടും നിങ്ങൾ അറിയിച്ച കാൎയ്യത്തിന്റെ ലേശംപോലും കാണ്മാൻ എനിക്കു സാധിച്ചില്ല. തത്രഭവതി ഒടുവിലത്തെ തവണ നടന്നതെപ്പോൾ?

ചേടീ:—തിരുമേനി യുദ്ധക്കളത്തിലേക്കു പോയ കാലം മുതൽ തത്രഭവതി സ്വശയ്യയിൽ നിന്നു എഴീക്കയും രാത്രി പുതയ്ക്കാറുള്ള വസ്ത്രം ധരിക്കയും അവരുടെ നിഭൃതാഗാരത്തിലെ പൂട്ടു തുറക്കയും കടലാസു പുറത്തെടുക്കുകയും അതു മടക്കുകയും അതിൽ എഴുതുകയും അതു വായിച്ചുനോക്കുകയും പിന്നീടു അതിനെ മുദ്രവയ്ക്കുയും വീണ്ടും ശയ്യയിലേക്കു മടങ്ങിപ്പോകയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ടു്; എന്നു വരികിലും ഈ പ്രവൃത്തികൾ ചെയ്യുന്നകാലം മുഴുവനും ആയ്യ ഗാഢനിദ്രാലുവായിത്തന്നെ ഇരിക്കാറും ഉണ്ടു്.

വൈദ്യർ:—നിദ്രാദേവിയുടെ ആലിംഗനസുഖം അനുഭവിക്കയും അതേകാലത്തുതന്നെ ജാഗ്രദവസ്ഥയിലുള്ള

യാളുടെ പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നത് പ്രകൃതിയിൽ മഹത്തായ വികൃതിയത്രേ. ഈ നിദ്രാക്ഷോഭത്തിൽ അവർ നടക്കയും മററു കൎമ്മങ്ങൾ വാസ്തവത്തിൽ പ്രവൎത്തിക്കയും ചെയ്യുവന്നതിന്നു പുറമെ അവർ വല്ലകാലത്തും വല്ലവാക്കും ഉച്ചരിച്ചതു നിങ്ങൾ കേട്ടിട്ടുണ്ടോ?

ചേടി:—അതു, സ്വാമിൻ, ആൎയ്യ പറഞ്ഞതുപോലെ ഞാൻ അറിയിക്കയില്ല.

വൈദ്യർ:—എന്നോടു പറയാമല്ലോ. പറയേണ്ടതു അത്യാവശ്യവുമാണ്.

ചേടി:—എന്റെ വിജ്ഞാപനം സത്യം ആണെന്നു ഉറപ്പിക്കാൻ യാതൊരു സാക്ഷിയും ഇല്ലാത്തതുകൊണ്ടു നിങ്ങളോടാകട്ടേ മററു യാതൊരുത്തനോടാകട്ടെ ഞാൻ പറകയുമില്ല.

ഈ വിധം ഇവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഉറങ്ങിക്കിടന്ന രാജ്ഞി വിളക്കു കത്തിച്ചുകൊണ്ട് അവരെ കടന്നു നടന്നു പോയി. അതുതന്നെയാണ് ആ തിരുമേനിയുടെ പതിവു എന്നും ആൎയ്യ നടക്കുന്നുണ്ടെന്നു വരികിലും ഗാഢസുഷുപ്തയായിരിക്കുന്നുവെന്നും ചേടി വൈദ്യരോടു പറഞ്ഞു. ആൎയ്യയുടെ ദൃഷ്ടിപഥത്തിൽ നിന്നു ഇരുവരും മാറിനിന്ന് വീണ്ടും ചോദ്യങ്ങൾ തുടങ്ങി.

വൈദ്യർ:—അവൎക്കു വിളക്ക് എങ്ങനെ കിട്ടി.

ചേടി:—അതാ അതു അവരുടെ അടുത്തുണ്ടായിരുന്നു. അവരുടെ സമീപത്തു കെടാവിളക്ക് സദാ എരിഞ്ഞുകൊണ്ടിരിക്കയാണ്. അങ്ങനെയാണ് അവരുടെ ആജ്ഞ.

വൈദ്യർ:—നോക്കു അവരുടെ നേത്രങ്ങൾ തുറന്നിരിക്കുന്നു.

ചേടീ:—അതേ, എന്നാൽ അവയുടെ ദർശനശക്തി അടഞ്ഞിരിക്കുന്നു.

വൈദ്യർ:—അവർ ഇപ്പോൾ എന്തുചെയ്യുന്നു, അവർ കൈകൾ എങ്ങനെ തുടയ്ക്കുന്നു, എന്നുനോക്കു.

ചേടീ—ഈ വിധം കൈകൾ തിരുമ്മിക്കഴുകുന്നതു അവർ പതിവായി ചെയ്യുന്ന പ്രവൃത്തിയാണ്. അവർ ഈ പ്രവൃത്തി കാൽ മണിക്കൂറുനേരം തുടൎന്നു നടത്തുന്നതു ഞാൻ കണ്ടിട്ടുണ്ട്.

രാജ്ഞി കൈതേച്ചു കഴുകിയപ്പോൾ "വീണ്ടും ഇതാ ഒരു ലാഞ്ഛനം കിടക്കുന്നു" എന്നു പറഞ്ഞുകൊണ്ട് ഒരിക്കൽ കൂടി വെള്ളം ഒഴിച്ചു തേച്ചുകഴുകി ഇപ്രകാരം തന്നെത്താനെ പറഞ്ഞു:— "വെളിയിൽ പോ, ദുഷ്ടമായ ലാഞ്ഛനമേ, വെളിയിൽ പോ; പോ എന്നല്ലേ ഞാൻ പറയുന്നതു. ഒന്നു, രണ്ടു്; ഹാ അതു ചെയ്യാൻ കാലമായി. നരകം തമോമയമാണ്. ധിക്! നാഥാ ധിക്! ഒരു യുദ്ധവീരൻ! അങ്ങനെയിരുന്നിട്ടും ഭീതനായിരിക്കുന്നുവോ? നമ്മുടെ രാജാധികാരത്തിനു സമാധാനം പറയണം എന്നു് ആവശ്യപ്പെടാൻ യാതൊരുത്തനും ശക്യമല്ലാതിരിക്കേ ഏവൻ അറിയുന്നു എന്നു നാം പേടിക്കേണ്ടതായ ആവശ്യം എന്തു്? എന്നിരുന്നാലും ഈ വൃദ്ധനു ഇത്രത്തോളം തുനിച്ചലും ധീരതയും നിഷ്കാരുണ്യവും ഇവൻെറ ദേഹത്തിൽ ഇത്രയധികം രക്തക്കറയും ഉണ്ടായിരുന്നതായി ഏവൻ വിചാരിക്കും? ധീരശാന്തപ്രഭുവിനു ഒരു ഭാര്യ ഉണ്ടായിരുന്നു. അവൾ ഇപ്പോൾ എവിടെ? ഈ കൈകൾ ഒരിക്കലും നിഷ്കളങ്കങ്ങളായി തീരുകയില്ലയോ? പ്രാണനാഥാ, താദൃശകൎമ്മം ഇനിവേണ്ടാ, വേണ്ടാ?

ഈ വിധം പേടിയും ഞെട്ടക്കവും കൊണ്ടു് അവിടുന്നു സർവ്വവും കളങ്കിതമാക്കുന്നു. ഇവിടെ രക്തഗന്ധം ഇനിയും ഉണ്ടു്. അറബിദേശത്തിലുള്ള സകലവിധ സുഗന്ധദ്രവ്യങ്ങൾ കൂട്ടിച്ചേർത്താലും ഈ ചെറുഹസ്തത്തിലെ ദുർഗ്ഗന്ധത്തെ കഴുകി നിർമ്മലമാക്കാൻ ശക്തമാകുന്നില്ല. അയ്യോ! അയ്യോ! നിങ്ങളുടെ കൈ കഴുകൂ; രാത്രി ധരിക്കുന്ന ഉടുപ്പു ധരിക്കൂ. അത്രയധികം വിവർണ്ണരായിരിക്കേണ്ടാ. ഉഗ്രസേനനെ കുഴിയിലിട്ടു മൂടിക്കഴിഞ്ഞു എന്നല്ലെ ഞാൻ വീണ്ടും പറയുന്നതു്. അവനു പ്രേതക്കുഴിയിൽ നിന്നു പുറത്തു വരാൻ കഴിയുകയില്ല. ശയ്യയിൽ ചെന്നു കിടക്കൂ. ആരോ കതകിൽ തട്ടുന്നു. വരൂ. വരൂ. വരൂ. പാണിപീഡനം ചെയ്യാം. കൃതത്തെ അകൃതമാക്കാൻ സാധിക്കയില്ല. ശയ്യയിൽ ചെന്നു കിടക്കൂ. കിടക്കൂ".

ഇത്രയും തുടർച്ചയായല്ലാ അല്പമല്പം ഇടവിട്ടും ദീർഘശ്വാസത്തോടുകൂടിയും ജാഗ്രദവസ്ഥ പ്രാപിക്കാതെ തന്നെ പറഞ്ഞിരുന്ന രാജ്ഞി അതേ നിലയിൽ ഉറക്കറയിൽ ചെന്നു കിടപ്പായി.

വൈദ്യർ ഓരോ വാക്യത്തേയും ശ്രദ്ധിച്ചു കേട്ടു എന്നു മാത്രമല്ല ഓർമ്മയ്ക്കായി എഴുതിയെടുക്കയും ചെയ്തു. വൈദ്യർ ഇപ്രകാരം പറഞ്ഞു:—"ഇതെന്തൊരു ദീർഘശ്വാസം. ഹൃദയം നിശ്ചയമായും ഗുരുവായ വ്യസനഭാരത്താൽ പീഡിതമായിരിക്കണം. ഈ രോഗം എന്റെ ചികിത്സയ്ക്കു അതീതമാണു്; എന്നിരുന്നാലും ഉറക്കത്തിൽ

എഴിച്ചു നടക്കുന്ന രോഗികൾ ശയ്യയിൽ കിടന്ന് നിർമ്മല മനസ്സരായി മരിച്ചിട്ടുള്ളതു എനിക്കറിയാം. ദുഷ്ടങ്ങളായ വദന്തികൾ പ്രചരിച്ചു കഴിഞ്ഞിരിക്കുന്നു. പ്രകൃതിവിരുദ്ധങ്ങളായ പ്രവൃത്തികൾ പ്രകൃതിവിരുദ്ധങ്ങൾ ആയ പീഡകളെ ജനിപ്പിക്കുന്നു. സ്വാപരാധവിദ്ധമായ മനസ്സു തദ്രഹസ്യകൃത്യങ്ങളെ ബധിരങ്ങളായ തലയണകളോടു പറഞ്ഞുകേൾപ്പിച്ചു സ്വഭാരത്തെ കുറയ്ക്കും. അവൾക്കു അഗദംകാരനേക്കാൾ അധികമായി ആവശ്യപ്പെട്ടിരിക്കുന്നതു ദേവപ്രീതിയാണ്. ഈശ്വരാ, ഈശ്വരാ, സർവ്വരുടേയും അപരാധങ്ങളെ ക്ഷമിക്കണേ. രാജ്ഞിയെ കാത്തു രക്ഷിക്കണേ. സർവ്വദാ അവളിൽ ദൃഷ്ടി വച്ചിരിക്കണേ. ഇനി ഞാൻ പോകാം. രാജ്ഞി എന്റെ ചിത്തത്തെ സംഭ്രാന്തമാക്കിയിരിക്കുന്നു. എന്റെ ദൃഷ്ടിയെ വിസ്മയാകുലമാക്കിയിരിക്കുന്നു. സംഗതി ഞാൻ ഗ്രഹിച്ചു. പക്ഷെ അതു വെളിയിൽ പറഞ്ഞുകൂടാ".

ഇത്രയും സംസാരിച്ചു തീർന്ന് ചേടിയും വൈദ്യരും പിരിഞ്ഞു പോയതിൽ പിന്നീട് ഏതാനും മുഹൂർത്തങ്ങൾക്കുള്ളിൽ രാജ്ഞി സ്വ ഖഡ്ഗങ്ങളാൽ തന്നത്താനെ കഴുത്തറുത്തു മരിച്ചു.

ഉഗ്രസേനനേയും ധീരശാന്തപ്രഭ്വിയേയും വധിച്ചതു് ദുർമ്മോഹിയായ പ്രതാപരുദ്രൻ ആണെന്നു അസന്ദിഗ്ദ്ധമായ വിധം ഗ്രഹിച്ചുകൊണ്ടു് ഭിഷഗ്വരൻ രാജാന്തഃപുരത്തുനിന്നു വെളിയിൽ പോയി രാജ്ഞിയുടെ രോഗവിവരം അറിയിക്കാനായി രാജസന്നിധിയിൽ എത്തി.

ഇതിനിടയ്ക്കു ശത്രുസൈന്യങ്ങൾ യുദ്ധസന്നാഹത്തോടുകൂടി സമീപിച്ചിരിക്കുന്ന വിവരമറിഞ്ഞു് പ്രതാപ

ഭദ്രൻ ശത്രുസംഹാരഭദ്രനായിരുന്നു എന്നു വരികിലും "വൈദ്യരെ നിങ്ങളുടെ രോഗിണിക്കു സൗഖ്യം ആയോ? ഇപ്പോൾ എങ്ങനെയിരിക്കുന്നു". എന്നു വൈദ്യനോടു ചോദിച്ചു

വൈദ്യർ:—അത്രഭവതി വിശ്രാന്തിഹാനികരങ്ങളും കൂട്ടം കൂട്ടമായി വരുന്നവയും ആയ ചിന്തകളാൽ പീഡിതയായിരിക്കയാൽ അത്യധികം രോഗം പിടിച്ചു വലല്ലാ സ്വാമിൻ.

പ്രതാപരുദ്രൻ:—അതിനു ചികിത്സിച്ച് ആ ദോഷം ശമിപ്പിക്കു. രോഗം പിടിച്ച ചിത്തത്തെ ചികിത്സിക്കുന്നതിനും രൂഢമൂലമായ ദുഃഖത്തെ സ്മരണശക്തിയിൽ നിന്നു വേരോടെ പറിച്ചെടുക്കുന്നതിനും മസ്തിഷ്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പീഡകളെ ചെത്തിക്കളയുന്നതിനും ഹൃദയഭാരമായിക്കിടക്കുന്ന ആപൽക്കരമായ സാധനത്തെ മധുരവും വിസ്മൃതികരവും ആയ വല്ല പ്രത്യൗഷധവും പ്രയോഗിച്ചു ബഹിഷ്കരിച്ചു ഹൃദയത്തെ കഴുകി ശുദ്ധിയാക്കുന്നതിനും തനിക്കു ശക്തിയില്ലയോ?

വൈദ്യർ:—ഇക്കാര്യത്തിൽ രോഗി സ്വയമേവ ചികിത്സ നടത്തിക്കൊള്ളേണ്ടതാണ്.

പ്രതാപരുദ്രൻ:—എന്നാൽ തന്റെ മരുന്നുകളെ നായ്ക്കു റിഞ്ഞു കൊടുക്കു. തന്റെ ചരക്കൊന്നും എനിക്കു വേണ്ടാ.

അദ്ധ്യായം ൰൯.

ഉദ്യോഗം.

ധീരശാന്തൻ ഏലാരണ്യത്തിലെ അനന്തപുരനഗരത്തിൽ ചെന്നു അവിടെ അഭയംപ്രാപിച്ചിരുന്ന വേദാരണ്യത്തിലെ യുവരാജാവിനെ സന്ദൎശിച്ചു. വേദാരണ്യത്തിലെ പ്രജാസംഖ്യയത്തിൽ അധികഭാഗവും സേനാപതികളും സചിവന്മാരും യുവരാജാവിനെ ക്രമാഗതമായ കേരളാധീശരാജാവായി വാഴിക്കാൻ സന്നദ്ധരായിരിക്കുന്നുണ്ടെന്നു അറിയിച്ചു. എന്നാൽ യുവരാജാവു് അദ്ദേഹത്തിനെ പൂൎണ്ണമായി വിശ്വസിക്കാൻ ശക്തനായിരുന്നില്ല. സകല സ്ഥലങ്ങളിലും താൻ അഭയം പ്രാപിച്ചിരിക്കുന്ന അനന്തപുരത്തിൽ പോലും പ്രതാപരുദ്രന്റെ ഗുപ്തചാരന്മാർ ഉള്ളതായിട്ടാണു് ആ തിരുമേനി വിശ്വസിച്ചിരുന്നതു്. ധീരശാന്തനുമായി സംസാരിക്കുന്നതുപോലും പരസ്യമായ സ്ഥലത്തു അരുതു എന്നു യുവരാജൻ സങ്കല്പിച്ചു് ഇപ്രകാരം പറഞ്ഞു:—

> "നാം വിജനമായ വല്ല ചോലയിലും ചെന്നിരുന്നു നമ്മുടെ വ്യസനത്തെക്കുറിച്ചു് വിലപിച്ചു് നമ്മുടെ ഹൃദയഭാരത്തെ കുറയ്ക്കാം".

ധീരശാന്തൻ:—അങ്ങനെയല്ല വേണ്ടതു്. നമ്മുടെ മരണപ്രഹരമായ ഖഡ്ഗത്തെ ദൃഢമായി പിടിച്ചുകൊണ്ടു് നമ്മുടെ അധഃപതിതമായ ജന്മാവകാശത്തെ സംരക്ഷിക്കാനായി ധീരോചിതമായി ഉറച്ചു നിൽക്കണം. ഓരോ പുതിയ പ്രഭാതത്തിലും നവംനവമായി വിധവീകൃതകളായ സ്ത്രീകൾ നിലവിളി

കുന്നു. നവരൂപത്തിൽ പിതൃവിഹീനരാക്കപ്പെട്ട കുഞ്ഞുങ്ങൾ കരയുന്നു; നവനവമായ ദുഃഖങ്ങളുടെ ഉച്ചസ്വരങ്ങൾ ആകാശത്തിൽ ചെന്നടിച്ച് അവിടന്നുണ്ടായ പ്രതിധ്വനി നമ്മുടെ നാട്ടുമായി സഹതപിച്ച് യാതനാജാതമായ നിലവിളിപോലെ ശബ്ദിക്കുന്നു.

യുവരാജാവ്:—ഞാൻ വിശ്വസിക്കുന്നതിനെക്കുറിച്ച് ഞാൻ വിലപിക്കും. ദുഃഖമോചനം ചെയ്വാൻ എനിക്കു ശക്യമായുള്ളതിനെ, അവസരംവരുമ്പോൾ എൻെറ സ്നേഹിതനുവേണ്ടി, ഞാൻ മോചനം ചെയ്യും. നിങ്ങൾ പറഞ്ഞതു പക്ഷേ അപ്രകാരം സംഭവിച്ചിരിക്കാം. ഏവൻെറ നാമോച്ചാരണംപോലും അതു ഉച്ചരിക്കുന്ന നാവിനെ പൊള്ളിക്കുന്നുവോ ആ നൃശംസൻ ഒരു കാലത്തു് യോഗ്യപുരുഷനായി ഗണിക്കപ്പെട്ടിരുന്നു. നിങ്ങൾ അവനെ നല്ലപോലെ സ്നേഹിച്ചിരുന്നു. എന്നിട്ടും ഇതേവരെ കീട്ടഗന്ധിധൻ എന്നു നിങ്ങൾ അറിഞ്ഞിട്ടില്ല. ഞാൻ ആകട്ടെ ബാലൻ; എന്നാൽ നിങ്ങൾക്കു് ആപത്തിൽനിന്നു എൻെറ മുഖേന ഏതോ ചിലതുലഭിക്കാൻ അർഹത ഉണ്ടായിരിക്കാം. ഒരു ക്രുദ്ധനായ ദേവൻെറ കോപശമനത്തിനായി സാധുവും നിർദ്ദോഷിയുമായ ഒരു ആട്ടിൻകുട്ടിയെ ബലിയായി കൊടുക്കുന്നതു് വിവേകവും ആയിരിക്കാം.

ധീരശാന്തൻ:—ഞാൻ വഞ്ചകനും വിശ്വാസഘാതകനും അല്ല.

യുവരാജാവ്:—എന്നാൽപ്രതാപരുദ്രൻ അങ്ങനെയുള്ളവൻതന്നെ; ഗുണസമ്പന്നവും സാദാചാരവത്തും ആയ

ഒരു പ്രകൃതി രാജാജ്ഞയെ നടത്തുന്നതിൽ നീതി പഥത്തിൽ നിന്നും വ്യതിചലിക്കാൻ ഇടയാക്കാം. എന്നാൽ ഞാൻ നിങ്ങളോട്ട് മാപ്പിനപേക്ഷിക്കുന്നു. ഏതുവിധം അവസ്ഥയിൽ നിങ്ങൾ ഇരിക്കുന്നുവോ ആ അവസ്ഥയെ മാററാൻ എന്റെ വിചാരത്തിന് ശക്തിയില്ല. അങ്ങു ഗുണവാനായിരിക്കെ അങ്ങു ദുഷ്ടനാണെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ടു് അങ്ങു ദുഷ്ടനാകയില്ല, അതുപോലെ തന്നെ മറിച്ചും. ദുർദൃശ്യവും നീചവുമായ സർവ്വം സൽഗുണോചിതമായി സുന്ദരമായ ബാഹ്യാകാരത്തെ ധരിക്കുന്നതായാലും ഗുണവത്തര സൗന്ദര്യനിധിയായിരിക്കുയേയൊള്ളു.

ധീരശാന്തൻ—എന്റെ സകല ആശകളും നഷ്ടങ്ങളായി.

യുവരാജാവ്:—ഞാൻ നിങ്ങളെ സാശങ്കം അംഗീകരിച്ചതുകൊണ്ടായിരിക്കാം. സ്നേഹത്തിനുള്ള അമൂല്യനിദാനങ്ങളും ദൃഢസ്നേഹബന്ധങ്ങളും ആയ നിങ്ങളുടെ ഭാര്യയേയും കുഞ്ഞുങ്ങളേയും വിവരം അറിയിക്കാതെതന്നെ അതിദ്രുതമായി അങ്ങ് അവരെ വിട്ടുവന്നതു് എന്തിന്! നിങ്ങൾക്കു് വിമാനനീയമായ ഉദ്ദേശങ്ങൾ ഉണ്ടായിരുന്നതായി ഞാൻ സംശയിക്കുന്നു എന്നു ഗണിക്കരുതേ. ആത്മരക്ഷയെക്കുറിച്ചു മാത്രമേ ഞാൻ പറയുന്നൊള്ളു. ഞാൻ എന്തുതന്നെ വിചാരിക്കുന്നതായാലും നിങ്ങളുടെ പ്രവൃത്തി നിശ്ചയമായും ന്യായമായിരിക്കും.

ധീരശാന്തൻ:—അനാഥമായ ദേശമേ! നിന്റെ പ്രജകളുടെ രക്തമോചനം നടക്കട്ടെ. പ്രജകൾ ഹതരായി ഭവി

കേരള സാഹിത്യ അക്കാദമി

ക്കട്ടെ. മഹത്തായ നൃശംസത! ഭവാന്റെ ശങ്കാഹേതുവിനെ ദൃഢപ്പെടുത്തികൊൾക. ആത്മനിയന്ത്രണം വേണ്ട. ഭവാങ്കൽ നിന്ന് ബലാദപഹൃതമായ സ്ഥാനമാനങ്ങൾ തിരുമേനി ധരിച്ചുകൊണ്ടാലും. രാജസ്ഥാനത്തിനു തിരുമേനിക്കുള്ള അവകാശം സുപ്രതിഷ്ഠിതമായിരിക്കുന്നു. തിരുമനസ്സിലേക്ക് ക്ഷേമമുണ്ടാകട്ടെ. ആ നൃശംസന്റെ പിടിക്കകത്ത് ലഭിച്ചിരിക്കുന്ന ദേശം മുഴുവനും അതിനു പുറമേ ധനാഢ്യമായ പ്രാചീനദേശവും ലഭിക്കുന്നതായാലും ഞാൻ തിരുമേനി വിചാരിക്കുംപോലെ ദുഷ്ടനായിരിക്കാൻ മനസ്സുള്ളവനല്ല.

യുവരാജാവു:—കോപിക്കരുതേ. നിങ്ങളെ അത്യന്തം പേടിക്കുന്നവനെപ്പോലെ ഞാൻ സംസാരിക്കുന്നില്ല. നമ്മുടെ രാജ്യം—പ്രജകൾ—ഭാരംവഹിച്ച് അധഃപതിതമായി കിടക്കുന്നു എന്ന് ഞാൻ ഗണിക്കുന്നു. നമ്മുടെ രാജ്യം കരയുന്നു, രക്തം ഒലിക്കപ്പെടുന്നു. ഓരോ ദിവസം ചെല്ലുംതോറും അതിന്റെ പുത്തൻ മുറിവുകളുടെ എണ്ണം കൂടിക്കൂടി വരുന്നു. അങ്ങനെയിരുന്നാലും എന്റെ അവകാശസ്ഥാപനത്തിനായി എനിക്കനുകൂലമായി ഉയർത്തപ്പെടുന്ന പാണികൾ ഉണ്ടായിരിക്കുമെന്നു ഞാൻ ഗണിക്കുന്നു. ഇവിടെ കരുണാനിധിയായ അനന്തപുര രാജൻ അനേക സഹസ്രം യോദ്ധാക്കളെ അയച്ച് എന്നെ സഹായിക്കാമെന്നു പറഞ്ഞിരിക്കുന്നു. കാൎയ്യം ഈവിധമെല്ലാമിരുന്നാലും ഞാൻ നൃശംസശിരസ്സിൽ ചവിട്ടുകയോ അതിനെ എന്റെ ഖഡ്ഗത്തിൽ വഹിക്കയോ ചെയ്യുമ്പോൾ എന്റെ പാവപ്പെട്ട രാജ്യത്തിന്

പൂർവ്വകാലത്തേക്കാൾ അധികം ദോഷങ്ങളും അധികം കഷ്ടനഷ്ടങ്ങളും പിൻവാഴ്ചക്കാരനാൽ ജനിപ്പിക്കപ്പെടും.

ധീരശാന്തൻ:—അവൻ ആരായിരിക്കും?

യുവരാജാവ്:—എന്നെതന്നെയാണ് ഞാൻ പറയുന്നത്. എന്തുകൊണ്ടെന്നാൽ സകലവിധ ദോഷങ്ങളും എന്നിൽ ചേർത്തൊട്ടിച്ച് വളർത്തപ്പെട്ടിരിക്കുന്നതുകൊണ്ട് ഞാനാകുന്ന ആ വൃക്ഷം പൂത്ത് കാച്ച് ഫലങ്ങളുണ്ടാകുമ്പോൾ, തമോനിധിയായ പ്രതാപരുദ്രൻ ഹിമശുഭ്രനായി നിഷ്കളങ്കമായി കാണപ്പെടുകയും എന്റെ അതിരററ ദുഷ്പ്രവൃത്തികളുമായി താരതമ്യപ്പെടുത്തുമ്പോൾ അവനെ ഈ സാധുദേശം ഒരു പശുക്കുട്ടിപോലെ നിർദോഷിയായി ഗണിക്കയും ചെയ്യും എന്ന് എനിക്കറിയാം.

ധീരശാന്തൻ:— ദൌഷ്ട്യത്തിലും നീചവൃത്തിയിലും പ്രതാപരുദ്രനെ അതിശയിക്കുന്നതായ യാതൊരു വേതാളവും ഘോരനരകങ്ങളിൽപോലും ഉണ്ടായിരിക്കയില്ല.

യുവരാജാവ്:—അവൻ മനുഷ്യരക്തമോചനപ്രിയനും വിഷയലമ്പടനും ദുർവൃത്തനും ഈർഷ്യാലുവും പേരുള്ളതായ സകലപാതകങ്ങളും ഉള്ളവനുമാണെന്ന് ഞാൻ സമ്മതിക്കുന്നു. എന്നാൽ എന്റെ അഗാധകമായ വിഷയാസക്തിയുടെ അടിത്തട്ടുകണ്ടവർ ഇല്ല. താദൃശൻ രാജാവായി വാഴുന്നതിൽപരം പ്രതാപരുദ്രൻ അധികം ക്ഷേമംകരനായി ഗണിക്കപ്പെടും.

ധീരശാന്തൻ—പ്രകൃതിസിദ്ധങ്ങളായ മനോവികാരങ്ങളിൽ അനിയന്ത്രിതാസക്തി നൃശംസതയത്രേ. അതു മനസ്സിൻെറയും ബുദ്ധിശക്തിയുടേയും വിവേകത്തിൻെറയും സ്ഥാനത്തിൻെറ ബലാദപഹരണമാകുന്നു. ഏതാദൃശവിഷയാസക്തി അനേകം രാജാക്കന്മാരുടെ അധഃപതനത്തിനും ആനന്ദസ്ഥാനമായ രാജസിംഹാസനത്തെ അകാലമായി നാഥവിഹീനമാക്കുന്നതിനും നിദാനമായി തീൎന്നിട്ടുണ്ടു് എന്നു വരുകിൽ തിരുമേനിയുടെ വകയായ രാജതന്ത്രത്തെ വീണ്ടെടുക്കുവാൻ തീരെ ഭയപ്പെടേണ്ട; ശങ്കിക്കുകയും വേണ്ട. അവിടുത്തെ സന്തോഷത്തെ യഥേഷ്ടം തൃപ്തിപ്പെടുത്തുകയും, അതേകാലത്തുതന്നെ ഉദാസീനനെപ്പോലെ വെളിയിൽ ഭാവിക്കുകയും ചെയ്യുക. ഈ വിധം നടിക്കുന്ന കാലംകൊണ്ടു് ശത്രുവിനെ തെററിധരിപ്പിക്കാം.

യുവരാജാവു്—തീരെ അപഘടിതമായ എൻെറ പ്രകൃതിയിൽ ഇതുകേട്ടു് വളരെ അനുപമമായ ദുൎമ്മോഹം വളരുന്നു. ഞാൻ രാജാവായിരുന്നാൽ പ്രഭുക്കളുടെ വസ്തുവകകളെ മോഹിച്ചു് ഒരുവൻെറ ആഭരണാദികൾക്കായും മറെറാരുവൻെറ ഗൃഹത്തിനായും അവരുടെ ശിരച്ഛേദനത്തിനു ഉദ്യുക്തനായി ഭവിക്കത്തക്കവണ്ണം പ്രകൃത്യാ കുടിലവും അപഘടിതവും ആയ എൻെറ മനസ്സിൽ ഇതുകേട്ടു് അപാരവും അനുപമവുമായ മോഹവും ലോഭവും വളരുന്നു. അധികമധികം ദ്രവ്യമുണ്ടാകുന്തോറും ആ ദ്രവ്യലബ്ധി ഗുണവാന്മാരുടേയും രാജഭക്തരുടേയും നേക്കു് അനീതിയായ കലഹകാരണം സൃഷ്ടിച്ചു് അവരുടെ ധനത്തെക്കരുതി അവരെ വധിക്കുവാൻ ഇടയാക്കുകയും കൂടുതൽ

ശ്രേയോലാഭത്തെ കൊതിക്കുന്നതിനുള്ള ബുഭുക്ഷയെ ഉജ്ജ്വലിപ്പിക്കയും ചെയ്യുന്ന ദീപനൗഷധമായി ഭവിക്കുന്നു.

ധീരശാന്തൻ—ഈ അതിമോഹം അഗാധമായി പുതഞ്ഞു കിടക്കുകയും ക്ഷണികമായ വിഷയസുഖേച്ഛയെക്കാൾ അധികം ദോഷകരമായി വേരൂന്നി വളരുകയും ചെയ്യുന്നു. എന്നിരുന്നാലും ഭയപ്പെടേണ്ട. തിരുമേനിക്കു സ്വന്തമായി സ്വേച്ഛാപൂർത്തി വരുത്തുന്നതിന്ന് വേണ്ട ധാരാളത നമ്മുടെ രാജ്യത്തിൽ ഉണ്ട്. ഇവ മററനുഗ്രഹങ്ങളുമായി തുലനം ചെയ്തു നോക്കുമ്പോൾ സഹ്യമായുള്ളവ തന്നെ.

യുവരാജാവ്:—എനിക്ക് അങ്ങനെയുള്ള യാതൊന്നും ഇല്ല. നീതി, സത്യം, ആത്മസംയമനം, സ്ഥിരബുദ്ധി, ഉദാരത, പരിശ്രമം, കാരുണ്യം, വിനയം, ഭക്തി, ക്ഷമ, ധൈര്യം, സ്ഥൈര്യം മുതലായ രാജോചിതഗുണങ്ങളിൽ എനിക്കു അഭിരുചി ഇല്ല. എന്നാൽ നാനാവിധമായ അപരാധങ്ങളിൽ ഒരോന്നിനേയും നാനാമുഖമായും അനിയന്ത്രിതമായും പ്രവൎത്തിക്കുന്നതിൽ വാസന എനിക്കു ഉണ്ട്. എന്നുതന്നെയുമല്ല, എനിക്കു അധികാരം ഉണ്ടായിരുന്നു എന്നുവരികിൽ സൌജന്യവും ചിത്തൈക്യവും ആകുന്ന മധുരക്ഷീരത്തെ ഞാൻ നരകഗൎത്തത്തിൽ ഒഴിച്ചുകളയും; സാർവ്വത്രികമായി പരന്നിരിക്കുന്ന ശാന്തതയേയും സമാധാനത്തേയും അത്യന്തം സങ്കുലമാക്കയും ഇഹലോകത്തിൽ സകലവിധൈക്യത്തേയും ഭിന്നിപ്പിക്കയും ചെയ്യുമായിരുന്നു.

ധീരശാന്തൻ:—അയ്യോ, വേദാരണ്യമേ! വന്ദേമാതരം. അയ്യോ.

യുവരാജാവ്:—താദൃശൻ രാജ്യഭരണത്തിന്നു യുക്തൻ അ ണെങ്കിൽ പറയു: ഞാൻ വർണ്ണിച്ചവിധത്തിൽ ഉള്ള വൻ തന്നെ ഞാൻ.

ധീരശാന്തൻ:—രാജ്യഭരണത്തിന്നു ഉചിതൻ എന്നോ? അ ല്ല. ജീവിച്ചിരിക്കാൻ ഉചിതനല്ല. അയ്യോ ദുഃഖപൂ രിതരായ ജനങ്ങളേ! രക്തത്തിൽ മുക്കിയ ചെങ്കോൽ ധരിച്ചവനും രാജസ്ഥാനം ഇല്ലാത്തവനും ആയ നൃ ശംസന്ന് അധീനരായി ഭവിച്ചിരിക്കുന്ന സാധുക്കളേ! നിങ്ങളുടെ രാജസിംഹാസനത്തിന്നു നിജതമനായ അ വകാശി ആത്മദണ്ഡനയാൽ തൽസ്ഥാനത്തിൽനി ന്നു നിരാകൃതനായി തീരുകയും സ്വവർഗ്ഗത്തെ കളങ്കി തമാക്കി അപഭാഷിക്കയും ചെയ്യുന്നതുകൊണ്ടു് നിങ്ങ ളുടെ ഭാഗ്യാദികളെ വീണ്ടും എപ്പോൾ ഞാൻ ദർശി ക്കും? തിരുമേനിയുടെ പിതാവായ രാജാവു് അത്യ ന്തം സിദ്ധതുല്യൻ ആയിരുന്നു. ഭവാനെ മടിയിൽ വച്ചു ലാളിച്ചുവളർത്തിയ, ആ മഹാരാജ്ഞിയായ, ജ നനി ജീവിതകാലത്തിൽ ദിനന്തോറും മരിക്കാൻ ഒരു ങ്ങിയിരുന്നു. തിരുമേനി ശുഭമായി ഗമിക്കുക. തിരു മേനിയുടെ പേരിൽ സ്വയമാരോപിച്ചതായ അപരാ ധങ്ങൾ എന്നെ മാതൃദേശത്തിൽനിന്നു ബഹിഷ്ക രിച്ചിരിക്കുന്നു. അയ്യോ, എന്റെ മനമേ, നിന്റെ ആശ ഇവിടെ അവസാനിക്കുന്നു.

യുവരാജാവ്:—ധീരശാന്തപ്രഭോ! ശാന്തനായിരിക്കൂ; വിമ ലമായ ആർജ്ജവബുദ്ധിയിൽനിന്നു ജാതങ്ങൾ ആയ ഈ ഉത്തമ മനോവികാരമായ കളങ്കിത സംശയ

ങ്ങളെ എന്റെ മനസ്സിൽനിന്നു പ്രമാജ്ജനം ചെയ്തു് എന്റെ ചിന്തകളെ അങ്ങേടെ സത്യത്തിന്നും മാനത്തിന്നും യോജിച്ചവയാക്കിയിരിക്കുന്നു. പൈശാചനായ പ്രതാപരുദ്രൻ ഈ വിധം അനേകം കൂടപ്രയോഗങ്ങളാൽ എന്നെ അവന്നു് വശപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ടു്. എന്നാൽ ശാന്തമായ വിവേകം, അത്യശങ്കിയായ ദ്രുതഗതിയിൽനിന്നു, എന്നെ പിൻവലിപ്പിച്ചു. സ്വർഗ്ഗസ്ഥനായ ഈശ്വരൻ നിങ്ങൾക്കും എനിക്കും തമ്മിൽ സൌഹാർദ്ദം ഉണ്ടോ എന്നു അറിഞ്ഞു് നമ്മെ യഥായോഗ്യം അനുഗ്രഹിക്കട്ടെ. എന്തു കൊണ്ടെന്നാൽ ഇപ്പോൾ തന്നെയും ഞാൻ നിങ്ങളുടെ വിവേകവത്തായ ഉപദേശത്തിനു സ്വയം കീഴ്പ്പെടുകയും എന്റെപേരിൽ ഞാൻ സ്വയമേവ ആരോപിച്ച കുററങ്ങളെ ഞാൻ നിരാകരിക്കയും തഥാവിധം ആത്മാരോപിതങ്ങളായ ദോഷങ്ങൾ എന്റെ പ്രകൃതിക്കു വിരുദ്ധങ്ങൾ ആകയാൽ അവയെ ഞാൻ സശപഥം ത്യജിക്കയും ചെയ്യുന്നു ഇതേവരെ ഞാൻ സ്ത്രീജനത്തിനു പരിചിതൻ അല്ല; ഒരിക്കലും കള്ളസത്യം ചെയ്തിട്ടും ഇല്ല. എന്റെ സ്വന്തമായിട്ടുള്ളതു ലഭിക്കണം എന്നുപോലും ഞാൻ മോഹിച്ചിട്ടില്ല. യാതൊരിക്കലും വിശ്വാസഘാതകം ചെയ്തിട്ടില്ല. പൈശാചികവൃത്തനെ ചതിച്ചു തുല്യനിലയിലുള്ളവനോടു സംഘടിപ്പിക്കയില്ല. പ്രാണനേക്കാൾ കുറവായി സത്യത്തിൽ സന്തോഷിക്കയില്ല. ഞാൻ ഇദം പ്രഥമമായി കളവു പറഞ്ഞിട്ടുള്ളതു് എന്റെ പേരിൽ തന്നെ ഞാൻചെയ്ത ഈ ദോഷാരോപണം ആണു്. വാസ്തവസ്ഥിതിയിൽ ഉള്ള ഞാൻ നിങ്ങളു

ടേയും എൻെറ പാവപ്പെട്ട രാജ്യത്തിൻേറയും ആ ജ്ഞകൾക്കു വശപ്പെട്ടവൻ. വൃദ്ധനായ ഉഗ്രപാണ്ഡ്യദേവൻ പൂർണ്ണമായി യുദ്ധോദ്യുക്തരായ പതിനായിരം രണശൂരരോട്ടു കൂടി, നിങ്ങൾ ഇവിടെ വരും മുമ്പേതന്നെ, എൻെറ രാജ്യത്തിൻെറ നേൎക്കുപുറപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അവിടെനമുക്കൊന്നിച്ചുപോകാം. വിജയയോഗം നമ്മുടെ കാൎയ്യത്തിൻെറ നീതിമത്തയ്ക്കനുരൂപമായി നിശ്ചിതമായ്ഭവിക്കട്ടെ. അങ്ങു എന്തുകാരണത്താൽ മൌനം അവലംബിച്ചിരിക്കുന്നു.

ധീരശാന്തൻ:—ഏതാദൃശങ്ങളായ പ്രിയകാൎയ്യങ്ങളും അപ്രിയകാൎയ്യങ്ങളും ഏകപദേ പറഞ്ഞതു് ദുസ്സഹമാണല്ലോ.

ഈവിധം ഇവർ സംസാരിച്ചുകൊണ്ടിരുന്നതിനിടയ്ക്കു ഒരു രാജവൈദ്യൻ അവിടെ വന്നെത്തി. "എന്താ മഹാരാജാവു എഴുന്നള്ളുന്നുണ്ടോ" എന്നു യുവരാജൻ ചോദിച്ചു.

വൈദ്യൻ:—ഉണ്ടു്. ഒരു വലിയ കൂട്ടം രോഗികൾ അവിടുത്തെ ചികിത്സയെ പ്രതീക്ഷിച്ചിരിക്കുന്നു. അവരുടെ രോഗം വലിയ വൈദ്യനൈപുണ്യത്തിൻെറ യത്നങ്ങളെ വിഫലീഭവിപ്പിക്കുന്ന തരത്തിലുള്ളതു്; എന്നു വരുകിലും ആ തിരുമേനിയുടെ സ്പൎശനമാത്രത്താൽ അവർ ക്ഷണനേന നീരോഗികളായിത്തീരും. അവിടുത്തെ പാണിക്കു അത്ര വലിയ ശുദ്ധതയും മാഹാത്മ്യവും ഈശ്വരൻ നല്കിയിരിക്കുന്നു.

യുവരാജാവു്:—വൈദ്യരെ നിങ്ങൾക്കു വന്ദനം. (വൈദ്യർ പോയി)

ധീരശാന്തൻ:—അദ്ദേഹം പറയുന്ന രോഗം ഏതാണ്?

യുവരാജാവ്:—അതിനു കണ്ഠമാല അല്ലെങ്കിൽ രാജസ്പർശം എന്നാണു പേരു്. ഈ ഗുണവാനായ മഹാരാജാവിന്റെ അത്യന്തവും അത്ഭുതവും അതിമൎത്ത്യവും ആയ പ്രവൃത്തിയാണിതു്. ഞാൻ ഇവിടെ താമസം തുടങ്ങിയതിൽ പിന്നീടു അവിടുന്നു ഈ അഗദംകാരത്വം നടത്തുന്നതു് ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. ഈശ്വരന്റെ കനിവു വരുത്തേണ്ടതായ മാൎഗ്ഗം അദ്ദേഹത്തിനു നല്ലപോലെ അറിയാം. എന്നാൽ അസാധാരണ മഹാരോഗങ്ങളാൽ പീഡിതരായ ജനങ്ങൾ, ദേഹമെല്ലാം പുണ്ണുണ്ടായി അഴുകി പഴുത്തു നാറുന്നവർ, കാഴ്ചയ്ക്കു അത്യന്തം ജുഗുപ്സാവഹരായുള്ളവർ, സകലവിധൗഷധശക്തിക്കും അതീതർ, ഈ വിധം ഉള്ളവരുടെ കഴുത്തിൽ അദ്ദേഹം ഈശ്വരസ്തോത്രപൂതമായ ഒരു കവചം കെട്ടിത്തൂക്കിയാൽ അവർ സൎവ്വരോഗങ്ങളിലുംനിന്നു വിമുക്തരായി ഭവിക്കുന്നു. അദ്ദേഹത്തിന്റെ പിൻവാഴ്ചക്കാൎക്കും ഈ അനുഗ്രഹം ജന്മസിദ്ധമായി ഭവിക്കുംപോലും. ഈ അത്ഭുതഗുണയുക്തനായ അദ്ദേഹത്തിനു ഭാവികാൎയ്യങ്ങളെ മുൻകൂട്ടി പറയുന്നതിനുള്ള ശക്തിയും ഈശ്വരൻ നല്കീട്ടുണ്ടു്. ഇതിനും പുറമെ വിവിധാനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ സിംഹാസനത്തിനു ചുററും തൂങ്ങിക്കിടക്കുന്നു. തന്നിമിത്തം അദ്ദേഹം പ്രസാദപൂൎണ്ണനും കൃപാനിധിയും ആണെന്നു ഗണിക്കപ്പെട്ടിരിക്കുന്നു.

സാക്ഷാൽധന്വന്തരമൂൎത്തിയായ അനന്തപുരത്തിലെ മഹാരാജാവിന്റെ മഹാത്മ്യത്തെക്കുറിച്ചു് ഇവർ ഈ

വിധം സംഭാഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ വല്ലഭപ്രഭുവും യുവരാജദർശനത്തിനായും ധീരശാന്തന്റെ തൽകാലഗൃഹനിലയെ അറിയിക്കാനായും അവിടെ എത്തി. വല്ലഭനെ വേണ്ടവിധം സൽക്കരിക്കാൻപോലും യുവരാജൻ ശക്തനായിരുന്നില്ല. ധീരശാന്തനോടു അറിയിക്കേണ്ടതായ അത്യന്തദുഃഖകരമായ വൃത്താന്തത്തെ പൊടുന്നനവെ അറിയിക്കുന്നതു് ഝടിതി തന്മരണഹേതുവായിഭവിച്ചേയ്ക്കുമല്ലോ. അതുകൊണ്ടു കഴിയുന്നത്ര മന്ദമായി പറഞ്ഞു കേൾപ്പിക്കണം എന്നായിരുന്നു വല്ലഭന്റെ ഉദ്ദേശ്യം: ധീരശാന്തൻ ആകട്ടെ വല്ലഭന്റെ തൽക്കാലഗമനഹേതുവിനെ ഒട്ടും ശങ്കിച്ചില്ല. യുവജന സഹായത്തിനായി മനഃപൂർവ്വം യത്നിക്കുന്ന ഒരു സചിവൻ തങ്ങളെ കാണ്മാൻകൊതിച്ചു വന്നിരിക്കുന്നു എന്നു വിചാരിച്ചു സന്തോഷിച്ചിരുന്നതേയുള്ളു- "സ്വാമിൻ ഇവിടെ വരുന്നതാരെന്നു നോക്കണേ" എന്നു ധീരശാന്തൻ യുവരാജാവിനെ അഭിസംബോധനംചെയ്തു.

യുവരാജൻ:—എന്റെ നാട്ടുകാരൻ; എന്നിരുന്നാലും എനിക്കു അദ്ദേഹത്തെ അറിഞ്ഞുകൂടാ.

ധീരശാന്തൻ:—അതിശാന്തനായ ചേട്ടാ, അങ്ങേയ്ക്കു സ്വാഗതം.

യുവരാജാ—ഇപ്പോൾ ആളെ മനസ്സിലായി. ഈശ്വരാ ഞങ്ങളെ അപരിചിതരാക്കിയിരിക്കുന്ന ഹേതുവിനെ മാററണേ.

വല്ലഭൻ:—തമ്പുരാന്നു സർവ്വമംഗളം ഭവിക്കട്ടെ.

ധീരശാന്തൻ:—നമ്മുടെ രാജ്യം പൂർവ്വസ്ഥിതിയിൽതന്നെ കിടക്കുന്നുവോ?

വല്ലഭൻ:—അയ്യോ പാവപ്പെട്ടദേശം! തന്റെ നിലയും വിലയും യോഗ്യതയും അറിയാൻ ഭീതഭീതമായിരിക്കുന്നു. അതിനെ നമ്മുടെ മാതൃഭൂമി എന്നു വിളിക്കാൻ പാടില്ല, നമ്മുടെ ശ്മശാനഭൂമി എന്നാണ് വിളിക്കേണ്ടിയിരിക്കുന്നത്. ഗുണദോഷവിഹീനനും അജ്ഞനും അല്ലാത്ത യാതൊരുത്തനും അവിടെ സ്മേരമുഖനായി കാണാറില്ല. അവിടെ ഗഗനത്തെ വലിച്ചുകീറുമാറ് ദീർഘശ്വാസങ്ങളും കരച്ചിലും നിലവിളിയും വളർന്നു പൊങ്ങിക്കിടക്കുന്നു; എന്നിട്ടും അവ ശ്രദ്ധിക്കപ്പെടുന്നില്ല: അവിടെ അത്യുഗ്രമായ വ്യസനം ദൈനന്ദിനമായ ചിത്തക്ഷോഭമായി പരിണമിച്ചിരിക്കുന്നു. അവിടെ പ്രേതസംസ്കാരകാലത്തുണ്ടാകുന്ന നിലവിളി കേൾക്കുമ്പോൾ ആരു മരിച്ചുപോയി എന്നു ഗണിക്കുന്നവർ ഇല്ല; ഗുണവാന്മാരുടെ ജീവിതങ്ങൾ, അവർ തലയിൽ ധരിച്ചിരിക്കുന്ന പുഷ്പം വാടുമ്മുമ്പെയോ, അവർ രോഗാക്രാന്തരായി തീരുമ്മുമ്പെയോ നഷ്ടമായിപ്പോകുന്നു.

ധീരശാന്തൻ:—അയ്യോ, വളരെ സൂക്ഷ്മമായ വാർത്തയാണ്; കേൾക്കവയ്യാത്തവിധം സത്യവും അത്രേ.

യുവരാജാ:—നവീനതമമായ ദുഃഖഹേതു ഏത്?

വല്ലഭൻ:—ഒരു മുഹൂർത്തകാലം മാത്രം പ്രായമുള്ളവൻപോലും പുതിയവാർത്ത പറയുന്നവനെ അപഹസിക്കുന്നു. ഓരോ നിമേഷവും പുതിയ ദുഃഖഹേതു ജനിപ്പിക്കുന്നു.

ധീരശാന്തൻ:—എന്റെ ഭാര്യക്കു സൌഖ്യം തന്നെയോ?

വല്ലഭൻ:—സൌഖ്യം,

ധീരശാന്തൻ:—എന്റെ കുഞ്ഞുങ്ങളും?

വല്ലഭൻ:—അവക്കും സൗഖ്യംതന്നെ.

ധീരശാന്തൻ:—ആ നൃശംസൻ അവരുടെ സമാധാനത്തെ അതിക്രമിച്ചില്ല, അല്ലേ.

വല്ലഭൻ:—ഇല്ല. ഞാൻ അവരെ വിട്ടുപിരിഞ്ഞപ്പോൾ അവർ സമാധാനത്തിൽ സുഖിച്ചുകിടക്കുന്നു.

ധീരശാന്തൻ:—സംഭാഷണത്തിൽ ലുബ്ധ് കാണിക്കേണ്ട, കാൎയ്യം എങ്ങനെ ഇരിക്കുന്നു.

വല്ലഭൻ:—ഞാൻ ഗുരുഭാരമായി വഹിച്ചുകൊണ്ടുവന്ന ഈ വൎത്തമാനം അറിയിക്കുന്നതിനായി ഇവിടെ വന്നപ്പോൾ അനേകം മാന്യപുരുഷന്മാർ ആയുധപാണികളായി വെളിക്കു പുറപ്പെട്ടിരിക്കുന്നു എന്നു് ഒരു ശ്രുതി ഉണ്ടായി; അതു കേട്ടതിൽ ആ ഘാതകനായ നൃശംസന്റെ ശക്തി പ്രചരിതമായിരിക്കുന്നുവെന്നത്രേ ഞാൻ പരിച്ഛേദിച്ചതു്, ഇക്കാലം ആണു് സഹായം ആവശ്യപ്പെട്ടിരിക്കുന്ന കാലം. തിരുമേനി നമ്മുടെ രാജ്യത്തിൽ വന്നു് ജനങ്ങൾക്കു് ദൃശ്യനായിഭവിച്ചാൽമാത്രം മതി. ആ അവസ്ഥിതി തന്നെയും രണധീരന്മാരെ സൃഷ്ടിക്കയും നമ്മുടെ സ്ത്രീകളുടെ ദാരുണകഷ്ടങ്ങളെ ദൂരീകരിക്കാനായി സ്ത്രീജനങ്ങളേപ്പോലും യുദ്ധവീരകളാക്കയും ചെയ്യും.

യുവരാജാ:—നാം അങ്ങോട്ടുവരുന്നുണ്ടു്. ഈ വസ്തുതയറിഞ്ഞു് അവർ സമാശ്വസിച്ചുകൊള്ളട്ടെ. കരുണാനിധിയായ അനന്തപുരത്തെ മഹാരാജാവു് ഗുണനിധിയായ ഉഗ്രപാണ്ഡ്യദേവനെ പതിനായിരം

ഭടന്മാർ ചേൎന്ന സൈന്യത്തിൻെറ നായകനാക്കി നമ്മുടെ സഹായത്തിനായി തന്നിരിക്കുന്നു. ഇദ്ദേഹത്തെ അപേക്ഷിച്ച് യുദ്ധവൃദ്ധനും രണോജ്ജതാവും ആയ സേനാനീ ഇഹലോകത്തിൽ ഇല്ല.

വല്ലഭൻ;—ഏതാദൃശാശപാസത്തിനും ഞാനും സഹായഭൃതനായിരിക്കണം എന്നു വലുതായ മോഹം ഉണ്ട്. പക്ഷെ അതിനു ശക്തിയില്ലല്ലൊ എന്നു ഖേദിക്കുന്നു. പരശ്രോത്രങ്ങളിൽ പതിച്ചുക്രുടാത്തവയും നിർമാനുഷമായ ആകാശത്തിൽ മാത്രം ഉച്ചരിക്കേണ്ടവയും ആയ ചില വാക്കുകൾ എനിക്കു പറയാനുണ്ട്.

ധീരശാന്തൻ:—അവ എന്തിനെപ്പററിയുള്ളവ? പൊതുദുഃഖഹേതുവൊ അതല്ലാ ഒരുത്തനു തനിച്ചുള്ള വ്യസനം ക്രമാഗതമായി അതിൻെറ സന്തതികൾക്കു ലഭിച്ചതായുള്ളതോ?

വല്ലഭൻ:—അതിൽ പ്രധാനാംശം നിങ്ങളെ മാത്രം സംബന്ധിക്കുന്നതാണെന്നു വരികിലും കേൾക്കുന്ന ഏതു ഋജുബുദ്ധിയ്ക്കും അതു വ്യസനഹേതുവാകാതിരിക്കയില്ല.

ധീരശാന്തൻ:—എന്നെ സംബന്ധിച്ചുള്ളതാണെങ്കിൽ ഒളിക്കേണ്ടാ, വേഗത്തിൽ പറഞ്ഞേക്കൂ,

വല്ലഭൻ:—നിങ്ങളുടെ ശ്രോത്രപുടങ്ങളിൽ ഇതേവരെ പ്രവേശിച്ചിട്ടുള്ള നാദങ്ങളിൽവച്ച് അത്യുച്ചവും അതിപ്രചണ്ഡവും ആയ ശബ്ദം അവിടങ്ങളിൽ

ഞാൻ ഇപ്പോൾ പ്രവേശിപ്പിക്കുന്നതിനായി ഉച്ചരിക്കുന്ന നാവിനെ ആ ശ്രോത്രങ്ങൾ ശാശ്വതമായി വെറുക്കരുതേ എന്നു ഞാൻ അപേക്ഷിക്കുന്നു.

ധീരശാന്തൻ.—ഹും-അതെന്താണെന്നു ഞാൻ ഊഹിക്കുന്നുണ്ട്.

വല്ലഭൻ:—നിങ്ങളുടെ ദുർഗ്ഗപ്രസാദം അവസ്കന്ദിതമായി; നിങ്ങളുടെ ഭാര്യയും ശിശുക്കളും മൃഗീയമായി ഹതരായി. ഈ മാൻപേടയേയും മാൻകുട്ടികളേയും ഹനിച്ച നീതിയുടെ വിവരണം കേട്ടാൽ അതു നിങ്ങളേയും മൃതരുടെ കൂട്ടത്തിൽ ചേർത്തേക്കും.

യുവരാജാ:—കൃപാവാരിധിയായ ഭഗവൻ! എന്തെടോ മനുഷ്യാ, വ്യസനഭാരത്താൽ തല കുനിക്കേണ്ടാ. ദുഃഖത്തെ വാഗ്രൂപമാക്കൂ; വാചാ വെളിപ്പെടാത്ത വ്യസനം അതിഭാരാക്രാന്തമായ ഹൃദയത്തിൽ ചെന്നു് സ്വയം ഛിന്നഭിന്നമാകുവാൻ ഹൃദയത്തിനോടു മന്ത്രം ഉപദേശിക്കും.

ധീരശാന്തൻ:—എന്റെ കുഞ്ഞുങ്ങളും കൂടിയോ?

വല്ലഭൻ:—ഭാര്യ, കുഞ്ഞുങ്ങൾ, ഭൃത്യർ, അവിടെ കാണപ്പെട്ടിരുന്ന സകലരും.

ധീരശാന്തൻ:—ഇക്കഥയറിഞ്ഞിട്ടും ഞാൻ ഇവിടെന്നു അങ്ങോട്ടു ചെല്ലേണമൊ? എന്റെ പ്രിയതമയും ഹതയായിപ്പോയോ?

വല്ലഭൻ:—ഞാൻ പറഞ്ഞല്ലൊ!

യുവരാജാ:—സമാശ്വസിക്കു—നമ്മുടെ മഹാപ്രതീകാരത്തെ, ഈ മരണകരമായ വ്യസനരോഗം ശമിപ്പിക്കാൻ ഉള്ള, ഔഷധമായി നമുക്കു പരിണമിപ്പിക്കാം.

ധീരശാന്തൻ:—അവൻ കുഞ്ഞുങ്ങൾ ഇല്ലാത്തവൻ. എന്റെ സുന്ദരരായ ആ കുഞ്ഞുങ്ങൾ എല്ലാവരും പോയോ? എല്ലാവരും എന്നാണോ അങ്ങു പറഞ്ഞതു്? അയ്യോ, നരകലോകപ്പരുന്തു! എല്ലാവരുമോ! സൗന്ദര്യനിധികളായ എന്റെ എല്ലാ കുഞ്ഞുങ്ങളും തള്ളയുംകൂടി ക്രൂരമായ ഒരു റാഞ്ചിൽ പൊയ്പ്പോയോ?

യുവരാജാ:—നിങ്ങൾ ദുഃഖവുമായി ആണിനൊപ്പം യുദ്ധം ചെയ്യൂ.

ധീരശാന്തൻ:—ഞാൻ അങ്ങനെ ചെയ്യും. എന്നുവരികിലും മനുഷ്യോചിതമായ ബോധവും എനിക്കു ഉണ്ടാകേണ്ടതു തന്നെ. എനിക്കു അത്യന്തം അമൂല്യദ്രവ്യങ്ങളായിരുന്നവ പൊയ്പ്പോയി എന്നു സ്മരിക്കാതിരിപ്പാൻ ശക്തിയില്ല. ഈശ്വരൻ ഇതെല്ലാം കണ്ടുകൊണ്ടിരിക്കയും അവക്കു അനുകൂലമായി പ്രവൎത്തിക്കാതിരിക്കയും ചെയ്തുവോ? നിന്റെ പ്രതാപം സംഹാരരുദ്രന്റെ വൃത്തിയായി പരിണമിക്കണം എന്നു കരുതീട്ടാണോ നിന്റെ അച്ഛൻ നിനക്കു ഈ പേരു് നല്കിയതു്. മഹാപാതകിയായ പ്രതാപരുദ്രാ; അവരെല്ലാം എന്റെ നിമിത്തം പ്രഹതരായല്ലോ. ഞാൻ അകിഞ്ചനഹതകൻ! അവരുടെ സ്വന്തം അപരാധങ്ങൾ നിമിത്തം ക്രൂരവധം അവരുടെ ആത്മാവിൽ ആപതിച്ചു. വൈകുണ്ഠം ഇപ്പോൾ അവക്കു വിശ്രമസ്ഥാനം ആയി ഭവിക്കട്ടെ.

യുവരാജാ:—ഇതു നിങ്ങളുടെ ഖഡ്ഗത്തെ തേച്ചു മൂർച്ചവരുത്തുന്നതിനുള്ള ചാണയായിരിക്കട്ടെ. ദുഃഖം ക്രോധമായി പരിണമിക്കട്ടെ. മനസ്സിനെ മൊണ്ണയാക്കരുതേ; അതിനെ ക്രോധവിദ്ധമാക്കൂ.

ധീരശാന്തൻ:—അയ്യോ, എൻെറ നേത്രങ്ങൾ കൊണ്ടു സ്ത്രൈണകൃത്യം അഭിനയിക്കയും നാവുകൊണ്ടു ആത്മശ്ലാഘാപരനായി ഭവിക്കയും ചെയ്യാൻ എനിക്കു കഴിയും. എന്നാൽ ശാന്തനായ ഈശാ, സകല വിളംബത്തേയും കുറയ്ക്കണേ. വേദാരണ്യത്തിലെ ഈ വേതാളത്തേയും എന്നേയും യുദ്ധത്തിൽ പരസ്പരം അഭിമുഖീകരിപ്പിക്കണേ. അവനെ എൻെറ ഖഡ്ഗദീർഘതയ്ക്കുള്ളിൽ ആക്കി വെക്കണേ. അവൻ എൻെറ ഖഡ്ഗപാതം തട്ടാതെ രക്ഷപ്പെടുന്നതായാൽ ഈശപരനും അവനു മാപ്പുകൊടുക്കട്ടെ.

യുവരാജാവ്:—ഈ രാഗം പൗരുഷംതന്നെ. വരൂ, നമുക്കു രാജസന്നിധിയിൽ ചെല്ലാം. നമ്മുടെ ബലം സന്നദ്ധമായിരിക്കുന്നു. വിടവാങ്ങാനേ താമസമുള്ളൂ. പ്രതാപരുദ്രൻ പഴുത്ത പഴംപോലെ പതിക്കാൻ സന്നദ്ധനായിരിക്കുന്നു. ഈശപരൻ ഇപ്പോൾ പ്രതീകാരകൃത്യം നടത്തേണ്ടവരായ അവിടുത്തെ അമാത്യന്മാരെ ഉത്തേജിപ്പിക്കുന്നു. ലഭ്യമായ പ്രോത്സാഹനം ലഭിച്ചാലും. അന്ധകാരമയമായ രാത്രി ഒടുവിൽ പ്രഭാവത്തായ പകലിനു വഴി കൊടുക്കയേയുള്ളൂ.

അദ്ധ്യായം ൧൯.

അധഃപതനം

രാജ്ഞി മരിച്ചതിൽ പിന്നീട പ്രതാപരുദ്രൻെറ അവസ്ഥ ശോച്യതരമായി. അദ്ദേഹം ഏകാകിയായി ഭവിച്ചു. ഗൃഹലക്ഷ്മി പൊയ്പോയാൽ സകലവിധ ലക്ഷ്മിയും നഷ്ടം തന്നെ. അദ്ദേഹത്തിൻെറ ഗുണദോഷങ്ങളിൽ പങ്കുകൊള്ളുന്നവൻ എന്നൊ അദ്ദേഹത്തെ മനഃപൂർവം സ്നേഹിക്കുന്നവൻ എന്നൊ ഗണിക്കാവുന്നതായി രാജഗൃഹത്തിൽ അകട്ടെ പുറമെയാകട്ടെ യാതൊരുത്തനും ഇല്ലാതായി. എന്നിട്ടും അദ്ദേഹം മേലും ദുഷ്കർമ്മങ്ങളും ചതികളും പ്രവർത്തിക്കാൻ ആലോചിച്ചു മനസ്സിനെ വ്രണപ്പെടുത്തിക്കൊണ്ടിരുന്നു. താൻ ഉദ്ദേശിക്കുന്ന ക്രൂരകർമ്മങ്ങളെ സൂചിപ്പിക്കുവാൻപോലും വിശ്വസ്തനായ ഒരാൾ ഉണ്ടായിരുന്നില്ല. ഏതാദൃശാവസ്ഥയിൽ ജീവിതം മരണവേദനയല്ലയോ? "ഇനി ജീവിച്ചിരിക്കുന്നതെന്തിന്? വേഗേന മരിക്കുന്നതു് നല്ലതു്" എന്നുപോലും അദ്ദേഹത്തിനു തോന്നിപ്പോയി. ഈവിധം ഏതാനും ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹത്തിൻെറ ഉത്സാഹത്തെ പുനർജ്ജീവിപ്പിക്കുന്നതായ ഒരു സംഗതി ആവിർഭവിച്ചു. പ്രായേണ എല്ലാ കാലത്തും സമീപത്തുണ്ടായിരിക്കാറുള്ള ഒരു ഭൃത്യൻ ഒരു ദിവസം ബദ്ധപ്പെട്ടു് ഓടിവന്നു് ഏതോ ഒരു കാര്യം തിരുമനസ്സറിയിക്കാൻ ഭാവിച്ചു. അതു കേൾക്കാൻപോലും രാജാവിനു ശ്രദ്ധ തോന്നിയില്ല. എന്നിട്ടും രാജാവു ഇപ്രകാരം അവനോടു പറഞ്ഞു:—

"യാതൊരു വർത്തമാനവും എന്നെ അറിയിക്കേണ്ടാ; അവർ സകലരും ഓടിച്ചുകൊള്ളട്ടെ. വർണ്ണാരണ്യം എന്റെ രാജധാനിയിൽ പ്രവേശിക്കുന്നതുവരെ ഞാൻ ഭയാവിഷ്ടൻ ആയിത്തീരുകയില്ല. ഈ ബാലനായ കേരള ദേവൻ തുച്ഛൻ; ഇവൻ സ്ത്രീജാതൻ അല്ലയോ? മർത്ത്യർക്കു സംഭവിക്കുന്ന സകല കാര്യങ്ങളും അറിയുന്നവരായ ആ യോഗിനികൾ 'പ്രതാപരുദ്രപ്രഭോ പേടിക്കേണ്ടാ, സ്ത്രീ ജാതനായ യാതൊരു മനുഷ്യനും നിന്നെ ജയിച്ചു ഹനിക്കുയില്ല' എന്നു പറഞ്ഞിരിക്കുന്നു. ഈ സ്ഥിതിക്കു വഞ്ചകരായ നാടൻപ്രഭുക്കളെ! ഓടിക്കൊൾവിൻ; ഉദരംഭരികളായ ഏലാരണ്യക്കാരോടൊന്നിച്ചു ചേർന്നുകൊൾവിൻ. എന്റെ പ്രവൃത്തികളെ നിയന്ത്രിക്കുന്ന ചിത്തവും ഞാൻ വഹിക്കുന്ന ഹൃദയവും യാതൊരിക്കലും സംശയംകൊണ്ടു് നമ്രമായി ഭവിക്കയില്ല, ഭീതികൊണ്ടു ചഞ്ചലപ്പെടുകയും ഇല്ല."

"എടാ നിനക്കു കുക്കുടതുല്യമായ ശ്വേതവർണ്ണം എവിടെ കിട്ടി?"

ഭൃത്യൻ:—പതിനായിരം ഉണ്ടു്.

പ്രതാപരുദ്രൻ:—കുക്കുടങ്ങളോ? ജാല്മാ.

ഭൃത്യൻ:—ഭടർ, തമ്പുരാനേ.

പ്രതാപരുദ്രൻ:—പോടാ, രക്തവിഹീനനായി ഭീരുവായ ചെക്കാ; നിന്റെ മുഖത്തെ മുള്ളുകൊണ്ടു കുത്തി ഭയദ്യോതകമായ ശ്വേതിമയെ രക്തവർണ്ണമാക്കു. എന്തു ഭടർ മൂഢാ! നിന്റെ ആത്മാവിനു നാശകാരികൾ. നിന്റെ കപോലങ്ങളിലെ വിളറിപ്പു് നിന്റെ

ഭീതിയെ ദ്യോതിപ്പിക്കുന്നു; എന്തു ഭടരാണ്, പേടിച്ചു വന്നേ.

ഭൃത്യൻ:—ഏല്ലാരണ്യസേനാ, തിരുമേനി.

പ്രതാപരുദ്രൻ:—"നിൻെറ ദുർമുഖവും കൊണ്ടു് മറയത്തു പോ"

ഭൃത്യൻപോയതിൽ പിന്നീടു് മഹത്തരനെ വിളിച്ചു ഇപ്രകാരം പറഞ്ഞു. "മഹത്തരാ എനിക്കു മനോവേദനയുണ്ടു്. കാണുമ്പോൾ ചിത്തവൈകല്യം ജനിക്കുന്നുണ്ടു്? മഹത്തരാ! ഈ ശത്രുപരാക്രമണം ഒന്നുകിൽ എന്നെ ശാശ്വതാനന്ദവാൻ ആക്കും; അല്ലെങ്കിൽ ഇപ്പോൾ സ്ഥാനഭ്രഷ്ടൻ ആക്കും. ഞാൻ ഗുണദോഷം അറിയാൻ ശക്യനായി മതിയാകുംവണ്ണം ജീവിച്ചിരുന്നിട്ടുണ്ടു്. എൻെറ ജീവിതരീതി ശുഷ്കപ്രായമായിരിക്കുന്നു. എൻെറ ഇലകൾ പഴുത്തുതുടങ്ങി. ബഹുമതി, ഭക്തി, അനുസരണം മിത്രവർഗ്ഗം, മുതലായി വാർദ്ധക്യത്തിൽ സഹചരിക്കേണ്ടതായ യാതൊന്നും എനിക്കു ഉണ്ടായിരിക്കും എന്നു പ്രതീക്ഷിച്ചുകൂടാ. തൽസ്ഥാനത്തു് ശാപങ്ങളും, ഉച്ചങ്ങൾ അല്ലെന്നുവരികിലും അഗാധങ്ങളായ ശാപങ്ങളും, കേവലം വാചാമാത്രമായ ഹാർദ്ദമല്ലാത്ത ബഹുമതിയും ശ്വാസവും ഉണ്ടായിരിക്കും. ഈ ശ്വാസം ഇല്ലാതിരിക്കാൻ സാധുവായ മനസ്സിനു ഇഷ്ടം ഉണ്ടായിരിക്കാം എന്നുവരികിലും അതില്ലാതാക്കാൻ തുനിയുന്നില്ല, മഹത്തരാ.

മഹത്തരൻ:—അടിയൻ.

പ്രതാപരുദ്രൻ:—മറെറന്തു വർത്തമാനം!

മഹത്തരൻ:—അറിയിച്ചതെല്ലാം സത്യം തന്നെ എന്നു് ഉറപ്പു കിട്ടിയിരിക്കുന്നു.

പ്രതാപരുദ്രൻ:—എന്റെ അസ്ഥികളിൽനിന്ന മാംസം ചതച്ചെടുക്കപ്പെടുന്നതു വരെ ഞാൻ യുദ്ധം ചെയ്യും. എന്റെ കവചം തരൂ, വരൂ. എന്റെ കവചം മേലിൽ ഇട്ടുതരൂ, എന്റെ വടിയും തരൂ; മഹത്തരാ! കൂടുതൽ എണ്ണം കുതിരകളെ വെളിയിൽ അയക്കൂ. വൈദ്യരെ, പ്രഭുക്കൾ എന്നെ കണ്ടു് ഓടിപ്പോകുന്നു. വൈദ്യരെ, എന്റെ നാട്ടിലെ ജലത്തെ വൈദ്യശാസ്ത്രരീത്യാ പരിശോധിക്കാൻ കഴിയും, എങ്കിൽ വേദാരണ്യത്തിനു് പിടിപെട്ടിരിക്കുന്നരോഗം എന്തെന്നു അറിഞ്ഞു വിരേചനം ചെയ്തു അതിനെ മുമ്പിലത്തെപോലെ നീരോഗം ആക്കൂ. അങ്ങനെ ചെയ്താൽ അതിനെ കുറിച്ചു ഞാൻ ഉച്ചരിക്കുന്ന പ്രശംസാ വാദം വാനത്തിൽ തട്ടി പ്രതിധ്വനിയായി ഭൂമിയിൽ വീണ്ടും പതിച്ചുമുഴങ്ങും. കവചം ധരിപ്പിക്കാനല്ല പറഞ്ഞതു്. കവചം എന്റെ പിന്നാലെ കൊണ്ടുവാ. വാരണവനത്തിലെ ഉടുമ്പൻചോല നമ്മുടെ രാജധാനിയിൽ ചെന്നെത്തുന്ന കാലംവരെ ഞാൻ മരണത്തെയൊ നാശത്തേയൊ ഭയപ്പെടിച്ചിരിക്കയില്ല".

യോഗിനികൾ നിശ്ചയമായും ത്രികാലജ്ഞരാണെന്നും അവർ പറഞ്ഞതെല്ലാം സത്യമായി ഭവിക്കയേയുള്ളൂ എന്നും ബോദ്ധ്യം വന്നിരുന്നതുകൊണ്ടാണു് പ്രതാപരുദ്രൻ ഇപ്രകാരം പറഞ്ഞതു്.

യുവരാജാവായ കേരളദേവൻ മഹാസേനാസമേതനായി യുദ്ധത്തിനു ഒരുമ്പെട്ടു വന്നിരിക്കുന്നതു സത്യം തന്നെ എന്നു മഹത്തരനും സ്വയമേവ പ്രത്യേകമായ അന്വേഷിച്ചറിഞ്ഞറിയിച്ചു. അതുകൊണ്ടു പ്രതാപരുദ്ര

രാജാവു അതു വിശ്വസിച്ചു. അദ്ദേഹത്തിൻെറ ജന്മസിദ്ധമായ ധൈൎയ്യവും വീൎയ്യവും ശൗൎയ്യവും ഒരിക്കൽ കൂടി ഉജ്ജ്വലിച്ചു; ശത്രുവുമായി യുദ്ധം ചെയ്യേതീരു എന്നു അദ്ദേഹം ഉറച്ചു. യോഗിനികളുടെ വാക്കിൽ ഉള്ളവിശ്വാസം ഈ ഉജ്ജ്വലനത്തെ പിടിച്ചു. താൻ അവധ്യനും അജയ്യനും ആണെന്നുതന്നെ അദ്ദേഹം വീണ്ടും തീൎച്ചപ്പെടുത്തി. സ്ത്രീ പ്രസവിച്ച യാതൊരാളും തന്നെ ഹനിക്കയില്ലാ എന്നും വാരണവനം സ്വരാജധാനിയിലേക്കു വന്നെത്തുന്നവരെ യാതൊരുത്തനും തന്നെ പരാജയപ്പെടുത്തുകയില്ല എന്നും ആണല്ലോ അവർ പറഞ്ഞിരുന്നതു്-സ്ത്രീപ്രസവിക്കാതെ വല്ലവനും ജനിക്കുമോ? അചലം ചലിക്കുമോ? ഇവ സൎവ്വഥാ അസംഭാവ്യങ്ങൾ അത്രേ എന്നുറച്ചുകൊണ്ടു് രാജഗോപുരങ്ങളും കോട്ടകളും ഉറപ്പിച്ചു അടച്ചുപൂട്ടി ദുരാക്രമമായ തൻെറ ദുൎഗ്ഗത്തിനുള്ളിൽ നിൎഭീകനായി യുവരാജൻെറ വരവും കാത്തുകൊണ്ടു വസിച്ചു.

ഈ അവസരത്തിൽ അന്തഃപുര സ്ത്രീകളുടെ നിലവിളി കേട്ടു. അതെന്തെന്നു തിരക്കിയതിൽ രാജ്ഞി മരിച്ചുപോയതായി മഹത്തരൻ അറിയിച്ചു.

പ്രതാപരുദ്രൻ അതു കേട്ടു് വ്യസനാക്രാന്തനായില്ല. തൽകാലരണചിന്തയാണു് അവൻെറ മനസ്സിൽ പ്രധാനമായിരുന്നതു്. അതുകൊണ്ടു് അദ്ദേഹം ഇപ്രകാരം പറഞ്ഞു:—

ഞാൻ ഭീതിയുടെ രുചി മിക്കതും മറന്നുപോയി. ബാല്യകാലത്തു രാത്രി വല്ല ശബ്ദവും കേട്ടാൽ എൻെറ ഇന്ദ്രിയങ്ങൾ ഭയപ്പെട്ടു നടുങ്ങുമായിരുന്നു. രൗദ്രമായ വല്ല കഥയും കേൾക്കുമ്പോൾ ഞാൻ അതിൽ പെട്ടവനായിരു

ന്നവൻ എന്ന പോലെ എൻെറ രോമങ്ങൾ പോലും ചഞ്ചലമായി ഭവിക്കുന്ന കാലം ഉണ്ടായിരുന്നു. ഞാൻ സന്ത്രാസങ്ങളുമായി ഏകീകൃതനായിരുന്നിരുന്നു. എൻെറ വധചിന്തകൾക്കു ഉചിതമായ ഭയകമ്പംപോലും ഇപ്പോൾ എന്നെ ചലിപ്പിക്കാൻ തീരെ ശക്തമാകയില്ല. പിന്നെ യാണോ ഈ മരണവാൎത്താ! മാരകൻ മരണത്തിൽ വ്യസനിക്കുമോ. അതിരിക്കട്ടെ. ആൎയ്യാ സ്വല്പകാലം കൂടി കഴിഞ്ഞു മരിക്കേണ്ടതായിരുന്നു. അപ്പോൾ മരണവാൎത്ത കേൾക്കാനുള്ള സമയം ഉചിതമായിരുന്നിരിക്കും. കാലഗതി ഇങ്ങനെ തന്നെയാണ്. നമുക്കു ഇന്നു ഇല്ലാത്തതായ വല്ലതും നാളെ ലഭിക്കുമെന്നു നാം വിശ്വസിച്ചിരിക്കുമ്പോൾ ഭവിക്കുന്നതെല്ലാം ഇങ്ങനെ തന്നെ. ഈ വിധം ദിനം തോറും ഭാവികാലത്തെ ആശ്രയിച്ചുകൊണ്ടു നാം മന്ദമായും വിജ്ഞാനകീൎത്ത്യാദിസ്പൎശംപോലും തട്ടാത്തവരായും ലോകാവസാനംവരെ കഴിച്ചുകൊണ്ടുപോകുന്നു. നമുക്കു മുൻപെ മരിച്ചുപോയവൎക്കു കാലം എന്തുചെയ്തു? കാലം അവരുടെ മൗഢ്യത്തെ അവരെ മനസ്സിലാക്കിയില്ല. അവരെ ജന്മസ്ഥാനമായ പൃഥിവീഭൂതത്തിലേക്കു അടിച്ചു തള്ളിയതേയുള്ളൂ. ജീവിതമാകുന്ന ക്ഷണികാഗ്നികണമേ, ഇവിടം വിട്ടുപോ; മനുഷ്യജീവിതം കേവലം ഛായതന്നെയാണ്. നാളെ, നാളെ, എന്ന പദം ഒരു ദിനത്തിൽ നിന്നു മറെറാന്നിലേക്കു ലോകാവസാനകാലത്തിൻെറ അന്തിമമുഹൂൎത്തംവരെ മന്ദമായും അവിജ്ഞാതമായും ഗമിച്ചുകൊണ്ടേയിരിക്കുന്നു. ഇന്നലത്തെ ദിനങ്ങൾ ആയിരുന്നവയെല്ലാം മൂഢൎക്കു തമോമയമായ മരണത്തേക്കു വഴി കാണിക്കുന്ന ദീപം ആയിരിക്കുന്നു. വെളിയിൽ പോ, കെട്ടുപോ,

ചെറിയ ദീപമേ, തീക്കനലേ, കെട്ടുപോ. ജീവിതം കേവലം ഗച്ഛത്തായ ഛായയേയാകുന്നുള്ളൂ. അതു്, അരങ്ങിൽ കയറിവന്നു് തന്റെ പാത്രാഭിനയത്തിൽ ഞെടുക്കവും തങ്കൽ അപ്രത്യയവും നടിച്ചതിൽ പിന്നീടു് തീരെ അദൃശ്യനും അഗണ്യനും ആയി ഭവിക്കുന്ന ഒരു പാവപ്പെട്ട നടനു്, തുല്യമാണു്. ജീവിതം അന്തസ്സാരവിഹീനവും കേവലം മുഴക്കവും ശബ്ദവും മാത്രംകൊണ്ടു നിറഞ്ഞതും ആയി ശൂന്യചിത്തൻ പറഞ്ഞുകേൾപ്പിക്കുന്ന കഥയത്രേ.

അദ്ധ്യായം ൨൦.

യുദ്ധസന്നാഹം

ഇക്കാലത്തിനിടയ്ക്കു യുവരാജനെ സഹായിക്കാനായി ഹതനായ മഹാരാജാവിന്റെ ഉററ ബന്ധുക്കളും ഭക്തരും ആത്മമിത്രങ്ങളും ആയ അനേകം സചിവന്മാരും സേനാനികളും അനേകം യുദ്ധവീരന്മാരോടൊന്നിച്ച വേദാരണ്യത്തിൽനിന്നു വന്നെത്തിയിരുന്നു. ഇവരുടെ കൂട്ടത്തിൽ രണശൂരൻ, വല്ലഭൻ, മഹാവീരൻ, കേതകീദേവൻ മുതലായ പ്രധാന പുരുഷരും ഉണ്ടായിരുന്നു. ഏലാരണ്യത്തിലെ രാജധാനിയായ അനന്തപുരത്തിലെ അധീശൻ ഇവരെ വേണ്ടവിധം സൽക്കരിച്ചു. അനന്തപുരത്തിൽ ആകട്ടെ കേളികേട്ട മധുരപ്പടയുണ്ടായിരുന്നു. അതിലെ പ്രധാന സേനാധീശൻ ഇപ്പഴത്തെ ശേത്തൂർ മഹാരാജാവിന്റെ പൂർവൻ ആയ ഉഗ്രപാണ്ഡ്യദേവൻ ആയിരുന്നു. ശേത്തൂർ രാജാക്കന്മാർ അന്നും എന്നും ധർമ്മശീലർ, സത്യസന്ധർ, സകല സൽഗുണസമ്പന്നർ, സാധുസംരക്ഷണത്തിനായി ബദ്ധകങ്കണർ. ആ ഉഗ്രപാണ്ഡ്യസേനാദ്ധ്യക്ഷൻ കേരളദേവന്റെ സഹായത്തിനായി സ്വസേനയെ സജ്ജമാക്കി. അവരെല്ലാം സുമുഹൂർത്തത്തിൽ രാജധാനിവിട്ടു പുറപ്പെട്ടു വാരണവനത്തിലെത്തി കൂടാരമടിച്ചു സ്വസ്ഥിതിയെ ഒന്നുകൂടി ആലോചിച്ചു.

യുവരാജൻ:—അളിയരേ, നമ്മുടെ ഗൃഹങ്ങൾ സുരക്ഷിതങ്ങളായിത്തീരുന്ന കാലം സമീപിച്ചിരിക്കുന്നു എന്നു ഞാൻ ആശംസിക്കുന്നു.

മാനവരൻ:—അതു ഞങ്ങൾ തീരെ സംശയിക്കുന്നില്ല.

ഉഗ്രപാണ്ഡ്യൻ:—നമ്മുടെ മുൻവശം കാണുന്ന ഈ ചോല ഏതു്?

മാനവരൻ:— ഓരോ ഭടനും ഈ ഉടുമ്പൻചോലയിലെ വൃക്ഷങ്ങളിൽനിന്നു ഓരോ ശാഖ അവനവന്റെ ഉപയോഗത്തിനായി ഒടിച്ചെടുത്തു ധരിച്ചുകൊൾവിൻ. അതു പൊക്കിപ്പിടിച്ചു നമ്മുടെ സേനയെ മറച്ചിരുന്നാൽ സേനാബലം ശരിയായി നിർണ്ണയിക്കാൻ ശത്രുക്കൾക്കു കഴിവില്ലാതാവും.

ഭടർ:—കല്പനപോലെ.

ഉഗ്രപാണ്ഡ്യൻ:—ആ ഘാതകൻ ആത്മരക്ഷയെക്കുറിച്ചു പ്രത്യയഭരിതനായി ഇപ്പോഴും സ്വനഗരിയിൽതന്നെ ഇരിക്കുന്നുണ്ടെന്നും നാം അവിടെച്ചെന്നു ആ ദുർഗ്ഗം വളയുവാൻ സമ്മതിച്ചുകൊണ്ടിരിക്കും എന്നും ഇപ്പോൾ അറിയുന്നു.

യുവരാജാവു്:—അതുതന്നെയാണല്ലോ അവന്റെ പ്രധാനപ്പെട്ട ആശ. എന്തുകൊണ്ടെന്നാൽ ലഭ്യമായ ഓരോ അവസരത്തിലും, അതു് ഉച്ചമായിരുന്നാലും നീചമായിരുന്നാലും, അവൻ അതിനു വിരുദ്ധമായി പ്രതിരോധിച്ചിട്ടുണ്ടു്. ബലാൽക്കാരേണ സേനയിൽ ചേർപ്പിക്കപ്പെട്ടവരും ഉൽഭ്രാന്തരും അല്ലാതെ മററാരുംതന്നെ അവന്റെ പക്ഷത്തിൽ ചേർന്നു സേവിക്കുന്നില്ല.

ധീരശാന്തൻ:—കാര്യങ്ങളുടെ അവസാനത്തിച്ചു അറിയാൻ കാത്തിരിക്കാം. അതുവരെ അഭിപ്രായം ഒന്നും പറ

പ്പെട്ടുവിടേണ്ട. അതിനിടയ്ക്കു പരിശ്രമോദ്യുക്തമായ യുദ്ധസന്നാഹം നമുക്കു നടത്താം.

ഉഗ്രപാണ്ഡ്യൻ:—നമുക്ക് ഏതെല്ലാം ജയം ലഭിച്ചു ഏതെല്ലാം നഷ്ടപ്പെട്ടു എന്നു അറിയുന്നതിനു വേണ്ട കാലം സമീപിക്കുന്നു. ഊഹങ്ങൾ അനിശ്ചിതാശകളെ അടിസ്ഥാനപ്പെടുത്തി ജനിക്കുന്നവയത്രെ. വാസ്തവത്തിൽ ഉള്ള ഫലം യുദ്ധം നടന്നതിൽപിന്നീടു മാത്രമെ പരിഃച്ഛേദ്യമായി ഭവിക്കയൊള്ളു. അതു കൊണ്ടു യുദ്ധത്തിന് ഒരുങ്ങാം.

മാനവരന്റെ ആജ്ഞയെ ഓരോ ഭടനും അനുഷ്ഠിച്ചു. എല്ലാവരും ഉടുമ്പൻചോലയിൽനിന്നും തിരിച്ചു.

അധ്യായം ൨൧.

പ്രതാപരുദ്രവധം.

ശത്രുസൈന്യത്തിൻെറ വരവു അറിഞ്ഞു മുൻകൂട്ടിഅറിവിക്കുന്നതിനായി നിയുക്തനായിരുന്ന ഒരു ഭടൻ ബദ്ധപ്പെട്ടു ഓടിവരുന്നതു കണ്ടു് പ്രതാപരുദ്രരാജാവു ചോദിച്ചു: നീ എന്തോ പറയാൻ വരുന്നു. വേഗത്തിൽ പറഞ്ഞുതീർക്കൂ.

ദൂതൻ:—കരുണാനിധേ, ഞാൻ കണ്ടവസ്തുത അറിയിക്കേണ്ടിയിരിക്കുന്നു. എന്നാൽ അറിയിക്കേണ്ടവിധം എനിക്കു അറിഞ്ഞുകൂടാ.

പ്രതാപരുദ്രൻ:—അതിരിക്കട്ടെ പറയൂ.

ദൂതൻ:—ഞാൻ കുന്നിൻമുകളിൽ കാവൽ നിന്നിരുന്നപ്പോഠം വാരണപ്രദേശത്തിൻെറ നേക്കുനോക്കി. ആ വനം ചരിച്ചു തുടങ്ങിയിരിക്കുന്നു എന്നു എനിക്കു തോന്നി.

പ്രതാപരുദ്രൻ:—കള്ളം പറയുന്നുവോ അടിമച്ചെക്കാ!

ദൂതൻ:—വസ്തുത അങ്ങനെയല്ലാ എന്നുവരികിൽ അടിയൻ തിരുമനസ്സിലെ കോപഫലം അനുഭവിച്ചുകൊള്ളാം, ഇവിടെന്നു മൂന്നുമൈൽ ദൂരത്തിങ്കൽ അതു ഇങ്ങോട്ടുവരുന്നതു തിരുമേനിക്കു കാണാവുന്നതാണു്. അതു സഞ്ചരമാണമായ അരണ്യം ആയി ഭവിച്ചിരിക്കുന്നു.

പ്രതാപരുദ്രൻ:—നീ പറയുന്നതു കള്ളം ആണെന്നുവരികിൽ നിന്നെ അടുത്തുനിൽക്കുന്ന മരത്തിൽ കെട്ടി

ത്തുക്കി നീ ആഹാരം ഒന്നും ഇല്ലാതെ ചാകാൻ ഇട യാക്കും; നീ പറയുന്നതു സത്യം ആണെന്നുവരികിൽ നീ എന്നെയും തഥാവിധം ശിക്ഷിക്കുന്നതിൽ വിരോധം ഇല്ല. ഞാൻ എൻെറ ബലവത്തായ വിശ്വാസത്തെ നിയന്ത്രിക്കയും സത്യം ആണെന്നുതോന്നും വിധം കളവുപറഞ്ഞ ആ യോഗിനികളുടെ ദ്വ്യത്ഥമായവാക്കിനെ സംശയിക്കാൻ തുടങ്ങുകയും ചെയ്യുന്നു. 'വാരണവനം എൻെറ നഗരിയിലോട്ടു വരുന്നതുവരെ ഭയപ്പെടേണ്ടാ എന്നാണല്ലൊ അവർ പറഞ്ഞിരുന്നതു്. ഇതാ ഇപ്പോൾ ഒരു വനം ഇങ്ങോട്ടു വരുന്നപോൽ. ആയുധം ധരിപ്പിൻ! ആയുധം എടുക്കുവിൻ! വെളിയിൽ ഇറങ്ങുവിൻ. ഇവൻ പറയുന്നതു വാസ്തവത്തിൽ ഉള്ളതാണെന്നു വരികിൽ ഇവിടം വിട്ടു ഓടുകയും വേണ്ടാ, ഇവിടെത്തന്നെ താമസിക്കയും വേണ്ടാ; എനിക്കു സൂര്യനെ കണ്ടുകണ്ടു മനം മടിഞ്ഞുതുടങ്ങുന്നു. ലോകസംഘടനം വിഘടിതമായി ഭവിക്കണേ എന്നു ഞാൻ പ്രാത്ഥിക്കുന്നു. യുദ്ധാഹ്വാനകമായ മണിയടിക്കു. മാരുതദേവ! പ്രഹരിക്കു. അന്തകദേവാ വരു, നമുക്കു യുദ്ധസന്നദ്ധരായിട്ടെങ്കിലും മരിക്കാം.

വാരണവനത്തിൻെറ ചലനത്തെറിച്ചു ഭൂതങ്ങൾ പറഞ്ഞതിൻെറ അത്ഥം പ്രതാപരുദ്രൻ ശരിയായിഗ്രഹിച്ചിരുന്നില്ല. എന്നാൽ അവർ പറഞ്ഞതു പ്രകാരാന്തരേണ സത്യമായി ഭവിക്കയും ചെയ്തു.

യുവരാജാവിൻെറ കക്ഷിയിൽ ഉള്ള സേനാ പ്രതാപരുദ്രന്റും ദൃശ്യമായ ദൂരത്തു എത്തിയപ്പോൾ യുവരാജാവു് ഈ വിധം ആജ്ഞാപിച്ചു:—

ഇതു മതിയായിടത്തോളം സാമീപ്യം തന്നെ, നിങ്ങളുടെ പർണ്ണാവരണങ്ങളെ താഴെ എറിയുക; നിങ്ങളുടെ വാസ്തവരൂപത്തിൽ ധീരരായി നിൽക്കുക; പൂജ്യരായ മാതുലാ, അങ്ങ് അവിടത്തെ ധീരപുത്രനായ എന്റെ അളിയനോടുകൂടി നമ്മുടെ അഗ്രസേനയെ നയിപ്പിക്കണേ. ആര്യനായ ധീരശാന്തനും ഞാനുംകൂടി ഞങ്ങളുടെ വ്യൂഹക്രമത്തിനു ശേഷം ഉള്ള സകലകാര്യവും നിർവഹിച്ചുകൊള്ളും.

ഉഗ്രപാണ്ഡ്യൻ:—ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടേ! ശുഭമായി ഗമിക്കുക; നാം ഇന്നു രാത്രിതന്നെ ഘാതകന്റെ ശക്തികണ്ടാൽ മാത്രംമതി. നമുക്കു യുദ്ധം ചെയ്വാൻ കഴിഞ്ഞില്ലെങ്കിൽ നമുക്കു പരാജയം ലഭിച്ചോട്ടേ.

ധീരശാന്തൻ:—നമ്മുടെ കാഹളങ്ങളും എല്ലാം ശബ്ദിക്കട്ടേ. രക്തമോചനത്തിന്റേയും മരണത്തിന്റേയും ശബ്ദായമാനദൂതരായ വാദ്യങ്ങളെ സകലശ്വാസവും പ്രയോഗിച്ചു വാദിക്കുക. എല്ലാവരും യുദ്ധാഹ്വാനകാഹളം ശബ്ദിച്ചുകൊണ്ടേയിരുന്നു.

പ്രതാപരുദ്രന്റെ കക്ഷിയിൽ വിശ്വസ്തരും ഭക്തരും ആയ ചില യോധന്മാർ ഉണ്ടായിരുന്നു; എന്നുവരികിലും സൈന്യബലം തീരെ കുറവായിരുന്നു; എന്നുമാത്രമല്ല സേനാനികളിൽ അനേകം പേർ മനസാ പ്രതാപരുദ്രവിദ്വേഷികളും യുവരാജശ്രേയസ്സിനെ ആകാംക്ഷിച്ചവരും ആയിരുന്നു. രാജാവു യുദ്ധക്കളത്തിൽ ഇറങ്ങി ഖഡ്ഗാഖഡ്ഗിയായും ദണ്ഡാദണ്ഡിയായും എന്നുവേണ്ടാ പലവിധ ഡിംബയുദ്ധങ്ങളും ചെയ്തു. അത്യുൽകട

ക്രോധത്തോടും വീൎയ്യത്തോടുംകൂടി ശത്രുച്ഛേദനം നിരന്തരം നടത്തി. ഒടുവിൽ രാജാവു ഉഗ്രപാണ്ഡ്യപുത്രനാൽ വധ്യസ്തംഭത്തിൽ കെട്ടപ്പെട്ട് ഓടിപ്പോകാൻ പോലും അശക്തനായി. "കരടിയെപ്പോലെ ശത്രുക്കളുടെ അതിക്രമണത്തെ എതിൎക്കതന്നെ വേണ്ടതു; സ്ത്രീജാതൻ അല്ലാത്തവൻ ഏവനായിരിക്കാം? തഥാവിധനെമാത്രമേ ഞാൻ പേടിക്കേണ്ടിയൊള്ളു. മററാരെയും ഭയപ്പെടേണ്ട" എന്നു അക്കാലത്തും അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹത്തിനെ സ്തംഭത്തിൽ കെട്ടിയിട്ട യുദ്ധവീരൻ അദ്ദേഹത്തിൻെറ പേരെന്തെന്നു ചോദിച്ചു.

പ്രതാപരുദ്രൻ:—കേട്ടാൽ നിനക്കു ഭയം ജനിക്കുന്നപേരു്.

ഔഗ്രപാണ്ഡ്യൻ:— ഇല്ലാ നാരകത്തിലുള്ള ഏതിനെക്കാളും ഉഗ്രതരമായ നാമം നീ ധരിക്കുന്നതായാലും അതുകേട്ടു് ഞാൻ പേടിക്കയില്ല.

പ്രതാപരുദ്രൻ:—എൻെറ പേരു് പ്രതാപരുദ്രൻ.

ഔഗ്രപാണ്ഡ്യൻ:—എൻെറ ശ്രവണപുടത്തിന്നു് ഇതിൽ അധികം വിദ്വേഷകരമായ നാമം പിശാചിന്നു പോലും ഉച്ചരിക്കാൻ കഴിയുകയില്ല.

പ്രതാപരുദ്രൻ:—അല്ല; ഇതിൽപരം ഭയങ്കരമായ പേരും ഇല്ല. ഞാൻ സംഹാരരുദ്രൻ ആയി തീൎന്നിരിക്കുന്നു.

"ഗൎഹിതനായ നൃശംസാ, നീ കള്ളം പറയുന്നു. നീ പറയുന്നതു് കളവാണെന്നു എൻെറ വായ്കൊണ്ടു ഞാൻ തെളിയിക്കാം." എന്നു പറഞ്ഞു ഔഗ്രപാണ്ഡ്യൻ പ്രതാപരുദ്രൻെറ കെട്ടഴിച്ചുവിട്ടു. ഇവർ തമ്മിൽ

ഉണ്ടായ യുദ്ധത്തിൽ ഔഗ്രപാണ്ഡ്യനെ പ്രതാപരുദ്രൻ വെട്ടിക്കൊന്നു.

"എടാ നീ സ്ത്രീജാതൻ; മനുഷ്യസ്ത്രീ പ്രസവിച്ച ഒരു പുരുഷൻ ധരിച്ചിരിക്കുന്ന വാൾ കണ്ടു് ഞാൻ ഹസിക്കയും അവൻ ചലിപ്പിക്കുന്ന ആയുധങ്ങളെ തുച്ഛങ്ങളായി ഗണിച്ച ഞാൻ ചിരിക്കയും ചെയ്യുന്നു." എന്നു പ്രതാപരുദ്രൻ അപഹസിച്ചു പറഞ്ഞുകൊണ്ടു് ശത്രുസൈന്യത്തിന്റെ ഉള്ളിലേക്കു പാഞ്ഞുചെന്നു.

അവിടെ അതിനുവളരെ അടുത്തായി ധീരശാന്തൻ വേദാരണ്യസേനാനികളെ ഹനിച്ചുകൊണ്ടു് പ്രതാപരുദ്രസംഹാരത്തെ ഉദ്ദേശിച്ച് ചിന്താവിഷ്ടൻ എന്നപോലെ നിമേഷകാലം നിശ്ചലനായിരുന്നു. അവന്റെ ചിന്തയെന്തു്? ചിന്താകാരണം എന്തു്? "ആ വഴിക്കാണു് ശബ്ദം കേൾക്കുന്നതു്. നൃശംസാ, നിന്റെ മുഖം കാണിക്കൂ. നീ ഹതനാകാതിരുന്നാൽ, ഹതരായിത്തീർന്ന എന്റെ ഭാര്യയുടേയും കുഞ്ഞുങ്ങളുടേയും പ്രേതങ്ങൾ എന്നെ സദാ ഉപദ്രവിച്ചുകൊണ്ടിരിക്കും. കേവലം ശമ്പളവും പണവും മോഹിച്ച് ആയുധം ധരിച്ചിരിക്കുന്ന പദാതികളെ ഞാൻ പ്രഹരിക്കയില്ല, പ്രതാപരുദ്രാ! ഒന്നുകിൽ ഞാൻ നിന്നെ കൊല്ലും അല്ലെങ്കിൽ എന്റെ വാൾ അതിന്റെ ധാരയ്ക്കു പ്രയോഗം ലഭിക്കാതെയും ഉത്കൃഷ്ടവൃത്തി നടത്താതെയും ഞാൻ അതിനെ ഉറയിൽ തള്ളിയേക്കും. നീ അവിടെ ഉണ്ടായിരിക്കണം. ഈ വലിയ ധ്വനി അതിപ്രശസ്തനായ ഒരാളുടെ ആഗമനത്തെ പ്രഖ്യാപിക്കുന്നു. ഭാഗ്യദേവതേ! ഞാൻ അവനെ കാണാറാകണേ! ഇതിലധികം ഒന്നും ഞാൻ അപേക്ഷിക്കുന്നില്ല" ഈ വിധം ധീരശാന്തൻ വിചാരിച്ചു. ഈ സേനാനി ഇങ്ങനെ

ചിന്തിച്ചു നില്ക്കവേ പ്രതാപരുദ്രൻ യദൃച്ഛയാ ഇവന്റെ മുമ്പിൽ കേറിച്ചെന്നു. "ഞാൻ എന്റെ ഖഡ്ഗത്താൽ തന്നെത്താനെ വെട്ടിച്ചാവുകയില്ല. ജീവിച്ചിരിക്കുന്നവരെ കാണുന്നതിന്നിടയ്ക്കു അവരിൽ ദീർഘക്ഷതം ഉണ്ടാക്കുകന്നതാണു് നല്ലതു്" എന്നായിരുന്നു പ്രതാപരുദ്രന്റെയും വിചാരം.

ധീരശാന്തൻ രാജാവിനെ കണ്ടമാത്രയിൽ അതേവരെ ഒരുവിധം അടക്കി വച്ചിരുന്ന ക്രോധാഗ്നി ഒന്നിച്ചുചേർന്നു് ഘനീഭവിച്ചു നിർഗ്ഗമിച്ചു. "തിരിക്കൂ, നരകശപാഃവ, ഓടിപ്പോകാതെ തിരിക്കൂ" എന്നു ധീരശാന്തൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

പ്രതാപരുദ്രൻ:—ഏവനെ അഭിമുഖീകരിക്കുന്നതായാലും തരക്കേടില്ല. ഞാൻ തന്നെ അഭിമുഖീകരിക്കാതെ ഒഴിഞ്ഞുകൊണ്ടിരിക്കയാണു്; എന്നാൽ താൻ മടങ്ങിപ്പൊയ്ക്കൊള്ളൂ. എന്റെ ആത്മാവു ഇപ്പോഴെ തന്റെ രക്തത്താൻ അയഥാക്രമം ഭാരവത്തായി ഭവിച്ചിട്ടുണ്ടു്.

ധീരശാന്തൻ:—"കാര്യങ്ങൾ വാക്കുകൊണ്ടു പറഞ്ഞാൽ ഒതുങ്ങുന്നതല്ല. എന്റെ വാക്ശക്തി എന്റെ ഖഡ്ഗത്തിൽ ഇരിക്കുന്നു. വാഗതീതമായി ക്രൂരനായ ദുഷ്ട." അതിന്നിടയ്ക്കു അവരിരുവരും തമ്മിൽ യുദ്ധം തുടങ്ങി.

പ്രതാപരുദ്രൻ:—നീ വൃഥാ ശ്രമം ചെയ്യുന്നു. നിശിതഖഡ്ഗംകൊണ്ടു് എന്റെ രക്തം പ്രവഹിപ്പിക്കുന്നതു് അച്ഛേദ്യമായ വായുവിനെ അതുകൊണ്ടു ഛേദിക്കുംപോലെ ദുസ്സാധ്യം ആകുന്നു. നിന്റെ വാൾ ഭേദ്യങ്ങളായ ശിരസ്സുകളിൽ പതിപ്പിക്കൂ. ഞാൻ മന്ത്രപൂത

മായ പ്രാണൻ വഹിക്കുന്നു, അതു സ്ത്രീ പ്രസവിച്ചതായ ഒരുത്തനു് കീഴടങ്ങുന്നതല്ല.

ധീരശാന്തൻ:—നിന്റെ മന്ത്രരക്ഷയിലുള്ള വിശ്വാസം നിറുത്തിക്കളയൂ. ധീരശാന്തൻ അകാലീനമായി മാതൃഗർഭത്തിൽ നിന്നു വെളിയിൽ വലിച്ചെടുക്കപ്പെട്ടവനാണെന്നു നീ ഇതേവരെ സേവിച്ചിരുന്ന ദേവതാ നിന്നോടു പറയട്ടേ.

പ്രതാപരുദ്രൻ:—ഈ വചനം എന്റെ പൗരുഷത്തിൽ ഉത്തമാംശത്തെ ഭീതഭീതമാക്കുന്നു. എന്നോടു പറഞ്ഞ നാവു് ശപ്തമായി ഭവിക്കട്ടെ. നമ്മോടു ദ്വ്യർത്ഥത്തിൽ വാക്കുകൾ പറഞ്ഞു് നമ്മെ മയക്കുന്ന ഈ ദുർദ്ദേവതകളെ മേലാൽ ആരും വിശ്വസിക്കരുതേ. അവരുടെ വാക്കു ശരിയായി ഫലിക്കും എന്നു ശ്രവണമാത്രത്തിൽ തോന്നുന്നു. എന്നാൽ അവർ നമ്മുടെ ആശകളെ ഭംഗപ്പെടുത്തുന്നു. ഞാൻ നിന്നോടു കൂടി യുദ്ധം ചെയ്കയില്ല.

ധീരശാന്തൻ:—എന്നാൽ, ഭീരോ, സ്വയം എനിക്കു കീഴടങ്ങി തൽക്കാലോചിതമായി ജനങ്ങൾക്കു കാഴ്ചദ്രവ്യമായിരിക്കാനായി നീ ജീവിച്ചിരിക്കൂ. നമ്മുടെ അപൂർവ്വസൃഷ്ടിവിശേഷങ്ങളിൽ ഒന്നായി ഞങ്ങൾ നിന്നെ ഗണിക്കയും അവയെപ്പോലെ ചായമടിച്ചു ഒരു തൂണിൽ കെട്ടി വച്ചു് അതിനടിയിൽ "ഇതാ നൃശംസനെ കാണാം, ഇവിടെ നിൽക്കുവിൻ" എന്നു എഴുതിവെക്കുകയും ചെയ്യാം.

പ്രതാപരുദ്രൻ:—യുവരാജാവിന്റെ പാദങ്ങളുടെ മുൻപാകെ ഭൂദേവിയെ ചുംബനം ചെയ്യുന്നതിനും ശ്വാക്കളെ ഉപയോഗിച്ചു കരടികളെ കുരുക്കിലാക്കുംപോലെ

ശാപങ്ങളാൽ ആവൃതനാക്കി തീരുന്നതിനും ആയി ഞാൻ കീഴടങ്ങുകയില്ല. വാരണവനം എന്റെ രാജധാനിയിലേക്കു വരുന്നതായാലും നീ സ്ത്രീ പ്രസവിച്ച'വൻ അല്ലാത്തവൻ ആയിരിക്കെ നീ എന്നെ അഭിയോഗിക്കുന്നതായാലും ഞാൻ വിജയത്തിനായി അവസാനംവരെ ശ്രമിക്കയേയുള്ളു. എന്റെ ശരീരത്തിന്റെ മുൻവശത്തു എന്റെ യുദ്ധോചിതമായ പരിശയെ ഞാൻ എറിയുന്നു. ധീരശാന്താ! പിടിച്ചെടുക്കു. 'നിറുത്തു മതി' എന്നു പറയുന്നവൻ ശപ്തനായി തീരട്ടെ.

ഇവർ തമ്മിൽ ഉള്ള ഖഡ്ഗാഖഡ്ഗിയുദ്ധം വളരെ ദ്രുതമായി അവസിതമായി. ധീരശാന്തൻ പ്രതാപരുദ്രന്റെ ശിരശ്ഛേദനം ചെയ്തു. ആ വെട്ടിയ തലയെ കയ്യിലെടുത്തുകൊണ്ടു് ധീരശാന്തൻ വിജയഘോഷത്തോടുകൂടി രാജസന്നിധിയിലേക്കു തിരിച്ചു.

അധ്യായം ൨൨.

മഹാവിജയം

ഇതിനിടയ്ക്കു സേനാധീശനായ ഉഗ്രപാണ്ഡ്യൻ പ്രതാപരുദ്രന്റെ രാജഗൃഹത്തെ കീഴടക്കി വിവരം യുവരാജാവിനെ അറിയിച്ചു.

"സ്വാമിൻ! ഈ ദുർഗപ്രാസാദം അപ്രതിഹതമായി കീഴടങ്ങിപ്പോയി. നൃശംസന്റെ ആളുകൾ ഇരുവശത്തും ചേൎന്നു യുദ്ധം ചെയ്യുന്നു. കുലീനരായ പ്രഭുക്കൾ ഈ യുദ്ധത്തിൽ ധീരമായി പ്രവൎത്തിക്കുന്നു. ഇന്നത്തെ ദിവസം ആൎയ്യന്നു് വിജയകരമാണെന്നു സ്വയം പ്രഖ്യാപിക്കുന്നു. നമുക്കു അധികം പ്രവൎത്തിക്കാനില്ല."

യുവരാജാവു്:—നമ്മെ മനഃപൂൎവ്വം ഒഴിഞ്ഞുനിൽക്കുന്ന ശത്രുക്കളുമായി നാം സന്ധിച്ചിരിക്കുന്നു.

ഉഗ്രപാണ്ഡ്യൻ:—സ്വാമിൻ, ഈ ദുർഗപ്രാസാദത്തെ പ്രവേശിച്ചാലും.

വിജയം നേടിയ ഉഗ്രപാണ്ഡ്യനെ യുവരാജാവു് ആശ്ലേഷം ചെയ്തു് 'സൎവ്വും അവിടുത്തെ അനുഗ്രഹം' എന്നു പറഞ്ഞു തൊഴുതു. ആനന്ദഭരിതനായി, മററു സേനാനികളോടും ഭടന്മാരോടും കൂടി യുവരാജാവു സ്വരാജഗൃഹത്തിൽ പ്രവേശിച്ചു ഇപ്രകാരം പറഞ്ഞു:

"ഇവിടെ നാം കാണാതിരിക്കുന്ന സ്നേഹിതർ നിരപായരായി വന്നുചേരണേ എന്നു ഞാൻ അഭിലഷിക്കുന്നു."

ഉഗ്രപാണ്ഡ്യൻ:—ചിലർ കഴിഞ്ഞുപോയിരിക്കണം. എന്നിരുന്നാലും ഇത്ര മഹത്തായ വിജയം സുലഭമായി അല്പമൂല്യത്തിനു വിലയ്ക്കു കൊള്ളപ്പെട്ടു എന്നു ഞാൻ ഇവിടെ കാണുന്ന സംഗതികളിൽനിന്നു നിർണ്ണയിക്കുന്നു

യുവരാജാവ്:—ധീരശാന്തനെ കാണുന്നില്ല. അങ്ങേടെ ശ്ലാഘ്യനായ പുത്രനേയും കാണ്മാനില്ല.

വല്ലഭൻ:—സ്വാമിൻ, അങ്ങടെ പുത്രനു വീരസ്വർഗ്ഗം ലഭിച്ചു. തന്റെ പൗരുഷേയത്തെ പ്രദർശിപ്പിക്കാൻ മാത്രമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. അദ്ദേഹം സ്വസ്ഥാനത്തിൽനിന്നു വ്യതിചലിക്കാതെ യുദ്ധം ചെയ്തിരുന്നു. അവിടെ അദ്ദേഹത്തിന്റെ ബലവും ശക്തിയും സ്പഷ്ടമായി പ്രഖ്യാപിക്കപ്പെട്ട ഉടൻതന്നെ അദ്ദേഹം ധീരോചിതമായി മരിച്ചു.

ഉഗ്രപാണ്ഡ്യൻ—ഹാ, അവൻ മരിച്ചുപോയോ?

പുത്രവധം കേട്ട ആ സേനാധീശൻ ദ്രോണാചാര്യനെപ്പോലെ വ്യസനമഗ്നനായി ഭവിച്ചില്ല. ആ ദുഃഖവാർത്തയെ ക്ഷത്രിയോചിതമായി അംഗീകരിച്ചു. ശത്രുവിനെ എതിർത്തു സധൈര്യം യുദ്ധംചെയ്തു മരിക്കുന്നവൻ വീരസ്വർഗ്ഗത്തിലേക്കു ഗമിക്കയാണല്ലൊ. അങ്ങനെയുള്ളവൻ ശോച്യൻ അല്ല, അവൻ സ്വധർമ്മത്തെ പരിപാലിച്ചവനാകയാൽ അഭിനന്ദനീയൻ. പുത്രന്റെ വിക്രമപ്രക്രമങ്ങളെക്കുറിച്ചു സ്വല്പംകൂടി അറിയാനുള്ള ഉൽക്കണ്ഠയാണ് ഉഗ്രപാണ്ഡ്യദേവനു ജനിച്ചതു്. അതറിഞ്ഞു വല്ലഭപ്രഭു ഇപ്രകാരം അറിയിച്ചു:

"എന്നുതന്നെയുമല്ല വിജയവും നേടി. അവിട്ടത്തേക്കു ദുഃഖഹേതുവായ പുത്രമരണത്തെ പുത്രൻെറ യോഗ്യതയും ഗുണവും കൊണ്ടല്ലാ മതിക്കേണ്ടതു്. അങ്ങനെ ചെയ്യുന്ന തായാൽ അതു അനവസിതമായിരിക്കും."

ഉഗ്രപാണ്ഡ്യൻ:—അവൻ ആദ്യമായി ശത്രുവിനെ മുറി വേല്പ്പിച്ചുവോ?

വല്ലഭൻ:—അതേ, അഗ്രഭാഗത്തിൽ.

ഉഗ്രപാണ്ഡ്യൻ:—എന്നാൽ അവൻ ഐശ്വരയോധൻ. എനിക്കു രോമങ്ങൾ ഉള്ളിടത്തോളം എണ്ണം പുത്രർ ഉണ്ടായിരുന്നാലും ഇതിൽപരം ഉചിതമായ മരണം അവൎക്കു സംഭവിക്കണം എന്നു ഞാൻ ആഗ്രഹിക്ക യില്ല. അതുകൊണ്ടു അവൻെറ അന്ത്യഘണ്ടാനാദം ധ്വനിപ്പിക്കപ്പെട്ടുപോയി.

യുവരാജാവു്:—അവനെക്കരുതി ഇതിലധികം വ്യസനം ഉണ്ടാകേണ്ടതുചിതമത്രേ. അതു അവൻെറ വക യ്ക്കായി ഞാൻ ചിലവാക്കാം.

ഉഗ്രപാണ്ഡ്യൻ:—ഇതിലധികം വ്യസനത്തിനു അവനു യോഗ്യതയില്ല. അവൻ അഭിജനോചിതമായി ദേഹി യെ ദേഹത്തിൽനിന്നു പിരിച്ചയക്കയും അവൻെറ ഋണം വീട്ടുകയും ചെയ്തു. ഈശ്വരൻ അവനു സാ യുജ്യം നല്കട്ടെ. ഇതാ നവതരമായ ആശ്വാസ ഹേതു വരുന്നു.

ഇവർ ഈ വിധം സല്ലാപം നടത്തിക്കൊണ്ടിരുന്ന പ്പോൾ ആണു് ശത്രുവിൻെറ ഛിന്നശിരസ്സും കയ്യിലേന്തി വന്ന ധീരശാന്തൻ ദൃശ്യൻ ആയതു. ഇതുകണ്ടു് സന്തോഷി ച്ചു് "ഇതാ നവതരമായ ആശ്വാസഹേതു, ആനന്ദ

പ്രഭവം വരുന്നു" എന്നു ഉഗ്രപാണ്ഡ്യദേവൻ ആഹ്ലാദഭരിതൻ ആയി പറഞ്ഞു.

ശത്രുക്കൾ ഹതരായി. പൈത്രമായ സിംഹാസനത്തെ ആരോഹണം ചെയ്തു സ്വരാജ്യത്തെ രക്ഷിക്കാൻ സർവഥാ അർഹൻ ആയ കേരളദേവനു് സ്വസ്ഥാനാരോഹണത്തിനുള്ള സകല പ്രതിബന്ധങ്ങളും നീങ്ങിയിരിക്കകൊണ്ടു് യുവരാജാവിനെ കണ്ടമാത്രയിൽ "ജയജയ മഹാരാജാവെ" എന്നു ഉച്ചൈസ്തരം വിളിച്ചുകൊണ്ടു് കയ്യിലിരുന്ന ശത്രുശിരസ്സിനെ തൃപ്പാദങ്ങളിൽ കാഴ്ചയായിവച്ചു ധീരശാന്തൻ ഇപ്രകാരം അറിയിച്ചു:—"ജയ ജയ മഹാരാജാ! തിരുമേനി മഹാരാജാവു തന്നെ. രാജ്യാപഹാരിയുടെ ശപ്തമായ തല ഇതാ ഇവിടെ നില്ക്കുന്നു; കാണുക. തിരുമേനി സ്വരാജ്യത്തിൽ വിശിഷ്ടതമാലങ്കാരഭൂതരായ പ്രഭുക്കളാൽ ആവൃതരായിരിക്കുന്നതായി ഞാൻ കാണുന്നു. അവർ ഇപ്പോൾ ഞാൻ ഉച്ചരിച്ച അഭിനന്ദനവാക്യമായ ജയഘോഷത്തെ മനസ്സുകൊണ്ടു് ഉത്ഘോഷിക്കുന്നു. അവർ എന്റെ വാക്യത്തോടു ചേർന്നു് ഉച്ചൈസ്തരം ജയഘോഷം വിളിക്കും എന്നും ഞാൻ ആഗ്രഹിക്കുന്നു. "വേദാരണ്യ മഹാരാജാവേ! ജയ! വിജയീഭവ!!"

എല്ലാവരും "വേദാരണ്യമഹാരാജാവേ ജയവിജയീഭവ" എന്നു ആഹ്ലാദപൂർണ്ണമായ ജയഘോഷം ഉച്ചരിച്ചു. തൂര്യധ്വനിയുടെ നാദം ആകാശത്തിൽ പ്രതിധ്വനിയുണ്ടാക്കി; കുറെ നേരം ആകാശം ശബ്ദായമാനമായി. യുവരാജാവു അവിടെ കൂടിയിരുന്ന സകലരേയും നോക്കി ഇപ്രകാരം പറഞ്ഞു:—"നിങ്ങൾ ഓരോരുത്തരുടേയും സ്നേഹാദരബഹുമാനങ്ങളെ നാം യഥാവിധി ഗണിച്ചു് നിങ്ങളുടെ നേർക്കു വേണ്ട കൃതജ്ഞത അറിയിക്കും മുമ്പെ നാം സമയം വൃഥാ വ്യയം ചെയ്തുകൂടാ. എന്റെ പ്രഭുക്കളും ബന്ധു

ക്കളും ഇന്നുമുതൽ 'തമ്പുരാ[illegible]' എന്ന പേരുള്ള പ്രഭുക്കളായി ഭവിക്കട്ടെ. വേദാരണ്യരാജ്യത്തു തമ്പുരാൻസ്ഥാനം ഇദംപ്രഥമമായി വഹിക്കുന്നവർ ഇവർ ആയിരിക്കും. വിരോധികളെ ഗൂഢമായി പി[illegible] തടവിലാക്കുന്ന നൃശംസന്റെ കൂടസൂത്രങ്ങളെ പേടിച്ചു നാടുവിട്ടോടി പുറനാടുകളിൽതാമസിക്കുന്ന നമ്മുടെ മിത്രങ്ങളെ തിരിയെ സ്വഗൃഹങ്ങളിലേക്കു വിളിച്ചുവരുത്തുന്നതിനു പുറമെ ഈ നവീനാബ്ദത്തിൽ കാലോചിതമായി നാം പ്രവർത്തിക്കേണ്ടതെന്തുണ്ട്. ഈ മൃതനായ കശാപ്പുകാരന്റെ പൈശാചികരായ മന്ത്രിമാരേയും അവന്റെ രാക്ഷസ[illegible]യ റാണിയേയും പിടിച്ചു വലിച്ചുകൊണ്ടുവന്ന് യഥോചിതം ശിക്ഷിക്കേണ്ടതായുണ്ട്. അവരും സ്വഹസ്തങ്ങളാൽ സ്വയം ദേഹപീഡനം ചെയ്തു പ്രാണനെവിട്ടു എന്നും കിംവദന്തിയുണ്ട്. ഇതും നാം ഇനി ചെയ്യേണ്ടതായുള്ള മറ്റു പ്രവൃത്തികളും കരുണാമൂർത്തിയുടെ കൃപയോടുകൂടി യഥാകാലം യഥാസ്ഥാനത്തു യഥോചിതം നാം നടത്തുന്നതാണ്. എല്ലാവർക്കും സമഷ്ടിയായും ഓരോരുത്തർക്കും തനിച്ചും നിങ്ങൾ ചെയ്ത മഹാനുഗ്രഹത്തിനായി എന്റെ കൃതജ്ഞതയെ അറിയിച്ചുകൊള്ളുന്നു. പൂർവ്വനഗരത്തിൽ കിരീടധാരണം ചെയ്യുന്നതാണ്. ആ ഉത്സവത്തിനായി നിങ്ങളെല്ലാവരേയും ഞാൻ ക്ഷണിക്കുന്നു.''

[illegible]ളദേവൻ യഥാകാലം ''താവും മംഗല്യവാദ്യധ്വാനിത ബധിരിതാശേഷ ചക്രവാളനായി'' യഥാവിധി അഭിഷിക്തനായി സ്വരാജ്യം വേണ്ടുംവണ്ണം ഭരിച്ചു സ്വപ്രജകളുടെ മനഃപൂർവ്വമായ കൃതജ്ഞതയ്ക്കു സർവ്വദാ പാത്രീഭവിച്ചു.

ഇതിശം

കേരള സാഹിത്യ അക്കാദമി